

കൂ... കൂ... കൂ... കൂ... കൂ... കൂ... കൂ...
വാർഷികം'18
ചെങ്ങാത്തക്കൂട്ട്
സുല്ലമുസ്സലാം അറബിക് കോളേജ്
അരീക്കോട്

നോക്കൂ
വിളക്കുകൾ ചെയ്യുന്നത്
ഇരുട്ടിനെ പുതപ്പിക്കാനുള്ള വെള്ളത്തുണി
അവ നെയ്തുകൊണ്ടേയിരിക്കുന്നു

വീരാൻകുട്ടി



***കുറഞ്ഞ കാലത്തെ സൗമ്യസാന്നിധ്യം കൊണ്ട് സുല്ലമിന്റെ മനസ്സ് കീഴടക്കി സഞ്ചാരിയെപ്പോലെ കടന്നുപോയ ലിബിൻ, നീ എന്നെന്നും ഞങ്ങളുടെ ഓർമ്മയുടെ ചുവരുകളിൽ ആർദ്രമായി നിലകൊള്ളും. സർവ്വശക്തന്റെ സന്നിധിയിൽ നമുക്ക് വീണ്ടും കണ്ടുമുട്ടാം***

*Name of Publication:*
***Cheythaankookku***
*Chief Editor:*
***Dr. CH Abdul Gafoor***
*Staff Editor:*
***AP Arif Zain***
*Student Editor:*
***Muhammed Shalu Sahal***
*Board of Editors:*
***Aleef Shan CM, Shimna CK, Najmal OM***
*Type Setting:*
***Abdul Vahab A, Rushda PP, Mohd. Risvan E***
*Advertisement:*
***Rufaidh Ihsan P, Muhammed Absam,Shamil Abdusalam Shakir, Mubeen Haroon, Nabhan, Bahir Al Muhthar, Ameen Shad, Thameem, Jasil Rahman, Shamloob, Aboobacker Hussain,Hisham Abdul Majeed***
*Public Relation:*
***Shama Hasoor, Fathima Rahoof, Shemil MT, Nasreen Fathima, Abdul Hakeem MT***
*Illustration:*
***Shankaran, Ahmed Ridwan, Ali Najeeh***
*Photography:*
***Showkath Master Areekode, Shakir Kanthapuram***
*Design:*
***Ali Talvar***
*+91 9207215856*

*Place of Publication:*
***Areekode, Malappuram***
*Periodicity of Publication:*
***Annual***
*Publisher's Name:*
***Dr. CH Abdul Gafoor***
*Nationality:*
***Indian***
*Address:*
***Principal, Sullamussalam Arabic College, Areekode, Malappuram, Kerala***
*Editor's Name:*
***Muhammed Shalu Sahal***
*Nationality:*
***Indian***
*Address:*
***Student Editor, College Union, Sullamussalam Arabic College, Areekode***

# കടന്നുവരൂ...

പണ്ട് പണ്ട്, റോഡുകൾക്കും പാലങ്ങൾക്കും മുൻപ്, സ്കൂളുകൾക്കും കോളേജുകൾക്കും മുൻപ്, ആശുപത്രികൾക്കും ബാങ്കുകൾക്കും മുൻപ്, വികസനത്തിനും വിദ്യാഭ്യാസത്തിനും മുൻപ് അരീക്കോട് എന്ന പ്രദേശം ഇവിടെയുണ്ടായിരുന്നു. ആധുനിക പുരോഗതിയുടെ ആനത്താരകൾ രൂപപ്പെടുന്നതിന് മുൻപ് അതെങ്ങനെയിരുന്നു? കൗതുകകരമായ എത്തിനോട്ടത്തിന് ശ്രമിക്കുന്നുണ്ട് **'ചെയ്ത്താങ്കൂക്ക്'**.

സാമൂതിരിമാരുടെ കാലം തൊട്ട്, ഒരുപക്ഷേ അതിനുമപ്പുറം, കോഴിക്കോടിനും നിലമ്പൂരിനുമിടയിൽ യാത്രക്കും ചരക്കുനീക്കങ്ങൾക്കുമുപയുക്തമായിരുന്ന ജലപാതയിലെ പ്രധാന വാണിജ്യ കേന്ദ്രമായിരുന്ന ഒരു നാടിന്റെ ഭൂതകാലത്തിന് നേരെ പിടിച്ച കണ്ണാടിയാവുക എന്ന നിയോഗമാണ് ചെയ്ത്താങ്കൂക്ക് ഏറ്റെടുത്ത് ചെയ്യുന്നത്.

പേരുതന്നെ സൂചിപ്പിക്കുന്നുണ്ട്, ഭൂതകാലത്തിന്റെ കരിപുരണ്ടതെങ്കിലും ഗൃഹാതുരതയുണർത്തുന്ന തുരങ്കത്തിന്റെ അങ്ങേത്തലക്കൽ നിന്ന് ക്ഷീണിച്ചെത്തുന്ന കീഴ്സ്ഥായിലുള്ള ഒരു കൂക്ക്. ചെവി ചേർത്തു പിടിച്ചു നോക്കൂ ആ നേർത്ത സ്പന്ദനങ്ങൾക്കു വേണ്ടി; അരീക്കോടിന്റെ അനൗദ്യോഗിക ചരിത്രകാരന്മാരുടെ വാക്കുകൾക്കു വേണ്ടി.

അവിടെ നിന്ന് നേരെയെത്തുന്നത് ന്യൂജെൻ-ന്റെ വിസ്മയ ലോകത്താണ്. ഒന്നാമത്തേതിന്റെ തുടർച്ചയായും അതിനെതിരെ കലാപമായും ഒരേ സമയം അവ പ്രത്യക്ഷപ്പെടുന്നു. ഗൗരവപ്പെട്ട തീപ്പൊരികളുണ്ടതിൽ. വ്യവസ്ഥയും വെള്ളിയാഴ്ചയുമില്ലാത്ത ന്യൂജെൻ മനോവ്യാപാരങ്ങളുണ്ട്. കനപ്പെട്ട ഓർമ്മപ്പെടുത്തലുണ്ട്. കൂട്ടിവെച്ച കൗതുകങ്ങളുണ്ട്. 'ചെയ്ത്താങ്കൂക്ക്' കൈകളിലുണ്ടല്ലോ, ബാക്കി വായനക്കാരന് വിടുന്നു. കൂടുതലെന്തെങ്കിലുമുണ്ടെങ്കിൽ കണ്ടെത്തിക്കോളൂ.

പുഴ മലയിറങ്ങി വന്ന് ഭയം വിതറി കടന്നു പോയിട്ട് അധികമായില്ല. ആദ്യത്തെ പകച്ചുനിൽക്കലിനു ശേഷം അരീക്കോട് ഉണർന്നു. അവിടത്തെ യുവത കർമ്മ നിരതമായി. പുറത്തു നിന്നുള്ള സഹായത്തിനൊന്നും കാത്തു നിൽക്കാതെ, തനിക്ക് വേണ്ടതെല്ലാം നക്കിത്തുടച്ച്, വേണ്ടാത്തതെല്ലാം വീടുകളിലും വഴികളിലും ഛർദ്ദിച്ച് ചാലിയാർപ്പുഴ തിരിച്ചു പോയതിന്റെ രണ്ടാം ദിവസം അരീക്കോട് സാധാരണ ജീവിതത്തിലേക്ക് നടന്നെത്തിയിരുന്നു. സാമ്പത്തികവും രാഷ്ട്രീയവുമായ മാന്ദ്യങ്ങളുടെ ഊഷരതക്കിടയിലും പ്രതീക്ഷയുടെയും സഹവർത്തിത്വത്തിന്റെയും ഉർവ്വരത പുറത്തു കണ്ട ദിനങ്ങൾ. ആ കർമ്മ ചൈതന്യത്തിന് കുഡോസ്. വിശുദ്ധ ഖുർആൻ ഓർമ്മപ്പെടുത്തുന്നുണ്ടല്ലോ, 'ദൈവത്തിന്റെ കരുണയെ പറ്റി നിങ്ങൾ നിരാശരാകരുത്'.

പ്രതീക്ഷയുടെയും ഉണർവ്വിന്റെയും മസൃണമായ മുകുളമായി നിങ്ങളുടെ കയ്യിലെത്തിയിരിക്കുന്ന ചെയ്ത്താങ്കൂക്കിനെ ഏറ്റുവാങ്ങി തലോടുക, തിരിച്ചും മറിച്ചും നോക്കുക. എന്തെങ്കിലും കണ്ടു കിട്ടാതിരിക്കില്ല.

/എഡിറ്റർ

പണ്ട്...
കുറച്ചധികം പണ്ട്...
കൂടുകളില്ലാത്ത കാട്ടിൽ
വെള്ളപ്രാവുകൾ ഒരുമിച്ചൊരു
കൂടുണ്ടാക്കി.



അതുവരെ കൂട് കാണാത്ത
പക്ഷികൾ ചുറ്റും തടിച്ചുകൂടി...
വന്നവരെയൊക്കെ വെള്ളപ്രാവുകൾ
കൂട്ടിനകത്തേക്ക് ക്ഷണിച്ചു.
ചിലർ 'നമുക്ക് കൂട് വേണ്ട' എന്ന്
പറഞ്ഞ് എതിർത്തു.



കൂട്ടിൽ കയറാതെ എതിർത്ത
പക്ഷികൾ കാറ്റിലും കോളിലും
പെട്ട് ഇല്ലാതായിത്തുടങ്ങി...
അങ്ങനെയവർ തീരുമാനിച്ചു,
നമുക്കും വേണം ഒരു കൂട്.



അങ്ങനെ പുതിയ കൂടിനുള്ള
പണികൾ കെങ്കേമമായി നടന്നു.
വൈകാതെ അവർ വലിയൊരു
കൂടു പണിതു. കൂട്ടിൽ കയറാൻ
കൂട്ടുകാരൊക്കെയും വന്നു.



കാലങ്ങൾ കഴിഞ്ഞുപോയി...
വെള്ളപ്രാവുകൾക്ക് വയസ്സായി
തുടങ്ങി, ഓരോന്നോരോന്നായി
ചത്തൊടുങ്ങി...
പഴയ കൂടിനെക്കാൾ പക്ഷികൾക്കിഷ്ടം
പുതിയ കൂടിനോടായി.
കൂടുകളില്ലാത്ത കാട്ടിൽ
ആദ്യമായി കൂടുണ്ടാക്കിയ
ആ പാവം വെള്ളപ്രാവുകളെ
പതിയെ എല്ലാവരും
മറന്നുതുടങ്ങി.



പുതിയ കൂടുണ്ടാക്കിയിട്ട്
അധികമൊന്നുമായില്ല.
പെട്ടെന്നൊരു പ്രഭാതത്തിൽ ആ
കൂട്ടിനകത്തു നിന്നും ഒരു വിളംബരം
കേട്ടു... അതുവരെ ആരും
കേൾക്കാത്ത ഒരു കാര്യം:
കാട്ടിൽ ആദ്യമായി കൂടുണ്ടാക്കിയത്
അവരാണത്രെ !!



മലയാളം

വരൂ...
ഇനി നമുക്കൽപ്പം
മലയാളം
പഠിക്കാം...

തല തിരിച്ചു
നോക്കിയാലും



തല തിരിയാതെ
നോക്കിയാൽ മതി

കീഴ്സ്ഥായിയിൽ തുടങ്ങി മെല്ലെ മെല്ലെ ശ്രുതിക്കൊപ്പം താളവേഗവും പ്രാപിച്ച് ഉച്ചസ്ഥായിലെത്തി, അതേ കാലത്തിൽ കീഴ്സ്ഥായിയിലേക്ക് അവരോഹണം ചെയ്ത് വീണ്ടും ആരോഹണാവരോഹണങ്ങൾ അഞ്ചോ ആറോ തവണ ആവർത്തിച്ച ശേഷം കീഴ്സ്ഥായിയിൽ അവസാനിക്കുന്ന പെണ്ണുങ്ങളുടെ പ്രത്യേക സ്വരത്തിലുള്ള കൂവലാണ് '**ചെയ്ത്താങ്കൂക്ക്**'. പഴയ കാലത്ത്, എന്നു പറയുമ്പോൾ അത്ര പുരാതനവുമൊന്നുമല്ല, നാൽപത്-അമ്പത് കൊല്ലങ്ങൾക്കു മുമ്പ് എല്ലാ ദിവസങ്ങളിലും സന്ധ്യാനന്തരം പരിസരങ്ങളിൽ ഒഴുകിപ്പരന്ന ഒന്നായിരുന്നു **ചെയ്ത്താങ്കൂക്ക്**.

താഴത്തങ്ങാടി ചെറ്വൊടു മുതൽ ന്യൂബസാറിലേക്ക് നടന്നാൽ ഇടവും വലവുമുള്ള വീടുകളിൽ കൂവലുയരുന്നതും താഴുന്നതും കേൾക്കാം. വളഞ്ഞങ്ങാടിയിലെയും താൽത്തൊടുവിലെയും പാറമ്മലങ്ങാടിയിലെയും പുത്തൻമാളിയേക്കലിലേയും തോണിപ്പറമ്പിലേയും പെണ്ണുങ്ങൾ ഒരേ ശ്രുതി താളങ്ങളിൽ പല സമയങ്ങളിലായി കൂവി. ഒരിടത്തമരുമ്പോൾ അപ്പുറത്ത് തുടങ്ങും, റിലേ പോലെ. താരതമ്യേന വിദ്യാഭ്യാസവും സാമ്പത്തിക ശേഷിയും കുറഞ്ഞ വീടുകളിലാണ് ഇത് കൂടുതലുണ്ടായിരുന്നത്.

അറുപതുകളുടെ അവസാനവും എഴുപതുകളുടെ ആദ്യ പാദത്തിലും വറുതിയുടെ നാളുകളിലൂടെയാണ് രാജ്യവും ദേശവും കടന്നു പോയത്. 71ലെ ഇന്ത്യാ പാകിസ്താൻ യുദ്ധം തൊഴിൽ സാമ്പത്തിക അന്തരീക്ഷത്തെ കൂടുതൽ ഞെരുക്കത്തിലാക്കി. വിദ്യഭ്യാസത്തിന്റെയും തൊഴിലവസരങ്ങളുടെയും കുറവ് മനുഷ്യ ജീവിതത്തെയും വരുമാനത്തെയും പ്രയാസപ്പെടുത്തി. അറബ് രാജ്യങ്ങളിലെ മരുഭൂമികൾ പെട്രോളിയം ചുരത്തിത്തുടങ്ങിയിരുന്നെങ്കിലും അരീക്കോട്ടുകാരുടെ ശ്രദ്ധ അവിടെക്ക് പതിഞ്ഞു തുടങ്ങിയിരുന്നില്ല. പട്ടിണിക്കാലമാണെങ്കിലും പക്ഷെ, അന്ന് മനുഷ്യബന്ധങ്ങളിൽ മാനവികതയുടെ സൗരഭ്യം നിറഞ്ഞു നിന്നു. കൂട്ടുകുടുംബങ്ങളിൽ ഇല്ലായ്മ പങ്കിട്ട് എല്ലാവരും ഒരുമിച്ചു കഴിഞ്ഞു പോന്നു. പുരുഷൻമാർ കൂപ്പുകളിലും ദൂരദേശങ്ങളിലെ ബീഡിക്കമ്പനികളിലും അന്നത്തിനുള്ള വക തേടി. മാസങ്ങളും ചിലപ്പോൾ വർഷങ്ങളും കഴിഞ്ഞു മാത്രമേ അവർ സ്വന്തം കുടുംബങ്ങളിലേക്ക് തിരിച്ചെത്തിയുള്ളൂ. അങ്ങനെ കൂപ്പിൽ പണിക്കുപോയി തിരിച്ചെത്താൻ മാസങ്ങൾ കഴിഞ്ഞതു കൊണ്ടാണ് താഴത്തങ്ങാടിയിലെ മമ്മദാക്കക്ക് അടിച്ച ലോട്ടറി നഷ്ടമായത്. വർത്തമാന പത്രങ്ങൾ ലഭ്യമല്ലാത്ത കൂപ്പിൽ നിന്നു മാസങ്ങൾ കഴിഞ്ഞു നാട്ടിലെത്തിയ ശേഷമാണ് ലോട്ടറിയടിച്ച വിവരം മമ്മദാക്ക അറിയുന്നത്. സമ്മാനാർഹനെങ്കിലും നിശ്ചിത സമയത്ത് ടിക്കറ്റ് ഹാജരാക്കാത്തതിനാൽ സമ്മാനത്തുക സർക്കാർ നിഷേധിച്ചു.

ചെക്കുന്നിലെയും ഓടക്കയത്തേയും വെറ്റിലപ്പാറയിലെയും വനങ്ങളിൽ നിന്ന് വിറകു ശേരിച്ചു നാട്ടിലെത്തിച്ചു വിറ്റും കുടിയേറ്റ കർഷകർ വിളയിച്ചെടുത്ത കപ്പ തലച്ചുമടായി അരീക്കോട് മാർക്കറ്റിലെത്തിച്ചും ദൈനംദിനാവശ്യങ്ങൾക്കുള്ള ചെറിയ വരുമാനം സ്ത്രീകളും കണ്ടെത്തി.

ജോലിയും അന്നവും തേടി അന്യദേശങ്ങളിൽ പോയവരുടെ യുവതികളായ ഭാര്യമാർ വീടകങ്ങളിലെ മടുപ്പിക്കുന്ന ഏകാന്തതയിൽ ദിനരാത്രങ്ങൾ തള്ളി നീക്കി. പുരുഷ കേന്ദ്രീകൃതവും അവികസിതവും യാഥാസ്ഥികവുമായ ഒരു സമൂഹത്തിൽ, ഉല്ലാസങ്ങളോ വിനോദങ്ങളോ അനുവദിക്കപ്പെടാത്ത പെൺജന്മങ്ങളുടെ ഏക ആശ്വാസമാണ് തന്റെയാളുമൊത്തുള്ള രാപ്പൊറുതി. അതുപോലുമില്ലാതെ വരണ്ടു പോവുന്ന ജീവിതത്തോടുള്ള പെൺമനസ്സിന്റെ പ്രതിഷേധവും സ്വയം പ്രതിരോധവും 'ചെയ്ത്താങ്കൂക്കി'ലൂടെ ആവിഷ്കരിച്ചു.

പലപ്പോഴും കാരണ ലേശമന്യേ നിഷേധിക്കപ്പെടുന്ന ആഗ്രഹങ്ങളുടെ പേരിൽ തങ്ങളുടെ താൽപര്യങ്ങളും ഇഷ്ടങ്ങളും മനസ്സിലാക്കാനോ ഉൾക്കൊള്ളാനോ തയ്യാറല്ലാത്ത അമ്മായിയമ്മമാരോടും നാത്തൂൻമാരോടും മൂത്തച്ചിമാരോടും അവർ മനസാ വിയോജിച്ചു. സമൂഹം പെണ്ണുങ്ങൾക്കായി വരച്ച അച്ചടക്കത്തിന്റെ കള്ളികളിൽ വിയോജിപ്പുകൾക്കും പ്രതിഷേധങ്ങൾക്കും ഇടമില്ലെന്ന വേദനിക്കുന്ന യാഥാർത്ഥ്യത്തെ അവർ '**ചെയ്ത്താങ്കൂക്കു**' കൊണ്ട് മറികടന്നു. ഒരിക്കൽ കൂവി ക്കഴിഞ്ഞയാൾ പത്തു പതിനഞ്ചു ദി വസങ്ങൾ കഴിഞ്ഞേ പിന്നെ കൂവൂ. അവിടെയും പരസ്പര അംഗീ കാരത്തിന്റെ ജനാധിപത്യ താളം അവർ സൂക്ഷിച്ചു. അങ്ങനെ സമ്മർദ്ദമേറിയ പെൺമനസ്സുകളെ പരസ്പരം കലഹിക്കാതെ 'കൂവൽ' സംരക്ഷിച്ചു, പ്രഷർകുക്കറിന്റെ സേഫ്റ്റിവാൾവു പോലെ. കൂട്ടുകുടുംബത്തിന്റെ സ്നേഹപാശം പൊട്ടാതെ '**ചെയ്ത്താങ്കൂക്ക്**' കാവൽകാത്തു.

പെണ്ണുങ്ങൾ കൂവിത്തീർക്കുമ്പോൾ ചില ആണുങ്ങൾ 'ഇളകിപ്പറഞ്ഞു.' ഇതിന് പലപ്പോഴും പ്രവചനത്തിന്റെ ഭാവമാണ്. അന്യ വ്യക്തിത്വത്തിൽ, പരദേശഭാഷകളിൽ, ശൈലികളിൽ അവർ പുലമ്പിക്കൊണ്ടിരുന്നു. 'ചെയ്ത്താനിളക്ക'മെന്ന ഈ ദ്വിവ്യക്തിത്വ പ്രകടനത്തിന് മന്ത്രിച്ചൂതിയ ഉറുക്കും നൂലുമാണ് ചികിത്സയായി നൽകിയിരുന്നത്.

സാമ്പത്തിക സ്ഥിതി അൽപം ഭേദപ്പെടുകയും കൂട്ടുകുടുംബത്തിൽ നിന്നു അണുകുടുംബ വ്യവസ്ഥയിലേക്ക് പൂർണമായി മാറുകയും സാക്ഷരതയിലൂടെ സ്ത്രീശാക്തീകരണം ഒരളവോളം സാധ്യമാവുകയും ചെയ്തതോടെ ഇവയെല്ലാം ചരിത്രത്തിൽ അഭയം തേടി.

# മാഞ്ഞുപോയ കാഴ്ചകൾ കാണാം...

/ മാഗസിൻ സമിതി



സുല്ലമുസ്സലാം അറബിക് കോളേജ്, അരീക്കോട്



## 1) താഴത്തങ്ങാടി

അരീക്കോടിന്റെ പഴയ പേര് 'അരിയക്കോട്' എന്നായിരുന്നു. താഴത്തങ്ങാടിയായിരുന്നു അന്നത്തെ അരിയക്കോടിന്റെ ആസ്ഥാനം. തപാൽ മുദ്രകൾ ഈ ദേശത്തെ ഇന്നും AREACODE എന്ന് അടയാളപ്പെടുത്തുന്നു. മഹാകവി മുണ്ടമ്പ്ര ഉണ്ണി മമ്മദിന്റെ കൃതികളിൽ 'അരുവിക്കോട്' എന്നും പേരുണ്ട്. ഗതാഗതത്തിനും ചരക്കുനീക്കത്തിനും പുഴകളെ മാത്രം ആശ്രയിച്ചിരുന്ന കാലത്ത് ചാലിയാറിന്റെ കരയിലെ പ്രമുഖ അങ്ങാടിയും സാംസ്കാരിക കേന്ദ്രവുമായിരുന്നു താഴത്തങ്ങാടി. ചെറിയ തെരുവുകളും ജനവാസ കേന്ദ്രങ്ങളും ഇടവഴികളും നിറഞ്ഞ ഒരു പ്രദേശമാണിത്.



## 2) ചെറിയ പള്ളി

താഴത്തങ്ങാടിയിലെ ഈ ചെറിയ പള്ളിയാണ് അരീക്കോട്ടെ ആദ്യത്തെ പള്ളി. 1709 ൽ നിർമ്മിതമായ ഈ പള്ളിയിൽ നൂറ്റാണ്ടുകളായി വിശ്വാസികൾ ആരാധനാ കർമങ്ങൾ നിർവ്വഹിച്ചു വരുന്നു.
പള്ളിക്ക് ചുറ്റുമുള്ള പള്ളിക്കാട്ടിൽ പ്രതാപികളായ പിതൃക്കൾ ശാന്തരായി ജീവിതത്തിന്റെ അടുത്ത ഘട്ടം കാത്തുകിടക്കുന്നു.

## 3) വലിയ ജുമുഅത്ത് പള്ളി

ചെറിയ പള്ളിയിലെ സ്ഥലപരിമിതി മൂലമാണ് താഴത്തങ്ങാടിയിൽ വലിയ ജുമുഅത്ത് പള്ളി സ്ഥാപിതമാകുന്നത്. 1759 നിലവിൽ വന്ന പള്ളി 1847ൽ കല്ലുവെട്ടിക്കുഴിയിൽ ആലിക്കുട്ടി ഹാജിയുടെ നേതൃത്വത്തിൽ പുതുക്കിപ്പണിയുകയും വിപുലീകരിക്കുകയും ചെയ്തു. മനോഹരമായ ഈ പള്ളി പ്രൗഢിയോടെ ഇന്നും ചാലിയാറിന്റെ കരയിൽ നിലകൊള്ളുന്നു. പള്ളിക്കകത്തെ ചുമരുകളിലെ അറബി കാലിഗ്രഫി വർക്കുകൾ ആകർഷണീയമാണ്.

### 4) അരീക്കോട് ഗവ. ലോവർ പ്രൈമറി സ്കൂൾ അഥവാ പുളിക്കൽ സ്കൂൾ

അരീക്കോട്ടെ ആദ്യത്തെ സ്കൂളാണിത്: പുളിക്കൽ സ്കൂൾ. 1917ൽ സ്ഥാപിതമായ ഈ പ്രാഥമിക വിദ്യാലയത്തിൽ നിന്നും നിരവധി പേർ ആദ്യാക്ഷരം നുകർന്നു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്ത് മലബാർ സിസ്ട്രിക് ബോർഡിന്റെ കീഴിൽ ആരംഭിച്ച ഈ പാഠശാല 'ബോർഡ് മാപ്പിള ലോവർ എലമെന്ററി സ്കൂൾ' എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. പ്രശസ്ത സാഹിത്യകാരൻ ഒ.വി.വിജയൻ ഈ സ്കൂളിലെ വിദ്യാർത്ഥിയായിരുന്നു.

### 5) പുഴക്കടവിലെ ചായമക്കാനികൾ

തുലാവർഷം കഴിഞ്ഞ് മഴ മാറുന്നതോടെ ചാലിയാറിന്റെ പ്രധാന കടവുകളിലെല്ലാം ചായമക്കാനികൾ ഉയരുക പതിവായിരുന്നു. മെടഞ്ഞ തെങ്ങോലകളും കമുകിൻ ചീളുകളും മുളങ്കമ്പുകളുമപയോഗിച്ച് നിർമ്മിക്കുന്ന ഇത്തരം ചായമക്കാനികളിലേക്ക് ചാലിയാറിലൂടെയുള്ള യാത്രക്കാർ തോണികളടുപ്പിച്ചു. അരീക്കോടൊരു പ്രധാന കച്ചവട കേന്ദ്രമായിരുന്നതിനാൽ കടവുകളിൽ തിരക്കൊഴിഞ്ഞിരുന്നില്ല. പകലന്തിയോളം പണിയെടുക്കുന്ന നാട്ടുകാരും കുളിച്ചുകയറി, ചായമക്കാനികളിലിരുന്ന് വർത്തമാനം പറഞ്ഞ് സമയം തള്ളിനീക്കി.



## 6) മുക്കം കടവിലെ വാഴക്കുലച്ചന്ത

ചാലിയാറും അതിന്റെ പോഷക നദിയായ ചെറുപുഴയും സംഗമിക്കുന്ന മുക്കം കടവിലെ വിശാലമായ മണൽപ്പുറം ഒരു കാലത്ത് വലിയൊരു കച്ചവട കേന്ദ്രമായിരുന്നു. കിഴക്കൻ മലയോരപ്രദേശങ്ങളിൽ വിളയിച്ചെടുക്കുന്ന നേന്ത്രക്കുലകളായിരുന്നു പ്രധാന വിപണനവസ്തു. ചൊവ്വ, ശനി ദിവസങ്ങളിലായിരുന്നു ഈ വാഴക്കുലച്ചന്ത നടന്നിരുന്നത്. മൂപ്പെത്തിയ വാഴക്കുലകൾ മുക്കം കടവിലെത്തിക്കാൻ സ്ത്രീകളും പുരുഷൻമാരുമടങ്ങുന്ന ഒരു വിദഗ്ദ്ധ ചുമട്ടുതൊഴിലാളി സംഘം തന്നെ അന്ന് ചന്തയോട് ചേർന്ന് രൂപപ്പെട്ടിരുന്നു.





## 7) ഉദയാ ബീഡി കമ്പനി

ജോളി ബീഡി, മുസാഫിർ ബീഡി, ഉദയാ ബീഡി, കുട്ടി ബീഡി, റൈഫിൾ ബീഡി തുടങ്ങിയ ഒരുകൂട്ടം ബീഡി കമ്പനികൾ ഒരുകാലത്ത് അരീക്കോടുണ്ടായിരുന്നു. ബീഡി തെറുത്തും ബീഡി കച്ചവടം ചെയ്തും നിരവധി അരീക്കോട്ടുകാർ അക്കാലത്ത് ഉപജീവനം കണ്ടെത്തി.
ജോളി ബീഡി കമ്പനിയിലെ തൊഴിലാളികളെ പിരിച്ചു വിട്ടപ്പോൾ അന്നത്തെ തൊഴിലാളികളും നാട്ടുകാരിൽ ചിലരും ചേർന്ന് സഹകരണാടിസ്ഥാനത്തിൽ തുടങ്ങി യതായിരുന്നു ഉദയാ ബീഡി കമ്പനി. പഴയ ബീഡി കമ്പനികളുടെ തിരുശേഷിപ്പായി ഉദയാബീഡി ഇന്നും പുക പുറത്തുവിട്ടുകൊണ്ടിരിക്കുന്നു.

## 8) അരീക്കോട്ടെ ചന്ത

അരീക്കോട്ടെ ആഴ്ചച്ചന്ത മലബാർ ലഹളയ്ക്കും മുന്നേ നടന്നുപോന്നിരുന്ന കമ്പോളമാണ്. ലഹളയോട് കൂടി താത്കാലികമായി നിലച്ചുപോയ ചന്ത, 1921ൽ തന്നെ പൂർവ്വാധികം ഗാംഭീര്യത്തോടെ തിരിച്ചുവന്നു. ശനിയാഴ്ച്ച തോറും കൂടുന്ന ചന്തയിൽ സമീപ പ്ര ദേശങ്ങളിൽ നിന്നും വലിയൊരു കൂട്ടം ജനങ്ങളെ ത്തുമായിരുന്നു.

## 9) ആനപ്പന്തികൾ

താഴത്തങ്ങാടി 'കല്ലുവെട്ടിക്കുഴിയിൽ മുതലാളി'യുടെ കാട്ടിലെ വാരിക്കുഴിയിൽ ആന വീഴുന്ന വാർത്ത നാടിന് ഹരം പകർന്നിരുന്നു. രണ്ടു പിടിയാനകളുടെ സഹായ ത്തോടെ കാട്ടാനയെ താഴത്തങ്ങാടി ആനപ്പന്തിയിൽ കയറ്റിയിരുന്നത് ഉത്സവമേളങ്ങളോടുകൂടിയായിരുന്നു. സ്വകാര്യ വനങ്ങൾ സർക്കാർ ഏറ്റെടുത്തതോടുകൂടി ആനപ്പന്തിയും ആനയെ മെരുക്കുന്ന കാഴ്ച്ചകളും ഓർമകളിലേക്ക് ചേക്കേറി.

## 10) വിജയാ ടാക്കീസ്

ഇന്ന് ഓറിയന്റൽ ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു അരീക്കോട്ടെ ആദ്യത്തെ സിനിമാകൊട്ടക. 1952ൽ പ്രവർത്തനമാരംഭിക്കുകയും ഒരു വർഷം മാത്രം നിലനിൽക്കുകയും ചെയ്ത ഇവിടെ നിശബ്ദ സിനിമകളായി രുന്നു പ്രദർശിപ്പിച്ചിരുന്നത്.
ക്യാമ്പുങ്കുന്നിന്റെ ഓരത്ത് ചക്കിങ്ങലിനു സമീപത്ത് പ്രധാന പാതയോരത്ത് പിന്നീട് വിജയാ ടാക്കീസ് നിലവിൽ വന്നു. അരീക്കോട്ടെ സാംസ്കാരിക രംഗം സജീവമായിരുന്ന എൺപതുകളിൽ ടാക്കീസിൽ ദിവസവും മൂന്നു നേരം നിറഞ്ഞ സദസ്സിൽ സിനിമ പ്രദർശിപ്പിച്ചു. സിനിമകൾക്ക് പുറമേ പ്രശസ്ത ഗായകരുടെ ഗാനമേളകളും സിനിമാ ഹാളിൽ അരങ്ങേറി.



സുല്ലമുസ്സലാം അറബിക് കോളേജ്, അരീക്കോട്

# GENTS CLUB

THE COMPLETE GENTS WEARS

GENTS CLUB

WEDDING CENTRE
KIDS WEAR
GENTS AND BOYS WEAR

VAZHAKKAD ROAD JN . AREEEKODE

+91 9747 17 32 77, +91 9495 01 27 14

# 8,9,10

ഇംഗ്ലീഷ്, മലയാളം മീഡിയം
ട്യൂഷൻ ക്ലാസുകൾ

SUCCESS LINE
Mark of Excellence

Moonlight Building, Opp.Federal Bank, Mukkam Road
AREACODE

628 222 4514, 8606 050 302, 9495 535 845

successlineedu.info | successlineareekode

successard@gmail.com

# ചരിത്രത്തിലെ അടരുകൾ

/ മാഗസിൻ സമിതി

• **കൊടികേറ്റം (1917)**

കൊണ്ടോട്ടി തങ്ങന്മാരുടെ അന്ധവിശ്വാസത്തിലൂന്നിയ അനാചാരങ്ങളെ അരീക്കോട് നിന്നും കെട്ടുകെട്ടിച്ച വർഷമാണ് 1917. കൊണ്ടോട്ടി തങ്ങന്മാരുടെ ഒരു ശാഖ അക്കാലത്ത് അരീക്കോട് താഴത്തങ്ങാടി 'താൽതൊടിക' യിലുണ്ടായിരുന്നു. കൊല്ലം തോറും 'കൊടിയേറ്റ'വും നേർച്ചയും ചെണ്ടമുട്ടും കുഴൽ വിളിയും 'ശിയാ' വിശ്വാസികളായ കൊണ്ടോട്ടി തങ്ങന്മാർ താഴത്തങ്ങാടിയിൽ നടത്തിവന്നു. അതിരുകടന്ന ഇവരുടെ അനാചാരങ്ങൾ ഇനി വെച്ച് പൊറുപ്പിക്കില്ലെന്ന് താഴത്തങ്ങാടിക്കാർ ഉറച്ച തീരുമാനമെടുത്തു. അരീക്കോട്ടുകാരുടെ മത വിശ്വാസത്തിന് വിരുദ്ധമായ നിലപാടുമായി, ബ്രിട്ടീഷ് പോലീസിന്റെ അകമ്പടിയോടെ, ആഹ്ലാദാരവങ്ങളും കൊട്ടും വിളിയുമായെത്തിയ നേർച്ച വരവിനെ താഴത്തങ്ങാടി പള്ളിക്ക് മുന്നിൽ വെച്ച് നാട്ടുകാരണവന്മാരുടെ നേതൃത്വത്തിൽ താഴത്തങ്ങാടിക്കാർ തടഞ്ഞു. നേർച്ചയും ഉത്സവവും നടത്താനാകാതെ തങ്ങൾക്കും സംഘത്തിനും തിരിച്ചു പോവേണ്ടി വന്നു. തൊട്ടടുത്ത വർഷം, എതിർക്കുന്നവരെ അധികാര സ്വാധീനമുപയോഗിച്ച് ജയിലിലടച്ച് കൊടിയേറ്റവും നേർച്ചയും തുടരാൻ ശ്രമിച്ചെങ്കിലും നാട്ടുകാർ ഏർപ്പെടുത്തിയ ശക്തമായ ഉപരോധം മൂലം തങ്ങന്മാർക്കും കുടുംബത്തിനും അവരുടെ ആശ്രിതർക്കും അരീക്കോട് വിട്ടു പോകേണ്ടി വന്നു. അന്ന് മുർക്കൻ മമ്മദാജി, കാട്ടിൽ വീട്ടിൽ അബ്ദുറഹ്മാൻ, നാലകത്ത് മരക്കാരുട്ടി മുസ്ലിയാർ, മുണ്ടമ്പ്ര ഉണ്ണി മമ്മദ് എന്നിവരുടെ നേതൃത്വത്തിൽ താഴത്തങ്ങാടിയിലെ പൊതു സമൂഹം തകർത്തെറിഞ്ഞത് വിശ്വാസ വൈകൃതത്തിന്റെയും ആൾദൈവ ചൂഷണത്തിന്റെയും പ്രചാരകരെയാണ്.



• *താഴത്തങ്ങാടി*



• ആറ്റുപുറം ഇല്ലം

• **മലബാർ കലാപം (1921)**

'1921' പോരാട്ട വീര്യത്തിന്റെ നിറമുള്ള ഒരു ഏടാണ്. വെള്ളപ്പട്ടാളത്തിന്റെ ഹുങ്കിനു നേരെ വിരിമാറ് കാണിച്ച് നേരിട്ട ഒരു ജനതയുടെ ആർജ്ജവത്തെയും ആത്മാഭിമാനത്തെയും അടയാളപ്പെടുത്തുന്ന ഇച്ഛാ ശക്തിയുടെ പ്രകാശനമായിരുന്നു മലബാർ കലാപം. തിരൂരങ്ങാടിയിലാണ് ലഹള പൊട്ടിപ്പുറപ്പെട്ടത്. ചുറ്റുവട്ടങ്ങളിലേക്ക് ദ്രുതഗതിയിൽ വളർന്ന കലാപം അരീക്കോടും അലയടിച്ചു. 1921 ഓഗസ്റ്റ് ഇരുപതിന് ആരംഭിച്ച് മുപ്പത്തിയൊന്നാം തീയ്യതിയോടെ അവസാനിച്ച ആദ്യഘട്ട ലഹളയിൽ അരീക്കോട്ടും സമീപ പ്രദേശങ്ങളിലും കാര്യമായ പ്രശ്നങ്ങളുണ്ടായില്ലെങ്കിലും സെപ്തംപർ അവസാനത്തോടെ ശക്തിയാർജ്ജിച്ച രണ്ടാം ലഹളയിൽ അരീക്കോടും ഒരു കലാപ ഭൂമിയായി. അരീക്കോട്ടെ ഖിലാഫത്ത് കമ്മിറ്റി ഓഫീസ് പ്രവർത്തിച്ചിരുന്നത് വാഴയിൽ പള്ളിക്കു മുമ്പിലുള്ള വീടിന്റെ മുകൾ നിലയിലായിരുന്നു. ആദ്യഘട്ട കലാപത്തിന് ശേഷം സായുധ സൈനിക വിഭാഗങ്ങൾ മുസ്ലിംകൾക്ക് നേരെ നടത്തിയ അതിക്രമങ്ങളുടെ പ്രതിഷേധമായിരുന്നു സെപ്തംപറിലെ രണ്ടാം കലാപം. ലഹളയിൽ പങ്കെടുത്തുവോ ഇല്ലയോ, എന്നല്ല 'മുസ്ലിമാവുക' എന്നത് മാത്രമായിരുന്നു കേസെടുക്കാനും ശിക്ഷിക്കാനുമുള്ള മാനദണ്ഡം. നിരപരാധികളായ നിരവധി മുസ്ലിം ചെറുപ്പക്കാർ കൽതുറങ്കുകളിലടക്കപ്പെടുകയോ നാടു കടത്തപ്പെടുകയോ ചെയ്തു. ഉള്ളിൽ വിങ്ങിയ നിരാശയും സങ്കടവും പ്രതികാര അഗ്നിയായി മാറി. അത് ഗവൺമെന്റിനും പോലിസിനുമെതിരെയും അവരെ സഹായിച്ച ഹിന്ദു ജന്മി കുടുംബങ്ങൾക്കെതിരെയുമുള്ള രോഷ പ്രകടനമായി തീർന്നു. കാരാടൻ മൊയ്തീൻ കുട്ടിയുടെ നേതൃത്വത്തിലെത്തിയ കലാപകാരികൾ അംശം അധികാരിയായ ആറ്റുപുറം നമ്പൂതിരിയെയും ശങ്കരമേനോനെയും ഒക്ടോബർ മാസത്തിൽ പിടികൂടുകയും സ്കൂൾ കടവിൽ വെച്ച് കൊലപ്പെടുത്തുകയും ചെയ്തു. ആറ്റുപുറം ഇല്ലത്തെ കാര്യസ്ഥൻ അപ്പു മേനോനും കലാപത്തിൽ കൊല്ലപ്പെട്ടു. ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങളൊഴിച്ചാൽ അരീക്കോട് താരതമ്യേന ശാന്തമായിരുന്നു. കലാപം നാട്ടിലെ സാമുദായിക മൈത്രിക്ക് കോട്ടമൊന്നും വരുത്തിയില്ല. കലാപത്തിന്റെ പേരിൽ സ്വാർത്ഥ താത്പര്യങ്ങൾ സംരക്ഷിക്കാൻ ചിലർ മുതിർന്നപ്പോൾ അവർക്കെതിരെ നിലകൊണ്ട് ധർമം സംരക്ഷിക്കാനും നാട്ടിലെ മുസ്ലിം പ്രമാണിമാർ തയ്യാറായി. അരീക്കോട് ബ്രിട്ടീഷ് പട്ടാളം ക്യാമ്പ് ചെയ്ത് അക്രമം അമർച്ച ചെയ്യാനാരംഭിച്ചു. പട്ടാളം വീടുകളിൽ കയറി നിരങ്ങാൻ തുടങ്ങി. മുസ്ലിം കുടുംബങ്ങൾ പലരും ചാലിയാറിന് അക്കരെയുള്ള മലമ്പ്രദേശങ്ങളിൽ അഭയം തേടി. തുടർന്ന് സമാധാന അന്തരീക്ഷം സ്ഥാപിക്കാനെന്ന പേരിൽ അരീക്കോട് എം.എസ്.പി. ക്യാമ്പ് സ്ഥാപിതമായി. മാസങ്ങൾക്ക് ശേഷമാണ് നാട്ടിൽ സമാധാന അന്തരീക്ഷം നിലവിൽ വന്നത്.

• **വെള്ളപ്പൊക്കം (1924)**

1924 ലെ വെള്ളപ്പൊക്കം അരീക്കോട് വലിയ തോതിൽ ഭീതി സൃഷ്ടിച്ചു. ചാലിയാറിനോട് ചേർന്ന് കിടക്കുന്ന അരീക്കോടിന്റെ ചരിത്രത്തിൽ ഏറ്റവും പ്രയാസമുണ്ടാക്കിയ വെള്ളപ്പൊക്കമായിരുന്നു അത്. ക്യാമ്പുകുന്നും ചുറ്റുമുള്ള ചില ഭാഗങ്ങളൊമൊഴിച്ച് ബാക്കിയുള്ള മുഴുവൻ സ്ഥലങ്ങളിലും 'കൊങ്ങൻ വെള്ളം' കയറി. തിരിമുറിയാതെ പെയ്ത പേമാരിയിൽ ചാലിയാർ നിറഞ്ഞു കവിഞ്ഞു. ഭീതിജനകമായ തരത്തിൽ ജലനിരപ്പുയർന്ന ചാലിയാർ ഗതാഗത യോഗ്യമല്ലാതായതോടുകൂടി ഉത്പന്നങ്ങൾ വാങ്ങാനും വിൽക്കാനും കോഴിക്കോട്ടേക്ക് പോകാൻ പറ്റാത്ത അവസ്ഥയിൽ നാട്ടിലെ സാമ്പത്തിക ക്രയവിക്രയങ്ങൾ സതംഭിച്ചു. ഭക്ഷണ പദാർത്ഥങ്ങളില്ലാതെ ജനം പട്ടിണിയിലായി. തീരത്തെ കുടിലുകൾ കൊങ്ങൻ വെള്ളം കൊണ്ടുപോയി. ജനങ്ങൾ കുന്നുകളിൽ അഭയം പ്രാപിച്ചു. ഒറ്റപ്പെട്ടുപോയ അരീക്കോട്ടുകാർക്ക് സഹായ ഹസ്തവുമായി കോഴിക്കോട്ടു നിന്നും മൂന്ന് മനുഷ്യ സ്നേഹികളെത്തി. ജെ.ഡി.ടി.ഇസ്ലാം സ്ഥാപകൻ നൂറുൽ ഹസനും ക്യസ്ത്യൻ മിഷനറി സംഘം സെക്രട്ടറി എസ്.എം.ജാക്കോബിയും കോഴിക്കോട്ടെ പൗരപ്രമുഖൻ പൊൻമാളത്ത് കോയയുമായിരുന്നു അവർ. ശക്തമായി ഒഴുകുന്ന ചാലിയാറിനോട് പടവെട്ടി, കോഴിക്കോട് നിന്ന് തോണി മാർഗം ഭക്ഷ്യവസ്തുക്കളെത്തിച്ച് അവർ നാട്ടിൽ സൗജന്യമായി വിതരണം ചെയ്തു.

• **തീ പിടുത്തം (1936)**

1936ൽ അരീക്കോട് താഴത്തങ്ങാടിയിൽ സംഭവിച്ച തീ പിടുത്തം ഒട്ടനവധി പേർക്ക് വലിയ പ്രയാസം സൃഷ്ടിച്ച ഒരു വിപത്തായിരുന്നു. ഇന്നത്തെപ്പോലെ തന്നെ അക്കാലത്തും അടുത്തടുത്ത് വീടുകൾ സ്ഥിതി ചെയ്തിരുന്ന ജനസാന്ദ്രതയേറിയ താഴത്തങ്ങാടിയുടെ ഒരു ഭാഗമായിരുന്നു 'താൽതൊടിക'. ഓലയും പുല്ലും മേഞ്ഞ ഇവിടുത്തെ വീടുകളെ ഒന്നൊഴിയാതെ അഗ്നി വിഴുങ്ങിക്കളഞ്ഞു. ഒരു കാലത്ത് കൊടിയേറ്റ ചടങ്ങുകളുടെ മുഖ്യ രംഗവേദിയായിരുന്നു 'താൽതൊടിക'.

• **കോളറ (1939)**

1939 ൽ നാട്ടിൽ പടർന്ന് പിടിച്ച 'കോളറ'യെന്ന മഹാമാരിയിൽ വലിപ്പ ചെറുപ്പമില്ലാതെ നിരവധി ആളുകൾ മരിച്ചൊടുങ്ങി. വളരെ കുറച്ച് മാത്രം ജനസംഖ്യയുള്ള ഒരു ഗ്രാമത്തിലാണ് ഈ മഹാമാരി അൻപതിലധികം ജീവനുകളെടുത്തത്. അന്ന് ലഭ്യമായിരുന്ന എല്ലാ മുൻകരുതലുകളും എടുത്തിട്ടും 'തട്ട് കൊണക്കേട്'' എന്ന് പഴമക്കാർ പറയുന്ന ഛർദ്ദിയും വയറിളക്കവും മിക്ക വീടുകളെയും സ്പർശിച്ചു. ഉറ്റവരും ഉടയവരും വഴിക്കുവഴിയായി പള്ളിപ്പറമ്പിലേക്ക് നീങ്ങിത്തുടങ്ങിയത് നാടിനെ പരിഭ്രാന്തിയിലാഴ്ത്തി. ഈ മഹാമാരി നാടൊഴിഞ്ഞപ്പോഴേക്കും നാട്ടിലെ നിരവധി പ്രമുഖർ മണ്ണിലായിക്കഴിഞ്ഞിരുന്നു.

• **ഭക്ഷ്യക്ഷാമം (1943)**

1943ൽ മലബാറിനെ മുഴുവനായും ഗ്രസിച്ച ഭക്ഷ്യക്ഷാമം അരീക്കോട്ടെ ജനങ്ങളെയും കഷ്ടത്തിലാഴ്ത്തി. മുഖ്യ ആഹാരവസ്തുക്കളുടെ ക്ഷാമം ജനങ്ങളിൽ വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചു. ഈ കാലത്താണ് അരീക്കോട് ഗ്രാമത്തിലേക്ക് ബ്രസീൽ വിഭവമായ പൂള (കപ്പ) രംഗ പ്രവേശം ചെയ്തത്. പൂളയുടെ ആദ്യകാല ഉപയോഗം പലർക്കും വയറിളക്കവും ഛർദിയുമുണ്ടാക്കി. അത്ര പ്രാധാന്യം മുമ്പ് കൽപ്പിക്കാതിരുന്ന കൊടപ്പനയും ഇന്തപ്പനയുമൊക്കെ ക്ഷാമകാലത്ത് ഭക്ഷ്യവസ്തുക്കളായി മാറി. ഈ കാലത്ത് നിലവിൽ വന്ന പൊതു റേഷൻ സമ്പ്രദായം ജനങ്ങൾക്ക് വലിയൊരളവിൽ ആശ്വാസം സൃഷ്ടിച്ചു. ഗോതമ്പ്, മുത്താറി, ചോളം തുടങ്ങിയ പുറംനാടൻ വിഭവങ്ങളായിരുന്നു റേഷൻ കടകളിൽ അന്ന് ലഭ്യമായിരുന്നത്.

• **ജംഇയ്യത്തുൽ മുജാഹിദീൻ (1944)**

1934ൽ താഴത്തങ്ങാടി പള്ളിക്ക് സമീപത്തെ കെട്ടിടത്തിൽ ആരംഭിച്ച 'മിശ്കാത്തുൽ ഹുദാ മദ്രസ' മൂന്ന് വർഷത്തിന് ശേഷം പ്രവർത്തനം അവസാനിപ്പിച്ചതോട് കൂടി നാട്ടിൽ മതപഠനം നിർജീവമായി. മതപഠനത്തിന് സൗകര്യമേർപ്പെടുത്തേണ്ടത് ഒരാവശ്യമായി തോന്നിയ ഉൽപ്പതിഷ്ണുക്കളായ ചെറുപ്പക്കാർ മധുരക്കറിയൻ മമ്മദിന്റെ വീട്ടിൽ 1944 സെപ്തംബർ 20ന് യോഗം ചേർന്നു. എൻ.വി.അബ്ദുസ്സലാം മൗലവിയെ പ്രസിഡന്റാക്കി കൊണ്ട് ആ യുവാക്കൾ ഒരു കമ്മിറ്റിക്ക് രൂപം നൽകി. അരീക്കോടിന്റെ മത- വിദ്യാഭ്യാസ- സാമൂഹിക ചരിത്രത്തിൽ പുതിയ അധ്യായങ്ങൾ രചിക്കാനും സാംസ്കാരിക പാതയിൽ പുതുവഴികൾ വെട്ടിയെടുക്കാനുമുള്ള ചരിത്രപരമായ ദൗത്യം ഏറ്റെടുക്കുകയായിരുന്നു ചെറിയ പെരുന്നാൾ രാത്രിയിൽ ഒത്തുചേർന്ന ചെറുപ്പക്കാരുടെ പന്ത്രണ്ടംഗ സംഘം. പിന്നീട് 'ജംഇയ്യത്തുൽ മുജാഹിദീൻ' എന്ന പേരിൽ ഒരു സംഘടനയായി ആ കമ്മിറ്റി പുനക്രമീകരിച്ചു. 'ജംഇയ്യത്തുൽ മുജാഹിദീൻ' അരീക്കോടിന്റെ ചരിത്രത്തിൽ ഒരു പുതിയ തുടക്കമായിരുന്നു. സമൂഹത്തെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും മുക്തമാക്കാൻ ഇസ്ലാമിക പ്രമാണങ്ങൾ ശരിയാം വിധം ജനങ്ങളെ പഠിപ്പിക്കുകയാണ് മാർഗമെന്നവർ മനസ്സിലാക്കി. നാടിന്റെ പുരോഗതിയിലേക്കുള്ള വഴിയിൽ അവർ നവോത്ഥാനത്തിന്റെ കൽപ്പടവുകളായി മാറി.

1944 നവംബർ 5ന് 'സുല്ലമുസ്സലാം മദ്റസ' മേത്തലങ്ങാടി പള്ളിയിൽ പ്രവർത്തനമാരംഭിച്ചു. അധികം വൈകാതെ തന്നെ ഉയർന്ന മതപഠനവും ഉന്നത അറബി ഭാഷാ പഠനവും ലക്ഷ്യം വെച്ച് മദ്രസയിൽ 'സുല്ലമുസ്സലാം അറബിക് കോളേജും' സ്ഥാപിക്കപ്പെട്ടു. 1955ൽ ജംഇയ്യത്തിന്റെ ശ്രമഫലമായി 'സുല്ലമുസ്സലാം ഓറിയന്റൽ ഹൈസ്കൂളും' നിലവിൽ വന്നു. നാടിന്റെ സാമൂഹികാന്തരീക്ഷത്തിൽ വലിയ അലയൊലികളുയർത്തിക്കൊണ്ട് ഈ സ്ഥാപനങ്ങൾ ദേശത്തെ വിദ്യാഭ്യാസ പുരോഗതിയിലേക്ക് നയിച്ചു. സ്ത്രീകൾ എഴുത്ത് പഠിക്കുന്നതും വിദ്യാലയങ്ങളിൽ പോകുന്നതിനും യാഥാസ്ഥിതികർ വിലക്ക് കൽപ്പിച്ച കാലത്ത് ജംഇയ്യത്തുൽ മുജാഹിദീൻ നേതാക്കൾ സുല്ലമുസ്സലാം സ്ഥാപനങ്ങളിൽ സ്ത്രീ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകി.



• *ഓറിയന്റൽ ഹൈസ്കൂൾ*

# മഹാകവി മുണ്ടമ്പ്ര ഉണ്ണിമമ്മദും അരീക്കോടൻ ചരിത്ര ഇശലുകളും

***/ മാഗസിൻ സമിതി***



• 'കൊടിക്കേറ്റം' കാവ്യത്തിലെ ആദ്യ ഇശൽ, അറബി മലയാളം കയ്യെഴുത്ത് പ്രതി

കാലം കുറച്ച് കൂടി പിറകിലേക്ക് കൊണ്ടുപോകണം, പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിക്കും ഇരുപ താം നൂറ്റാണ്ടിന്റെ ആദ്യപകുതിക്കുമിടയിലെ അൽപം ചരിത്രം. ഈ ഒരു നൂറ്റാണ്ടിന്റെ ചരിത്രത്തിന്, ഇന്നിന്റെ അരീക്കോടൻ വർത്തമാനത്തിൽ നിർണ്ണായക പങ്കാണുള്ളത്. മാപ്പിളപ്പാട്ടിന്റെ ഇശലുകൾ അതിന്റെ ആസ്വാദനത്തിന്റെ പരമോന്നതിയിൽ നിന്നപ്പോൾ അതിന്റെ ആഴവും പരപ്പും കൂട്ടാൻ ഒരുപിടി സംഭവ ങ്ങൾക്കും ഈ മണ്ണ് വേദിയായി.അരീക്കോടൻ അതി രുകൾക്കപ്പുറം ഈ സംഭവങ്ങൾക്ക് പാശ്ചാത്തലമു ണ്ടെങ്കിലും ഒരു നാട് എങ്ങനെ രൂപപ്പെട്ടു എന്നതിന് കൃത്യമായ രേഖപ്പെടുത്തലുകളുണ്ടായത് ഒരു പക്ഷേ അരീക്കോട് നിന്നും മാത്രമായിരിക്കും.

ഇശലുകളിലൂടെ ചരിത്രം രേഖപ്പെടുത്തപ്പെട്ടപ്പോൾ അതിൽ നാടിന്റെ ഓരോ മുക്കുമൂലകളിലും, അടി യാളർ മുതൽ അധികാരികൾ വരെയുള്ള സകലരും സൂക്ഷ്മമായി മാറ്റങ്ങൾ എങ്ങനെ സാധിച്ചു എന്നത് പരാമർശിക്ക പ്പെട്ടത് ഇവിടെ മാത്രമായിരിക്കും. അന്നത്തെ സാമൂഹികാവസ്ഥയിലെ വിശ്വാസങ്ങൾ, ആചാരങ്ങൾ എന്ന് തുടങ്ങി വേഷവിധാനങ്ങളിലേ ക്കും ഭക്ഷണരീതിയിലേക്കും വരെ വരികൾ ഇറങ്ങി ചെല്ലുന്നു. നാട്ടിലെ കൊച്ചുവർത്തമാനങ്ങൾ മുതൽ ലോകചരിത്രവും, മലബാർ കലാപവും, നവോത്ഥാന മുന്നേറ്റങ്ങളും, പ്രകൃതി ദുരന്തങ്ങളും വരെ പ്രതിപാദ്യ വിഷയമാകുന്ന അത്ഭുതം നമുക്കതിൽ കാണാം.

പറഞ്ഞ് വരുന്നത്, ഒരുപക്ഷേ മോയിൻ കുട്ടി വൈദ്യ രെപ്പോലെ ആഘോഷിക്കപ്പെടേണ്ടിയിരുന്ന ഒരു അരീ ക്കോട്ടുകാരനെ കുറിച്ചാണ്. മഹാകവി മുണ്ടമ്പ്ര ഉണ്ണി മമ്മദ് അരീക്കോടിന്റെ ഇന്നിന്റെ പോരിഷകളൊന്നും പറയാനില്ലാത്ത കാലത്ത്, ഇന്നും ഓർക്കപ്പെടേണ്ട വർത്തമാനങ്ങൾ രേഖപ്പെടുത്തിയ മഹാകവിയാണ്. ആ കരങ്ങളിൽ നിന്ന് ഇശലുകൾ രൂപപ്പെട്ടപ്പോൾ അതിൽ ഉൾക്കൊണ്ടത് തന്റെ നാടിന്റെ ചരിത്രം കൂടി യായിരുന്നു. തന്റെ മാന്ത്രിക ഇശലുകൾ ഒളിപ്പിച്ച

ആ രചനകൾ ആസ്വാദകന് ആനന്ദത്തോടൊപ്പം ചരിത്രത്തിന്റെ വീണ്ടെടുക്കൽ കൂടിയാണ്. അതിൽ അരീക്കോടിന്റെ ഇന്നിനെ രൂപപ്പെടുത്തിയ പ്രാദേശികവും ദേശീയവുമായ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്നു എന്നത് ഒരു ചരിത്രാന്വേഷകനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ രചനകളുടെ മൂല്യം വർധിപ്പിക്കുന്നു.

ഇന്ന് അരീക്കോട് അതിന്റെ സാമൂഹികവും സാംസ്കാരികവുമായ ഔന്നിത്യത്തിന്റെ പേരിൽ അറിയപ്പെടുമ്പോൾ ആ രൂപപ്പെടലിൽ തിളങ്ങി നിൽക്കുന്ന ചില അധ്യായങ്ങൾ ഉണ്ട്. 1917 ലെ 'കൊടികേറ്റ'വും, 1921 ലെ മലബാർ കലാപവും, 1924 ലെ പ്രളയവും എല്ലാം ഇവയിൽ സുപ്രധാനമാണ്. ഇവയെ പ്രതിപാദിച്ച് കൊണ്ട് 'കൊടികേറ്റം', 'ഖിലാഫത്ത് കാവ്യം', 'വെള്ളപ്പൊക്കം' തുടങ്ങിയ അറബിമലയാള കാവ്യങ്ങൾ അദ്ദേഹത്താൽ വിരചിതമായി. ഇന്ന് മഹത്തായ ചരിത്രങ്ങളുടെ വീണ്ടെടുപ്പിന്റെ ഭാഗമായി അവ മലയാളത്തിൽ അച്ചടിക്കുകയും പൂർണ്ണമായോ ഭാഗികമായോ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു എന്നത് ആ മഹാകലാകാരന് വൈകിയെങ്കിലും ലഭിച്ച അർഹതയാണ്.

അരീക്കോട് മുണ്ടമ്പ്ര മമ്മിക്കുട്ടിയുടെയും കുട്ടൻകാവിൽ ഖദീസുമ്മയുടെയും മകനായി 1865 ൽ ആയിരുന്നു അദ്ദേഹത്തിന്റെ ജനനം. അരീക്കോട്ടെ കല്ലുവെട്ടി കുടുംബത്തിന്റെ കാര്യസ്ഥനായി അദ്ദേഹം പ്രവർത്തിച്ചു. കവി എന്നതിലപ്പുറം നല്ല കച്ചവടക്കാരൻ, നാട്ടു മധ്യസ്ഥൻ, ആധാരമെഴുത്തുകാരൻ എന്നീ നിലകളിലും അദ്ദേഹത്തിന് നാട്ടിൽ സ്ഥാനമുണ്ടായിരുന്നു. ദേശീയ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് 1920ൽ രൂപീകരിച്ച ഖിലാഫത്ത് കമ്മിറ്റിയുടെ പ്രാദേശിക ഘടകത്തിന്റെ പ്രസിഡന്റായിരുന്ന അദ്ദേഹം ഖിലാഫത്ത് സമരത്തിനിടെ ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ അറസ്റ്റിലായി. ഈ സമയത്ത് അദ്ദേഹം രചിച്ച 'ഇരവ്' എന്ന കവിതയുടെ ഭാഗം ഇവിടെ ചേർക്കാം:

*ബലിയോനെ എല്ലാറ്റിനും ബയ്യും കാഴ്ച്ച*
*ബസീറേ നിനക്കുണ്ടു ഇതിൽ എന്നെ രക്ഷ*
*ബരുത്തിത്തരാൻ നിന്നിലാണെന്റെപേക്ഷ*
*ബന്നെ ബലൈ പോക്കി ഠാക്കണം അല്ലാ*
*തകരാറ് ഞാൻ ചെയ്തിടാതെന്റെ ഹക്ക്*
*തെളിവൊന്നും കൂടാതറിയും നിനക്ക്*
*തനിയോനെ നിയ്യാം അപ്പൊയെൻ കുടുക്ക്*
*തട്ടിക്കളഞ്ഞെന്നെ കാക്കണം അല്ലാ.*

ഈ കവിതാശകലങ്ങൾ അധികാരികളുടെ കണ്ണ് തുറപ്പിക്കുകയും അദ്ദേഹത്തിൽ ആരോപിതമായ തെറ്റിലെ നിരപരാധിത്വം തിരിച്ചറിഞ്ഞ് അദ്ദേഹത്തെ വിട്ടയക്കുകയും ചെയ്തു. മോയിൻകുട്ടി വൈദ്യരുടെ സമകാലികൻ ശിഷ്യനുമായിരുന്ന മുണ്ടമ്പ്രയുടെ രചനകളിൽ അദ്ദേഹത്തിന്റെ ശൈലികളും സ്വാധീനിച്ചിട്ടുണ്ട്. കർബല, ജസാ, കൊടിയേറ്റം, വെള്ളപ്പൊക്കം, സൽമാനും പൂമോളും, ഖജാന പൊളിപ്പാട്ട്, കുബ്ബ പൊളിപ്പാട്ട്, മയിലാടിപ്പാട്ട് നബി ശാമിലേക്ക് കച്ചവടത്തിന് പോയ കഥ, ദീൻ വിശ്വസിച്ച കഥ തുടങ്ങിയ ദീർഘകാവ്യങ്ങളും അനേകം കെസ്സുകളും ഒപ്പനപ്പാട്ടുകളും മുണ്ടമ്പ്രയുടേതായുണ്ട്. മുണ്ടമ്പ്രയുടെ കൃതികൾ പൂർണ്ണമായും



• കർബല പ്രിന്റ്

പുനഃപ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. ചരിത്രപരമായ വർണ്ണനകൾ കൊണ്ട് സമ്പുഷ്ടമാണ് കൊടികേറ്റവും വെള്ളപ്പൊക്കവും. 1917ലാണ് കൊടികേറ്റത്തിന് അടിസ്ഥാനമായ സംഭവം നടക്കുന്നത്. പ്രശസ്തമായ കൊണ്ടോട്ടി നേർച്ചയുടെ ഭാഗമായി കൊണ്ടോട്ടിയിലെ കൊടികേറ്റത്തിന് ശേഷം അരീക്കോട്ടെ തങ്ങന്മാരുടെ പിന്തുണയോടെ അരീക്കോട് വന്ന് കൊടികേറ്റം നടത്തുന്ന പതിവ് അന്നുണ്ടായിരുന്നു. പ്രസ്തുത വർഷം അരീക്കോട്ടെ ശിയാ തങ്ങന്മാരോടുള്ള എതിർപ്പ് മൂലം കൊടികേറ്റാൻ സമ്മതിക്കില്ലെന്ന് അരീക്കോട്ടെ പൗരപ്രധാനികളുടെ പിൻബലത്തിൽ താഴത്തങ്ങാടിയിലെ ജനങ്ങൾ തീരുമാനിച്ചു. ഇതിനെത്തുടർന്ന് കൊണ്ടോട്ടി തങ്ങളുടെ കാര്യസ്ഥൻ കോയസ്സൻ അധികാരിയുടെ നേതൃത്വത്തിൽ വന്ന സംഘവും നാട്ടുകാരും പോലീസും തമ്മിലുണ്ടായ സംഘർഷത്തിന്റെ വക്കോളമെത്തിയ കോലാഹലങ്ങളുമാണ് കൊടിയേറ്റത്തിന് ഇതിവൃത്തം.
അതിൻറെ തുടക്കമിങ്ങനെ:

*തരണം തണിയോനെ ഫയിളൂറ്റത്താൽ*
*സതരീ ഉറവ് തൻ തരുൾ കേറ്റത്താൽ*
*ധരണി മലയാളപ്പതിക്ക് ചേർന്നെ*
*തനമാം അരീക്കോട് നഗരെ ഒന്നെ*
*ശുരുതി കൊടികേറ്റം കാശിന്നേ കേമാ*
*ചുടരക്കഥ റാവി ബസീറാം നാമ*
*പുരിയിൽ വസിപ്പാനെ നരർകൾ താമെ*



• മുണ്ടമ്പ്രയുടെ ഇരവ് കാവ്യം

*പൂർവ്വീകമേ രണ്ട് വകുപ്പിലാമെ
വകയുണ്ടവർക്ക് പേര് നടക്കും സുന്നി
പാലർകാശിയാമേ നഗർ പൊന്നാനി.*

സംഭവം വിവരിക്കുന്നതിന് പുറമെയായി കവി അന്നത്തെ സാമൂഹികാവസ്ഥയുടെ നേർചിത്രം തുറന്നു കാണിക്കുകയും ചെയ്യുന്നു, കൊണ്ടോട്ടി കൈ, പൊന്നാനി കൈ എന്നീ വിഭാഗങ്ങളിലായി ജനങ്ങൾ ചേരിതിരിഞ്ഞതും കൊണ്ടോട്ടി കൈക്കാരുടെ ആചാരങ്ങളോടുള്ള വിയോജിപ്പുകളും ശക്തമായി മുണ്ടമ്പ്ര വിവരിക്കുന്നു. കവിതയിലൂടെ യുള്ള യാത്ര വായനക്കാരന് അന്നത്തെ സാഹചര്യത്തെ മുന്നിൽ വരച്ചു കാണിക്കുമെന്നതിൽ ഒരു സംശയവു മില്ല. ഉശിരോട് കൂടിയ വാഗ്വാദങ്ങളും, ചർച്ചകളും ഭാവവ്യത്യാസങ്ങളും, കോലാഹലങ്ങളുമെല്ലാം ഈ വരികളിലൂടെ വായനക്കാരന്റെ മുന്നിലെത്തുന്നു. 1924ലെ പ്രളയവും മുണ്ടമ്പ്രയുടെ വരികളിലൂടെ വീണ്ടും വായനക്കാരിലെത്തുന്നു. ദിവസങ്ങൾ നീണ്ടുനിന്ന പ്രളയത്തിൽ ജനങ്ങൾ ഏറെ ബുദ്ധിമുട്ടി. സ്വന്തം കിടപ്പാടവും കൃഷിയും കന്നുകാലികളും നഷ്ടപ്പെട്ടവരുടെ ദൈന്യത നമ്മൽ വരികളിലൂടെ നേരിൽ കാണുന്നു.തിരുവിതാംകൂറിലെ അമ്പലപ്പുഴ മുതൽ കർണാടകയിലെ കുന്ദാപുരം വരെയുള്ള കഥകൾ വിവരിക്കുന്നുവെങ്കിലും സ്വന്തം നാടായ അരീക്കോട്ടെ സംഭവങ്ങൾക്ക് തന്നെയാണ് അദ്ദേഹം ഊന്നൽ നൽകിയത്.

പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് മുന്നിലെത്തിയ സഹായങ്ങളും, ഭിന്നതകൾക്കതീതമായ മാനവ മൈത്രിയും ഉദാഹരണങ്ങളിലൂടെ പലപ്പോഴായി







കാണിക്കുന്നു. കവിതകളിൽ ഒരുഭാഗത്ത് ദാനധർമ്മ ങ്ങളും പാവങ്ങളുടെ കണ്ണീരിൽ നനഞ്ഞ പ്രാർത്ഥന കളുമാണ് അരീക്കോടിന് വലിയ ആപത്തിൽ നിന്ന് രക്ഷിക്കാൻ കാരണമെന്ന് കവി അഭിപ്രായപ്പെടുന്നു.

ആട്ടം പറ്റലിൻ പേടിത്തരി ധർമ്മം കൊടൈ
ഹല്ലാ
അതൈകൊണ്ടും മസാക്കിങ്കൾ കരഞ്ഞിട്ടുള്ളതാ
തേട്ടം
അനതാലും കുറഞ്ഞിടെയ് വളരെ അല്ലാ
അലുൻ ഏറ്റിടും വെള്ളം അരീക്കോട്ടിൽ
കവർന്നുള്ള
അവസ്ഥക്കിങ്ങനെ രക്ഷപ്പെടാൻ പാടില്ല ഇപ്പോൾ
അവിടുത്തെ സ്ഥിതിയാൻ കാത്തതുമാം അല്ലാ

ഇങ്ങനെ മറ്റാരും കാണാത്ത കാഴ്ച്ചകൾ കൂടി പങ്ക് വെക്കുമ്പോൾ, മുണ്ടമ്പ്ര തന്റെ രചനകളിലൂടെ ആസ്വാദകരെ അത്ഭുതപ്പെടുത്തിക്കൊണ്ടേയിരി ക്കുന്നു. അരീക്കോടിന്റെ ചരിത്രപഠനത്തിന് തന്റെ രചനകളിലൂടെ അദ്ദേഹം നൽകിയ സംഭാവനകൾ ക്കപ്പുറം മുഴുവൻസമയ പാട്ടെഴുത്തുകാരനല്ലാതിരു ന്നിട്ടു കൂടി കാവ്യങ്ങളിലെ ഇശലുകളുടെ വൈവിധ്യ വും സംഗീതാത്മകതയും, പ്രാസങ്ങളും പദങ്ങളും ഉപയോഗിക്കുന്നതിലെ ചാതുരിയും, നിമിഷകവന ത്തിനുള്ള കഴിവും, ധർമ്മബോധവുമെല്ലാം ഇശൽപ്പാട്ടുകൾക്കിടയിൽ മുണ്ടമ്പ്രയുടേതായ സ്ഥാനം അദ്ദേഹത്തിന്റെ രചനകൾ അടയാളപ്പെടുത്തുന്നു. അരീക്കോടിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ അതുകൊണ്ട് തന്നെ അധികം ആഘോഷിക്കാതെ പോയ മുണ്ടമ്പ്ര ഉണ്ണിമമ്മദെന്ന നാമത്തിന് മറ്റാർക്കുമില്ലാത്ത സ്ഥാനമുണ്ട്.

# SULLAMUSSALAM ORPHANAGE PVT ITI

# ADMISSION STARTED

ധാരാളം തൊഴിലവസരങ്ങളുള്ള
NCVT കോഴ്സുകളിലേക്ക്
അരീക്കോട് SULLAMUSSALAM ORPHANAGE PVT ITI യിൽ
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

COURSES OFFERED :





SULLAMUSSALAM ORPHANAGE PVT ITI
SULLAMUSSALAM COMPLEX
AREEKODE

+91 9947 067 696
+91 9946 502 902
ssoitcareacode@gmail.com



# ചൂണ്ടുവിരലിനും നടുവിരലിനുമിടയിൽ ഞാനുണ്ട്

/ അലീഫ സുഹൈർ
പ്രിലിമിനറി അഫ്ദലുൽ ഉലമ, രണ്ടാം വർഷം

ദൂരെ നോക്കിയാൽ കാണാം.
'ശിശിരത്തിലെ ഓക്കുമരം'
കൂടെ ഒ. ഹെൻറിയുടെ ഐവി ചെടിയും.
അവ പറയുന്നുണ്ട്,
തൂലിക പറയാൻ മടിച്ച പലതും.
കാറ്റടിക്കുമ്പോൾ എന്തൊക്കെയോ അടർന്ന് വീഴുന്നുണ്ട്.

അടുത്ത് ചെന്നപ്പോഴാണ് മനസ്സിലായത്.
അതിലൊന്ന് എന്റെ സ്വപ്നമായിരുന്നു,
പിങ്ക് നിറമുള്ള ഒരു ഇല
കൂടെ വയലറ്റ് നിറമുള്ള ഒരു കുഞ്ഞുതുണ്ട്,
അതിന് കഠുവയിലെ മണ്ണിന്റെ ഗന്ധമായിരുന്നു.

നാളെ ആൾക്കൂട്ടത്തിനിടയിൽ വെച്ച്
ലക്ഷ്യബോധത്തോടെ ഉന്നംതെറ്റി വന്ന
ഒരു വെടിയുണ്ട എന്റെ തലയോട് തകർത്തേക്കാം.
പക്ഷേ, എനിക്കത് പറയണം..
അവയിലെല്ലാം കാവിച്ചായം പുരണ്ടിരുന്നു.

ഇനി ഒരു സ്വകാര്യം പറയാം...
അതിൽ ഞാൻ കണ്ട വിരൽപാട് നിന്റേതായിരുന്നു.
അതെ!
നീ തന്നെ!
നീയെന്ന് പറഞ്ഞാൽ... ഞാനും.

# വേനൽ സമ്മാനം

/ അബ്ദുൽ ഹക്കീം എം.ടി.
എം.എ. അഫ്ദലുൽ ഉലമ, ഒന്നാം വർഷം



എസ്.എസ്.എ.സി അരീക്കോട്

കാല ശേഷം വേനൽ അറിയാൻ
അവൾ വന്നു,
ആർത്തിരമ്പി കൊട്ടും പാട്ടുമായാണവൾ വന്നത്
പേരമക്കൾക്കിടയിൽ മരമുത്തശ്ശിമാർ
തലകുനിക്കേണ്ടി വന്നു,
കാടും നാടുമൊന്നടങ്കം ആഘോഷ തിമിർപ്പിലായി
മലമീതെ മരങ്ങൾ ആട്ടം തുടങ്ങി
അമ്പരന്ന് സൂര്യനും പിന്തിരിഞ്ഞ് ഓടേണ്ടി വന്നു
മണ്ണുതൊട്ട് ജീവനുള്ള സകലതും വലിച്ചു തുടങ്ങി
ജലാശയങ്ങൾ പരമാനന്ദത്താൽ നിലംവിട്ടു
വിണ്ടു വരണ്ട വയൽ ചുണ്ടുകൾ നനഞ്ഞ് തുടങ്ങി
കാട്‌വിട്ട് നാടിറങ്ങിയ ആളും ആനയും കാട് കേറി തുടങ്ങി
ഇറങ്ങിയ എണ്ണം തികഞ്ഞില്ല കയറാൻ
കുടക്കമ്പനികൾ പാതി പണിതീർത്ത കുടകൾ വിറ്റുതുടങ്ങി
പലരും പറഞ്ഞു സൂചന തുടങ്ങി ഇത് ലോകാവസാനമാണ്
പക്ഷേ പിന്തിരിഞ്ഞ സൂര്യൻ ശൗര്യം ഇരട്ടിയാക്കിയാ പോയത്
കൊന്നതും തിന്നതും
അത്രമേൽ സമ്മാനമുണ്ട് വേനലിന്ന് ഇക്കുറി
വൈകിയാണ് അറിഞ്ഞത് വന്നത് കണ്ണുനീർ മാത്രമാണ്
കൊടുത്ത കാഴ്ചക്കുള്ള കണ്ണുനീർ.

# അരീക്കോടിന്റെ ഫുട്ബോൾ പോരിശ

*/ നജ്മൽ ഒ.എം.*
*ബി.എ. ഇംഗ്ലീഷ് ആൻഡ് ഇസ്ലാമിക് ഹിസ്റ്ററി, മൂന്നാം വർഷം*



*അരീക്കോട് തെരട്ടമ്മൽ മൈതാനത്തു നിന്നും*

1960 ലെ ഒരു വേനൽ പുലരി, ഇന്ന് പഞ്ചായത്ത് സ്റ്റേഡിയം നിലനിൽക്കുന്നിടത്തുണ്ടായിരുന്ന കാട്ടുതായ് പാടത്തെ മൺകട്ടകൾ അന്നുടഞ്ഞത് വാശിയേറിയ ഒരു അഭിമാന പോരാട്ടത്തിനായിരുന്നു. ഒരു ഭാഗത്ത് തങ്ങളുടെ സ്വന്തം ടീമായ ടൗൺ ടീം അരീക്കോടും, മറുഭാഗത്ത് മെൽബൺ ഒളിംപിക്സിൽ ഇന്ത്യയെ നാലാം സ്ഥാനത്തെത്തിക്കുന്നതിൽ മുഖ്യപങ്കുവഹിച്ച വിഖ്യാത ഫുട്ബോളർ ഒളിമ്പ്യൻ റഹ്മാന്റെ നേതൃത്വത്തിൽ ലോഹി സ്പോർട്സ് ടീമും അണിനിരന്ന മത്സരത്തിന് സാക്ഷിയാവാൻ ഒഴുകിയെത്തിയത് ആയിരങ്ങളായിരുന്നു.
ഈ മത്സരത്തിനു പിന്നിലെ സംഭവകഥകൾക്ക് കോഴിക്കോട് വെച്ച് നടന്ന ഫൈനൽ മത്സരത്തിന്റെ പഴക്കമുണ്ടായിരുന്നു. അന്ന് ഫൈനലിൽ തങ്ങളുടെ പ്രൊഫഷണൽ ടീമിനെ തോൽപ്പിച്ച അരീക്കോടൻ ടീമിനെ ഒരു മത്സരത്തിന് കൂടി വെല്ലുവിളിക്കുകയായിരുന്നു റഹ്മാൻ. അന്നത്തെ അരീക്കോടൻ യുവത്വം അത് സ്വീകരിക്കുകയും ഒരിക്കൽ കൂടി കളിമൈതാനത്തെ അപ്രമാദിത്വം തെളിയിക്കുകയും ചെയ്തപ്പോൾ അത് അരീക്കോടൻ ചരിത്രത്തിന്റെ നെറുകയിൽ ഒരു പൊൻതൂവലായി.
ഒരു നാടും ഒരു കായിക വിനോദവും, അവ രണ്ടും എത്രത്തോളം ഇഴചേർന്നു നിൽക്കുന്നു എന്നറിയാൻ അരീക്കോടിന്റെ ഫുട്ബോൾ പ്രണയത്തെക്കുറിച്ചറിയണം.അതിഥിയിൽ നിന്ന് അരീക്കോടൻ ജീവിതത്തിന്റെ ഭാഗമായി മാറിയ ആ കായിക വിനോദത്തിന്റെ



*ഡോ. ഉസ്മാൻ*



*സി. ജാബിർ*



*അമ്പാഴത്തിങ്ങൽ മുഹമ്മദലി*

അടിവേരുകൾ അത്രത്തോളം ആ മണ്ണിൽ ആഴ്ന്നു കിടക്കുന്നു. ഇന്ന് അരീക്കോടിനെ കേൾക്കുന്നവർക്ക് ആദ്യം ഓടിയെത്തുന്ന ചിത്രങ്ങളിൽ ഇവിടത്തെ കളി മൈതാനങ്ങളും കളിക്കാരുമുണ്ടാവുമെന്നതിൽ സംശയമില്ല. കളിമൈതാനത്തോളം വിശാലമായ ആതിഥ്യമര്യാദകളുള്ള അരീക്കോടൻ സൽക്കാരങ്ങളിൽ ഫുട്ബോളും ഒരു വിഭവമായിരിക്കും. ഈ മണ്ണിൽ കേവലം കാൽപ്പന്തിനപ്പുറം ഫുട്ബോൾ എന്ന കായിക വിനോദത്തിന് സ്ഥാനമുണ്ടാവുന്നത് സാംസ്കാരിക രൂപീകരണത്തിന്റെ ചെറുതല്ലാത്ത ഒരു ഭാഗം എന്ന നിലയിലായിരിക്കും.

ഈ ഫുട്ബോൾ വർത്തമാനത്തിന്റെ ചരിത്രം അരീക്കോടിന്റെ കൂടി ചരിത്രമാണ്. പതിറ്റാണ്ടുകൾക്ക് മുമ്പുള്ള അരീക്കോടിനെയും, അരീക്കോടിന്റെ ഇന്നിനെയും കൂട്ടിയിണക്കുന്ന ബന്ധമാണ് ഈ തുകൽപന്തിനുള്ളത്. 1921 ലെ മലബാർ കലാപം അരീക്കോടൻ മണ്ണിനെയും പലവിധത്തിൽ സ്വാധീനിച്ചു. മലബാർ സ്പെഷ്യൽ പോലീസ് എന്ന എം.എസ്.പി.യുടെ ഒരു ക്യാമ്പ് അരീക്കോടും രൂപീകൃതമായി. എം.എസ്.പി.യോടോ അതിന്റെ രൂപീകരണത്തോടോ പ്രത്യേക താൽപ്പര്യമില്ലായിരുന്നുവെങ്കിലും, അവരുടെ ക്യാമ്പിലെ വിനോദം വൈകാതെ നാട്ടുകാരുടെ കാലിലാവുന്നത് അവർ കണ്ടു. കാഴ്ച്ചക്കാരിൽ നിന്ന് കളിക്കാരനിലേക്ക് വേഷം മാറിയപ്പോൾ, പ്രോത്സാഹകരിലപ്പുറം, കളി മൈതാനങ്ങളിൽ അത്ഭുതം സൃഷ്ടിക്കുന്നതിലും തങ്ങൾ മിടുക്കരാണെന്ന് വൈകാതെ അവർ തെളിയിച്ചു. പിന്നെ ആ യാത്രയ്ക്ക് വേഗം കൂടി. ചാലിയാറിന്റെ തീരത്തെ മൺതരികൾ ഇടതടവില്ലാതെ കാൽപ്പന്തു വേദിയായി.ആ പന്തിനെ സ്നേഹിച്ചവർക്ക് പ്രായ വ്യത്യാസമില്ലായിരുന്നു. ജാതി-മത വ്യത്യാസമില്ലാതെ, സമൂഹത്തിലെ ഉന്നതരെന്നും, താഴ്ന്നവരെന്നുമുള്ള വേഷങ്ങളെല്ലാം അഴിച്ചു വെച്ച് അവർ കളിക്കളത്തിലെത്തിയപ്പോൾ അത് പുതിയൊരു തുടക്കമായിരുന്നു. കളിയാവേശം സിരകളിലൊഴുകിയപ്പോൾ അവിടെ മതിൽ കെട്ടുകൾക്ക് സ്ഥാനമില്ലാതെ വന്നു. തലമുറകൾ കൈമാറിയ ഈ കളിയാവേശം ഇന്നിലെത്തുമ്പോൾ, അതിന് പ്രൊഫഷണൽ ടച്ച് കൈവന്നിരിക്കുന്നു എന്ന് കാണാം. മറ്റൊരു തരത്തിൽ ശരിക്കും കളി കാര്യമാവുന്ന നാട്. മണൽത്തരിപ്പരപ്പിൽ ശീലപ്പന്തു തട്ടിയ നഗ്നപാദങ്ങളിൽ നിന്ന് ഫുട്ബോൾ കിറ്റുമായി ടർഫ് ഗ്രൗണ്ടിലേക്കൊഴുകുന്നു ഇന്നത്തെ അരീക്കോടൻ യുവത്വം.

പ്രവൃത്തി ദിനങ്ങളും, അവധി ദിനങ്ങൾക്കും അരീക്കോട് ഫുട്ബോളിന് അവധി നൽകുന്നില്ല. പകലുകളുടെ തുടക്കത്തിലും അന്ത്യത്തിലും പന്തിനൊപ്പമായിരിക്കും അരീക്കോട്ടുകാരിൽ പലരും. ടർഫ് ഗ്രൗണ്ടുകൾ പോലുള്ള ആധുനിക സൗകര്യങ്ങൾ വന്നതോടെ രാപകൽ വ്യത്യാസമില്ലാതെ ഇവിടെ കളിക്കളങ്ങൾ ഉണർന്നിരിക്കുന്നു. ചുരുക്കി പറഞ്ഞാൽ അരീക്കോട് ഫുട്ബോൾ ക്ലോക്കിന് വിശ്രമമില്ല.

നാട്ടുകാർ തുടങ്ങിയ പരസ്പര മത്സരങ്ങളിൽ നിന്ന് ടൂർണമെൻറുകളിലേക്ക് മാറിയതോടെ, അരീക്കോടൻ ഫുട്ബോളിന് ഒരു സംഘടിത രൂപം കൈവന്നു. ഒരു കാലത്ത് കളിക്കളങ്ങൾ അടക്കിവാണവർ, സംഘാടക വേഷത്തിലെത്തിയപ്പോൾ അവിടെ പുതിയ

*കാഞ്ഞിരാല അബ്ദുൽ അലി*



*മൂർക്കൻ അബ്ദുറഹ്മാൻ*



*കാഞ്ഞിരാല മുഹമ്മദലി*





*ടൗൺ ടീം അരീക്കോട്: കെ. വി. ആബിദ്, കെ. വി. അബൂട്ടി, യു. മുഹമ്മദ്, എ. സലാം, കുഞ്ഞുമുഹമ്മദ്, കുഞ്ഞിമാൻ, അബ്ദുറഹ്മാൻ, അലി, കെ. അബ്ദുൽ അലി, കാഞ്ഞിരാല സമദ്*

കളിമൈതാനങ്ങളും, ടീമുകളും ടൂർണമെൻറുകളും രൂപപ്പെട്ടു. 1930 കളിൽ കളി തുടങ്ങിയ അരീക്കോട്ടുകാർ 1952ൽ *വൈ.എം.എ.* എന്ന സാംസ്കാരിക സംഘടന രൂപം കൊണ്ടത് മുതലാണെന്ന് പറയാം. പുതിയ തലമുറ ഫുട്ബോളിനെ ഒരു മുഖ്യ അജണ്ടയായി സ്വീകരിക്കുകയും, സെവൻസ് ടൂർണമെന്റുകളിലും മറ്റും സ്വയം വാർത്തെടുത്ത ടീമുകളുമായി എത്തി പുതിയ ചരിത്രം എഴുതിച്ചേർക്കുകയും ചെയ്തു. ടൗൺ സ്പോർട്സ് ക്ലബ്ബ്, സ്പന്ദനം, യുവധാര, ബ്രദേഴ്സ് തുടങ്ങിയ സംഘടനകളും ഈ വളർച്ചയിൽ ചെറുതല്ലാത്ത പങ്ക് വഹിച്ചു. ഇന്ന് സെവൻസ് ഫുട്ബോളിലെ നിറസാന്നിധ്യങ്ങളായ *വൈ.എം.എ.* അരീക്കോട്, ടൗൺ ടീം അരീക്കോട്, മെഡിഗാർഡ് അരീക്കോട് എന്നിവയും ഈ നാടിന്റെ സൃഷ്ടികൾ തന്നെ. ഇവയുടെ വളർച്ച ഇവിടത്തെ കളിക്കാരുടെ വളർച്ച കൂടി ആയിരുന്നു എന്ന് പറയാം.

അരീക്കോടിന്റെ കളിപ്പെരുമ പുറംനാടുകളിലേക്കെത്തിയത് കളിക്കളത്തിൽ താരങ്ങളായി മാറിയ കളിക്കാരിലൂടെ ആയിരുന്നു. കേരള യൂണിവേഴ്സിറ്റിക്കു വേണ്ടി ജഴ്സിയണിഞ്ഞ മൂർക്കൻ ശൗക്കത്തലി ആയിരുന്നു അരീക്കോട്ടെ ആദ്യ ഔദ്യോഗിക ഫുട്ബോളർ. യങ് ചലഞ്ചേഴ്സ് ക്ലബിന്റെ മുഖ്യ സ്ട്രൈക്കറും അദ്ദേഹമായിരുന്നു. കാഞ്ഞിരാല അബ്ദുസ്സമദ്, മുണ്ടമ്പ്ര അലവി, കൊല്ലത്തൊടി അബ്ദുറഹീം എന്നിവർ അന്നത്തെ മാവൂർ ഗ്വാളിയോർ റയോൺസിനു വേണ്ടി കളിച്ച പ്രമുഖരാണ്. പ്രശസ്തരായ ഈ ഒന്നാം തലമുറയിൽ മൂർഖൻ അബ്ദുറഹീം, താൽതൊടി ഇസ്മാഈൽ, മാനു മാസ്റ്റർ, ഇടങ്കാലൻ മമ്മുണ്ണി, കിളി മൊയ്തീൻ, ഡോ.എം.ഉസ്മാൻ സാഹിബ്, എ.കെ.ഉമ്മർ, മാട്ടുമ്മൽ മൂസ, കാഞ്ഞിരാല മുഹമ്മദലി എന്നിവരും ഉൾപ്പെടുന്നു. ഇതിൽ അരീക്കോടെ കാൽപന്തുകളിക്ക് തുടക്കം കുറിച്ച

**സുല്ലമുസ്സലാം അറബിക് കോളേജ്, അരീക്കോട്**

കാഞ്ഞിരാല മുഹമ്മദലി, സാമൂതിരി കോളേജ്, വിക്ടോറിയ കോളേജ് ടീമുകളുടെ ക്യാപ്റ്റനായി. ഡോ.ഉസ്മാൻ മദിരാശി പ്രസിഡൻസി കോളേജ് ടീം ക്യാപ്റ്റനുമായി.

കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കു വേണ്ടി കളിച്ച കാഞ്ഞിരാല അബ്ദുൽ കരീം എന്ന കുഞ്ഞി, ജില്ലാ താരമായിരുന്ന ചോല അബു, നിമ്മിണിയിൽ ഉസ്മാൻ, കോഴിക്കോട് യങ് ചലഞ്ചേഴ്സിനും അരീക്കോട് സ്പോർട്ടിങ്ങിനും വേണ്ടി ജേഴ്സിയണിഞ്ഞ കെ.വി.അബൂട്ടി, കെ.കുഞ്ഞിമുഹമ്മദ്, മുണ്ടമ്പ്ര കുഞ്ഞിമോൻ, പൂവഞ്ചീരി ഹമീദ്, കെ.വി.ആബിദ്, ഉസ്മാൻ, അരീക്കോട്ട് നിന്നുള്ള ആദ്യ ജൂനിയർ സ്റ്റേറ്റ് താരം കെ.വി.മുഹമ്മദ് എന്നിവർ അടങ്ങിയതായിരുന്നു അരീക്കോടിന്റെ രണ്ടാം ഫുട്ബോൾ തലമുറ.

ഇന്ന് അരീക്കോടൻ ഫുട്ബോൾ താരങ്ങൾ കേരള ഫുട്ബോളിനപ്പുറം, ഇന്ത്യൻ ജഴ്സിയും അണിഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇന്ത്യൻ ദേശീയ ടീമിലെ നെടുന്തൂണുകളായിരുന്ന യു.ഷറഫലിയും, സി. ജാബിറും അരീക്കോടൻ ഫുട്ബോൾ സൗന്ദര്യം അതിർത്തികൾ കടത്തി. വിവിധ യൂണിവേഴ്സിറ്റി, സന്തോഷ് ട്രോഫി, കേരള പോലീസ് പോലുള്ള പ്രശസ്ത ടീമുകൾക്കായി അരീക്കോടൻ പ്രതിഭകൾ സാന്നിധ്യമറിയിക്കുകയും, നിലവിൽ കളിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. അരീക്കോട്ടെ ഇളംമുറക്കാരിൽ ഇന്നത്തെ താരം കേരള ബ്ലാസ്റ്റേഴ്സിനു വേണ്ടി പന്തുതട്ടുന്ന എം.പി.സക്കീർ എന്ന മാനുപ്പയാണ്.

ഒരു നാട്ടിലെ കളിക്കാരെ കുറിച്ചെഴുതുമ്പോൾ അതിനു വേണ്ടി മാത്രം നല്ലൊരു ഭാഗം മാറ്റിവെക്കേണ്ടി വരുമ്പോൾ തന്നെ അവിടത്തെ ഫുട്ബോൾ വിശേഷങ്ങൾ എത്രത്തോളം പരന്നു കിടക്കുന്നു എന്നറിയാം. ഈ പ്രശസ്ത താരങ്ങളിൽ വിട്ടുപോയവർ മുതൽ, അരീക്കോട്ടെ നല്ലൊരു വിഭാഗവും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഈ മേഖലയ്ക്ക് നൽകിയ സംഭാവനയുടെ പേരിൽ രേഖപ്പെടുത്തപ്പെടേണ്ടവരാണ്. ഈ വളർച്ചയ്ക്ക് കളിക്കളത്തിന് പുറത്ത് നിന്ന് തങ്ങളുടെ സംഭാവന കളർപ്പിച്ചതിൽ വിസ്മരിക്കാൻ കഴിയാത്ത ചിലരുണ്ട്. 1938 ൽ മലപ്പുറത്ത് പഠിക്കാൻ പോയവരിലൊരാളായ കാഞ്ഞിരാല മുഹമ്മദലി അവധിക്കാലത്ത് നാട്ടിൽ വന്നപ്പോൾ കൊണ്ടുവന്ന തുകൽപ്പന്തും, പിച്ചളപ്പമ്പും അരീക്കോടിന് പുതുമയുള്ള കാഴ്ച്ചയായിരുന്നു. ചാലിയാർ തീരത്ത് നിന്ന് അരീക്കോടിന്റെ ഭാഗമായ തെരട്ടമ്മലിലെ കല്ലുവെട്ടി കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള കാലിസ്ഥലത്തേക്ക് കളി മൈതാനം മാറ്റിയപ്പോൾ അതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് മുക്കത്ത് മുഹമ്മദ്, തൂവക്കാടൻ സൈതലവി, കെ.വി.മൂസ, വിളക്കത്തിൽ അലി എന്നിവരായിരുന്നു. എം.ടി.സൈതലവി, എൻ.വി.അഹമ്മദ് കുട്ടി മാസ്റ്റർ, കപ്പച്ചാലി ഇസ്മായിൽ, കമ്പനിയിൽ ഉമ്മർ കുട്ടി, കെ.ടി.മുഹമ്മദ്, എല്ലാ ഫുട്ബോൾ മേളകളിലേയും മുഖ്യ സംഘാടകരിലൊരാളായ കൺവീനർ ഒ.ചെല്ലി, എൻ.വി.ഇബ്രാഹിം മാസ്റ്റർ, മുക്കത്ത് അബ്ദുറഹിമാൻ തുടങ്ങിയവരുടെ പട്ടിക ഇവിടത്തെ ഓരോ സാധാരണക്കാരനിലേക്കുമെത്തും. കളിക്കളത്തിലെ കരുത്തിനൊപ്പം ഫുട്ബോൾ സംഘാടനത്തിലെ ഈ അരീക്കോടൻ മികവ് ഇന്ന് കെ.എഫ്.എ.പോലുള്ള ഫുട്ബോൾ സംഘടനകളിലെ അരീക്കോടൻ സാന്നിധ്യത്തിൽ എത്തി നിൽക്കുന്നു.

അരീക്കോടൻ ഫുട്ബോൾ യുവത്വം ഇത്രത്തോളം പരന്നതാണെന്നത് ആ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു. ഫുട്ബോൾ ലോകകപ്പ് സമയത്ത് അരീക്കോട് അതിന്റെ മഴവിൽ വർണ്ണങ്ങൾ നിരത്തും. മെസ്സിയും, റൊണാൾഡോയും, നെയ്മറും തുടങ്ങി നിരവധി ഫുട്ബോൾ താരങ്ങൾ അരീക്കോടൻ മണ്ണിൽ പന്തിനൊപ്പം വാക്പോരുമായി ഇറങ്ങും. ഈ കളിയാവേശം ക്യാമറയിൽ പകർത്താൻ ചാനലുകാർ ഓടിയെത്തുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല.

ലോകത്തിന്റെ ജനപ്രിയ വിനോദം ഇങ്ങ് കേരളത്തിലെ ഒരു ഗ്രാമത്തിൽ മായാജാലങ്ങൾ സൃഷ്ടിച്ച് കൊണ്ടിരിക്കുമ്പോൾ അവിടെ ആരോഗ്യമുള്ള യുവത്വം ഉണ്ടാവുന്നു. ജാതിയുടെയും മതത്തിന്റെയും വേലിക്കെട്ടുകൾ തകർത്തെറിഞ്ഞ പോലെ, ഇന്ന് അരീക്കോട്ടുകാർ വർണ്ണത്തിന്റെയും രാഷ്ട്രീയാതിർത്തികളുടെയും മതിലുകൾ തകർത്തെറിയുന്നു. അവിടെയാണ് ഒരു നാടിന്റെ ഇന്നിന്റെ ഭാഗമായ ഫുട്ബോൾ വസന്തത്തിന്റെ യഥാർത്ഥ സൗന്ദര്യം. ഇപ്പോഴും അരീക്കോട്ട് പന്തുരുണ്ടുകൊണ്ടേയിരിക്കുന്നു, അതിർ വരമ്പുകളില്ലാത്ത ലക്ഷ്യങ്ങൾ തേടി.

*പഴയ തലമുറ വീണ്ടും ബൂട്ടണിഞ്ഞപ്പോൾ: കെ. വി. അബൂട്ടി, പൂവഞ്ചേരി ഹമീദ്, എ. നാസർ, കാഞ്ഞിരാല സമദ്, കെ. വി. ആബിദ്, എം. ഉസ്മാൻ, കെ. കുഞ്ഞുമുഹമ്മദ്, എൻ. വി. സലീം, സി. മലിക്, എം. ജാഫർ, സി. ജാഫർ, കെ. അബ്ദുൽ അലി, കെ. അബ്ദുസ്സമദ്*








# വണ്ടികൾ വന്ന വഴി മറക്കരുത്

*/ ബാഹിർ അൽ മുഹ്താർ വി.പി.*

*ബി.എ. അഫ്ദലുൽ ഉലമ, ഒന്നാം വർഷം*

അരീക്കോടിന്റെ ചരിത്രത്തിലെ ഗതിവിഗതികളെ ചാലിയാർ നിയന്ത്രിച്ചിട്ടുണ്ട്. പഴയ കാലത്ത് ഗതാഗത, ചരക്കു നീക്കങ്ങൾ മുഴുവൻ പുഴ മാർഗമായിരുന്നു. കിഴക്കൻ മലയോരങ്ങളിൽ നിന്നുമുള്ള കുറഞ്ഞി, എരക്കോൽ തുടങ്ങിയവ മുളംപാണ്ടികളിലും തെരപ്പ കളിലും തോണികളിലും മുക്കം കടവിലെത്തിച്ച് വിപ ണനം നടത്തുന്നത് പഴയ കാലത്ത് പതിവായിരുന്നു. നിലമ്പൂർ കാടുകളിൽ നിന്നും ചാലിയാറിന്റെ തീരങ്ങ ളിൽ നിന്നും മുറിച്ചെടുക്കുന്ന തേക്ക്, ഈട്ടി, ഇരുൾ, മുള തുടങ്ങിയ മരങ്ങൾ വലിയ ചങ്ങാടങ്ങളിലാക്കി പുഴയിലൂടെ കല്ലായിയിലെത്തിച്ച് കച്ചവടം ചെയ്തു.

ഇന്നത്തെപോലെ ലോറിയും മറ്റു ഗതാഗത സൗക ര്യങ്ങളുമില്ലാതിരുന്ന കാലത്ത് കോഴിക്കോട് ഭാഗ ത്തേക്ക് വാഴക്കുല തൊട്ട് പ്ലാവില വരെ കൊണ്ടു പോയിരുന്നത് വലിയ തോണികളിലായിരുന്നു. നാട്ടുകാർ ഇതിന് പേരിട്ടത് വെപ്പുതോണി എന്നാണ്. കോഴിക്കോട്ടു നിന്നും മടങ്ങുമ്പോൾ ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള പലചരക്കു സാധനങ്ങളും ഓട് മുതലായവയും അരീക്കോട്ടെത്തിച്ചിരുന്നത് ഈ തോ ണികളിലായിരുന്നു. കടവുകളിലെത്തുന്ന ചരക്കുകൾ തലച്ചുമടായി ലക്ഷ്യത്തിൽ എത്തിക്കുകയായിരുന്നു പതിവ്. പലചരക്കുസാധനങ്ങൾ ചന്തയിലെത്തിക്കാൻ

***ആദ്യകാലത്ത് അരീക്കോട് ഉണ്ടായിരുന്നത് മഞ്ചേരിയിൽ നിന്നും അരീക്കോട് വന്ന് അവസാനിക്കുന്ന ഒരേ ഒരു റോഡ് മാർഗം മാത്രമായിരുന്നു. കരമാർഗമുള്ള ഗതാഗതത്തിന് പ്രധാനമായും കാളവണ്ടിയായിരുന്നു ഉപയോഗിച്ചിരുന്നത്. 1920 ന്റെ അവസാനത്തിലാണ് ആദ്യമായി അരീക്കോട് നിന്നും ബസ് സർവ്വീസ് ആരംഭിച്ചത്. അരീക്കോട് നിന്നും മഞ്ചേരി വഴി കോഴിക്കോട്ടേക്കായിരുന്നു ആദ്യത്തെ സർവ്വീസ് നടത്തിയിരുന്നത്.***

കടവുകളിൽ സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന പ്രത്യേകം ചുമട്ടുതൊഴിലാളികൾ തന്നെ ഉണ്ടായിരുന്നു.

എടവണ്ണയിലേക്കും നിലമ്പൂരിലേക്കുമുള്ള ചരക്ക് കൊണ്ടുപോകുന്ന 'കാറ്റുപായ' കെട്ടിയ കൂറ്റൻ തോണികൾ ഒരു കാലത്ത് ചാലിയാറിലെ സ്ഥിരം കാഴ്ചയായിരുന്നു. അണിയത്ത് നിന്ന് കുത്തുകാരൻ തോണി കുത്തുമ്പോൾ അമരത്ത് ചുക്കാൻ പിടിച്ചിരിക്കുന്ന കാരണവർ പാടിയിരുന്ന:

"എന്തിനാണ് പൂങ്കരളേ
പത്തിരണ്ടിലാക്ക്ണ്...

എപ്പളാണ് പൂമരം വിരിഞ്ഞ്
തേൻ കുടിക്കണ്.."

ഈ പാട്ടൊക്കെ ഇന്ന് പഴമക്കാരുടെ ഓർമകളിൽ മാത്രമവശേഷിക്കുന്നു.

ചാലിയാറിന് കുറുകെയും ചെറുപുഴക്ക് കുറുകെയും രണ്ട് പാലങ്ങൾ വന്നതോടെയാണ് മുക്കം കടവിലെ കടത്തുതോണി നിലച്ചത്. പാലം വരുന്നതിന് മുമ്പ് തെരട്ടമൽ- പത്തനാപുരം- അരീക്കോട് കടവുകളെ ബന്ധിപ്പിച്ചുള്ള കടത്തു തോണിയായിരുന്നു മറുകര കടക്കാൻ ഏക ആശ്രയം. ലേലം ചെയ്യുമ്പോൾ പതിവായി എൻ.വി.അബുവും സഹോദരൻ എൻ.വി. മുഹമ്മദലിയുമായിരുന്നു കടത്തിനുള്ള അവകാശം പഞ്ചായത്തിൽ നിന്നും നേടിയിരുന്നത്. ഊർങ്ങാട്ടിരി, കീഴുപറമ്പ് പഞ്ചായത്തുകളിലൊന്നും അന്ന് ഹൈസ്കൂൾ ഇല്ലാത്തതിനാൽ ഈ രണ്ട് പഞ്ചായത്തിൽ നിന്നുമുള്ള നൂറുകണക്കിന് വിദ്യാർത്ഥികൾ അരീക്കോട് വന്നായിരുന്നു പഠിച്ചിരുന്നത്. രാവിലെയും വൈകുന്നേരവും ചാലിയാർ മുറിച്ചു കടക്കാൻ വിദ്യാർത്ഥികൾ ഈ കടത്ത് തോണികളെ ആശ്രയിച്ചു. യാത്രകൾക്ക് വേണ്ടി ഫറോക്ക്- എടവണ്ണ- വാഴക്കാട്- മാവൂർ പ്രദേശങ്ങളെ അരീക്കോടുമായി ബന്ധിപ്പിച്ചിരുന്ന അക്കാലത്തെ ജനത, ചോല ബോട്ട് സർവീസുകൾ പഴമക്കാരുടെ മനസ്സിൽ മായാത്ത ഓർമ്മകളാണ്. അരീക്കോട്ടെ പുളിക്കൽ സ്കൂളിനോട് ചേർന്നുള്ള സ്കൂൾ കടവിൽ ഇന്നും അവശേഷിക്കുന്ന ബോട്ടുജെട്ടി ഇതിന്റെ സ്മരണ നിലനിർത്തുന്ന അവസാന ശേഷിപ്പാണ്. തോണി യാത്രക്കാർക്ക് വേണ്ടിയുള്ള ചായമക്കാനികളും വേനൽകാലത്ത് പുഴക്കടവുകളിൽ സ്ഥിരം കാഴ്ചയായിരുന്നു.



*അരീക്കോട് ബസ് സ്റ്റാന്റ് - പഴയ ചിത്രം*

ആദ്യകാലത്ത് അരീക്കോട് ഉണ്ടായിരുന്നത് മഞ്ചേരിയിൽ നിന്നും അരീക്കോട് വന്ന് അവസാനിക്കുന്ന ഒരേ ഒരു റോഡ് മാർഗം മാത്രമായിരുന്നു. കരമാർഗമുള്ള ഗതാഗതത്തിന് പ്രധാനമായും കാള വണ്ടിയായിരുന്നു ഉപയോഗിച്ചിരുന്നത്. 1920 ന്റെ അവസാനത്തിലാണ് ആദ്യമായി അരീക്കോട് നിന്നും ബസ് സർവ്വീസ് ആരംഭിച്ചത്. അരീക്കോട് നിന്നും മഞ്ചേരി വഴി കോഴിക്കോട്ടേക്കായിരുന്നു ആദ്യത്തെ സർവ്വീസ് നടത്തിയിരുന്നത്. 22 സീറ്റുകൾ മാത്രമുള്ള ഈ ബസ് ശ്രീധര മോട്ടോർ കമ്പനിയായിരുന്നു ഓടിച്ചിരുന്നത്. കൽക്കരി ഉപയോഗിച്ച് ഓടിച്ചിരുന്ന ഈ ബസ് യാത്രക്കാരുടെ ആവശ്യാനുസരണം നിർത്തിയിടുകയും കാത്തുകിടക്കുകയും പതിവുണ്ടായിരുന്നു. 1933 ൽ വാഴയിൽ ഉണ്ണി മുഹമ്മദിന്റെ അൽ-ഇസ്ലാം മോട്ടോർ സർവീസും, പിന്നീട് യാക്കോബിയുടെ റൂറൽ മോട്ടോർ സർവീസും നിലവിൽ വന്നു. 1939ൽ കടുങ്ങല്ലൂർ പാലവും തുടർന്ന് അരീക്കോട്, പൂങ്കുടി, പെരകമണ്ണ പാലങ്ങളും വന്നതോടെ വികസനം ത്വരിതഗതിയിലായി. പാലങ്ങളുടെ നിർമ്മാണം മൂലം റോഡുഗതാഗതം സാർവത്രികവും എളുപ്പവും സുഖമവുമായതോടുകൂടി ബസ് സർവീസുകൾ വർദ്ധിച്ചു. അരീക്കോട് നിന്ന് കോഴിക്കോട്ടേക്ക് 12 അണ (75 പൈസ) ആയിരുന്നു നാൽപ്പതുകളിലെ ബസ് ചാർജ്.

കല്ലുവെട്ടി അഹ്മദ് കുട്ടി മുതലാളിയെ കാണുന്നതിന് വേണ്ടിയെത്തിയ കിളിമണ്ണിൽ മൊയ്തുകാക്കയുടേതായിരുന്നു ആദ്യമായി അരീക്കോട് എത്തിയ കാർ എന്നാണ് മൊക്കത്ത് ഇബ്രാഹിം കാക്ക പറയുന്നത്. അതിനു ശേഷം 1940 ൽ ആറ്റുപുറം ഇല്ലത്തുകാർ സ്വന്തമായി വാങ്ങിയ ചവർലൈറ്റ് കാർ അരീക്കോട്ടെ നിരത്തിലൂടെ പാഞ്ഞു. ജന്മിയും മുതലാളിയുമായിരുന്ന കല്ലുവെട്ടു കുഴിയിൽ അഹ്മദ് കുട്ടി മുതലാളിയും സ്വന്തമായൊരു കാർ വാങ്ങി. കറുപ്പ് നിറത്തിലുള്ള 1948 മോഡൽ 'മോറിസ് മൈനർ' കാർ. 'ഡ്രൈവർ അബ്വാക്ക' എന്ന താഴത്തങ്ങാടിക്കാരനായിരുന്നു മുതലാളിയുടെ ഡ്രൈവർ. പൈലറ്റ് വാച്ച് കമ്പനി ഉടമകളായ വാഴയിൽ സഹോദരങ്ങളും സുന്ദരമായ ഒരു ഫിയറ്റ് കാർ മേടിച്ചു. ബുദ്ധിമുട്ടും പ്രയാസവുമുള്ള അത്യാവശ്യ സന്ദർഭങ്ങളിൽ അവർ നാട്ടുകാർക്ക് വേണ്ടിയും കാറോടിച്ചു. സ്വന്തമായുള്ള നീല അംബാസഡർ കാർ ടാക്സിയായി ഓടിച്ച് ഉപജീവനം തേടിയിരുന്ന ഉണ്ണിമോയിൻക്ക ആയിരുന്നു അരീക്കോട്ടെ മറ്റൊരു കാറുകാരൻ.

താഴത്തങ്ങാടിയായിരുന്നു അരീക്കോടിന്റെ തലസ്ഥാനം. ഗതാഗതത്തിനും ചരക്കുനീക്കത്തിനും പുഴകളെ മാത്രം ആശ്രയിച്ചിരുന്ന കാലത്ത് ചാലിയാറിന്റെ കരയിലെ പ്രമുഖ കച്ചവട കേന്ദ്രവും സാംസ്കാരിക കേന്ദ്രവുമായിരുന്നു താഴത്തങ്ങാടി. റോഡു മാർഗമുള്ള ഗതാഗത സൗകര്യങ്ങൾ വളർന്നതും എം.എസ്.പി ക്യാമ്പിന്റെ വരവും പതിയെ ന്യൂബസാറിനെ അരീക്കോടിന്റെ പ്രധാന കച്ചവട കേന്ദ്രമാക്കി മാറ്റി. ഇന്നത്തെ ബസ് സ്റ്റാന്റും ടാക്സി സ്റ്റാന്റുമെല്ലാം ന്യൂ ബസാറിലാണ് നിലകൊള്ളുന്നത്.

ഇന്നത്തെ അരീക്കോട് ബസ് സ്റ്റാന്റ് എഴുപതുകളിൽ എൻ.വി.ഇബ്രാഹിം മാസ്റ്റർ പഞ്ചായത്ത് പ്രസിഡന്റായിരിക്കെ പണികഴിപ്പിച്ചതാണ്. നിർമ്മിച്ച കാലത്ത് നിന്നും ഏറെ മാറ്റങ്ങളൊന്നുമില്ലാതെ ബസ് സ്റ്റാന്റ് ഇന്നും നിലനിൽക്കുന്നു. ബസുകളുടെ എണ്ണം വർധിച്ചത് മൂലം സ്റ്റാന്റ് ചെറിയ തോതിൽ സ്ഥല പരിമിതി അനുഭവിക്കുന്നുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. സമീപ പട്ടണങ്ങളായ കോഴിക്കോട്, കൊണ്ടോട്ടി, താമരശ്ശേരി, മഞ്ചേരി, നിലമ്പൂർ, താമശ്ശേരി എന്നിവിടങ്ങളിലേക്ക് എല്ലായ്പ്പോഴും ബസ് സൗകര്യം ഇന്ന് അരീക്കോട് നിന്നും ലഭ്യമാണ്.
പാലവും മെച്ചപ്പെട്ട റോഡുകളും വന്നതോടെ മുമ്പ് കാലത്ത് ബസ് സൗകര്യമില്ലാതിരുന്ന മൈത്ര, ഒതായി, ഓടക്കയം തുടങ്ങിയ ഉൾപ്രദേശങ്ങളിലേക്കും നിശ്ചിത ഇടവേളകളിൽ ഇപ്പോൾ അരീക്കോട് നിന്നും ബസ് സർവ്വീസുണ്ട്.

# THE TRADE ROOTS OF AREEKODE

/ SHIMNA CK
BA ENGLISH & ISLAMIC HISTORY, 1 YEAR

Approximately seventy years ago, tribal community called Malamuthumma from the Oorngatiri Mountains, used to come with their forest products to Areekode markets and its main business centres. And they exchanged the mountain produce or commodities they brought with them in exchange of what they want -a sort of barter system. Gradually, the barter system gave way to token currency. All these happened a century ago.

**Business centres in Areekode before 1950s:**

About 70 years back approximately around 1950s there were only few places to be called business/trade centres in Areekode. The ubiquitous accompaniments of a village market like tea shops, groceries, textiles and shops meant for collecting mountain produce, bamboos and selling them, country made bakery items like

*Areekode Market (Chantha)*





**_Areekode Market_**




**_Jolly Hotel_**

banana chips and other snacks, making clay pots, bidis and cigerettes etc made Areekode a beehive-like countryside market. Pottery was a traditional cottage industry of 'Kumbharans',a local community.

'Thazhathangadi' was Areekode's main business centre in those days. Today's 'New bazar' grew after the establishment of MSP camp in 1920s. The market place was already there before the so called "Mappila rebellion" occurred. An elderly person, Mokkam Ibrahim shared his opinion that, only after 1921 did the markets started flourishing. During those days the clamour of men gathered in the market place can be heard to a longer distance.
Mundambra Unnimammad [Unnimammad poet] owned a good trade in Thazhathangadi. People used to come there borrow a paltry half a rupee [8 Anna] from him. He is the person who penned the famous mappila poem titled as 'kodikayettam'

The important shops prior to the Mappila rebellion were owned by Moorkanad Koloth Mannarichalil Unnimammad and 'Kinki' brothers and others. Paikkatt Saithalavi and his brother Rayin were called as the Kinki brothers and they had 8-10 shops. At the same time there was a busy market at Puthalam too. And the goods movements were mainly through the Chaliyar River. Men carried goods from Kondotty to Areekode on bare foot was the other mode of goods movements. Boats loaded from Kozhikode came to Areekode and if in case it was not loaded enough, they would buy some salt from Kallayi and took it to Areekode. Fresh fish carried on head from Kondotty to Areekode and often from Feroke by boats. And fish baskets were not allowed in the bus which was rarely in service.

The oldest textile shop at Areekode was owned by Cheemadan Ismail Haji. After his death his son Ahmad Haji took over the shop. Another one was owned by Cholayil Moideenkutty Haji after his death, the shop was handed over to his son Muhammed Ali and he is still running that shop. All other textile shops came only recently.

The teashops before independence were owned by C.V.Achuthan and Mundambra Marakarutty, natives of Thalasseri. Later FACT fertilizer plant got replaced them. But the teashops are still run by their children at different places. Kalathingal Imbichi Mammed ran a teashop in the place where the M.P Bazar stands now and Madathil Saithali too had a teashop in the place where now the Ganesh Ayurvedic pharmacy of Unnikuttyvaidyar stands.
There was an 'A' marked bidi company in the opposite of Cholas textile which was owned by M.T Muhammed. There were a lot of job opportunities in the company which later charred to ashes by a massive fire.

Areca nut sales and dehusking were major business in Areekode. Many women were employed in this sector. Valikkathil Rayin a resident of Kondotty Thurakkal, and his son



*Areekode Fish Market*



*Areekode Town*

Muhammed held major portion of areca nut business in those days. Muhammed took over the wholesale after the death of his father. He was the first person to take license in Areacode for the areca nut sale. He ran an umbrella shaft and handle business too. Major umbrella companies like Sait Nagjee Purushotham and Ibrahim Kareem & Sons used to buy bamboo sticks from Areekode market. Bundles of good quality bamboo sticks transported to Kozhikode through Chaliyar by boats and from there these sticks were processed in steam and polished after cutting into the size of umbrella shafts and handles. After the arrival of steel rods as umbrella shafts this business too ceased to exist.  Business related to banana and Ayurvedic medicines were also flourished.

There were many traditional healers in the first generation like, Muhammed Vaidyar, Thama Vaidyar, Raman Vaidyar and others. Thereafter came the second generation of ayurvedic healers like Kunju Vaidyar, Unnikutty Vaidyar and others. Now, unfortunately, the ayurvedic herbal shops at Puthalam downed their shutters abruptly.

There was a stationary shop which stood where the Al Ameen Stores stands now by the name ‘Shamsuddeen Stationary Stores’ owned by Mundambra Mammad. It started just before the independence and continued to exist a little after the independence. The Muslim league office functioned on its second floor; almost all top brass of the party in yesteryears like Muhammed Ismail Sahib, Pokker Sahib, Seethi Sahib, Uppi Sahib and leaders from Bangal and erstwhile Bombay visited the office. Later this stationary also lowered its shutter due to death of Mundambra Mammed in an accident. Attempt of his father Kunjalan Kutty to keep the shop open didn’t succeed.

**Trade foundations after freedom movement:**

Only after independence our nation showed signs of development. The constitution was held in high esteem. And education was declared as a birthright. Areekode was one of the first countryside in the country to respond this constitutional proclamation positively. Schools and colleges kept their doors open to attract the poor children drawn from the nearby areas.

A look at some of the trading spots opened after the independence will be interesting.  There were grocery shops owned by Panthakkalath Muhammed Haji and Puvvancheeri Ahmed Kutty where the M.P. Bazar is standing now. In the place of Kakkasseri store there was a grocery shop run by RayinKutty Haji and his brothers Moyin. Mundambra Usman had one at the place where Cholakkundan store stands now. Kakkuparambath Saithalavi Haji and his son Muhammed owned a grocery shop at Thazhathangadi where the AEO office is now situated.

By this time there came a small-scale industry- the bidi industry. Many bidi companies



*Arabic College Road, Areekode*



*Areekode Town*

surfaced at Areekode town and surrounding areas made local brands of bidis like Jolly Bidi, Musafir Bidi, Udhaya Bidi, Rifle Bidi etc. When the workers of Jolly Bidi Company were dismissed, they launched a new company on their own by the name of Udaya Bidi Company which still exists
Jolly is a household name in Areekode. It is a prominent restaurant came into being after the independence. Today's Shaji hotel is a new incarnation of an old teashop. N.V Hotel, Janatha Hotel of Edashery Ahmadkutty etc came into existence later.

Hakeem KAH Aboobaker Moulavi was the first Unani-Ayurvedic practitioner at Areekode, he ran a shop that sold Unani & Ayurvedic medicines at the place where the Shaji Hotel stands now. Due to unknown reasons it came to an end very soon.
M.Unnikutty Vaidyar's Ganesh Ayurvedic Pharmacy launched first at Perumparambu was shifted to a rented room first and later to their own shop at Camp Road Areakode. After Unnikutty Vaidyar's death his son Dr. Shreedharan is running the shop.
Areekodites, who have been the witnesses of rise and fall of trading centres, remember only two establishments that withstood all these upheavals- Jolly Hotel and Sree Ganesh Ayurvedic Pharmacy.



*Sri Ganesh Ayurvedic Pharmacy*

# CULTURAL INNOVATIONS BY YOUNG MEN'S SODALITIES

/ NASREEN FATHIMA T
BA ENGLISH & ISLAMIC HISTORY, 1 YEAR




In the annals of history of Areekode, 1950s were marked as the 'Golden Era" both in cultural and educational domains. This golden era was inaugurated by the foundation of Sullamussalam Oriental High School and Government High School which contributed a large number of doctors and Engineers to the society. It is the same decade, which gave birth to the innovative youth initiatives YMA and YMB. Both the organisations were the instrumental of massive changes in the cultural history of Areekode.

Young Men's Association (YMB) is a youth organization flagged off under the dynamic leadership of N.V Muhammad with the aim of involving youths in the cultural process of the society. It was formed following an appeal by Com. Kunhali (a communist party member). YMA was an open stage meant for young men from all walks of the society. YMA later became an instrumental in the growth of communist party in the Ernad region. The main goal of this group was to increase reading habit among the striplings. It was the time when the reading movements were yet to made inroads into the people.




***YMB Library, Areekode***

YMA was initially launched in a small room and later it was shifted to 3 storeyed-building. A library containing valuable collection of books and a reading room with an array of newspapers and journals have made the YMA a remarkable hub of cultural activities in the history of Areekode and surrounding areas. It was the one and only library in Areekode to receive the Kerala Library Organization grant and 'DC Award' for the best library and won books for Rs. 33,333.

A cultural body was formed under YMA for showcasing cultural activities of young men in the neighbourhood. It definitely helped find out talented people in the locality in order to provide opportunities and encouragements to them. Those people who are interested in literature were given opportunities for their woks to be published in "Udayam" magazine to expose their skill. Under the auspices of this body, several cultural events like dramas and plays were staged. Even though dramas were not much popular at that time, the youths under

***Udayam, Hand written magazine***





*Kadammanitta Ramakrishnan speaking in the event conducted at YMA for Best Library Award celebration (1990)*

YMA banner performed a host of plays. People were suspicious about the efficacy of this genre of art in the beginning. It was not considered as a decent medium to convey a serious message however noble the cause was. Gradually, educated people were attracted to this art form.

Certain orthodox groups were vehemently opposed to modern education. They opposed tooth and nail every mean of modern education. However, YMA, swimming against the current, encouraged the youths to pursue modern education. Thanks to YMA's efforts many youths of yesteryears were attracted to Communist Party. The youths associated with the YMA showed interest in Communism in a wider perspective. The atrocities faced by labourers and farmers were mostly halted by this platform.

The election to the governing body of YMA is held in every three years. And the election that held in 1955 is a milestone in its history as the fight was between two different ideologies. YMA members found themselves torn apart by their ideological views. Those who subscribed to Mujahid ideology lined up behind the erudite young dynamic teacher the late N.Abdul Gafoor Master and Communists stood behind N.V Muhammad. The Left won the election.

The lost party slowly parted way with the YMA. It marked the birth of another cultural organization that played a vital role in shaping the cultural milieu of Areekode. 'Young Muslim Brotherhood' (YMB) came into being in the same year under the guidance of N.Abdul Gafoor Master. YMB led the ideological battle between Islam and Communism. These discourses checked the flow of educated Muslim young men to

***Certain orthodox groups were vehemently opposed to modern education. They opposed tooth and nail every mean of modern education. However, YMA, swimming against the current, encouraged the youths to pursue modern education.***

***the same organisations which were the instrumental for redrawing the socio-cultural map of Areekode are now shambling should be a matter of concern for the generation next. YMA and YMB are still 20 years behind in all fronts.***

communism. YMB also established library, conducted several discussions, debates and carved a niche for itself in the annals of history. The main objective of YMB was to promote Islamic culture, to maintain brotherhood and to help and destitute. A three storeyed-building functioned as its headquarters. A Cultural library and reading room were opened in the building. It undertook several relief activities like the distribution of dresses for the needy.

The youngsters of Areekode flocked to schools and colleges surpassing the previous generation.  They set a new model for Muslims in Malabar and elsewhere. Both YMA and YMB have put their own signature in the cultural history of the area. Both the organisations influenced a large number of young men. The cultural experiments and innovations carried out by YMA and YMB remain indelible in the cultural arena of Areekode. However, they couldn't maintain their glorious legacy but only in an impoverished and decimated figure of former selves. That the same organisations which were the instrumental for redrawing the socio-cultural map of Areekode are now shambling should be a matter of concern for the generation next. YMA and YMB are still 20 years behind in all fronts. At present they function only as reading rooms.

***Inside YMA Library (1980s)***



# ഈ ദുനിയാവിൽ ഞാനൊറ്റയ്ക്കാണ്

## ഡോ.എം.ഉസ്മാൻ - ഓർമ്മ

*/ മാഗസിൻ സമിതി*








ഡോ. എം. ഉസ്മാൻ സാഹിബ്

1924 ൽ അരീക്കോട് ജനനം. അരീക്കോട്ടും കുമര നെല്ലൂരിലുമായി സ്കൂൾ വിദ്യാഭ്യാസം, കോഴിക്കോട് സാമൂതിരി കോളേജിൽ തുടർപഠനം, മദ്രാസ് സ്റ്റാൻലി മെഡിക്കൽ കോളേജിൽ വൈദ്യപഠനം. ഇതിനിടയിലും പിന്നീടുമായി കാലം വെട്ടിയ ഊടുവഴികളിലൂടെ ഡോ.എം.ഉസ്മാൻ എന്ന അരീക്കോടിന്റെ പ്രിയ പുത്രൻ ഒരുപാട് സഞ്ചരിച്ചു; ചരിത്രദശകൾ സമ്മാനിച്ച യുഗപ്പകർച്ചകളിലൂടെയുള്ള നിരന്തരവും അനുസ്യൂതവുമായ സഞ്ചാരം.

ഡോക്ടർ എം.ഉസ്മാൻ എന്ന വടവൃക്ഷത്തിന്റെ വേരുകൾ ഇവിടെയൊക്കെയായി ആഴത്തിൽ ഇറങ്ങി നിൽക്കുന്നുണ്ട്. ശിഖരങ്ങളാകട്ടെ കേരളത്തിന്റെ മൊത്തം ആകാശപ്പരപ്പിൽ ചില്ലകൾ വിരിച്ച് നിൽക്കുന്നു.

വൈദ്യശാസ്ത്രം, മതം, തത്ത്വചിന്ത കല, രാഷ്ട്രമീമാംസ, ശാസ്ത്രാവബോധം, സാഹിത്യം, കായികവിനോദങ്ങൾ... എല്ലാം ഡോ.ഉസ്മാൻ സാഹിബിന്റെ പ്രതിഭ തെളിഞ്ഞു കത്തിയ വേദികളായി. ഇന്ത്യൻ ഫുട്ബാളിന് നിരവധി കായികതാരങ്ങളെ സമ്മാനിച്ച അരീക്കോട്ടെ കട്ടപ്പാടങ്ങളിൽ പന്തുതട്ടി പിച്ചവെച്ച കാലുകൾ മദ്രാസ് സ്റ്റാൻലി മെഡിക്കൽ കോളേജിന് വേണ്ടി പന്തുരുട്ടി, അവർക്കുവേണ്ടി ജേഴ്സിയണിഞ്ഞു.

അവസാനം ആ അന്വേഷണം ചെന്നെത്തി നിന്നത് വിശുദ്ധ ഖുർആനിലാണ്. കമ്യൂനിസ്റ്റ് രാഷ്ട്രീയത്തിന്റെ സൈദ്ധാന്തികാടിത്തറകൾ വാദിച്ചുറപ്പിച്ചിരുന്ന നാക്കും വാക്കുമായി പൊതുജീവിതം തുടങ്ങിയ ഡോക്ടർ ഉസ്മാൻ പിന്നീട്, കേരളത്തിലെ പ്രമുഖ ഇസ്ലാമിക സാംസ്കാരിക സംഘടനകളിലൊന്നായ കേരള നദ്വത്തുൽ മുജാഹിദീന്റെ അമരക്കാരനായാണ് കർമ്മരംഗത്തുനിന്ന് വിടവാങ്ങുന്നത്.
അരീക്കോടിന്റെ കലാ സാഹിത്യ സാംസ്കാരിക കായിക ഭൂമിക ഉഴുതു മറിച്ച ഭൂതകാലമുണ്ട് ഡോക്ടർക്ക്. നാടകങ്ങളെഴുതി അവ രംഗത്തവതരിപ്പിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ അദ്ദേഹം നേതൃത്വം നൽകി. പിന്നീട് തന്റെ തട്ടകമായി രൂപപ്പെട്ട നിലമ്പൂരിലേക്ക് സാംസ്കാരിക പ്രവർത്തനങ്ങൾ മാറ്റിയെങ്കിലും അരീക്കോട്ടെ താൻ തുടക്കം കുറിച്ച സാംസ്കാരിക കൂട്ടായ്മകളുടെ ഊടുപാവുമായി അദ്ദേഹം പിന്നീടും നിലകൊണ്ടു.

യൗവനത്തിന്റെ പുലർക്കാലങ്ങളിൽ കമ്യൂനിസ്റ്റ് താത്ത്വികനും പ്രചാരകനുമായിരുന്നു ഡോക്ടർ. ഇ.എം.എസ്, എ.കെ.ഗോപാലൻ തുടങ്ങിയ കമ്യൂനിസ്റ്റ് നേതാക്കളുമായി ഉറ്റ സൗഹൃദം പാർട്ടി വഴികളിലൂടെ എളുപ്പത്തിൽ മുന്നേറാൻ സഹായിച്ചു. പാർട്ടിക്ക് വേണ്ടി കിഴക്കനേറനാട് തന്റെ തട്ടകമായി സ്വീകരിച്ചു. വൈദ്യചികിത്സയും പാർട്ടി പ്രചാരണവും മതനിരാസവും സമയമത്രയും കവർന്നെടുത്ത തിരക്കുകളുടെ ഇടവേകളിലെപ്പോഴോ ഇസ്ലാമിക തത്ത്വങ്ങളുടെ കനൽ മനസ്സിൽ വീണ അനർഘ നിമിഷത്തെ പിൽക്കാല കഥാകഥനങ്ങളിൽ ഡോക്ടർ അയവിറക്കാറുണ്ടായിരുന്നു. താൻ വെള്ളവും വളവും നൽകി പരിപോഷിച്ചു കൊണ്ടിരുന്ന നിലമ്പൂർ യുവജനകലാസമിതിക്കു വേണ്ടി എഴുതിക്കൊണ്ടിരുന്ന നാടകത്തിലെ കഥാപാത്രം തിരിഞ്ഞുനിന്ന് ചോദ്യങ്ങളുയർത്തിയതായിരുന്നു ഒന്ന്. ആത്മഹത്യ ചെയ്യുകയാണ് തന്റെ തന്നെ സർഗ്ഗസൃഷ്ടിയായ കഥാപാത്രം. മരണത്തിന് ശേഷം തനിക്കെന്ത് സംഭവിക്കും എന്ന് കഥാപാത്രം തിരിച്ചു ചോദിക്കുന്നതുപോലെ എഴുത്തുകാരന് തോന്നി. കഥാപാത്രത്തിന്റെ മാത്രം പ്രശ്നമല്ല തന്റെയും പ്രശ്നമാണല്ലോ ഇതെന്ന ചിന്ത തിടംവെച്ച് വന്ന് അത് തന്റെ ഇസ്ലാമിലേക്കുള്ള കടന്നുവരവിന് പ്രധാനഹേതുവായി.

ദൈവചിന്ത മനുഷ്യന്റെ സഹജവും സ്വാഭാവികവുമായ ഗുണങ്ങളിലൊന്നാണെന്ന് തന്റെയടുത്ത് ചികിത്സക്കു



*കെ.പി. മുഹമ്മദ് മൗലവി, ഡോ. ഉസ്മാൻ സാഹിബ്, എൻ.വി. ഇബ്റാഹീം മാസ്റ്റർ*

വന്ന ആദിവാസി കാരണവരാണ് ഡോക്ടറെ പഠിപ്പിച്ചത്. അവർ തമ്മിലുള്ള സംസാരത്തിനിടയിൽ വന്ന 'പടച്ചമ്പിരാൻ തമ്മെക്കണ്ടേ' എന്ന കാരണവരുടെ ചോദ്യം അദ്ദേഹത്തെ വല്ലാതെ ചിന്തിപ്പിച്ചു. പുറംലോകവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരാദിവാസിയുടെ സഹജബോധം ദൈവഭയത്തിലധിഷ്ഠിതമാണെങ്കിൽ മനുഷ്യനിർമ്മിത സിദ്ധാന്തങ്ങളുടെ പേരിലുള്ള ഈ കാട്ടിക്കൂട്ടലുകൾ വ്യഥാവിലാണെന്ന തോന്നൽ നാൾക്കുനാൾ കനംവെക്കുകയും വിശ്വാസം സ്വീകരിക്കുന്നതിൽ എത്തിച്ചേരുകയും ചെയ്തു. സംസാരങ്ങളിലും പ്രഭാഷണങ്ങളിലും നാടകകാലത്തെ പരാമർശിക്കുന്നതിൽ നിന്ന് കൃത്യമായ നിർകർഷയോടെ വിട്ടുനിന്നെങ്കിലും ആദിവാസിയുടെ കഥ ഏതാണ്ടെല്ലാ വേദികളിലും അദ്ദേഹം ഓർത്തെടുക്കാറുണ്ടായിരുന്നു. യുക്തിവാദി നേതാവായിരുന്ന എം.സി.ജോസഫുമായുള്ള നിരന്തരമായ ഏറ്റുമുട്ടലിനിടെ, ഇന്നത്തെ, ഇസ്‌ലാമോഫോബ് കേവല യുക്തിവാദികളിൽ നിന്ന് വ്യത്യസ്തനും ജീവിതത്തിൽ ചില മൂല്യങ്ങളിലൊക്കെ വിശ്വസിക്കുകയും ചെയ്തിരുന്ന ജോസഫിന്, 'ഈ ഡോക്ടറുടെ ബുദ്ധി 'ദൈവം ഇല്ല' എന്നതിനു വേണ്ടി വിനിയോഗിക്കപ്പെട്ടിരുന്നവെങ്കിൽ...' എന്ന് തുറന്നെഴുതേണ്ടി വന്നു. ശാസ്ത്രാവബോധവും സാഹിത്യ സിദ്ധാന്തങ്ങളും രാഷ്ട്രീയ പരികൽപ്പനകളും അനുഭവ പരിജ്ഞാനങ്ങളും പരുവപ്പെടുത്തിയെടുത്ത മനസ്സ് വിശുദ്ധ ഖുർആനിന്റെ കടലാഴങ്ങൾ ചികഞ്ഞ് മുത്തുകൾ തപ്പിയെടുത്തു. നാടകങ്ങളും നിരീശ്വരവാദ പ്രബന്ധങ്ങളുമെഴുതിയിരുന്ന കൈകൾ ഇസ്‌ലാമിന് വേണ്ടി ശക്തമായ പ്രതിരോധങ്ങൾ തീർത്തു.

'ഇജ്ജ് നല്ല മനിസനാകാൻ നോക്ക്' എന്ന കോളിളക്കം സൃഷ്ടിച്ച ഡോക്ടറുടെ നാടകം വിരചിതമായത്, തന്റെ യുക്തിവാദവഴിയിൽ മിമ്പറുപയോഗിച്ച് പ്രതിരോധിച്ച കെ.സി.അബൂബക്കർ മൗലവിയെ ലക്ഷ്യം വെച്ചായിരുന്നു. അതേ കെ.സി.യുമായി വേദി പങ്കിട്ട് ഡോക്ടർ ഇസ്‌ലാമിന് വേണ്ടി സ്റ്റേജുകളിൽ പ്രതിരോധം തീർത്ത കാഴ്ച സത്യാന്വേഷിയായ മനുഷ്യന്റെ നിർമ്മല മനസ്സിന് മാതൃക തീർത്തു.

***കുറിക്കു കൊള്ളുന്ന വാക്കുകളും പ്രയോഗങ്ങളും ഡോക്ടറുടെ പേനത്തുമ്പിൽ നിന്ന് നിരന്തരം ഇറങ്ങിവന്നു. നാടകങ്ങൾ രചിച്ച സാഹിത്യകാരന്റെ പേനയുടെ തിളക്കം പിന്നീടും കണ്ടെത്താനാകും. സോവ്യറ്റ് യൂനിയൻ തകർന്നതിന് ശേഷം 'ഗ്ലാസ്നൊസ്തും പെരിസ്ത്രോയ്ക്കയും' എന്ന കൃതിയിൽ ആ രചനാവൈഭവം തെളിഞ്ഞു കാണാം.***

*സുല്ലമുസ്സലാം അറബിക് കോളേജ്, അരീക്കോട്*

കുറിക്കു കൊള്ളുന്ന വാക്കുകളും പ്രയോഗങ്ങളും
ഡോക്ടറുടെ പേനത്തുമ്പിൽ നിന്ന് നിരന്തരം ഇറങ്ങി
വന്നു. നാടകങ്ങൾ രചിച്ച സാഹിത്യകാരന്റെ പേനയു
ടെ തിളക്കം പിന്നീടും കണ്ടെത്താനാകും. സോവ്യറ്റ്
യൂനിയൻ തകർന്നതിന് ശേഷം 'ഗ്ലാസ്നൊസ്തും
പെരിസ്ത്രോയ്ക്കയും' എന്ന കൃതിയിൽ ആ രചനാ
വൈഭവം തെളിഞ്ഞു കാണാം. പുരാതന സംസ്കാര
ത്തിലേക്ക് ഖുർആൻ നൽകുന്ന വെളിച്ചം, ഗൈഡ്,
അല്ലാഹു തുടങ്ങിയ കൃതികളിൽ ഡോ.എം.ഉസ്മാൻ
എന്ന സൂക്ഷ്മദൃക്കിന്റെ വിശകലന പാടവം എഴുന്നു
നിൽക്കുന്നു.

1970 കളിൽ വിദ്യാസമ്പന്നരായ പുതുതലമുറയെ
ഹഠാദാകർഷിച്ച് കടന്നുവന്ന യുക്തിവാദികളുമായി
കെ.ഉമർമൗലവിയുടെ സൽസബീൽ മാസിക നടത്തിയ
ആശയ സമരത്തിന് ചുക്കാൻ പിടിച്ചിരുന്നത്
ഡോ.എം.ഉസ്മാൻ സാഹിബായിരുന്നു. പിന്നീട്
യുക്തിവാദികളുമായുള്ള ആശയസംവാദ രംഗത്തേക്ക്
കടന്നുവന്ന ചെറിയമുണ്ടം അബ്ദുൽഹമീദ് മദനി,
എം.എം.അക്ബർ പോലെയുള്ളവരുടെ പിൻതല
മുറക്ക് പ്രചോദനമായതും ഈ ഡോ.ഉസ്മാൻ- ഉമർ
മൗലവി കൂട്ടുകെട്ടായിരുന്നു.

ചികിത്സാരംഗം മാഫിയവൽകൃതമായ കാലഘട്ടത്തിൽ
മനുഷ്യനായി ജീവിച്ച ഭിഷഗ്വരനായിരുന്നു ഉസ്മാൻ
സാഹിബ്; ചൊട്ടുവിദ്യകൾ മതിയാകുന്നേടത്ത് അവ
മാത്രം നിർദ്ദേശിച്ച് മരുന്നെഴുതാതെ രോഗം മാറ്റിയ
മനുഷ്യസ്നേഹി.

ഉസ്മാൻ വൈദ്യർ *വയള്* (മതപ്രഭാഷണം) നടത്തേണ്ട,
രോഗികളെ ചികിത്സിച്ചാൽ മതി, വയള് നടത്താനിവിടെ
പണ്ഡിതന്മാരുണ്ടെന്ന് തൊണ്ടകീറി പ്രസംഗിച്ച, പിൽ
ക്കാലത്ത് ജനങ്ങളുടെ അന്ധവിശ്വാസം മതിലിറക്കി
കച്ചവടത്തിനിറങ്ങിയ, അന്ന് അത്രയൊന്നും
പ്രശസ്തനല്ലാതിരുന്ന മതപ്രഭാഷകൻ കളിയാക്കി
യപ്പോൾ ഡോ. ഉസ്മാൻ ഇങ്ങനെ മറുപടി നൽകി,
'എന്തു ചെയ്യാം, എന്റെ പണി (ചികിത്സ) നിങ്ങൾ
ചെയ്യുമ്പോൾ നിങ്ങളുടെ പണി ചെയ്യാൻ എന്നെയും
അനുവദിക്കുക'. ഇതായിരുന്നു ഡോക്ടറുടെ നർമ്മ
ബോധം.

അരീക്കോട് കൊളുത്തിവെച്ച നവോത്ഥാനത്തിരിയുടെ
ധവളശോഭ പരത്തിയ ഒരു നാളമായിരുന്നു ഡോക്ടർ
ഉസ്മാൻ സാഹിബ്.

---

*"The moment you become innocent, you have found a direct line to the divine. Your heartbeat synchronizes with the heartbeat of the universe"*

*- Osho*



# പ്രളയകാലം

/ അബ്ദുൽ വഹാബ് എ.
ബി.എ. അഫ്ദലുൽ ഉലമ, ഒന്നാം വർഷം

സുല്ലമുസ്സലാം അറബിക് കോളേജ്, അരീക്കോട്

2018 ആഗസ്തിൽ കേരളം നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തിന് സാക്ഷ്യം വഹിച്ചു. തിരിമുറിയാതെ പെയ്ത പേമാരിയിൽ കേരളം വിറങ്ങലിച്ചു നിന്നു. റോഡുകളും പാലങ്ങളും തകർന്നു. ഗതാഗതവും വാർത്താവിനിമയ സംവിധാനങ്ങളും തടസ്സപ്പെട്ടു. ശക്തമായ മഴയിലുണ്ടായ ഉരുൾപ്പൊട്ടലുകളും മണ്ണിടിച്ചിലുകളും പ്രളയകാലത്തെ മരണസംഖ്യ വർധിപ്പിച്ചു. മഴയടങ്ങി പ്രളയമൊടുങ്ങിയപ്പോഴേക്കും 400ൽ അധികം ആളുകളുടെ ജീവൻ പൊലിയുകയും ഇരുപതിലധികം ആളുകളെ കാണാതാവുകയും ചെയ്തിരുന്നു. സർക്കാരും മത്സ്യത്തൊഴിലാളികളും ചേർന്ന് നടത്തിയ രക്ഷാപ്രവർത്തനം ആയിരക്കണക്കിനാളുകളെയാണ് ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയത്. സന്നദ്ധ സംഘടനകളുടെ ഭക്ഷണ, വസ്ത്ര വിതരണം ദുരിതങ്ങൾക്കിടയിൽ വലിയ ആശ്വാസമായിരുന്നു. പ്രളയകാലത്തും അതിജീവന പ്രവർത്തനങ്ങളിലും കേരള ജനത ഒറ്റക്കെട്ടായി നിന്നു.

മഹാപ്രളയത്തിന് മുന്നോടിയായി മലപ്പുറം ജില്ലയുടെ മലയോര പ്രദേശങ്ങളിൽ പെയ്ത ആദ്യഘട്ട മഴ ചാലിയാറിൽ വലിയ തോതിൽ ജലനിരപ്പുയർത്തുകയും അരീക്കോട് ടൗണിലേക്കും പരിസരങ്ങളിലേക്കും വെള്ളം കയറാൻ ഇടയാവുകയും ചെയ്തു. ആഗസ്റ്റ് ഒമ്പതിന് പുലർച്ചെ ചാലിയാറിലുണ്ടായ മഴവെള്ളപ്പാച്ചിലിൽ മൂർക്കാനാടിനെ അരീക്കോടുമായി ബന്ധിപ്പിച്ചിരുന്ന ഇരുമ്പുപാലം തകരുകയും പ്രധാനഭാഗം ഒലിച്ചു പോവുകയും ചെയ്തു. 2009ൽ മൂർക്കനാട് കടവിൽ കടത്തുതോണി മറിഞ്ഞ് എട്ട് വിദ്യാർത്ഥികൾ മരിച്ച ദുരന്തത്തിന് ശേഷം സർക്കാർ പണികഴിപ്പിച്ച ഈ പാലം പത്ത് വർഷം തികയുമ്പോഴേക്കും തകർന്നത് വിദ്യാർത്ഥികളെ വീണ്ടും കഷ്ടത്തിലാക്കുന്നു.

ആദ്യഘട്ട പേമാരി ഒന്നടങ്ങിയപ്പോൾ ടൗണിലും സമീപങ്ങളിലും കയറിയ വെള്ളം രണ്ട് ദിവസത്തിനുള്ളിൽ വലിയ പ്രയാസം സൃഷ്ടിക്കാതെ തിരിച്ചിറങ്ങുകയും ചെയ്തു. എന്നാൽ ഒരാഴ്ചക്കുള്ളിൽ മഴ വീണ്ടും ശക്തമാവുകയും കടകളും റോഡുകളും വെള്ളത്തിലാവുകയും ചെയ്തു. റോഡ് മുഖേനയുള്ള വാഹന ഗതാഗതം പൂർണമായും തടസ്സപ്പെട്ടു. കടകളും ഓഫീസുകളും അടച്ചുപൂട്ടി. അരീക്കോട്ടെ നിരവധി വീടുകളിലേക്ക് വെള്ളം കയറി. ഒട്ടേറെ പേർ ബന്ധു വീടുകളിലും ദുരിതാശ്വാസ ക്യാമ്പുകളിലും അഭയം തേടി. അത്യാവശ്യ യാത്രകൾക്ക് ആളുകൾ തോണി ഉപയോഗിച്ചു. സമീപ പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അരീക്കോട് വലിയ പ്രശ്നങ്ങളൊന്നും പ്രളയം സൃഷ്ടിച്ചില്ല. ആളപായമോ, കെട്ടിടങ്ങളുടെ തകർച്ചയോ മറ്റു വലിയ അപകടങ്ങളോ അരീക്കോടുണ്ടായില്ല.











സർക്കാരും സന്നദ്ധ സംഘടനകളും ചേർന്ന് നടത്തിയ വെള്ളപ്പൊക്ക രക്ഷാപ്രവർത്തനങ്ങളിൽ അരീക്കോട്ടെ യുവാക്കളും സജീവമായി പങ്കെടുത്തു. സമീപ പ്രദേശങ്ങളിലെ സ്കൂളുകളിലും മറ്റു സ്ഥാപന ങ്ങളിലുമൊരുക്കിയ ദുരിതാശ്വാസ ക്യാമ്പുകളിൽ ഭക്ഷണവും വസ്ത്രവും മറ്റു സൗകര്യങ്ങളുമെത്തി ക്കാൻ ചെറുപ്പക്കാർ ഓടി നടന്നു.
ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാരണം പ്രളയം വലിയ ദുരിതങ്ങൾ തീർത്ത ഊർങ്ങാട്ടിരി, എടവണ്ണ എന്നീ സമീപ പഞ്ചായത്തുകളിലെ പ്രളയാനന്തര അതിജീവന പ്രവർത്തനങ്ങളിലും അരീക്കോട്ടെ യുവാക്കൾ സജീവ സാന്നിദ്ധ്യമായിരുന്നു.

പ്രളയ കാലത്തെ 'കൊങ്ങൻ വെള്ളം' ചാലിയാറിലെ മാലിന്യങ്ങളും അഴുക്കുകളും കൊണ്ടുപോയി. പ്രളയാനന്തരം ചാലിയാർ ശുദ്ധിയായി. പുഴവക്കിലെ മാടുകളിൽ മണലടിഞ്ഞു. ഒരു കാലത്ത് മണലൂറ്റുകാർ കവർന്നെടുത്ത മണൽ പ്രകൃതി വീണ്ടും തിരിച്ചു നൽകിയതിലെ ആഹ്ലാദത്തിലാണ് അരീക്കോട്ടുകാർ. മാലിന്യങ്ങളൊഴിഞ്ഞ്, മണൽ നിറഞ്ഞ പുഴമാടുകൾ നാട്ടുകാരെ ആകർഷിച്ചു. ഒഴിവു ദിനങ്ങൾ മാട്ടുമ്മലിരുന്ന് അരീക്കോട്ടുകാർ ഇപ്പോൾ കാറ്റു കൊള്ളുന്നു.

---

*"I learned that courage was not the absence of fear, but the triumph over it. The brave man is not he who does not feel afraid, but he who conquers that fear"*

*- Nelson Mandela*

# ച്ച് മാണ്ട...പുൾച്ചും...

## ംീശക്കഠ്രി്ര ‘ഝഥസ്ല ്യശക്ക്രധ്രധ്ല

***/ മാഗസിൻ സമിതി***

ഭാഷയുടെ യഥാർത്ഥ സൗന്ദര്യം വാമൊഴിയിലാണെന്ന് പറയുന്നവരുണ്ട്. അങ്ങനെയെങ്കിൽ ഒരു നാടിന്റെ സൗന്ദര്യം മുഴുവൻ തങ്ങളുടെ ഭാഷാഭേദത്തിൽ ഉൾക്കൊള്ളിച്ചവരാണ് അരീക്കോട്ടുകാർ. ഇത്തിരി വാക്കിൽ ഒത്തിരി കാര്യം പറയുന്നവർ. കൃത്രിമത്വത്തിന് ഇടം നൽകാത്ത വിധം തങ്ങളുടെ തനത് ഭാഷയിൽ അരീക്കോട്ടുകാർ സംസാരിക്കുമ്പോൾ ഏത് അന്യ നാട്ടുകാരനും ആദ്യമൊന്ന് കണ്ണ് മിഴിച്ചിരുന്നു പോവും. പിന്നെ കേട്ടതിന്റെ അർത്ഥം ഒന്നുകൂടി ചോദിച്ചറിയുമ്പോൾ ചുണ്ടിൽ വിരിയുന്ന പുഞ്ചിരികൾ ഇവിടത്തെ സ്ഥിര കാഴ്ച്ചകളിലൊന്നാണ്.

അരീക്കോടൻ ഭാഷ കേൾവിക്കാർക്ക് അല്പം പ്രയാസം സൃഷ്ടിക്കുമെങ്കിലും, കുറച്ച് കാലം അതിന്റെ ഭാഗമായി കഴിഞ്ഞവരാരും, അതൊന്ന് സംസാരത്തിൽ പരീക്ഷിച്ച് നോക്കും. ഭാഷയെ ഒരാളുടെ നിലവാരമളക്കാനുള്ള ഉപാധിയായി കാണുന്നവരും, അരീക്കോടെത്തിയാൽ ഒന്ന് വിയർക്കും. കാരണം മറ്റൊന്നുമല്ല, ഇവിടത്തെ ഏത് സാധാരണക്കാരനും ഉയർന്ന ഉദ്യോഗസ്ഥനും തങ്ങളുടെ തന്നെ ഭാഗമായി ഈ ശൈലിയെ കാണുന്നു എന്നതിനാലാണിത്. ശരിക്കും പറഞ്ഞാൽ ഒരു നാടിന്റെ ലാളിത്യത്തിന്റെ മുഖം.

മലപ്പുറം ഏറനാടൻ ഭാഷ തന്നെയാണ് ഒരളവോളം അരീക്കോടൻ ഭാഷയും. മറ്റ് ഭാഷ വകഭേദങ്ങളിൽ കണ്ട് വരുന്ന സംസ്കൃത പദങ്ങളുടെ സ്വാധീനം ഇതിൽ തുലോം തുച്ഛമാണ്. അതേസമയം അറബി ഭാഷയ്ക്ക് വേരോട്ടമുള്ള അരീക്കോടൻ മണ്ണിൽ, അറബി വാക്കുകൾ വാമൊഴിയുടെ ഭാഗമാവുകയും ചെയ്യുന്നു.

ഒഴുക്കുള്ള ഭാഷ, വലിയ അർത്ഥങ്ങൾ നൽകുന്ന ചെറിയ വാക്കുകൾ, അതാണ് ചുരുക്കത്തിൽ ഇവിടത്തെ ഭാഷ. രണ്ടും മൂന്നും വാക്കുകളുടെ സ്ഥാനത്ത് പലപ്പോഴും ഒരൊറ്റ അരീക്കോടൻ പദം മതിയാകും. വാഗ്വാദങ്ങളിൽ പോലും ഇവിടത്തുകാർക്ക് മറ്റുള്ളവരെ തോൽപ്പിക്കാൻ സ്വന്തം ഭാഷയിൽ എളുപ്പമാണ്. നീണ്ട ചോദ്യങ്ങൾക്ക് സ്വതസിദ്ധമായ ശൈലിയിൽ അവർ നൽകുന്ന ഉത്തരങ്ങൾക്ക് നീളം കുറയുമെങ്കിലും ആഴം കൂടും. കുഞ്ഞുവാക്കിൽ വലിയ ഉത്തരങ്ങളെ ഒളിപ്പിക്കുന്ന കൗതുകമാണ് ചുരുക്കത്തിൽ ഈ ഭാഷ.

മലപ്പുറത്തെ ഭാഷയെ കുറിച്ച് ഉദാഹരണമായി പറഞ്ഞുകേട്ട ഒരു സംഭവ കഥയുണ്ട്.

സംസ്ഥാന സ്കൂൾ കലോത്സവമാണ് വേദി. മലപ്പുറത്തെ ഒരു അധ്യാപകനും, കോട്ടയംകാരനായ മറ്റൊരധ്യാപകനും എന്തിന്റെയോ പേരിൽ പരസ്പരം വഴക്കായി. ഒന്നും രണ്ടും പറഞ്ഞ് അവസാനം കോട്ടയംകാരൻ അധ്യാപകൻ അച്ചടി ഭാഷയിൽ നല്ല തെറി ആരംഭിച്ചു. 'ഉണക്കമുന്തിരി പോലെയുള്ള നീയെല്ലാം എനിക്ക് പുഴുവാണെടേയ്, വെറും പുഴു' എന്നവസാനിപ്പിച്ചതും കേട്ടു നിന്ന മലപ്പുറം അധ്യാപകൻ അവസാനം രണ്ടേ രണ്ട് വാക്കു കൊണ്ട് മറുപടി നൽകി: 'ഇച്ച് ജ്ജും'. പിന്നെ അവിടെ കൂടുതൽ സംസാരത്തിന് ഇടമില്ല. ഒരുപക്ഷേ കഥയിലെ കഥാപാത്രത്തിലൊന്ന് അരീക്കോട് കാരനാണെന്നറിഞ്ഞാൽ അത്ഭുതപ്പെടേണ്ടതില്ല.

എനിക്ക് വേണ്ട - ഇച്ച് മാണ്ട
പഴുത്ത മാങ്ങ - പൌത്താങ്ങ
പുളിക്കും - പുൾച്ചും
അടുക്കള - വെക്ക്ണകം
അസുഖം - കൊൺക്കട്
നീ പോ- പോയാ ജ്
ആരാ പോകുന്നത് - ആരാ പോണത്
പോകുമായിരിക്കാം - പോക്വൈക്കാരം
പ്ലാവില - പിലാപില
എന്താണ് ചെങ്ങാതി- എത്തേങ്ങെ
കുളിക്കാൻ - കുൾച്ചാൻ
എന്താണിപ്പോൾ - എത്താപ്പം
വേണ്ടാത്തപണി - മാണ്ടാത്ത പണി
പല്ലിളിക്കുക - ഇൾച്ചാട്ടുക
എനിക്കറിയില്ല - ഇച്ച് പുടില്ല
സമയം ഉണ്ടെങ്കിൽ - സമേണ്ടങ്കി
ഈ പ്രാവശ്യം - ഇച്ചാത്തറ
കണ്ണിൽപിടിച്ചില്ല - പുറ്സത്തായില
പുഴയിലേക്ക് - പെയ്ക്കക്ക്
പപ്പായ - കറൂത്ത
പഴം- ബായ്ക്ക
ഒച്ചയും ബഹളവും - കബകുബ
എന്താണ് അഗ്രഹം - എത്താ പൂതി
ശല്യപ്പെടുത്തുക - പിത്തനാട്ടുക
ചിലപ്പോൾ - ചെലേപ്പം
വർത്തമാനം പറയൽ - പയക്കം പറച്ചിൽ
കരൾ - ഔത്തർച്ചി
ഓടി - മണ്ടി
ഇരിക്ക് - കുത്ത്റ്ക്ക്
ചോദിക്കുക - ചോയ്ച്ച്അ
മുഖത്തേക്ക് നോക്കി - മോത്ത്ക്ക് നോക്കി
നീ - ഇജ്
കൈ കഴുകി - കൈജേകി
പ്രയാസം - എടങ്ങേറ്

ക്ഷീണം - കൊയക്ക്
തവള - തൗളാച്ചി
സംസാരം - തൗതാരം
സാവധാനം - അൽദാദെ
വഴക്ക്പറയുക - കയവ്
ഒന്ന് പോ ചങ്ങാതി - പൊയ്ക്കേങ്ങെ
അതിനെന്താപ്പോ - അയ്ന്പ്പെത്താ
കളിയാക്കുക - മക്കാറാക്കുക
മനസ്സുണ്ടെങ്കിൽ (ബോധിച്ചുവെങ്കിൽ) - പോച്ചെങ്കിൽ
അയൽവീട്ടിൽ - അങ്ങീല്
തികയാത്തത് - പോരാത്തത്
ഓർമ്മിക്കുക - കൊളോർക്കുക
ഗൗനിക്കാതെ - ഇഹ്വ്രത്തിടുക
താളംതെറ്റി - അൽക്കുൽത്തായി
കുരുക്കഴിക്കാൻ ബുദ്ധിമുട്ടുള്ളത് (ഏടാകൂടം) - കുണ്ടാമണ്ടി
റോഡ് - ചെത്തേയ് (ചെത്തുവഴി)
എന്തെങ്കിലും - ബെലിച്ചേറം
ഇതുപോലെ - ഇമ്മാതിരി
തൊണ്ടയിൽ കുടുങ്ങി - കൊല്ലീകെട്ടി
എനിക്കറിയില്ല - ഇച്ചറീല
അവനവന്റെ - ഔനാന്റെ
കഴുകുക - മോറുക
പേഴ്സ് - പാക്കട്ട്
കുപ്പിക്കഷ്ണം - കുപ്പിക്കണ്ടം
ചെകുത്താൻ - കോത്താമ്പി
ഇക്കിളിയാക്കുക- കിക്കിൾച്ചുക



അഭിമുഖം

# ആ പഴയ അനുഭവത്തെ മനുഷ്യർ ഇവിടെ തേടുകയാണ് ചെയ്യുന്നത്

## മലിക് നാലകത്ത്

/ അലീഫ് ഷാൻ സി.എം.
എം.എ. അഫ്ദലുൽ ഉലമ, ഒന്നാം വർഷം

**'ഓർമ പെയ്യുന്ന ജാലകം' എന്ന പേരിൽ താങ്കൾ ഫേസ്ബുക്കിലെഴുതിയ കുറിപ്പുകളുടെ സമാഹാര മാണ് ഇപ്പോൾ 'ചാലിയാർ സാക്ഷി' എന്ന പേരിൽ പുസ്തകമായി ഇറങ്ങിയിരിക്കുന്നത്. ഈ ഫേസ്ബുക്ക് കുറിപ്പുകൾ തുടങ്ങാനുള്ള പ്രേരകം എന്തായിരുന്നു?**

എന്റെ മേഖല ഇത്തരം എഴുത്തുകളായിരുന്നില്ല. ഞാൻ തിരക്കഥകളിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. 1993-94 കാലഘട്ടത്തിൽ ദൂരദർശൻ ചാനലിൽ എന്റെ ഏതാനും തിരക്കഥകൾ ടെലിഫിലിമുകളായി വന്നിരുന്നു. പിന്നീട് ആ രംഗത്ത് വാണിജ്യവത്കരണം വന്നതോട് കൂടി ഞാൻ ആ മേഖല വിട്ടു. പല കാര്യങ്ങളും എന്റെ ധാർമ്മിക കാഴ്ചപ്പാടുകളുമായി ചേർന്ന് പോവാത്തതായി വന്നു. പിന്നീട്, എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പോലുള്ള സർക്കാർ ഏജൻസികൾക്ക് വേണ്ടിയും ചില ഡോക്യുമെന്ററികളൊക്കെ ചെയ്തു. ശേഷം, എന്റെ മേഖല പൂർണമായും മാറി. സോഷ്യൽ ആക്ടിവിസത്തിലേക്ക് കടന്നു. നേരിട്ടുള്ള ആക്ടിവ സമായിരുന്നില്ല. ഏതെങ്കിലും രാഷ്ട്രീയ കക്ഷികളിലോ ഭാഗമായില്ല. പതിയെ എന്റെ എഴുത്ത് നിലച്ച് പോയി. സുഹൃത്ത് രാഹുൽ കൈമലിന്റെ സ്നേപൂർവ്വമായ നിർബന്ധത്തിന് വഴങ്ങിയാണ് പിന്നെയും എഴുതി തുടങ്ങുന്നത്. ഫേസ്ബുക്കിൽ ഓർമക്കുറിപ്പുകൾ എഴുതാനാരംഭിച്ചു. എഴുതി കുറച്ച് മുന്നോട്ടു പോയ പ്പോൾ, വായനക്കാർ കുറേക്കൂടി ഗൗരവമായി ഫേസ്ബുക്ക് കുറിപ്പുകളെ സമീപിക്കുന്നുണ്ടെന്ന് അവരുടെ ഇടപെടലുകളിൽ നിന്ന് മനസ്സിലായി. വായനക്കാരുടെ അനുകൂലമായ പ്രതികരണം എനിക്ക് ഏറെ സംതൃപ്തി ഉണ്ടാക്കുകയും പരമ്പര മുന്നോട്ടു പോവാനുള്ള പ്രചോദനം നൽകുകയും ചെയ്തു. തുടർന്ന് ഞാൻ കുറച്ചു കൂടി വിശദമായി എഴുതാൻ ശ്രമിച്ചു. എന്റെ കാഴ്ചകളും അനുഭവങ്ങ ളും മാത്രം എഴുതാൻ വിചാരിച്ചിരുന്ന ഞാൻ എന്റെ കാഴ്ചകളേയും അനുഭവങ്ങളേയും വിശകലനം ചെയ്യാനും, കാഴ്ചകളുടെ പിന്നാമ്പുറങ്ങൾ അന്വേഷി ക്കാനുമെല്ലാം ശ്രമിച്ചു. എഴുതി. പിന്നെ, അതൊരു പുസ്തകമാക്കണമെന്ന് പലരുടേയും നിർബന്ധം വന്നു. പുസ്തകമായി.

**സ്വന്തം അനുഭവങ്ങളിലൂന്നി നിന്ന് കൊണ്ടുള്ള ആഖ്യാന ശൈലിയിലൂടെ അരീക്കോടിന്റെ ഇന്നലെകളുടെ മനോഹരമായ ഒരാവിഷ്കാരമാണ് താങ്കൾ നിർവ്വഹി ച്ചിട്ടുള്ളത്.**

അക്കാദമികമായി ഞാനൊരു ഡ്രോപ്പ് ഔട്ടാണ്. അക്കാദമിക് ചട്ടക്കൂടില് ഒതുങ്ങി നിൽക്കാത്ത ഒരാളാണ് ഞാൻ. എന്റെ വഴികളിലൂടെ മുന്നോട്ടു പോവാനാണ് ഞാൻ ആഗ്രഹിച്ചത്. അരീക്കോട് പോലൊരു ഗ്രാമത്തിൽ നിന്ന് ഇത്തരമൊരു തിരക്കഥാ മേഖലയിലേക്ക് ആരും വന്നിട്ടില്ലാ എന്നാണ് എനിക്ക് തോന്നുന്നത്. എന്നെ ഈ രംഗത്ത് ആരും കൈ പിടിച്ച് ഉയർത്തിയിട്ടില്ല. ആരും പ്രോത്സാഹിപ്പി ച്ചിട്ടുമില്ല. എങ്ങനെയോ തിരക്കഥയുടെ മേഖലയിലേ ക്കെത്തി. എന്റെ സൗഹൃദങ്ങളും വായനകളുമൊക്കെ ആ ഒരു തരത്തിൽ ആയത് കൊണ്ടായിരിക്കും. ഓർമ്മക്കുറിപ്പുകളായി തുടങ്ങിയ ഈ എഴുത്തിനെ ഗൗരവപരമായ ഒരെഴുത്തായി ഞാൻ കണ്ടിരുന്നില്ല. അതായിരിക്കും ഒരു പക്ഷേ എഴുത്ത് കുറച്ച് കൂടി രസകരമായി തീരാൻ കാരണം. തിരക്കഥകൾ എഴുതി യുള്ള പരിചയവും മുതൽക്കൂട്ടായിട്ടുണ്ടാകും. എനിക്ക് അനുഭവമില്ലാത്ത ഒരു കാര്യവും ഞാനീ പുസ്തകത്തിൽ എഴുതിയിട്ടില്ല. അരീക്കോട്ടെ 'ഉദയാ' ബീഡി ഒരു ഉദാഹരണമായി എടുക്കാം. ഉദയാ ബീഡിയും ബീഡിത്തൊഴിലാളികളുമൊക്കെ എന്റെ ജീവിതവുമായി ഇടപഴകുകയും വളരെ അടുത്ത് ബന്ധപ്പെട്ടു കിടക്കുകയും ചെയ്ത കാര്യങ്ങളാ ണ്. ഉദയാ ബീഡിയെ കുറിച്ച് ഞാനെഴുതുമ്പോൾ ഞാനെന്റെ ജീവിതത്തെ കൂടിയാണ് എഴുതുന്നത്. അങ്ങാടിയിൽ ഞാൻ കണ്ടിരുന്ന രാഷ്ട്രീയ പ്രവർത്തന മെല്ലാം ഉദയാ ബീഡിക്കമ്പനിക്കാരുടേതാണ്. അവരുടെ മുദ്രാവാക്യങ്ങളൊക്കെ കാവ്യാത്മകമായ മുദ്രവാക്യങ്ങളായിരുന്നു. അത് കേട്ടാണ് എന്റെ കുട്ടിക്കാലം കടന്നുപോന്നത്. എന്റെ പ്രായമുള്ള ഏതൊരു താഴത്തങ്ങാടിക്കാരന്റെയും സ്വപ്നങ്ങളിൽ, കാഴ്ചപ്പാടുകളിൽ ഈ മുദ്രാവാക്യങ്ങളുടെ ഏതെ ങ്കിലും ഒരു ഭാഗം കയറിക്കൂടിയിട്ടുണ്ടാവും. ഉദയാ ബീഡിയെക്കുറിച്ച് ഞാൻ എഴുതുമ്പോൾ, എങ്ങനെ യാണ് ഉദയാ ബീഡി കമ്പനി രൂപംകൊണ്ടത് എന്നും അതിന്റെ ആദ്യത്തെ സാരഥി ആരാണെന്നും കൂടി ഞാൻ പറയേണ്ടതുണ്ട്. അത് എനിക്ക് അറിയാത്ത താണ്. അത് ഞാൻ അന്വേഷിച്ചറിയേണ്ടതാണ്. അതിന് പ്രായമുള്ളവരേയും പുസ്തകങ്ങളേയും ആശ്രയി ച്ചിട്ടുണ്ട്.

**'തിരക്കഥ' രംഗത്തേക്ക്?**

ശിവാനന്ദൻ എന്ന് പേരുള്ള ഒരു സുഹൃത്തുണ്ടെ നിക്ക്. നല്ല ചിത്രകാരനാണ്. നല്ല ക്യാമറാമാനുമാ ണ്. എന്റെ ഡോക്യുമെന്ററി വർക്കുകൾക്കൊക്കെ ക്യാമറ ചെയ്തതും അവനാണ്. അവനാണ് എന്നോട് ആദ്യമായി ഒരു സ്ക്രിപ്റ്റ് ചെയ്യാൻ ആവശ്യപ്പെടുന്നത്. ദൈവവിശ്വാസവുമായി ബന്ധപ്പെട്ട് ഞങ്ങൾ സുഹൃത്തുക്കൾക്കിടയിൽ നടന്ന ഒരു ചർച്ചയിൽ

ആചാരങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ വിഷയമായി വന്നു. ആ കൂട്ടത്തിൽ ഞാൻ 'തെയ്യ'വുമായി ബന്ധപ്പെട്ട് എന്റെ ചില ചിന്തകളും പങ്കുവെച്ചു. 'തെയ്യം' വളരെ മനോഹരമായ ഒരനുഷ്ഠാന കലയാണ്. തെയ്യം ഒരേ സമയം കളർഫുള്ളുമാണ് വളരേയധികം മാനവികവുമാണ്. സവർണ മേധാവിത്വത്തിന്റെ ഒരടവാണ് ഈ അനുഷ്ഠാനം. കൊല്ലത്തിൽ 364 ദിവസവും കീഴാളർ അടിമയായി നിൽക്കുന്നു. ഒരു ദിവസം ദൈവമാകുന്നു. അതോടുകൂടി സർവ്വ പ്രതിഷേധവും പ്രഷർകുക്കറിലെ വായു പോലെ വാൽവിലൂടെ സൂ.... എന്ന് ഒഴിഞ്ഞു പോകുന്നു. ആ ഒരു ദിവസം തെയ്യം പറഞ്ഞതൊക്കെ തമ്പ്രാൻ കേൾക്കുമല്ലോ! ആ ഒരു ദൈവാധിപത്യം ഒരു ദിവസത്തേക്ക് കിട്ടുന്നതിൽ സംതൃപ്തനാണ് ഏത് കീഴാളനും. കോമരവും തെയ്യവുമൊക്കെ  ആകുന്നത് ആ സമുദായത്തിലെ മൂത്തോനായിരിക്കും. ബാക്കിയെല്ലാവരും അയാൾക്ക് കീഴിൽ വരുന്നു. ആ പീഡിത സമൂഹത്തിന്റെ മുഴുവൻ സങ്കടങ്ങളും പ്രതിഷേധങ്ങളും ഒറ്റ ദിവസം കൊണ്ട് ചോർത്തിക്കളയാനുള്ള സവർണ തന്ത്രമാണത് എന്ന് ഞാൻ അഭിപ്രായപ്പെട്ടു. ഈയൊരു അനുഷ്ഠാന കലയുടെ പശ്ചാത്തലത്തിൽ ഒരു സീരിയൽ ചെയ്തുകൂടേ എന്ന് സുഹൃത്തുക്കളിൽ നിന്ന് ചോദ്യം വന്നു. തിരക്കഥ ഞാൻ തന്നെ തയ്യാറാക്കണമെന്ന് സുഹൃത്തുക്കൾ നിർബന്ധം പിടിച്ചു. 1991ലാണ് ഇത് നടക്കുന്നത്. പത്ത് മാസത്തെ പരിശ്രമം കൊണ്ട്  തിരക്കഥ ഞാനെഴുതി. തെയ്യത്തെക്കുറിച്ച് വിശദമായി പഠിച്ചു. സീരിയലിനു വേണ്ട ചേരുവകളൊക്കെ ചേർത്തു. 1994ൽ നാല് എപ്പിസോഡുകളുള്ള  ടെലിഫിലിമായി ദൂരദർശൻ ചാനലിൽ അത് റിലീസ് ചെയ്തു. 'പുത്തൻമുടി' എന്നായിരുന്നു ഫിലിമിന്റെ പേര്. ആദ്യമായി തെയ്യം മുടി കെട്ടുന്നതിന് 'പുത്തൻമുടി വെക്കുക' എന്നാണ് പറയുക. നടൻ കൃഷ്ണപ്രസാദ് ആയിരുന്നു അതിലെ നായകൻ. എം.എസ്.തൃപ്പൂണിത്തറ, കുതിരവട്ടം പപ്പു എന്നിവരൊക്കെ അഭിനേതാക്കളായി അതിലുണ്ടായിരുന്നു. അങ്ങനെയാണ് ഞാൻ ആദ്യമായി ഈ രംഗത്തേക്ക് വരുന്നത്. എന്റെ നിലപാടുകളുമായും നിർമ്മികതയുമായുമെല്ലാം ഒത്തുപോവാൻ കഴിയാത്തതുമൂലം കുറച്ച് കാലത്തിന് ശേഷം ആ രംഗം വിട്ടു. പിന്നീട് ഡോക്യുമെന്ററികളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. കോർപ്പറേറ്റുകളുടെ കടന്നുകയറ്റം  സാമൂഹിക ജീവിതത്തിൽ ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്ന 'നെരിപ്പോട്' 2007ൽ പുറത്തുവന്നു. അത് പ്രകാശനം ചെയ്തത് വന്ദനാശിവയാണ്. പിന്നീട് 'ആസക്തികൾ ബാക്കി വെക്കുന്നത്' എന്ന പേരിൽ പ്രകൃതി ചൂഷണമുണ്ടാക്കുന്ന പ്രയാസങ്ങൾ ചർച്ച ചെയ്യുന്ന ഒരു ഡോക്യുമെന്ററിക്ക് തുടക്കം കുറിച്ചു. എം.പി.വീരേന്ദ്രകുമാറായിരുന്നു അതിന് 'സ്വിച്ച് ഓൺ' ചെയ്ത് തുടക്കം നൽകിയത്. പക്ഷേ, സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം അത് പൂർത്തിയാക്കാനായില്ല. അതിന് ശേഷം കുറേ സുവനീറുകളുടെ എഡിറ്ററായി പ്രവർത്തിച്ചു.





• *ഡോക്യുമെന്ററി ചിത്രീകരണത്തിനിടയിൽ മലിക് നാലകത്ത്*

**താങ്കളുടെ കുടുംബത്തിന്റെ വിദ്യഭ്യാസ പശ്ചാത്തലം? ഭൗതിക വിദ്യഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന കുടുംബമായിരുന്നോ?**

എന്റെ വാപ്പ നാലകത്ത് മുഹമ്മദ്, പോസ്റ്റ് മാസ്റ്റർ കുഞ്ഞാൻക്ക എന്ന് പറഞ്ഞാലാണ് നാട്ടുകാര് അറിയുക. അദ്ദേഹം പഴയ പത്താം ക്ലാസുകാരനായിരുന്നു. സി.എൻ.അഹ്മദ് മൗലവി അധ്യാപകനായിരിക്കുന്ന കാലത്ത്, 1936ൽ മലപ്പുറം ഗവ.ഹൈസ്കൂളിൽ ഉസ്മാൻ ഡോക്ടറും അബ്ദുസ്സലാം മൗലവിയും ഉപ്പയുമൊക്കെ ഒന്നിച്ച് ചേർന്നതാണ്. അന്നേ ഉപ്പാക്ക് വിദ്യഭ്യാസത്തിനോട് ഒരു അഭിനിവേശമുണ്ട്. ഭൗതിക വിദ്യഭ്യാസത്തെ ഉപ്പ വളരെയധികം പ്രോത്സാഹിപ്പിച്ചു. എന്റെ പെങ്ങൾക്ക് ഇപ്പോൾ 75 വയസ്സ് കഴിഞ്ഞു. അരീക്കോട് ഓറിയന്റൽ ഹൈസ്കൂളിലെ ഹെഡ് മിസ്ട്രസ് ആയാണ് റിട്ടയർ ചെയ്തത്. അവള് ബി.എസ്.സി.ഫിസിക്സ് ഗ്രാജുവേറ്റാണ്. ബി.എഡ്. ഉം കഴിഞ്ഞിട്ടുണ്ട്. എന്റെ താഴെയുള്ള നാല് പെങ്ങന്മാരും ഗ്രാജുവേറ്റ്സാണ്. മരിച്ചുപോയ ജ്യേഷ്ഠനും ഗ്രാജുവേറ്റായിരുന്നു. ഞാൻ മാത്രമാണ് പ്രീഡിഗ്രിക്ക് തോറ്റ്പോയി പഠനം നിർത്തിയത്. ജീവിതത്തിൽ എന്റെ ഏറ്റവും വലിയ അധ്യാപകൻ വാപ്പയാണ്. എന്റെ കുട്ടിക്കാലത്തൊക്കെ അങ്ങാടിയിൽ നിന്ന് സാധനങ്ങൾ കടലാസിൽ പൊതിഞ്ഞാണ് കൊണ്ടുവന്നിരുന്നത്. ന്യൂസ് പേപ്പറിലോ, വീക്ക്ലികളുടെ പേജുകളിലുമൊക്കെ. ആ കഷ്ണം കടലാസ് വരേ വായിച്ച് കഴിഞ്ഞിട്ടേ ഉമ്മ ഒഴിവാക്കാറുണ്ടായിരുന്നൊള്ളൂ. ഉമ്മക്ക് വായനയോട് അത്ര താത്പര്യമായിരുന്നു. തകഴിയേയും എം.ടി.യേയുമെല്ലാം മുഴുവൻ വായിച്ച ഒരാളായിരുന്നു ഉമ്മ. വെറുതേ വായിക്കുക മാത്രമല്ല, കഥാപാത്രങ്ങളെ ചർച്ച ചെയ്യുകയും ചില സന്ദർഭങ്ങളിൽ ഞങ്ങളെയൊക്കെ ആ പേരുകൾ വിളിക്കുകയും ചെയ്തിരുന്നു. നമ്മളെന്തെങ്കിലും അത്തരം പണിയൊപ്പിച്ചാൽ. ഉമ്മ പഴയ ലോവർ എലമെന്ററി വിദ്യഭ്യാസം കഴിഞ്ഞതാണ്. വിദ്യഭ്യാസത്തോട് താത്പര്യമുള്ള ഒരു കുടുംബ തന്നെയായിരുന്നു ഞങ്ങളുടേത്. വാപ്പയുടെ രണ്ട് ജ്യേഷ്ഠന്മാരും മാഷുമാരായിരുന്നു. ഒരു സഹോദരൻ മോലിക്കുട്ടി മാഷ് അരീക്കോട് ജംഇയ്യത്തുൽ മുജാഹിദീൻ രൂപീകരണത്തിൽ വലിയ പങ്കുവഹിച്ച ഒരാളാണ്.

**ഏറ്റവും നല്ല അധ്യാപകൻ വാപ്പയാണ് എന്ന് പറഞ്ഞല്ലോ. വാപ്പ പകർന്ന പാഠങ്ങൾ എന്തൊക്കെയാണ്?**

1964ലാണ് ഞാൻ ജനിക്കുന്നത്. അന്ന് പൊതുവേ ഒരു ദാരിദ്ര്യത്തിന്റെ ഒരു കാലമാണ്. ഗൾഫിൽ നിന്ന് പണം സുഗമമായി ഇങ്ങോട്ട് വരുന്നത് വരേയുള്ള കാലം ഒരു ഇല്ലായ്മയുടെ കാലമാണ്. വാപ്പ ഒരു കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥനാണ്. മോശമല്ലാത്ത ശമ്പളമുണ്ട്. സുഖമായിട്ട് ഞങ്ങൾക്ക് ജീവിക്കാം. അന്ന് ഞങ്ങളുടെ വീട്ടില് നിറച്ച് ആളുകളായിരുന്നു. അയൽവാസികളും മറ്റും ഭക്ഷണത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമൊക്കെ. പത്ത് പതിനഞ്ച് പെണ്ണുങ്ങള് ഉമ്മയെ അടുക്കളയിൽ സഹായിക്കാനുണ്ടാവും. യാതൊരു കുടുംബ ബന്ധവുമില്ലാത്ത

പലരും ഞങ്ങൾ മക്കളുടെയൊപ്പം ഈ വീട്ടിൽ വളർന്നിട്ടുണ്ട്. മനുഷ്യരോട് വളരേ തുറന്ന സമീപന മായിരുന്നു. മാനവികത തന്റെ ജീവിതത്തിലൂടെ എന്നെ പഠിപ്പിച്ച ആളാണ് എന്റെ വാപ്പ. പറമ്പിലെ പ ണിക്കാർ വാപ്പയോടൊപ്പം ഒരുമിച്ച് ഒരേ ടേബിളിലിരുന്നാണ് ഭക്ഷണം കഴിച്ചിരുന്നത്. സ്ഥിരം പണിക്കാരായിരുന്ന 'കരിയാത്തനും' 'ചാത്തൻ കുട്ടി'യുമൊക്കെ വീട്ടിലെ അംഗങ്ങളായിരുന്നു. ആ രീതിയിൽ മനുഷ്യനെ പരിഗണിക്കുന്നത് പഠിപ്പിച്ചതും അത്തരം വായനയിലേക്ക് എന്നെ നയിച്ചതുമൊക്കെ വാപ്പയാണ്. വാക്കുകളേക്കാളധികം പ്രവൃത്തി കൊണ്ടാ ണ് അദ്ദേഹം എന്നെ പഠിപ്പിച്ചത്.

**പ്രീഡിഗ്രിക്ക് തോറ്റ ശേഷം നിന്നുപോയ പഠനം തുടരാൻ ശ്രമിച്ചില്ലേ?**

മമ്പാട് എം.ഇ.എസ് കോളേജിലായിരുന്നു ഞാൻ പ്രീ ഡിഗ്രിക്ക് പഠിച്ചത്. ഞാൻ പ്രീഡിഗ്രിക്ക് പഠിക്കുന്ന കാലത്താണ് പ്രീഡിഗ്രി ബോർഡ് സമരമുണ്ടാവുന്നത്. പഠനം നിർത്താനുള്ള പ്രധാന കാരണം ഈ സമരമാണ്. പ്രീഡിഗ്രി ബോർഡ് രൂപീകരിക്കാൻ ടി.എം.ജേക്കബ് മന്ത്രിയായിരുന്ന കാലത്ത് ഒരു ശ്രമം നടത്തി. കോളേജിൽ നിന്നും പ്രീഡിഗ്രി വേർപെടുത്താ നൊരു ശ്രമം. പ്രീഡിഗ്രി യൂണിവേഴ്സിറ്റിയിൽ നിന്ന് വേർപെടുത്തുമ്പോൾ ഒരുപാട് പേർക്ക് തൊഴിൽ നഷ്ടപ്പെടുമെന്ന് പറഞ്ഞ് ഇടതുപക്ഷ സംഘടനകൾ ഭയങ്കര സമരം നടത്തി. ആ സമയത്താണ് ഞാൻ സെപ്തംപർ പരീക്ഷ എഴുതുന്നത്. തോറ്റവർക്കുള്ള എക്സാം. അന്ന് 'സിറ്റിസൺ' എന്ന പേരിൽ അരീക്കോട് ഒരു ട്യൂട്ടോറിയൽ കോളേജുണ്ടായിരുന്നു. നല്ല അധ്യാപകരായിരുന്നു അവിടെ. ഞാൻ നന്നായി തയ്യാറെടുത്ത് പരീക്ഷയെഴുതി. റിസൾട്ട് വന്നു. കണക്കിൽ വലിയ മാർക്കിൽ ജയിക്കുമെന്ന് ഉറപ്പിച്ച ഞാൻ തോറ്റു. എനിക്ക് മാത്രമല്ല ഇങ്ങനെ സംഭവിച്ചത്. അന്ന് യൂണിവേഴ്സിറ്റിയിൽ ഒരുപാട് ഇത്തരം അട്ടിമറി കൾ നടന്നിട്ടുണ്ട്. ആ സമരത്തിന്റെ ഭാഗമായി ഞാൻ തോറ്റു. പിന്നെ ഞാനത് എഴുതുന്നില്ലെന്ന് തീരുമാനിച്ചു.

**പഠനം നിർത്തിയ ശേഷം ജീവിതത്തിന്റെ മുന്നോട്ടുള്ള പോക്ക് എങ്ങനെയായിരുന്നു?**

പഠനം നിന്നതിന് ശേഷം കുറച്ച് കാലം എക്സ്റേ ടെക്നീഷ്യനായി ജോലി ചെയ്തു. മഞ്ചേരി 'കൊരമ്പയിൽ' ഹോസ്പ്പിറ്റലിൽ. ഒരു സിഗരറ്റ് വലിച്ച വിഷയത്തിൽ മുതലാളിയുമായി തെറ്റി. പിന്നെ അവിടേക്കും പോയില്ല. 'സഹൃദയ യുവ വേദി' എന്ന പേരിൽ ഇവിടെ അരീക്കോട് ഞങ്ങൾ കുറച്ച് ചെറുപ്പ ക്കാരുടെ ഒരു കൂട്ടായ്മ രൂപം കൊണ്ടു. സാമൂഹിക-സാംസ്കാരിക രംഗമായിരുന്നു 'സഹൃദയ'യുടെ ഭൂമിക. കൂട്ടായ്മയുടെ കയ്യെഴുത്ത് മാസികയും സമൂഹിക പ്രവർത്തങ്ങളും നേത്ര ക്യാമ്പുകളുമൊക്കെയായി കുറച്ചു കാലം ജീവിതം മുന്നോട്ട് പോയി. എന്റെ രാഷ്ട്രീയ നിലപാടുകളും രീതികളും കുടുംബവുമാ യും നാടുമായും യോജിക്കുന്നതല്ല, വേറിട്ട് നിൽക്കുന്ന താണ് എന്ന് വാപ്പ മണത്തറിഞ്ഞു. എന്റെ മുന്നോട്ടുള്ള വഴി ശരിയല്ലെന്ന് മനസ്സിലാക്കിയ വാപ്പ എന്നെ ഇവിടെ നിന്നും നാടുകടത്തി. ചെമ്മാട് എന്റെ അമ്മാവന്റെ അടുത്തേക്ക് കണ്ണട കച്ചവടത്തിനായി പറഞ്ഞയച്ചു. അമ്മാവൻ ഡോ.അബൂബക്കർ ഒരു കണ്ണ് രോഗ വിദഗ്ദനായിരുന്നു. 1984 ലാണ് ഞാൻ കണ്ണട കച്ചവടം ആരംഭിക്കുന്നത്. 1989 വരെ അഞ്ച് വർഷം ചെമ്മാട് കച്ചവടം തുടർന്നു. ചെമ്മാട് ഉണ്ടായി രുന്നു എന്റെ ഒരു പ്രധാന സുഹൃത്ത് തൃക്കളം കൃഷ്ണൻ കുട്ടിയാണ്. വളരെ സരസമായി ഇടതുപക്ഷ വേദികളിൽ നിറഞ്ഞുനിന്ന കഥാപ്രാസംഗി കനായിരുന്നു അദ്ദേഹം. 'മമത, സമത, ലളിത' എന്നത് ഒരു കാലത്തെ ഇന്ത്യൻ രാഷ്ട്രീയത്തെ മുഴുവൻ ആക്ഷേപഹാസ്യമായിഅവതരിപ്പിക്കുന്ന അദ്ദേഹത്തിന്റെ വലിയ ശ്രദ്ധയാകർഷിച്ച കഥാപ്രസംഗ മാണ്. അദ്ദേഹം സ്ഥിരമായി വൈകുന്നേരങ്ങളിൽ എന്റെ കടയിലുണ്ടാകുമായിരുന്നു. തൃക്കളം എന്നത് ചെമ്മാടിന്റെ മറ്റൊരു പേരാണ്. 1990ലാണ് മുക്കത്ത് ഞാൻ കട തുറന്നത്. മുക്കമാണ് എനിക്ക് വേറൊരു ആകാശം തുറന്നുതന്നത്. മുക്കത്ത് നിന്നാണ് ഞാൻ എഴുത്തിന്റെ വഴിയിലേക്ക് വരുന്നത്. എന്റെ ആദ്യ ലേഖനം അച്ചടിച്ച് വന്നത് 'പുടവ'യിലാണ്. എം.ഐ. തങ്ങളായിരുന്നു അന്നതിന്റെ എഡിറ്റർ. മതവിശ്വാസ ത്തെ വേറിട്ടൊരു കാഴ്ചപ്പാടിലാണ് ഞാൻ ആ ലേഖന ത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. ഭൂമിയിൽ എത്ര കോടി മനുഷ്യന്മാരുണ്ടോ അത്രകോടി ആംഗിളുണ്ട് ദൈവ വിശ്വാസത്തിന്. അതൊക്കെ നമുക്ക് ഉൾക്കൊള്ളാ നാവണം. മുഹമ്മദ് നബി (സ്വ) കണ്ട രീതിയിൽ പോലുമായിരിക്കില്ല അദ്ദേഹത്തിന്റെ സന്തത സഹചാരിയായിരുന്ന അബൂബക്കർ (റ) പോലും ദൈവത്തെ മനസ്സിലാക്കിയിട്ടുണ്ടാവുക. ഓരോർത്തരും ഓരോ വ്യക്തികളാണല്ലോ. ആ ലേഖനം 'സൗഖ്യ സങ്കൽപ്പ'ത്തെ കുറിച്ചും ചർച്ച ചെയ്യുന്നുണ്ട്. സൗഖ്യം എന്ന സങ്കൽപ്പമാണല്ലോ മനുഷ്യനെ മുന്നോട്ട് നയിക്കുന്നത്. വലിയ വീടെടുത്ത് അതിൽ താമസമാക്കുമ്പോൾ കിട്ടുന്ന ഒരു സുഖമുണ്ട്. ആഢംബര വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ ഒരു സുഖമുണ്ട്. ഏത് സുഖത്തോടുള്ള ആഗ്രഹവും ആർത്തിയും അത് നേടുന്നതോടെ ഇല്ലാതാവും. പിന്നെ അടുത്തത് അന്വേഷിക്കും. ചിലർ സംഗീത ത്തിൽ സുഖം തേടുന്നു. ചിലർ മദ്യത്തിലായിരിക്കും



*ഉമ്മ: പന്തക്കലകത്ത് ആമിനക്കുട്ടി*



*ഉപ്പ: നാലകത്ത് മുഹമ്മദ്*

സുഖം അന്വേഷിക്കുക. അങ്ങനെ ഓരോന്നിലും ഈ അന്വേഷണമാണ്. ഒരു പരിപൂർണ്ണ സുഖത്തിന്റെ അനുഭവം നമ്മുടെ ഉള്ളിൽ എവിടെയോ ഉണ്ട്. നഷ്ടപ്പെട്ടു പോയ ആ സുഖത്തെ വീണ്ടെടുക്കാനുള്ള അന്വേഷണമാണ് നമ്മുടെ ഈ സുഖത്തിന് പിന്നാലെയുള്ള പാച്ചിൽ. മനുഷ്യർ സ്വർഗത്തിൽ നിന്നും ഭൂമിയിലേക്ക് വന്നവരാണല്ലോ. സ്വർഗത്തിന്റെ ഓർമകളാണതെല്ലാം. ആ പഴയ അനുഭവത്തെ മനുഷ്യർ ഇവിടെ തേടുകയാണ് ചെയ്യുന്നത്.

**പഴയ അരീക്കോടിന്റെ സാംസ്കാരിക, വിപണന കേന്ദ്രമായിരുന്ന താഴത്തങ്ങാടിയിലാണ് താങ്കളുടെ ജനനവും വളർച്ചയുമെല്ലാം. താഴത്താങ്ങാടിയുടെ ചുറ്റുപാടുകൾ എങ്ങനെയൊക്കെയാണ് ജീവിതത്തെ സ്വാധീനിച്ചിട്ടുള്ളത്?**

താഴത്തങ്ങാടിയുടെ ചുറ്റുപാടുകളാണ് എന്നെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ളത്. ഇവിടുത്തെ ഏറ്റവും വലിയ പ്രത്യേകത എന്നത് ഇവിടെ വലിപ്പ ചെറുപ്പമില്ല എന്നതാണ്. ആരും ആർക്കും വിധേയരല്ല. ജന്മി - കുടിയാൻ താഴ്ച്ചകളോ ഉയർച്ചകളോ ഒന്നുമില്ല. എല്ലാവരും അവനവന്റെ ആത്മാഭിമാനത്തെ ഉയർത്തിപ്പിടിച്ച് കൊണ്ടും മറ്റുള്ളവരുടേത് മാനിച്ചു കൊണ്ടും തന്നെയാണ് ജീവിക്കുന്നത്. ഒരു പണക്കാരനായി എന്ന് വെച്ചുകൊണ്ട് ആരും സമൂഹത്തിന് മേൽ ആധിപത്യം ചെലുത്തിയിട്ടില്ല. കല്ലുവെട്ടിക്കുഴിയിൽ അഹ്മദ് കുട്ടി മുതലാളി ഇവിടുത്തെ വലിയ ജന്മിയായിരുന്നു. ജന്മിത്വത്തിന്റെ ചീത്ത വശങ്ങളൊന്നും അയാളിവിടെ പ്രകടിപ്പിച്ചിട്ടില്ല. രണ്ട് കാരണങ്ങളുണ്ട്. ഒന്ന്, അതിവിടെ വിലപോവില്ല എന്നതാണ്. പ്രയോഗിച്ചാൽ ചിലവാകുന്നിടത്താണല്ലോ നമ്മൾ സാധനങ്ങൾ വിൽക്കാൻ ശ്രമിക്കുകയൊള്ളൂ. വിൽക്കാൻ പറ്റാത്തിടത്ത് നമ്മൾ അതെടുത്ത് വെക്കും പറ്റുന്നിടത്ത് കൊണ്ടുപോയി വിൽക്കും. രണ്ട്, നാടിന്റെ സമ്പ്രദായം തന്നെ വ്യത്യസ്തമാണ്. അരീക്കോട് എന്ന് പറയുന്ന ഈ സ്ഥലം എന്ത് കൊണ്ടും വേറിട്ട് നിൽക്കുന്ന ഒരു പ്രദേശമാണ്. അരീക്കോടിന്റെ തലസ്ഥാനം അന്ന് താഴത്തങ്ങാടിയായിരുന്നു. ഇവിടെ ഉച്ചനീചത്വങ്ങളുണ്ടായിരുന്നില്ല. കാരണം ഇവിടെ ബ്രാഹ്മണിക കുടിയേറ്റങ്ങൾ ഉണ്ടായിട്ടില്ല. ബ്രാഹ്മണ് കുടിയേറ്റങ്ങൾ വരുമ്പോൾ മാത്രമാണ് ഉയർച്ച താഴ്ച്ചകളുടെ മനുഷ്യത്വ വിഭജനം ഉണ്ടാവുന്നത്. ബ്രാഹ്മണ കുടുംബങ്ങൾ ഒരു സ്ഥലത്ത് സെറ്റിൽ ചെയ്യുമ്പോൾ അയാളുടെ ജാതിപരിവാരങ്ങളെല്ലാം അയാളുടെ കൂടെ വന്നേ പറ്റൂ. കാർഷിക സമൂഹത്തിന്റെ ഒരു ഘടനയാണത്. അവിടെ ഭൂവുടമായാണ് ബ്രാഹ്മണൻ. ഭൂമിയുടെ കണക്കുകൾ സൂക്ഷിക്കാനും വീടിന് അകത്തെ കാര്യങ്ങൾ നോക്കാനും നായർ കാര്യസ്ഥന്മാർ വേണം. വിതയ്ക്കലും കൊയ്ത്തലുമടക്കമുള്ള കൃഷിപ്പണി ചെയ്യേണ്ടത് കണക്കന്മാരാണ്. അലക്കുകാർ, മുടിവെട്ടുന്നവർ തുടങ്ങി ജാതിക്രമത്തിലുള്ള മുഴുവൻ ജാതികളെയും കൊണ്ടുവരേണ്ടി വരും. ഇത്തരം ഉച്ചനീചത്വങ്ങൾ പരിചയിച്ചിട്ടില്ലാത്ത ഒരു സമൂഹമാണിത്. കാരണം ഇവിടെ അങ്ങനെയൊരു ബ്രാഹ്മണ കുടിയേറ്റം നടന്നിട്ടില്ല.

**ഈയൊരു സ്ഥലത്തെ കുടിയേറ്റങ്ങൾക്ക് 400 വർഷത്തിനപ്പുറത്തെ പഴക്കമില്ല എന്നാണൊ മനസ്സിലാക്കാൻ കഴിയുക?**

അങ്ങനെയാണ് നമുക്ക് മനസ്സിലാക്കാൻ പറ്റുന്നത്. ഇവിടെയുള്ള വാമൊഴി ചരിത്രത്തെ കുറിച്ച് ഞാൻ പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. ഒരു കുംബാര സമുദായമാണിവിടെ വസിച്ചിരുന്നത്. അവർക്കിവിടെ ഒരു ചെറിയ ഭരണകൂടവും സൈന്യവുമൊക്കെ ഉണ്ടായിരുന്നു. കൊട്ടാരം കടവ്, കോട്ടക്കൽ ഇടവഴി എന്നീ പറയുന്ന ഇവിടുത്തെ നാമങ്ങളൊക്കെ ഒരു ഭരണക്രമത്തെയാണ് സൂചിപ്പിക്കുന്നത്. ഇതൊരു വരണ്ട ഭൂമിയാണ്. ഒരു ഭാഗത്ത് ചെങ്കൽ കുന്നും മറുഭാഗത്ത് പുഴയും. അതിനിടയ്ക്ക് കൃഷിയോഗ്യമായ ഒരു മണ്ണ് ഈ പ്രദേശത്ത് കൂടുതൽ കാണാൻ കഴിയില്ല. അവരുടെ വരുമാന മാർഗം കൊള്ളയായിരുന്നു എന്നാണ് പറയപ്പെടുന്നത്. അന്നത്തെ ഏറ്റവും പ്രധാനപ്പെട്ട പാതയായായിരുന്നു ഈ ചാലിയാർ. നിലമ്പൂർ കോവിലകത്തെയും സാമൂതിരിയുടെ കോവിലകത്തെയും തമ്മിൽ ബന്ധപ്പെടുത്തിയിരുന്ന മാർഗം. നിലമ്പൂർ മുതൽ കോഴിക്കോട് വരേയുള്ള ചരക്ക് നീക്കത്തിനുള്ള പാതയും ചാലിയാർ തന്നെയായിരുന്നു. സാമൂതിരി കുടുംബത്തിന് നേരെ നടത്തിയ ആക്രമണമാണ് അവരെ ഇവിടെ നിന്നും തുരത്തി ഓടിക്കലിലും ഇവിടെ മുസ്ലിം സമുദായത്തെ അധിവസിപ്പിക്കുന്നതിലേക്കും എത്തിച്ചേരാനിടയാക്കിയത്. ഇവിടെയുള്ള ഒരു കുടുംബവും ഇവിടെ മാത്രം ആഴത്തിൽ വേരുള്ളവരല്ല. അവരൊക്കെയും പുറത്ത് വേരുകളുള്ളവരാണ്. 'കാട്ടിൽ വീട്ടിൽ' കോഴിക്കോട് നിന്നും വന്നവരാണ്. 'കല്ലുവെട്ടിക്കുഴിയിൽ' എടവണ്ണയിൽ നിന്നാണ്. 'നാലകത്തും' 'മുസ്ല്യാരകത്തും' പൊന്നാനിയിൽ നിന്നും. 'മൂർക്കന്മാരും' പൊന്നാനിക്കാരാണ്. അവരുടെ ശരിക്കുമുള്ള പേര് 'മൂർക്കനാട്ട്' എന്നാണ്. കവി മുണ്ടമ്പ്ര ഉണ്ണി മമ്മദാണ് പാട്ടിലെ താളവും ശ്രുതിയും ഒപ്പിക്കുവാൻ വാക്ക് മുറിച്ചെഴുതിയത്. എല്ലാ കുടുംബങ്ങളും പുറത്ത് നിന്ന് വന്നവരാണ്. സാമൂതിരിയുടെ ഭരണത്തിന് കീഴിലുള്ള പ്രദേശങ്ങളിൽ നിന്നുള്ള ആളുകളെ മാത്രമാണ് ഇവിടെ കാണാനാവുക. അതും മുസ്ലിംകളെ മാത്രം പെറുക്കിയെടുത്ത്, ചില പ്രത്യേകതരം ആളുകളെ മാത്രമാണ് ഇവിടെ പാർപ്പിച്ചിട്ടുള്ളത്. ഈ ആളുകളൊക്കെ ആരും ആർക്കും തോറ്റ് കൊടുക്കാത്തവരോ, ആരും ആരുടേയും മേലിൽ കയറാനൊ പോവാത്തവരാണ്.

**ഇവിടുത്തെ മുസ്ലിം കുടിയേറ്റത്തിന്റെ ഭാഗമായി വന്ന ആദ്യ പള്ളിയായി നമുക്ക് താഴത്തങ്ങാടി ചെറിയ പള്ളിയെ കാണാൻ കഴിയുമൊ?**

അതെ, അതിനു മുമ്പ് ഒരു പള്ളി ഇവിടെ അടയാളപ്പെടുത്തപ്പെട്ടതോ പറയപ്പെട്ടതായോ ഇല്ല. ഏകദേശം ചെറിയ പള്ളിയുടെ അതേ പ്രായം തന്നെയാണ് മേത്തലങ്ങാടി പളളിക്കുമുള്ളത്. മേത്തലങ്ങാടി പളളി 50 കൊല്ലത്തോളം നമസ്കാരമില്ലാതെ ഉപേക്ഷിക്കപ്പെട്ട പള്ളിയാണ്. അരീക്കോട് മുജാഹിദ് പ്രസ്ഥാനം രൂപപ്പെട്ടതിന് ശേഷം അവരത് വൃത്തിയാക്കി ജമാഅത്ത് നമസ്കാരം തുടങ്ങി. പിന്നെയാണ് ജുമുഅ നമസ്കാരം കൂടി തുടങ്ങുന്നത്. ഉപേക്ഷിക്കപ്പെട്ട് ആരും തിരിഞ്ഞ് നോക്കാതെ കിടന്നിരുന്ന പള്ളിയായിരുന്നു അത്. താഴത്തങ്ങാടിയിൽ പുതിയ പള്ളി (വലിയ ജുമുഅത്ത് പള്ളി) നിലവിൽ വന്നപ്പോൾ എല്ലാവരും ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കാൻ അങ്ങോട്ട് പോവുകയും ചെറിയ രണ്ട് പള്ളികളും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. എന്റെയൊക്കെ ചെറുപ്പത്തിൽ തന്നെ താഴത്തങ്ങാടി ചെറിയ പള്ളിയിലേക്ക് പോകാൻ ആളുകൾക്ക് പേടിയായിരുന്നു. ജിന്നുകളും കുളിയനുമൊക്കെ പാർക്കുന്ന സ്ഥലം എന്നായിരുന്നു അതിനെപ്പറ്റിയുള്ള ആളുകളുടെ വിശ്വാസം.

**താങ്കളുടെ സഹോദരൻ അബ്ദുല്ലാ യൂസുഫലിയാണ് അരീക്കോട്ടിൽ സമാന്തരമായ വിദ്യഭ്യാസ പ്രവർത്തനങ്ങൾക്ക് 'അരീക്കോട് ട്യൂട്ടോറിയൽസ്' എന്ന സ്ഥാപനത്തിലൂടെ തുടക്കമിടുന്നത്.**

സാമൂഹിക പ്രതിബദ്ധത എന്നൊരു വലിയ കാര്യമുണ്ട്. സമൂഹത്തിലേക്ക് കണ്ണ് തുറന്ന് നിൽക്കുന്ന സഹായ മനസ്സുള്ള ആളുകൾക്കാണ് അതുണ്ടാവുക. മുൻ പി.എസ്.സി.ചെയർമാൻ കെ.വി.സ്വലാഹുദ്ദീൻ, പെരുമ്പറമ്പിൽ താമസമുള്ള ഇഖ്ബാൽ, എന്റെ സഹോദരൻ യൂസുഫലി എന്നീ മൂന്നു പേരാണ് അരീക്കോട്ടെ സമാന്തര വിദ്യഭ്യാസ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. മൂന്ന് പേരും അന്നേ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ സഹയാത്രികരാണ്. ഒരു തികഞ്ഞ കമ്മ്യൂണിസ്റ്റുകാരൻ തന്നെയായിരുന്നു അന്ന് കെ.വി.സ്വലാഹുദ്ദീൻ. ഇഖ്ബാലാക്കയും ഒരു കമ്മ്യൂണിസ്റ്റുകാരൻ തന്നെയായിരുന്നു. എന്റെ ജ്യേഷ്ഠൻ ഒരു തുറന്ന കമ്മ്യൂണിസ്റ്റല്ലായിരുന്നു. ഒരു സഹയാത്രികൻ മാത്രമായിരുന്നു. ഈയൊരു ചെറുപ്പക്കാരുടെ കൂട്ടായ്മക്ക്, അവരുടെ തൊട്ട് താഴെയുള്ള ആൾക്കാരുടെ എസ്.എസ്.എൽ.സി. പരാജയം തുടർന്നുള്ള വിദ്യഭ്യാസപരമായ മുന്നോട്ടുള്ള യാത്രയെ തകർക്കുന്നുണ്ട് എന്ന തിരിച്ചറിവുണ്ടാക്കി. എസ്.എസ്.എൽ.സി. തോൽക്കുന്നതോടെ അവർക്ക് അടുത്ത വർഷം കൂടി പത്താം ക്ലാസിൽ ഇരിക്കാൻ വയ്യ. പിന്നീട് അത് വീണ്ടും പഠിക്കാനുള്ള അവസരവുമില്ല. സമൂഹത്തിലേക്ക് കണ്ണു തുറന്ന് നിന്ന

ഈ മൂന്ന് ചെറുപ്പക്കാരാണ് ഇതിനൊരു പരിഹാരമായി കൊണ്ട് അരീക്കോട് ട്യൂട്ടോറിയൽസ് തുടങ്ങുന്നത്. എന്റെ ജ്യേഷ്ഠൻ ഒരു ബി.എസ്.സി കെമിസ്ട്രി ക്കാരനായിരുന്നു. മരിക്കുന്ന സമയത്ത് അദ്ദേഹം കെ.എസ്.ഇ.ബി.യിൽ ക്ലർക്കായിരുന്നു. കുറേ കാലം അധ്യാപകനായും ജോലി ചെയ്തിട്ടുണ്ട്. സഹോദരന് അബ്ദുല്ലാ യൂസുഫലി എന്ന് പേരിട്ടതിൽ ഒരു കാര്യമുണ്ട്. 1948 ലാണ് ജ്യേഷ്ഠൻ ജനിക്കുന്നത്. ആ സമയത്ത് വാപ്പ ചെറുവണ്ണൂർ പോസ്റ്റാഫീസിൽ പോസ്റ്റുമാഷാണ്. ഉമ്മ ജ്യേഷ്ഠനെ പ്രസവിച്ചത് അറിയുന്ന സമയത്ത് ഉപ്പ അബ്ദുല്ലാ യൂസുഫലിയുടെ വിഖ്യാതമായ ഇംഗ്ലീഷ് ഖുർആൻ വിശദീകരണം വായിച്ച് കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തി നോടുള്ള ഇഷ്ടത്തിന്റെ പേരിൽ മകന് ആ പേര് നൽകി.

**'ഗരീബോം കി സുനോ, വോ തുമാരി സുനേഗാ' എന്ന് തലയാട്ടി താളം പിടിച്ച് പാടുന്ന അപസ്മാര ക്കാരനായ അബുവിനെപ്പോലെ, ഭക്ഷണപ്രിയനായ 'ജവാനെ'പ്പോലെ, ബുദ്ധി വികസിക്കാത്ത മൂർക്കൻ അഹ്മദ് കുട്ടിയെപ്പോലെ, നാട്ടിൻപുറത്തെ നാട്ടിൻപുറ മാക്കുന്ന കുറേ കഥാപാത്രങ്ങളെ കാണിച്ച് തരുന്നുണ്ട് താങ്കൾ. ഇതിൽ ചിലരൊക്കെ ഇക്കാലത്ത് തിരിച്ചു വരണമെന്നും, തിരിച്ചുവന്നിരുന്നെങ്കിൽ ചിലതൊക്കെ ചോദിക്കാമായിരുന്നു എന്നും തോന്നിയവരുണ്ടോ?**

അബു ഇപ്പോഴും ജീവിച്ചിരിക്കുന്ന ആളാണ്. ജവാനെ ഇപ്പോൾ ഇവിടെ കാണാറില്ല. മൂർക്കൻ അഹ്മദ് കുട്ടി തിരിച്ചുവരേണ്ട ഒരു കഥാപാത്രമാണ്. നല്ലൊരു ഫുട്ബോൾ പ്രേമിയായിരുന്നു അദ്ദേഹം. എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ എല്ലായ്പ്പോഴും മുഖത്തുണ്ടാവുന്ന ചിരിയല്ലാതെ, ഒന്നും പറയാനു ണ്ടാവില്ല അദ്ദേഹത്തിന്. തിരിച്ചു വരണമെന്ന് ആഗ്രഹമുള്ള മറ്റൊരാൾ 'ഇസ്മാഈലാക്ക'യാണ്. മൂപ്പര് എന്റെ ബന്ധു കൂടിയാണ്. നിഷ്കളങ്കമായ കുസൃതികളുടെ ഒരാളായിരുന്നു. 'കണ്ണമ്മ' എന്ന ഒരു പെണ്ണുണ്ടായിരുന്നു ഇവിടെ. തമിഴ്നാട്ടുകാരി. കുറേ കാലത്തിന് ശേഷം തിരിച്ചു പോയി. അരീക്കോടിന്റെ ഏറ്റവും മോശമായ മുഖം അനുഭവിക്കേണ്ടി വന്നവ രാണവർ. അരീക്കോടിന്റെ ഏറ്റവും സുന്ദരമായ മുഖങ്ങളാണ് കരുണ, ആതിഥ്യമര്യാദ എന്നിവയൊക്കെ. യാചകരായ ആളുകളൊക്കെ ഇവിടേക്ക് കൂടുതൽ വരാനും കാരണം അരീക്കോടിന്റെ കരുണാഭാവം തന്നെയാണ്. എന്നാൽ അതല്ലാത്ത മനുഷ്യരിലെ പൈശാചികമായ ഭാവം അനുഭവിക്കേണ്ടി വന്നവ രാണ് അവർ. അവർ ഒരു ഉന്മാദിനിയായിരുന്നു. അങ്ങനത്തെ ഒരു സ്ത്രീയെ കയറി പ്രാപിക്കുക എന്നുള്ളത് മനുഷ്യത്വമില്ലായ്മയാണ്. അങ്ങനെ ചെയ്ത ആൾക്കാരുണ്ടിവിടെ. വെളിവുണ്ടാകുന്ന ചില സമയങ്ങളിൽ അവർ പ്രതിരോധിക്കും. ആ സമയങ്ങ ളിൽ അവർ അക്രമിക്കപ്പെടും. വിറക് കൊണ്ട് അടി യേറ്റ് തല പൊട്ടി ചോരയൊലിച്ച സന്ദർഭങ്ങൾ വരെ ഉണ്ടായിട്ടുണ്ട്. ഇങ്ങനത്തെ അനുഭവങ്ങളെ കുറിച്ച് എന്തുണ്ട് നിങ്ങൾക്ക് പറയാൻ എന്ന് അവരോട് ചോദിക്കണമെന്നുണ്ട്. ഒരേ സമയം ഈ നാടിന്റെ രണ്ട് ഭാവങ്ങളും അനുഭവിച്ച ഒരാള് അവർ മാത്രമേ ഒള്ളൂ. സ്നേഹപൂർണ്ണവും കരുണ നിറഞ്ഞതുമായ പെരുമാറ്റവും ലൈംഗികാസക്തിയോടെയുള്ള മൃഗീ യമായ പെരുമാറ്റങ്ങളും അനുഭവിക്കേണ്ടി വന്നവർ.


• മലിക് നാലകത്ത്

**'അരീക്കോടിന്റെ ഖിസ്സ' എന്ന പുസ്തകത്തിലൂടെ താങ്കൾക്ക് മുമ്പ് വി.അബ്ദുല്ലക്കുട്ടി സാഹിബ് അരീക്കോടിന്റെ ചരിത്രത്തെ രേഖപ്പെടുത്തിയിട്ടുണ്ട്. എങ്ങനെയാണ് ആ പുസ്തകത്തെ നോക്കിക്കാണുന്നത്?**

ഒരാൾ എഴുതുന്നത് അയാളുടെ ഒരു വീക്ഷണ കോണിൽ നിന്നിട്ടായിരിക്കും. ആരായാലും അവരുടെ കാഴചപ്പാടുകളും നിലപാടുകളുമാണ് അവർ ആവിഷ് കരിക്കുന്നത്. ആ കാഴ്ചപ്പാടുകളോട് നമുക്ക് വിയോജിക്കാവുന്നതാണ്. എന്റെ എഴുത്തുകളോടും നിങ്ങൾക്ക് വിയോജിക്കാം. 'അരീക്കോടിന്റെ ഖിസ്സ' എന്നത് അരീക്കോടിന്റെ ചരിത്രം രേഖപ്പെടുത്താനുള്ള ആദ്യത്തെ ശ്രമമാണ്. ആരും ചരിത്ര രചനക്ക് മെനക്കെട്ടില്ല എന്നത് അരീക്കോടിനുള്ള പ്രധാന ദൂഷ്യങ്ങളിലൊന്നാണ്. ഒരുപാട് വർഷത്തെ സാംസ്കാരിക പാരമ്പര്യമോ, ചരിത്ര പാരമ്പര്യമോ ഒന്നും അരീക്കോടിനില്ല. എന്നിട്ടുപോലും ചരിത്ര രചനയ്ക്ക് ആരും തയ്യാറായില്ല. ഒരു 350 കൊല്ലത്തെ ചരിത്രമേ അരീക്കോട് എന്ന സ്ഥലത്തിന് അവകാശ പ്പെടാനൊള്ളൂ. ഞാൻ പറയുന്ന അരീക്കോട്ടിൽ സമീപ പ്രദേശങ്ങളായ പെരുമ്പറമ്പോ, പുത്തലമോ, കൊഴക്കോട്ടൂരോ ഒന്നും വരില്ല. അരീക്കോട് എന്ന സ്ഥല നാമത്തിന് കീഴിൽ വരുന്ന ഈ ചെറിയ പ്രദേശം മാത്രം. അക്ഷരാഭ്യാസമുള്ളവർ മാത്രം ജീവിച്ചിരുന്ന നാടാണിത്. അറബി-മലയാളം ഒരു വിദ്യഭ്യാസം തന്നെ യാണ്. അറബി-മലയാളത്തിൽ മഹത്തായ കൃതികൾ എഴുതിയ ആൾക്കാർ ഇവിടെ ജീവിച്ചിട്ടുണ്ട്. കവി മുണ്ടമ്പ്ര ഉണ്ണി മമ്മദ് 'കൊടികേറ്റം' (1917) എന്ന കാവ്യത്തിലൂടെ ഒരു പരിധി വരേ അരീക്കോടിന്റെ ചരിത്രം ഉൾകൊള്ളിച്ചിട്ടുണ്ട്. അതേ സമയം അയാ ൾക്ക് അറിയാമായിരുന്നു അതിന് മുമ്പത്തെ 250 വർഷത്തെ ചരിത്രം. ചരിത്രം എന്ന രീതിയിൽ അദ്ദേഹം അത് എഴുതാൻ ശ്രമിച്ചില്ല. അദ്ദേഹത്തിന്റെ തെറ്റാണ് അത് എന്നൊന്നും ഞാൻ പറയുന്നില്ല. വി.അബ്ദുല്ലക്കുട്ടി സാഹിബ് വേണ്ടി വന്നു അരീക്കോട്ടുകാരിൽ അങ്ങനെയൊരു ബോധത്തെ ഉണ്ടാക്കിയെടുക്കുവാൻ.

ആ പുസ്തകത്തിന് അതിന്റേതായ പരിമിതികളുണ്ട്. സമഗ്രമായ ഒരു രചനയല്ല അത്. എന്റേതും സമഗ്രമല്ല. ഒരു യഥാർത്ഥ ചരിത്രപഠനം നടത്തിയി ട്ടുള്ള ഒരു ചരിത്രഗ്രന്ഥം ഇനിയും അരീക്കോട് പിറക്കേണ്ടിയിരിക്കുന്നു. ചരിത്രത്തെ ശാസ്ത്രീയമായി സമീപിച്ച് കൊണ്ടുള്ളത്. എന്റെ കാഴ്ചയിലും അറിവിലും അനുഭവത്തിലും ഗന്ധത്തിലുമുള്ളതാണ് ഞാൻ എഴുതിയിട്ടുള്ളത്. ഞാൻ മണത്തത് പോലും എന്റെ പുസ്തകത്തിലുണ്ട്.
ഞാൻ നേരിൽ അനുഭവിച്ചറിഞ്ഞ കാര്യങ്ങളുടെ പശ്ചാത്തലങ്ങളെ കൂടി അന്വേഷിച്ചറിഞ്ഞ് ഞാനെഴുതി എന്നേയുള്ളൂ. വ്യക്തിപരമായ കാഴ്ചയും അറിവും മാത്രം. അദ്ദേഹത്തിന്റെ പുസ്തകവും അദ്ദേഹത്തിന്റെ വ്യക്തിപരമായ അനുഭവങ്ങളാണ്. അദ്ദേഹത്തിന്റെ കാഴ്ചകളേക്കാൾ കേൾവികളാണ് ആ പുസ്തക ത്തിലുള്ളത്. അരീക്കോടിനെക്കുറിച്ച് ആളുകൾക്ക് ഒരു ബോധമുണ്ടാക്കി എന്നതും, അരീക്കോടിന് ഇങ്ങനെയൊരു ചരിത്രമുണ്ട് എന്നത് കുറച്ച് ആളുകളിലേക്കെങ്കിലും എത്തിക്കാൻ സാധിച്ചു എന്നതും അദ്ദേഹം ചെയ്ത വലിയ കാര്യമാണ്. പക്ഷേ അതിനെയൊന്ന് വിശദമാക്കി എഴുതാനൊ, അതിനുവേണ്ടി കൂടുതൽ അധ്വാനിക്കാനൊ അദ്ദേഹം തയ്യാറായിട്ടില്ല എന്നത് ആ പുസ്തകം വായിക്കുമ്പോൾ മനസ്സിലാവുന്ന കാര്യമാണ്.





# She: The Mother Earth

/ AJISHA K
BA ENGLISH & ISLAMIC HISTORY, 2 YEAR

She the mother Earth
Pulled out her dried tongue
Screamed out from her inner core
Leaned out her bare hands
Embossed out her leprosy skin

Her weeping breast can
No more feed children
Her dried womb can
No more carry anyone
Her cracked body can
No more sprout a life
Her toiled eyes can
No more flow any tears

I rushed to make a slogan
To verse couplets
I raised placards, and
Planted new buds,
Watered it from sealed bottles,
And offered her euthanasia...
And coldly claimed
It for next generation,
Praised our rude forefathers
Alas, it was too late...
Her chest is toiling
To survive,
Her legs are shivering
To withstand
Her heart is bleeding
To write her chronicle,
Her eyes are begging
To save her

And I saw,
She is merely having her last breath,
She is softly paralyzing her body
Beholding her children in last moments too

And revelation came
Me too striving,
Wheezing, shivering, scorching...
And collapsing with her
It was too late



ചെയ്ത്താങ്ങ്




അരീക്കോടു നിന്നും പുറത്തിറങ്ങിയിരുന്ന അൽബുശ്റ് മാസിക

ദക്ഷിണേന്ത്യയിലെ ആദ്യത്തെ അറബി പ്രസിദ്ധീകരണമായ 'അൽ ബുശ്റ്' അറബി മാസിക പുറത്തിറങ്ങിയിരുന്നത് അരീക്കോട് നിന്നായിരുന്നു. കേരളത്തിലെ അറബി പത്ര പ്രവർത്തന രംഗത്തെ സുപ്രധാന നാഴികക്കല്ലായിരുന്നു അത്. പ്രമുഖ അറബി ഭാഷാ പണ്ഡിതനും ദീർഘകാലം സുല്ലമുസ്സലാം അറബിക് കോളേജ് പ്രിൻസിപ്പളുമായിരുന്ന കെ.പി.മുഹമ്മദ് മൗലവിയായിരുന്നു മാസികയുടെ അമരത്തുണ്ടായിരുന്നത്. 1963 ലാണ് അൽ ബുശ്റയുടെ ആദ്യ ലക്കം അരീക്കോട് നിന്നും പുറത്തിറങ്ങിയത്

# അൽ ബുശ്റ മാസികയും കെ.പി.മുഹമ്മദ് മൗലവിയും

/ ഇർഫാൻ എം ആമയൂർ
എം.എ. അഫ്ദലുൽ ഉലമ, ഒന്നാം വർഷം

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോട് കൂടി കേരളത്തിലെ അറബി ഭാഷ പഠനരംഗത്ത് സമൂലമായ മാറ്റങ്ങൾ ദൃശ്യമായിത്തുടങ്ങി. പരമ്പരാഗതമായ ദർസ് പഠന സമ്പ്രദായത്തിൽ നിന്നും മാറി അറബി ഭാഷാ പഠനം പുതിയ വഴികളിലൂടെ സഞ്ചാരം തുടങ്ങിയ കാലമായിരുന്നു അത്. മുസ്‌ലിം കുട്ടികൾ വിദ്യാലയങ്ങളിൽ പോകുവാൻ തുടങ്ങിയതോടെ പൊതുപള്ളിക്കൂടങ്ങളിൽ അറബി ഭാഷ കയറിച്ചെന്നു. കാലങ്ങളായി തുടർന്ന് പോന്നിരുന്ന ദർസ് രീതികൾ പുതിയ കാലത്തിന്റെ ആവശ്യം നിർവ്വഹിക്കാനോ ലോകമെങ്ങും ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന വിജ്ഞാന വളർച്ചയുമായി സമരസപ്പെട്ടു പോവാനോ പര്യാപ്തമല്ല എന്ന തിരിച്ചറിവിൽ നിന്നാണ് പുതിയ അറബി കലാലയങ്ങൾ ഉദയം ചെയ്യുന്നത്. അവിടെ ആധുനിക അറബി ഭാഷയും സാഹിത്യങ്ങളും വർദ്ധിതമായ തോതിൽ ചർച്ച ചെയ്യപ്പെട്ടു.

കേരളത്തിലെ അറബി ഭാഷാ പഠന രംഗത്ത് കഴിഞ്ഞ നൂറ്റാണ്ടിൽ പ്രത്യക്ഷമായ രണ്ട് മാറ്റങ്ങളാണ് നമുക്ക് നിരീക്ഷിക്കാനാവുക. അതിലൊന്ന് പൊതു വിദ്യാലയങ്ങളിൽ അറബി ഭാഷാ പഠനം ആരംഭിച്ചു എന്നതാണ്. ഉന്നത ഭാഷാ പഠനവും പ്രയോഗവും ലക്ഷ്യംവെച്ചുള്ള ഉന്നത കലാലയങ്ങളുടെ ആരംഭമാണ് മറ്റൊന്ന്. ഇവ രണ്ടും കേരളത്തിലെ അറബി ഭാഷയുടെ വളർച്ചക്കും പ്രചാരത്തിനും സഹായകമായിത്തീർന്നു എന്നതിൽ സംശയമില്ല. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള അറബി ഭാഷാ സമൂഹവുമായുള്ള ബന്ധങ്ങളാണ് കേരളത്തിൽ ഉന്നത ഭാഷാ കലാലയങ്ങൾ തുടങ്ങുന്ന തിന് കാരണമായി ഭവിച്ചത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ പ്രകടമായ ഭാഷാ പഠനരംഗത്തെ ഈ പുത്തൻ ഉണർവുകൾ നാൽപ്പതുകളോടെ മൂർത്തഭാവം കൈവരിച്ചു.

ലോകത്തിലെ ഏറ്റവും വലിയ ഇസ്‌ലാമിക സർവകലാശാലയായ ഈജിപ്തിലെ ജാമിഉൽ അസ്ഹറിൽ നിന്ന് നീണ്ട പത്ത് വർഷത്തെ പഠനം പൂർത്തിയാക്കി വന്ന മൗലാന അബുസ്വബാഹ് അഹ്മദലി മൗലവി, അൽ അസ്ഹറിലെ നൂതന പഠന രീതികൾ അവലംബിച്ച് ഉന്നത അറബി ഭാഷാ പഠനം ലക്ഷ്യം വെച്ച് കേരളത്തിലെ ആദ്യത്തെ അറബിക് കോളേജായ റൗദത്തുൽ ഉലൂം അറബിക് കോളേജ് 1942 ജനുവരിയിൽ സ്ഥാപിച്ചു. തുടർന്ന് അഞ്ച് വർഷത്തിനിടെ മൂന്ന് ഉന്നത അറബി ഭാഷാ കലാലയങ്ങൾ കൂടി സ്ഥാപിക്കപ്പെട്ടു. 1943 ൽ ദാറുൽ ഉലൂം അറബിക് കോളേജ് വാഴക്കാട്ടും 1944 ൽ എൻ.വി. അബ്ദുസ്സലാം മൗലവി സുല്ലമുസ്സലാം അറബിക് കോളേജ് അരീക്കോട്ടും രണ്ട് വർഷത്തിന് ശേഷം 1946 ൽ എം.സി.സി അബ്ദുറഹ്മാൻ മൗലവിയുടെ ശ്രമഫലമായി മദീനത്തുൽ ഉലൂം അറബിക് കോളേജ് പുളിക്കലിലും സ്ഥാപിക്കപ്പെട്ടു.

കേരളത്തിലെ അറബി ഭാഷാ പഠനത്തിലുണ്ടായ ഇത്തരം മാറ്റങ്ങളുടെ തുടർച്ചയായാണ് അരീക്കോട് നിന്നും ദക്ഷിണേന്ത്യയിലെ ആദ്യത്തെ അറബി പ്രസിദ്ധീകരണമായ 'അൽ ബുശ്റ' അറബി മാസിക 1963 ൽ ആരംഭിക്കുന്നത്. കേരളത്തിലെ അറബി പത്രപ്രവർത്തന രംഗത്തെ സുപ്രധാന നാഴികല്ലായിരുന്നു അത്. പ്രമുഖ അറബി ഭാഷാ പണ്ഡിതനും ദീർഘകാലം സുല്ലമുസ്സലാം അറബിക് കോളേജ് പ്രിൻസിപ്പളുമായിരുന്ന കെ.പി.മുഹമ്മദ് മൗലവിയായിരുന്നു മാസികയുടെ അമരത്തുണ്ടായിരുന്നത്. കേരളത്തിൽ നിന്നും ഒരു അറബി മാസിക ഇറക്കുക എന്ന പൂർവ്വകാല അറബി പണ്ഡിതന്മാരുടെ ഉള്ളിൽ അലയടിച്ചിരുന്ന ആഗ്രഹം കെ.പി.മുഹമ്മദ് മൗലവിയിലൂടെ തീരം കാണുകയായിരുന്നു.



ഈജിപ്തിൽ നിന്നും പുറത്തിറങ്ങിയിരുന്ന അൽ വകാഇഉൽ മിസ്‌രിയ്യയുടെ പ്രഥമലക്കം (1928)



*കെ.പി.മുഹമ്മദ് മൗലവി (വിവിധ കാലങ്ങളിൽ)*

ഈജിപ്തിലേക്കുള്ള ഫ്രഞ്ച് അധിനിവേശത്തോട് കൂടിയാണ് ലോകാടിസ്ഥാനത്തിൽ അറബ് പത്രപ്രവർത്തനം ആരംഭിക്കുന്നത്. അച്ചടിയന്ത്രവുമായി കടന്നുവന്ന പാശ്ചാത്യരാണ് ഈജിപ്തിൽ നിന്നും ആദ്യത്തെ അച്ചടി മാധ്യമം പുറത്തിറക്കിയത്. 1828ൽ മുഹമ്മദലി പാഷയുടെ മേൽനോട്ടത്തിൽ പുറത്തിറക്കിയ 'അൽ വഖാഇഉൽ മിസ്‌രിയ്യ' ആണ് ആദ്യത്തെ ലക്ഷണമൊത്ത അറബി പത്രം.

1871 ഒക്ടോബറിൽ ലാഹോറിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ട 'അന്നഫ്ഉൽ അളീം ലി അഹ്‌ലി ഹാദൽ ഇക്‌ലീം' എന്ന വാരികയാണ് ഇന്ത്യയിൽ നിന്ന് പ്രസിദ്ധീകരിച്ച പ്രഥമ അറബി ആനുകാലികം. പഞ്ചാബ് സർവകലാശാല രജിസ്ട്രാറുടെ മേൽനോട്ടത്തിലായിരുന്നു പത്രം പ്രസിദ്ധീകരിച്ചിരുന്നത്. കല്ലച്ചിൽ മുദ്രണം ചെയ്തിരുന്ന ഇതിൽ മത, സാഹിത്യ, സാംസ്കാരിക, വാർത്തകളും സാമൂഹിക പുരോഗതി ലക്ഷ്യം വെച്ച് കൊണ്ടുള്ള ലേഖനങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. മുസ്‌ലിം വിദ്യാഭ്യാസ പരിഷ്കർത്താവ് സർ സയ്യിദ് അഹ്മദ് ഖാന്റെ നിലപാടുകളെ പിന്തുണക്കുന്ന സമീപനമായിരുന്നു പത്രം സ്വീകരിച്ചിരുന്നത്.

1902 ൽ ലഖ്നോവിൽ നിന്നും പുറത്തിറക്കിയ 'അൽ ബയാൻ', 1923 ൽ മൗലാന അബുൽ കലാം ആസാദ് കൊൽക്കത്തയിൽ നിന്നും പ്രസിദ്ധീകരിച്ച 'അൽജാമിഅ', 1931 ൽ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമയിൽ നിന്നും പ്രസിദ്ധീകരണമാരംഭിച്ച 'അദ്ദിയാഅ്', 1950 ൽ മൗലാന ആസാദിന്റെ ശ്രമഫലമായി കേന്ദ്ര വിദേശകാര്യ വകുപ്പിന്റെ കീഴിൽ പുറത്തിറക്കിയ 'സഖാഫത്തുൽ ഹിന്ദ്' തുടങ്ങിയവയാണ് അതിന് ശേഷം ഇന്ത്യയിൽ നിന്നും പുറത്തിറങ്ങിയ പ്രധാന ആനുകാലികങ്ങൾ. കറാച്ചിയിൽ നിന്നും 'അബ്ദുല്ല മുൻഇം അൽ അദവി' യുടെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയിരുന്ന 'അൽ അറബ്' മാസികക്കും 1955ൽ നദ്‌വത്തുൽ ഉലമ ലഖ്നൗവിൽ നിന്നും പ്രസിദ്ധീകരണം തുടങ്ങിയ 'ബഅസുൽ ഇസ്‌ലാമി'ക്കും കേരളത്തിൽ വലിയ സ്വീകാര്യത ലഭിച്ചു. നിരവധി മലയാളികൾ ഈ പത്രമാസികകളിൽ ലേഖനങ്ങളെഴുതി.

1958 സെപ്തംബർ 21 ന് കോഴിക്കോട് ടൗൺ ഹാളിൽ വെച്ച് നടന്ന കേരളത്തിലെ അറബി ഭാഷാ പ്രേമികളുടെ യോഗത്തിൽ വെച്ചാണ് അറബി ഭാഷാ പ്രചാരണം ലക്ഷ്യം വെച്ച് കൊണ്ട് 'കേരള അറബി പ്രചാരസഭ' രൂപം കൊള്ളുന്നത്. ഇ.കെ.മൗലവി സാഹിബായിരുന്നു ആ യോഗത്തിന്റെ അധ്യക്ഷൻ. കെ.പി.മുഹമ്മദ് മൗലവിയെ ആ യോഗം കേരള അറബി പ്രചാരസഭയുടെ അധ്യക്ഷ സ്ഥാനം ഏൽപ്പിച്ചു. പുളിക്കൽ മദീനത്തുൽ ഉലൂം അറബിക് കോളേജ് കേന്ദ്രമാക്കിയാണ് സംഘം പ്രവർത്തനങ്ങൾ തുടർന്നത്. അറബി ഭാഷാ പ്രചാരണത്തിനായി സഭ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തു. പൂർണമായും അറബി ഭാഷയിൽ മാത്രം സംസാരിക്കുന്ന പൊതുയോഗങ്ങൾ സഭയുടെ കീഴിൽ സംഘടിപ്പിക്കപ്പെട്ടു. അറബിക്കോളേജ് വിദ്യാർത്ഥികൾക്കിടയിൽ നിരവധി മത്സര പരിപാടികൾ അറബി പ്രചാരസഭയുടെ ആഭിമുഖ്യത്തിൽ നടന്നു. കേരളത്തിലെ ആദ്യത്തെ മുസ്‌ലിം വിദ്യാഭ്യാസ ഇൻസ്പെക്ടറായിരുന്ന കരുവള്ളി മുഹമ്മദ് മൗലവിയുടെ വീട്ടിൽ വിളിച്ച് ചേർത്ത ഈ അറബി ഭാഷാ സ്നേഹികളുടെ ശ്രമഫലമായാണ് 'അൽബുശ്‌റ' അറബി മാസിക യാഥാർത്ഥ്യമാവുന്നത്.

***കേരളത്തിലെ അറബി ഭാഷാ പഠനത്തിലുണ്ടായ ഇത്തരം മാറ്റങ്ങളുടെ തുടർച്ചയായാണ് അരീക്കോട് നിന്നും ദക്ഷിണേന്ത്യയിലെ ആദ്യത്തെ അറബി പ്രസിദ്ധീകരണമായ 'അൽ ബുശ്‌റ' അറബി മാസിക 1963 ൽ ആരംഭിക്കുന്നത്. കേരളത്തിലെ അറബി പത്രപ്രവർത്തന രംഗത്തെ സുപ്രധാന നാഴികല്ലായിരുന്നു അത്.***

1963 ജനുവരി 25നാണ് ആദ്യ ലക്കം 'അൽബുശ്റ' മാസിക അരീക്കോട് നിന്നും പുറത്തിറങ്ങിയത്. കൊടുങ്ങല്ലൂരിനടുത്ത അഴീക്കോട് അൽ ഇർശാദ് പ്രസ്സിലായിരുന്നു അച്ചടി. മാസികയുടെ പ്രസാധകനും പ്രധാന പത്രാധിപരുമായ കെ.പി.മുഹമ്മദ് മൗലവി അന്ന് സുല്ലമുസ്സലാം അറബിക് കോളേജിൽ അധ്യാപകനായി സേവനമനുഷ്ഠിക്കുകയായിരുന്നു. അരീക്കോട്ടുകാരുടെ പിന്തുണയും അകമഴിഞ്ഞ സഹകരണവും അരീക്കോട് നിന്ന് തന്നെ മാസിക പുറത്തിറക്കാൻ കെ.പി.മുഹമ്മദ് മൗലവിക്ക് പ്രചോദനമായി. അറബി ഭാഷാ വിദ്യാഭ്യാസം നേടിയ അനേകം പേർ അന്നേ അരീക്കോടുണ്ടായിരുന്നു.
1944ൽ സ്ഥാപിതമായ അറബിക് കോളേജിൽ നിന്നും 1955ൽ സ്ഥാപിക്കപ്പെട്ട സുല്ലമുസ്സലാം ഓറിയന്റൽ ഹൈസ്കൂളിൽ നിന്നും നിരവധി അരീക്കോട്ടുകാർ അറബിഭാഷാ പഠനം പൂർത്തീകരിച്ചിരുന്നു. പ്രമുഖ ഖുർആൻ പണ്ഡിതനായിരുന്ന എൻ.വി.അബ്ദുസ്സലാം മൗലവിയും കെ.പി.മുഹമ്മദ് മൗലവിയുടെയും നേതൃത്വത്തിൽ വർഷങ്ങളായി അരീക്കോട് നടന്ന് വന്നിരുന്ന ഖുർആൻ പഠന സംരംഭവും ഒരുപാട് അരീക്കോട്ടുകാരെ അറബി ഭാഷാ ജ്ഞാനികളാക്കി തീർത്തിരുന്നു. ഇത് കൊണ്ടു തന്നെ മാസികയുടെ വലിയൊരു കൂട്ടം വായനക്കാർ അരീക്കോട് നിന്നു തന്നെ ഉണ്ടായിരുന്നു. മാസികയുടെ പോസ്റ്റ് പ്രൊഡക്ഷൻ വർക്കുകൾ അറബിക് കോളേജിലെ വിദ്യാർത്ഥികളും സന്തോഷപൂർവ്വം നിർവ്വഹിച്ചു.


الحركة السلفية بكيرلا

• جمعية العلماء بكيرلا

• ندوة المجاهدين

• اتحاد الشبان المجاهدين

• حركة الطلبة المجاهدين

بقلم الشيخ محمد احمد الأمين العام لندوة المجاهدين

1982

PRINTED AT INDO - ARAB PRESS, TIRUR 676101

അൽ ഹർക്കത്തുസ്സലഫിയ്യ ഫി കേരളാ

മദീനത്തുൽ ഉലൂം അറബിക് കോളേജിൽ നിന്നും വിദ്യാർത്ഥി പഠനകാലം പൂർത്തിയാക്കി സ്വദേശമായ വളവന്നൂരിൽ അധ്യാപകനായും, അദ്ദേഹം തന്നെ സ്ഥാപിച്ച *അൻസ്വാറുല്ലാ* സംഘത്തിന്റെ ഭാഗമായി നാട്ടിൽ നവോത്ഥാന പ്രവർത്തനങ്ങളുമായും മുന്നോട്ടു പോവുമ്പോഴാണ് എൻ.വി.അബ്ദുസ്സലാം മൗലവിയുടെ നിർബന്ധപൂർവ്വമായ ക്ഷണം സ്വീകരിച്ച് കെ.പി.മുഹമ്മദ് മൗലവി സുല്ലമുസ്സലാം അറബിക് കോളേജിൽ അധ്യാപകനാവുന്നത്. വന്ദ്യഗുരുനാഥനായിരുന്ന ശൈഖ് മുഹമ്മദ് മൗലവിയുടെ സഹപ്രവർത്തകനാവുന്നതിലുള്ള സന്തോഷവുമുണ്ടായിരുന്നു അദ്ദേഹത്തിന്.
സ്വദേശത്ത് നിന്ന് പ്രാഥമിക വിദ്യാഭ്യാസവും പിന്നീട് പാരമ്പര്യ രീതിയിലുള്ള ദർസ് വിദ്യാഭ്യാസവും നേടിയ ശേഷം ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി വാഴക്കാട് തുടങ്ങി വെച്ച ആധുനിക രീതിയിലുള്ള ദർസിൽ പഠനം തുടരുകയും ചെയ്തു. അദ്ദേഹം അവിടെ പഠിച്ച് കൊണ്ടിരിക്കുമ്പോഴാണ് വാഴക്കാട് ദാറുൽ ഉലൂം; ചാലിലകത്തിന്റെ പുത്രൻ എം.സി.സി അബ്ദുറഹ്മാൻ മൗലവിയെ പ്രിൻസിപ്പാൾ സ്ഥാനമേൽപ്പിച്ചു കൊണ്ട് 1943 ൽ അറബിക്കോളേജായി ഉയരുന്നത്. ശൈഖ് മുഹമ്മദ് മൗലവി, എം.സി.സി.ഹസൻ മൗലവി, എം.ടി.അബ്ദുറഹ്മാൻ മൗലവി, അബുസ്വലാഹ് മുഹമ്മദ് മൗലവി തുടങ്ങിയ പ്രമുഖ പണ്ഡിതർ അന്ന് അവിടെ അധ്യാപകരായി ഉണ്ടായിരുന്നു.
1946ൽ ചില കാരണങ്ങളാൽ ദാറുൽ ഉലൂം അറബിക്കോളേജ് അടച്ചുപൂട്ടിയപ്പോൾ തൊട്ടടുത്ത വർഷം തന്നെ എം.സി.സി. അബ്ദുറഹ്മാൻ മൗലവി ആരംഭിച്ച മദീനത്തുൽ ഉലൂം അറബിക് കോളേജിൽ നിന്നും ഉപരിപഠനം പൂർത്തിയാക്കിയ അദ്ദേഹം 1949 ൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് അഫ്സൽ ഉലമ ബിരുദം കരസ്ഥമാക്കി.

1964 ൽ സുല്ലമുസ്സലാം അറബിക് കോളേജിന്റെ പ്രിൻസിപ്പൾ സ്ഥാനത്തേക്ക് ഉയർന്ന കെ.പി.മുഹമ്മദ് മൗലവി 1982 മെയ് മാസത്തിൽ സർവീസിൽ നിന്ന് വിരമിക്കുന്നത് വരെ നീണ്ട പതിനെട്ട് വർഷം

***ഡോ. മുഹ്‌യുദ്ദീൻ ആലുവായി, പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ, കരുവള്ളി മുഹമ്മദ് മൗലവി, അബുസ്സബാഹ് അഹ്മദ് അലി***








*എം. സി. സി. അബ്ദുറഹ്മാൻ മൗലവി*



*സർ സയ്യിദ് അഹ്മദ് ഖാൻ*

ആ സ്ഥാനത്ത് തുടരുകയും ചെയ്തു. അറബി ഭാഷയോട് അതീവ സ്നേഹം വെച്ച് പുലർത്തിയ അദ്ദേഹം ആ ഭാഷയെ ജീവിതത്തോട് ചേർത്ത് നിർത്തി. തന്റെ വിദ്യാർത്ഥികൾക്കും സുഹൃത്തുക്കൾക്കും കത്തെഴുതിയിരുന്നതും ഡയറിക്കുറിപ്പുകൾ തയ്യാറാക്കിയിരുന്നതും അറബിയിൽ തന്നെയായിരുന്നു. അവയിൽ ചിലത് സൂക്ഷിച്ചുവെക്കുകയും ചെയ്തിട്ടുണ്ട്. അറബ് നാടുകളുമായി ഇന്നത്തെപ്പോലെ ബന്ധപ്പെട്ടു തുടങ്ങിയിട്ടില്ലാത്ത എഴുപതുകളിൽ സ്ഫുടമായ അറബിയിൽ ഗൾഫ് പണ്ഡിതന്മാരുമായി കെ.പി.മുഹമ്മദ് മൗലവി സംവദിച്ചു. 'സാഹിത്യ ഭാഷയിൽ സംസാരിക്കുന്ന യുവാവ്" എന്ന ശീർഷകത്തോടെ ഒരിക്കൽ ഒരു അറബി പത്രത്തിൽ അദ്ദേഹത്തിന്റെ ചിത്രം അച്ചടിച്ച് വരികയുണ്ടായി. ഹജ്ജ് കർമം നിർവ്വഹിക്കാൻ വിദേശത്ത് പോയ അദ്ദേഹം മുതിർന്ന ചില അറബി ശൈഖുമാരുമായി സംസാരിച്ചിരുന്നു. അദ്ദേഹത്തിന്റെ ശുദ്ധമായ അറബി സാഹിത്യ ഭാഷ അവരിൽ അത്ഭുതം സൃഷ്ടിച്ചതിന്റെ ഫലമായിരുന്നു അത്.

'അൽബുശ്റ' മാസികയുടെ ചീഫ് എഡിറ്ററായിരുന്ന അദ്ദേഹത്തിന്റെ സമകാലിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പത്രാധിപക്കുറിപ്പുകൾ ശ്രദ്ധേയമാണ്. ഇസ്‌ലാമിക ദൈവ ശാസ്ത്രത്തെയും തത്ത്വസംഹിതകളെയും കുറിക്കുന്ന ആധികാരിക ഗ്രന്ഥങ്ങൾ രചിച്ച അദ്ദേഹത്തിന് കേരളത്തിലെ സലഫീ സംഘടനകളുടെ ചരിത്രവും പ്രവർത്തനങ്ങളും വിശദമാക്കുന്ന 'അൽഹർക്കത്ത് അസ്സലഫിയ്യ ബി കേരളാ' എന്ന ഒരു അറബി ലഘു കൃതിയുമുണ്ട്. കാലിക്കറ്റ് സർവകലാശാലയുടെ അറബിക് ബോർഡ് ഓഫ് സ്റ്റഡീസിലും അക്കാദമിക് കൗൺസിലിലും മൗലവി അംഗമായിരുന്നിട്ടുണ്ട്. നീണ്ട ഇരുപത്തിയഞ്ച് വർഷം നവോത്ഥാന സംഘടനയായ കേരള നദ്‌വത്തുൽ മുജാഹിദീന്റെ സാരഥ്യം വഹിച്ച അദ്ദേഹം ധിഷണാബോധത്തോടെ സംഘടനയെ നയിച്ചു.

പരിശുദ്ധ ക്വുർആനിന്റെയും നബിചര്യയുടേയും മറ്റു ഇസ്‌ലാമിക സാഹിത്യങ്ങളുടെയും ഭാഷയായ അറബി കേരളത്തിൽ പ്രചരിപ്പിക്കേണ്ടത് കേരള മുസ്‌ലിംകളുടെ ഒരു മഹത്തായ കടമയാണെന്ന് ഉറച്ച ബോധ്യമുണ്ടായിരുന്ന അദ്ദേഹം കാലങ്ങളായി നിരവധി പേരുടെ മനസ്സിലുണ്ടായിരുന്ന അഭിലാഷം പൂർത്തികരിക്കുകയായിരുന്നു. കേരളത്തിലെ അറബി ഭാഷാ സമൂഹം ഒന്നടങ്കം 'അൽബുശ്റ' അറബി മാസികയെ സ്വാഗതം ചെയ്തു. രൂപത്തിലും നിലവാരത്തിലും അക്കാലത്ത് ഇന്ത്യയിൽ നിന്നിറങ്ങിയ പത്രമാസികകളായ 'അൽബഅസുൽ ഇസ്‌ലാമി'ക്കും 'അറ്-റാഇദി'നും ഒപ്പം അൽ ബുശ്റ മികച്ചുനിന്നു. അറബി ഭാഷ പ്രചരിപ്പിക്കുക, സാഹിത്യാഭിരുചി പോഷിപ്പിക്കുക, അറബ് രാഷ്ട്രങ്ങളും ഇന്ത്യയുമായുള്ള സാംസ്കാരിക വിനിമയം ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളുമായി ഇറങ്ങിത്തുടങ്ങിയ അൽ ബുശ്റമാസിക ഇന്ത്യക്കകത്തും അറബ് ലോകത്തും വളരെപ്പെട്ടെന്ന് തന്നെ ഏറെ പേരുടെ ശ്രദ്ധ പിടിച്ചുപറ്റി.

രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരുടെ ആശംസകളോട് കൂടിയാണ് 'അൽബുശ്റ' അറബി മാസിക പ്രവർത്തനമാരംഭിക്കുന്നത്. അന്നത്തെ രാഷ്ട്രപതി ഡോ.എസ്.രാധാകൃഷ്ണൻ, ഉപരാഷ്ട്രപതി സാക്കിർ ഹുസൈൻ, കേരള ഗവർണർ വി.വി.ഗിരി, മന്ത്രി പി.പി.ഉമ്മർകോയ, സ്വാതന്ത്ര സമര സേനാനിയും സാമൂഹ്യ പരിഷ്കർത്താവുമായ കെ.എം.മൗലവി സാഹിബ് തുടങ്ങിയവരുടെ ആശംസ കുറിപ്പുകൾ പ്രഥമ ലക്കത്തിൽ നമുക്ക് കാണാം. ഈജിപ്തിലെ ജാമിഉൽ അസ്ഹർ പ്രതിനിധിയും മദ്രാസ് ജമാലിയ്യ കോളേജ് പ്രിൻസിപ്പളുമായിരുന്ന ശൈഖ് അഹ്മദ് ശർഖാവിയുടെ 'ഇന്ത്യയിലെ അറബി പത്രപ്രവർത്തനത്തിന്റെ സന്ദേശം' എന്ന ലേഖനം ആദ്യ ലക്കത്തിലെ മുഖ്യ ആകർഷണമാണ്.

അറബി ഭാഷയിൽ പതിനെട്ടോളം ഗ്രന്ഥങ്ങൾ രചിച്ച് അന്താരാഷ്ട്ര അറബ് മാഗസിനുകളിലെ സ്ഥിര സാന്നിദ്ധ്യമായിരുന്ന ഡോ.മുഹ്‌യുദ്ദീൻ ആലുവായ് തന്റെ ഈജിപ്തിലെ അധ്യാപന ജീവിതത്തിനിടയിൽ എഴുതിയ ലോകകാര്യങ്ങൾ ചർച്ച ചെയ്യുന്ന നിരവധി ലേഖനങ്ങൾ അൽ ബുശ്റയിലൂടെ പ്രസിദ്ധീകരിച്ചു. വാഴക്കാട് ദാറുൽ ഉലൂമിലെ പഠന കാലത്ത് പത്രാധിപർ കെ.പി.മുഹമ്മദ് മൗലവിയുമായി തുടങ്ങിയ സൗഹൃദം അൽബുശ്റയിലൂടെ അദ്ദേഹം കാത്ത്സൂക്ഷിച്ചു. ദീർഘകാലം മുസ്‌ലിം ലീഗ് അധ്യക്ഷനും കേരള രാഷ്ട്രീയത്തിലെ അനിഷേധ്യ നേതാവുമായിരുന്ന പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ തന്റെ കെയ്റോവിലെ അറബി ഭാഷാ സാഹിത്യ പഠനകാലത്തും തുടർന്നും സ്ഥിരമായി മാസികയിൽ ലേഖനങ്ങളെഴുതി. പ്രമുഖ പണ്ഡിതനും കോഴിക്കോട് ക്വാദിയുമായിരുന്ന സയ്യിദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ കൈകാര്യം ചെയ്തിരുന്ന 'ലോകം പോയ മാസത്തിൽ' എന്ന പംക്തി ഇന്ത്യയിലെ അറബി പത്ര ചരിത്രത്തിലെ നൂതന അധ്യായമായിരുന്നു. കഴിഞ്ഞ ഒരു മാസത്തിലെ ലോകത്ത് നടന്ന സുപ്രധാന ചലനങ്ങളെ ഒപ്പിയെടുത്ത് സുന്ദരമായ അറബി പത്ര ഭാഷയിൽ മാസികയിലൂടെ അദ്ദേഹം ഒരോ മാസവും അവതരിപ്പിച്ചു.

മലബാർ പൈതൃകമുണ്ടായിരുന്ന അറബി എഴുത്തുകാരൻ മുഹമ്മദ് അബ്ദുല്ല മലൈബാരി അൽ ബുശ്റയുടെ ലേഖകരിൽ ശ്രദ്ധേയനായിരുന്നു. മക്കയും കേരളവും തമ്മിലുള്ള പ്രാചീന ബന്ധങ്ങളെക്കുറിച്ച് അദ്ദേഹം ഒരു ലേഖനമെഴുതി. കേരളത്തിലെ

ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ച് പറയുന്ന പത്രാധിപരായ കെ.പി.മുഹമ്മദ് മൗലവിയുടെ പത്ത് ലക്കങ്ങളിൽ തുടർച്ചയായി പ്രസിദ്ധീകരിച്ച ലേഖനം, കേരളത്തിലെ അറബി ഭാഷാ പഠന ചരിത്രം വിശദീകരിക്കുന്ന അബുസ്സലാഹ് മുഹമ്മദ് മൗലവിയുടെ തുടർ ലേഖനങ്ങൾ, മദീന ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയെ പരിചയപ്പെടുത്തിക്കൊണ്ട് മൂന്ന് ലക്കങ്ങളിലായി മലയാളിയും സ്ഥാപനത്തിലെ അധ്യാപകനുമായിരുന്ന സഅദുദ്ദീൻ മൗലവിയുടെ ലേഖനം, കേരളത്തിലെ അറബിക്കവികളെയും അവരുടെ രചനകളെയും ചർച്ച ചെയ്യുന്ന എൻ.കെ.അഹ്‌മദ് മൗലവിയുടെ തുടർ ലേഖനം തുടങ്ങിയവ അൽ ബുശ്‌റയിലൂടെ വെളിച്ചം കണ്ട മികച്ച പഠന ലേഖനങ്ങളാണ്.

കനത്ത സാമ്പത്തിക പ്രയാസങ്ങൾ നിമിത്തം പ്രസാധകനായ കെ.പി.മുഹമ്മദ് മൗലവി 1964 ന്റെ അവസാനത്തിൽ അൽബുശ്‌റ മാസികയുടെ പ്രസിദ്ധീകരണം നിർത്തിവെച്ചു. പിന്നീട് 1967ൽ കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ (KATF) മാസിക ഏറ്റെടുക്കുകയും അരീക്കോട് നിന്നും പ്രസാധനം കെ.പി.മുഹമ്മദ് മൗലവിയുടെ സ്വദേശമായ തിരൂരിനടുത്ത വളവന്നൂരിലേക്ക് മാറ്റുകയും ചെയ്തു. കെട്ടിലും മട്ടിലും പുതിയ രൂപം കൈവരിച്ച മാസിക വീണ്ടും ഒരു ദശകക്കാലം കേരളത്തിലെ അറബി ഭാഷാ വളർച്ചക്ക് മുതൽക്കൂട്ടായി പുറത്തിറങ്ങി. കെ.പി. മുഹമ്മദ് മൗലവി മുഖ്യപത്രാധിപരായി തുടർന്നു. കരുവള്ളി മുഹമ്മദ് മൗലവി, പി.ഹുസൈൻ മദനി വളവന്നൂർ, അബ്ദുൽ മജീദ് മദനി വലിയോറ, കക്കാട് അബ്ദുല്ല മൗലവി, പി.മുഹമ്മദ് കുട്ടശ്ശേരി തുടങ്ങിയ മറ്റ് പ്രസാധക സമിതി അംഗങ്ങൾ മാസികയുടെ ക്രമബദ്ധമായ പ്രവർത്തനങ്ങൾക്ക് വേണ്ടി അഹോരാത്രം യത്നിച്ചു.

പ്രഗത്ഭമതികളായ കേരളത്തിലെ അറബിക്കവികളുടെ രചനകൾ അൽ ബുശ്‌റയിലൂടെ നിരന്തരം വെളിച്ചം കണ്ടു. ഒരു അറബിക്കവിത അച്ചടിച്ച് വരാത്ത അൽ ബുശ്‌റയുടെ ലക്കങ്ങൾ വളരെ അപൂർവ്വമായിരുന്നു. എൻ.കെ.അഹ്‌മദ് മൗലവി, അയിരൂർ മൂസാ മൗലവി, മൂസാ വാണിമേൽ, കൊച്ചന്നൂർ അലി മൗലവി തുടങ്ങിയവർ അൽ ബുശ്‌റയിൽ അറബിക്കവിതകൾ പ്രസിദ്ധീകരിച്ചവരിൽ പ്രമുഖരാണ്. അറബിക്കോളേജുകളിലെ ശക്തമായ വിദ്യാർത്ഥി സാന്നിദ്ധ്യം അൽ ബുശ്‌റയിൽ നമുക്ക് കാണാവുന്നതാണ്.

പിൽക്കാലത്ത് അറബി ഭാഷയിൽ പ്രാവീണ്യം സിദ്ധിച്ച കേരളത്തിലെ പ്രമുഖരായ പല അറബി എഴുത്തുകാരുടെയും തുടക്കം അൽ ബുശ്‌റ മാസികയിലൂടെ ആയിരുന്നു. അറബി ഭാഷാ വിദ്യാർത്ഥികൾക്ക് കഴിവു തെളിയ്ക്കാൻ അൽബുശ്‌റയിലെ താളുകളിലൂടെ അവസരം നൽകാൻ കെ.പി.മുഹമ്മദ് മൗലവി പ്രത്യേകം ശ്രദ്ധിച്ചുപോന്നു. ശാന്തപുരം ഇസ്‌ലാമിയ്യാ കോളേജ്, അരീക്കോട് സുല്ലമുസ്സലാം അറബിക് കോളേജ്, ഫറോക്ക് റൗദത്തുൽ ഉലൂം അറബിക് കോളേജ് തുടങ്ങിയ കാമ്പസുകളിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പഠന കാലത്ത് തന്നെ അൽ ബുശ്‌റയിലൂടെ എഴുതിത്തുടങ്ങി.

സ്ത്രീകളുമായി ബന്ധപ്പെട്ടുവരുന്ന വിഷയങ്ങളും സ്ത്രീകൾ എഴുതുന്ന രചനകളും മാസികയ്ക്ക് അന്യമായിരുന്നില്ല. ചെറിയ കഥകളും ഗുണപാഠങ്ങളും അടങ്ങുന്ന 'റുക്നുൽ അത്ഫാൽ' എന്ന പ്രത്യേക പംക്തി താഴ്ന്ന ക്ലാസുകളിലെ വിദ്യാർത്ഥികളെ ലക്ഷ്യം വെച്ച് നടന്നിരുന്നതായി നമുക്ക് കാണാം. കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ ഏറ്റെടുത്തതിന് ശേഷം അറബി അധ്യാപകർ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട വിദ്യാഭ്യാസവാർത്തകളും ഗവൺമെന്റ് തല അറിയിപ്പുകളും മാസികയിൽ ഉൾപ്പെടുത്തുവാനാരംഭിച്ചു. അറബി ഭാഷാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വാർത്തകളും വിവരങ്ങളും ചിത്ര സഹിതം പ്രസിദ്ധീകരിക്കപ്പെട്ടു.

അറബി ഭാഷാ രംഗത്ത് പ്രവർത്തിക്കുന്നവരുടെ അവഗണന നിമിത്തം 1967 ൽ കെ.എ.ടി.എഫിന് കീഴിൽ പുനരാരംഭിച്ച മാസികയ്ക്ക് പത്ത് വർഷത്തിന് ശേഷം 1978ൽ പ്രസിദ്ധീകരണം അവസാനിപ്പിക്കേണ്ടി വന്നു. കേരളത്തിലെ മാത്രമല്ല ദക്ഷിണേന്ത്യയിലെ തന്നെ ആദ്യത്തെ അറബി പ്രസിദ്ധീകരണമായ അൽ ബുശ്‌റ മാസികയോട് കിടപിടിക്കുന്നതും ദീർഘകാലം മുടങ്ങാതെ പ്രസിദ്ധീകരണം തുടരുകയും ചെയ്ത മറ്റൊരു പ്രസിദ്ധീകരണം പിന്നീട് കേരളത്തിൽ പിറവിയെടുത്തില്ല. മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം കെ.എ.ടി.എഫ്. 2015ൽ വി.പി.അഹ്‌മദ് കുട്ടി മദനിയെ ചീഫ് എഡിറ്റർ സ്ഥാനമേൽപ്പിച്ച് അൽബുഷ്‌റയുടെ പ്രസിദ്ധീകരണം വീണ്ടും തുടങ്ങിയെങ്കിലും പഴയ പ്രതാപത്തിലേക്കും ഉണർവിലേക്കും തിരിച്ചുവരാനാകാതെ, ക്രമാനുഗതമല്ലാതെ ഇപ്പോഴും മാസിക പ്രസിദ്ധീകരണം തുടരുന്നു.

***ജംഇയ്യത്തുൽ മുജാഹിദീനിന്റെ അമ്പതാം വാർഷിക സമ്മേളനത്തിൽ കെ.പി.മുഹമ്മദ് മൗലവി സംസാരിക്കുന്നു***





# NV IBRAHIM MASTER

/ LIYANA PARWIN C
BA AFZAL UL ULAMA, 1 YEAR

Historically, November 20, 1961 will be considered as the birthdate of Areekode, a land that contributed many prominent personalities and innovative movements. NV Ibrahim Master, one of the leading intellectuals of our times was the torchbearer of the massive educational revolution witnessed by this educationally backward locality of Malabar. Ibrahim Master's tireless efforts transformed Areekode into a citadel of education and culture within a span of less than fifty years. A multi-faceted personality, Ibrahim Sahib will be remembered for his scholarship and visions. He was one of the first graduates in the area. Apart from being an educationist his presence was also felt in political activities also. He served the society as a teacher of generations in the capacity of headmaster of Sullamussalam High School along with being the President of Areekode Panchayat. In a nutshell Ibrahim Master was way ahead of his times.
N.V Ibrahim Master found his place among the famous educationalists of Kerala. His vision and foresight brought him closer to the legendary leader CH Mohammed Koya, the long serving education minister of Kerala. Ibrahim Master played a leading role in shaping educational policies of respective governments during CH's tenure as education minister. He has served as Syndicate member of the University of Calicut for a long time.
While he was the top leadership of Muslim

League he never compromised his religious ideology. Head to toe he was a Mujahid. He had deep knowledge in religious matters and well versed in English and Arabic languages. He was far beyond narrow party politics. In his small village named Areekode, there was no other politician whose fame spread across the state. He used his influence and acquaintance only for the development of the locality and never used for his personal benefits.

Ibrahim Master was an embodiment of humility and humbleness in every aspect of his character. Books were his companions. He read everything he could lay his hands on, ranging from mathematics to children's digests. He befriended every form of literature utilizing every opportunity to quench his thirst for the knowledge.

Apart from being a good reader, he was a writer too. He was a regular contributer to Islamic magazines like Al-Manar, Al-Muneer etc.... We can see his name in the editorial board of Five Volumes of Islam published by Yuvatha Book House. In 1957 famous Quran commentator CN Ahmed Moulavi mentioned Ibrahim Master in the preface of his work "What is Quran? And for what?" for helping him in penning the book.

Ibrahim Master passed matriculation from the Government High school Malappuram and joined Sullamussalam Arabic College to pursue religious studies. Education thus made him a strong monotheist. After completing his studies, Ibrahim Master graduated in Bachelor of Arts in Mathematics from Brennen College, Thalasseri. He began his career as a headmaster at Sullamussalam Oriental High school which was established in 4 July 1955. His mature way of controlling and uniting his colleagues made Oriental High School find its place in academic and co-curricular achievements. He was fondly called the 'headmaster' by Areekodites. Honoring his excellent contribution in the field of education, he was awarded the Best National Teacher Award in the year of 1977.



*NV Ibrahim Master speaking in an event at YMA Library*

Along with being in his profession, Ibrahim Master has served as the president of Panchayat and served for a long period.

Before the establishment of water authority and water reservoir, mineral water distribution in Kerala was under the Public Health Engineering Department - PHED. Ibrahim Master inaugurated mineral water distribution directly with the help of PHED even before the nearby panchayats ever thought of it. As part of free water supply system public taps were installed in the street. Trav-

***He had deep knowledge in religious matters and well versed in English and Arabic languages. He was far beyond narrow party politics. In his small village named Areekode, there was no other politician whose fame spread across the state.***



NV Ibrahim Master

***He was the force behind bringing electricity to Areekode at a time when electrification was not included in any schemes of the government. He also succeeded in bringing an office of Rural Electrification Corporation in its introductory stage.***

elers, students, birds and animals quenched thirst from these taps.
The bus station of Areekode, which still exists in its earliest form, was built in his tenure as panchayat president in in nineteen seventies. He was the force behind bringing electricity to Areekode at a time when electrification was not included in any schemes of the government. He also succeeded in bringing an office of Rural Electrification Corporation in its introductory stage. Areekode panchayat bagged all these achievements under his visionary leadership at a time when panchayats were not given autonomous power and financial independence.
His contributions are not limited merely to the field of education. He was the president of Jam-iyyatul Mujahedeen, after the death of NV Abdussalam Malulavi. His quest for the knowledge and the habit of voracious reading took him to new heights. He was a walking encyclopedia and thus a reference for researchers.
In his presidential tenure of 1964-1985 most of the panchayat presidents in the district approached him for advice. Ishaq Kurikal MLA recalls that in the early period, Ibrahim master was the one who selected topic for him for his assembly speeches.
He was the first chairman of finance committee in the short lived Council of District, the earlier incarnation of the present day District Panchayat formed in 1991. The title positions he held seems uncountable. He was the District Treasurer and state committee member of the Muslim League, Manager of all institutions under Sullamussalam, Trust Board member of Jamia Nadwiyya, Registrar of Pulikkal Jamia Salafiyya, KNM Exam Board Chairman, Secretary of Ernad Muslim Educational Associaion Kondotty, Director of Niche of Truth, President, Areekode Young Muslim Brotherhood, Director Minority Coaching Centre and so on. He served also as member of senate, syndicate of Kerala and Calicut universities. His main concern was to establish educational institutions in educationally backward regions. He had the leading role in the foundation of EMEA College in Kondotty and MEA College in Areekode.
A great man who stamped his footprints in every walk of cultural life was active in the field till he breathed last on 5 May 1999.

# SSLC /+2
## കഴിഞ്ഞവർക്ക്

സ്വദേശത്തും വിദേശത്തും ധാരാളം തൊഴിൽ സാധ്യതയുള്ള
സർക്കാർ / PSC അംഗീകൃത ടെക്നിക്കൽ കോഴ്സുകളിൽ അഡ്മിഷൻ

## സിവിൽ Engg.
## ഓട്ടോമൊബൈൽ Engg.
## A/C & റെഫ്രിജറേഷൻ Engg.
## ഇലക്ട്രോണിക്സ് Engg.

2 വർഷ (KGCE),
1 വർഷ
ഹ്രസ്വകാല
കോഴ്സുകൾ

വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക്
തൊഴിൽ കണ്ടെത്തുന്നതിന് **ETI** പ്ലേയ്സ്മെന്റ് സെൽ പ്രവർത്തിക്കുന്നു.

**ഞങ്ങളുടെ പ്രത്യേകതകൾ**

- ഏറനാടിന്റെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ രണ്ട് ദശാബ്ദത്തിന്റെ പാരമ്പര്യം
- പരിചയ സമ്പന്നരും വിദഗ്ദ്ധരുമായ അധ്യാപകരുടെ സേവനം
- മികച്ച പ്രാക്ടിക്കൽ സൗകര്യം ലഭിക്കുന്നതിന് ആധുനിക വർക്ക്ഷോപ്പും ലാബ് സൗകര്യവും
- സിവിൽ എഞ്ചിനീയറിങ്ങിൽ പെൺകുട്ടികൾക്ക് സ്കോളർഷിപ്പോടുകൂടി പഠനാവസരം

**ഹ്രസ്വകാല കോഴ്സുകൾ**

- അലൂമിനിയം ഫാബ്രിക്കേഷൻ
- മൊബൈൽ ഫോൺ സർവീസിങ്
- ഓട്ടോ ഇലക്ട്രീഷൻ
- ഹോം അപ്ലയൻസ് സർവീസിങ്



# ETI
INSTITUTE OF ENGINEERING
(ഗവ. അംഗീകൃതം)
ക്യാമ്പ് റോഡ്, അരീക്കോട്

HELPLINE
9847 406 431
9544 587 406



# مشاهد
# كرايست شيرش

**أ/محمد طيب السلمي**

بـــلدة نيـوزيـلاندا     وحـــاكمتها جـــــيندا
تســـتشهدان الكون     أروع مـــدى المـــروءة
إندفعت البنـــادق     واستهدفـت مـئيـنـا
يـــوم انتصف مارس     عـــام ألفين وتسع عشرة
وصاحبها بصير فـــهو     مكـــفوف عين البصيرة
إمتلأ حقـــدا وغيظا     وانفجر كـــرها وغضبا
فوقع البرايا ضحـايا     في بيت نـــور الإلــــه
احتشدوا لصـــلاة     في وقـــت ذكــــر الإله
أستشهد العـــديدون     تم حصرهم بعد، خمسين
فيهم رجال نســـاء     وصـــبية هم صغـــار
مهجهم لا لا تضـــيع،     بل في الجنـــان تطـــير
حــاكمو البلدة واسوا     أهـــل الضحايا فساووا
سائر الناس في البلدة     فالبـعد لـــيس موجودا



# എൻ.വി.അബ്ദുസ്സലാം മൗലവി

*/ ശാക്കിർ കാന്തപുരം*
*എം.എ. അഫ്ദലുൽ ഉലമ, ഒന്നാം വർഷം*

ആധുനിക വിദ്യാഭ്യാസ പുരോഗതിക്ക് തന്റെ ഗ്രാമമായ അരീക്കോടിനെ സജ്ജമാക്കിയ കർമ്മയോഗിയായ പണ്ഡിതനായിരുന്നു എൻ.വി.അബ്ദുസ്സലാം മൗലവി. വാക്കുകൾക്ക് കർമ്മം കൊണ്ട് അർത്ഥം നൽകിയ മഹാനായിരുന്നു അദ്ദേഹം. ക്വുർആൻ ജീവിത ശൈലിയാക്കി ഒരു പ്രദേശത്തിനാകെ വെളിച്ചമേകിയ ധന്യൻ.

അത്മീയ വിദ്യാഭ്യാസത്തെയും ഭൗതിക വിദ്യഭ്യാസ ത്തെയും സമന്വയിപ്പിച്ചുകൊണ്ട് ഒരു പുതിയ വിപ്ലവ ത്തിന് മൗലവി വിത്തുപാകി. അജ്ഞതയിലും അന്ധകാരത്തിലും അനാചാരങ്ങളിലും തളച്ചിടപ്പെട്ട മുസ്‌ലിം സമൂഹത്തെ പുതിയൊരു മാറ്റത്തിന്റെ വിഹായസ്സിലേക്ക് എടുത്തുയർത്തിയ അദ്ദേഹം ഒരു പ്രകാശഗോപുരമായി തന്റെ ജീവിതകാലം മുഴുവൻ സമൂഹത്തെയും നാടിനെയും സേവിച്ചു.

കച്ചവടക്കാരനും കൃഷിക്കാരനുമായ എൻ.വി. മുഹമ്മദിന്റെയും കാരാട്ട്ചാലിൽ ആയിഷ (തച്ചു) വിന്റെയും മകനായി 1913 ൽ ഉമ്മയുടെ നാടായ ഒഴുകൂരിലായിരുന്നു എൻ.വി.അബ്ദുസ്സലാം മൗലവിയുടെ ജനനം. അരീക്കോട് ജി.എം.യു.പി. സ്കൂളിൽ നിന്നാണ് പ്രാഥമിക വിദ്യാഭ്യാസം നേടിയത്.

അക്കാലത്ത് മാപ്പിള സ്കൂളുകളിൽ മതപഠനത്തിന് സൗകര്യമുണ്ടായിരുന്നു. എന്നാൽ സ്കൂളിലെ മതപഠനത്തിൽ അദ്ദേഹം തൃപ്തനായില്ല. മതപഠന ത്തോടുള്ള അദ്ദേഹത്തിൻറെ താത്പര്യം കണ്ടെത്തിയ അധ്യാപകനായ നാലകത്ത് അഹ്മദ് കുട്ടി സാഹിബ് പള്ളിയിൽ വെച്ച് അദ്ദേഹത്തിന് പ്രത്യേകമായി അറബി ഗ്രന്ഥങ്ങൾ പഠിപ്പിച്ചുകൊടുത്തു. 1928 ൽ മഞ്ചേരി സ്കൂളിൽ വിദ്യാർത്ഥിയായി ചേർന്ന അദ്ദേഹം മൂന്നാം ഫോറം വരെ അവിടെ പഠിച്ചു. കോഴിക്കോട് ഹിമായത്തുൽ ഇസ്ലാം ഹയർ സെക്കൻഡറി സ്കൂളി ലും മഞ്ചേരി ഗവൺമെൻറ് ഹൈസ്കൂളിലുമായി അദ്ദേഹം സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കി.

1935ൽ അരീക്കോട് ബ്രാഞ്ച് പോസ്റ്റ് മാസ്റ്ററായി ജോലിയിൽ പ്രവേശിച്ച അദ്ദേഹം പഠിക്കാനുള്ള അതിയായ താത്പര്യം കാരണം 1937ൽ ആ ജോലി തന്റെ സഹോദരൻ എൻ.വി.ബീരാൻ സാഹിബിന് നൽകിക്കൊണ്ട് പഠനം പുനരാരംഭിച്ചു. മലപ്പുറം ഹൈസ്കൂളിൽ നിന്ന് ആ വർഷത്തെ 'Best Out Going Student' വിദ്യാർത്ഥിക്കുള്ള സമ്മാനം നേടിക്കൊണ്ട് 1940ൽ അദ്ദേഹം എസ്.എസ്.എൽ.സി പാസ്സായി. പലകാരണങ്ങളാൽ ഇടക്ക് പഠനം നിലച്ചു പോയതിനാൽ തന്റെ ഇരുപത്തി ഏഴാം വയസ്സിലാണ് അദ്ദേഹത്തിന് എസ്.എസ്.എൽ.സി. പൂർത്തീകരി ക്കാനായത്. ശേഷം തലശ്ശേരി ബ്രണ്ണൻ കോളേജിൽ ഇൻറർ മീഡിയറ്റിന് ചേർന്നെങ്കിലും സാമ്പത്തിക പ്രതിസന്ധിയും മറ്റും കാരണം പഠനം പൂർത്തിയാ ക്കാൻ സാധിച്ചില്ല. 1941ൽ വിചാരണ ഗുമസ്തനായി തിരൂർ മജിസ്ട്രേറ്റ് കോടതിയിൽ ജോലി ചെയ്തു. പിന്നീട് റവന്യൂ വകുപ്പിൽ ക്ലാർക്കായി ജോലി ലഭിച്ചു. തിരൂർ ഡെപ്യൂട്ടി തഹസിൽദാർ ഓഫീസിൽ ആദ്യ നിയമനം ലഭിച്ച അദ്ദേഹം പാലക്കാട്, മഞ്ചേരി, വടകര എന്നിവിടങ്ങളിലെ ഒഫീസുകളിൽ മാറിമാറി ജോലി ചെയ്തു. മതവിജ്ഞാനം കൂടുതലാർജ്ജിക്കാനും ക്വുർആൻ അവഗാഢമായി പഠിക്കാനും അദ്ദേഹം ആഗ്രഹിച്ചു.1947ൽ ജോലിയിൽ നിന്നും അവധിയെ ടുക്കുകയും പണ്ഡിതനായിരുന്ന കെ.എം.മൗലവി സാഹിബിന്റെ ഉപദേശ പ്രകാരം വാഴക്കാട്ടേക്ക് പഠിക്കാൻ പോവുകയും ചെയ്തു. നിരവധി അറബി ഗ്രന്ഥങ്ങൾ അവിടെ നിന്നും അദ്ദേഹം പഠിച്ചു. ഒരു കൊല്ലത്തെ അവിടുത്തെ പഠനശേഷം അബ്ദുസ്സലാം മൗലവി തിരൂരങ്ങാടി യതീംഖാനയുടെ മാനേജരായി ചേർന്നു.

മലബാർ ലഹളയോടെ മുടങ്ങിപ്പോയ താഴത്തങ്ങാടി പള്ളിക്ക് സമീപമുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മദ്റസ പുനരാരംഭിക്കുന്നതിനെ സംബന്ധിച്ച് നാലകത്ത് മരക്കാരുട്ടി മുസ്ലിയാരുടെ അധ്യക്ഷത യിൽ ഒരു ചെറിയപെരുന്നാൾദിനത്തിൽ യോഗം ചേർന്നു. സ്ഥലത്തെ ക്വാദിയായിരുന്ന അബൂബക്കർ മുസ്ലിയാർ മദ്റസാ സമ്പ്രദായത്തിന്റെ ഗുണഗണങ്ങൾ യോഗത്തിൽ വിശദീകരിച്ചു. ശക്തമായ അനുകൂല-പ്രതികൂല വാഗ്വാദങ്ങൾക്കൊടുവിൽ എൻ.വി. അബ്ദുസ്സലാം മൗലവിയെ സെക്രട്ടറിയായി നിശ്ചയിച്ച് 'മിശ്കാത്തുൽ ഹുദാ' എന്ന പേരിൽ മദ്റസ പുനരാരം ഭിക്കാൻ തീരുമാനിച്ചു.1934ൽ വീണ്ടും പ്രവർത്തനം തുടങ്ങിയ മദ്രസ മൂന്ന് വർഷത്തിന് ശേഷം യാഥാസ്ഥിതികരായ ചിലരുടെ എതിർപ്പുകൾ കാരണം




പൂട്ടേണ്ടി വന്നു.

'മിശ്കാത്തുൽ ഹുദാ മദ്റസ' മുടങ്ങിയ ശേഷം മതപഠനത്തിന് അരീക്കോട്ട് യാതൊരു സൗകര്യവുമി ല്ലായിരുന്നു. മതപഠനത്തിന് സൗകര്യമേർപ്പെടു ത്തേണ്ടത് ഒരാവശ്യമായി തോന്നിയ മുസ്ലിം യുവ ജനങ്ങളിൽ ചിലർ മധുരക്കറിയൻ മമ്മദിന്റെ വീട്ടിൽ 1944 സെപ്തംബറിൽ യോഗം ചേർന്നു. അന്ന് ജനങ്ങ ളിൽ രൂഢമൂലമായി കിടന്നിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇസ്ലാമിക പ്രമാണങ്ങൾക്ക് കടകവിരുദ്ധമാണ് എന്ന് ബോധ്യപ്പെട്ടിരുന്ന ആ യുവാക്കൾ യഥാർത്ഥ ഇസ്ലാമിക ആദർശങ്ങളിൽ അധിഷ്ഠിതമായ മതപഠനത്തിന് സൗകര്യമുണ്ടാക്കണ മെന്ന ഉദ്ദേശ്യത്തിൽ എൻ.വി.അബ്ദുസ്സലാം മൗലവിയെ പ്രസിഡന്റായി ഒരു കമ്മിറ്റിക്ക് രൂപംനൽകി. അരീക്കോടിന്റെ മത-വിദ്യാഭ്യാസ-സാമൂഹിക ചരിത്ര ത്തിൽ പുതിയ അധ്യായങ്ങൾ രചിക്കാനും സാംസ്കാ രിക പാതയിൽ പുതിയ വഴികൾ വെട്ടിയെടുക്കാനു മുള്ള ചരിത്രപരമായ ദൗത്യം ഏറ്റെടുക്കുകയായി രുന്നു ചെറിയ പെരുന്നാൾ രാത്രിയിൽ ഒത്തുചേർന്ന ചെറുപ്പക്കാരുടെ പന്ത്രണ്ടംഗ സംഘം. പിന്നീട് 'മുജാഹിദുൽ ഇസ്ലാം' എന്ന പേരിൽ ഒരു സംഘടന യായി ആ കമ്മിറ്റി പുനക്രമീകരിച്ചു. ആ സംഘം പിന്നീട് 'ജംഇയ്യത്തുൽ മുജാഹിദീൻ'എന്ന പേര് സ്വീ കരിച്ചു. ഉദ്ദേശ ലക്ഷ്യങ്ങളുമായി മുന്നോട്ടു പോയ സംഘത്തിന് വളരെയധികം വിമർശനങ്ങളും ആക്ഷേപങ്ങളും ഏറ്റുവാങ്ങേണ്ടി വന്നു.




'ജംഇയ്യത്തുൽ മുജാഹിദീൻ' അരീക്കോടിന്റെ ചരിത്രത്തിൽ ഒരു പുതിയ തുടക്കമായിരുന്നു. വികലമായ ആചാരങ്ങൾക്കെതിരെ കൂട്ടായ മുന്നേറ്റം ഒഴിച്ചുകൂടാനാവാത്ത ഒരു സാഹചര്യത്തിലായിരുന്നു ജംഇയ്യത്തുൽ മുജാഹിദീന്റെ രൂപീകരണം. ഇത് അരീക്കോടൻ യുവതക്ക് പുത്തൻ ഊർജ്ജം പകർന്നു. അരീക്കോട്ടെ വിദ്യാഭ്യാസ വിപ്ലവത്തിന് നെടുംതൂണായി വർത്തിച്ചതും എൻ.വി.അബ്ദുസ്സലാം മൗലവി നേതൃത്വം നൽകിയ ജംഇയ്യത്ത് ആയിരുന്നു. ജംഇയ്യത്തുൽ മുജാഹിദീൻ സ്ഥാപക പ്രസിഡണ്ട് ആയ അദ്ദേഹം മരണം വരെ ആ സ്ഥാനത്ത് തുടർന്നു. 1944 നവംബർ 5ന് 'സുല്ലമുസ്സലാം മദ്റസ' മേത്തലങ്ങാടി പള്ളിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ലഹളയ്ക്ക് മുമ്പുണ്ടായിരുന്ന മദ്റസയിൽ അധ്യാപകനായി വന്ന എം. കുഞ്ഞാമുട്ടി മൗലവിയെ തന്നെയായിരുന്നു 'മിശ്കാത്തുൽ ഹുദാ' മദ്റസയിലും പിന്നീട് 'സുല്ലമുസ്സലാം മദ്റസ'യിലും അധ്യാപനത്തിനായി നിയമിക്കപ്പെട്ടത്. അധികം വൈകാതെ തന്നെ ഉയർന്ന മതപഠനവും ഉന്നത അറബി ഭാഷാ പഠനവും ലക്ഷ്യം വെച്ച് മദ്രസയിൽ അറബിക് കോളേജും ആരംഭിച്ചു. പ്രമുഖ ഹദീഥ് പണ്ഡിതനും വാഗ്മിയുമായിരുന്ന ശൈഖ് മുഹമ്മദ് മൗലവിയായിരുന്നു കോളേജിന്റെ പ്രഥമ പ്രിൻസിപ്പൾ. 1955ൽ അറബിക് കോളേജിന് മദ്രാസ് യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചു.

1955 ജൂലായിയിൽ സുല്ലമുസ്സലാം ഓറിയന്റൽ ഹൈസ്കൂൾ സ്ഥാപിതമായി. 28 ആൺകുട്ടികളും 12 പെൺകുട്ടികളുമടങ്ങിയ ഫസ്റ്റ് ഫോറം (ആറാം ക്ലാസ്സ്) അറബിക്കോളേജിലാണ് ആദ്യമായി പ്രവർത്തനമാരംഭിച്ചത്. എൻ.വി.ഇബ്രാഹീം മാസ്റ്റർ പ്രഥമ ഹെഡ്മാസ്റ്ററായി ചുമതലയേറ്റു. എൻ.വി.അബ്ദുസ്സലാം മൗലവിയുടെ സഹോദരനായ അദ്ദേഹം ധിഷണാബോധത്തോടെ ദീർഘകാലം ഹൈസ്കൂളിനെ മുന്നോട്ടു കൊണ്ടുപോയി. അറബിഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്ന ഈ 'ഓറിയന്റൽ' ഹൈസ്കൂളും അറബിക്കോളേജും സ്ത്രീ വിദ്യാഭ്യാസത്തിന് ഊടുംപാവും നൽകി.
ഈ രണ്ട് സ്ഥാപനങ്ങളിൽ നിന്നും നിരവധി വനിതാ രത്നങ്ങൾ വിദ്യ അഭ്യസിച്ച് പുറത്തുവന്നു. കേരളത്തിലെ ആദ്യത്തെ മൂന്ന് വനിതാ വിദ്യാഭ്യാസ ഇൻസ്പെക്ടർമാർ സുല്ലമുസ്സലാം അറബിക് കോളേജിൽ നിന്നും പഠനം പൂർത്തീകരിച്ചവരായിരുന്നു. പിന്നീട് നിരവധി സുല്ലമുസ്സലാം സ്ഥാപനങ്ങൾ ഉദയം ചെയ്തു. അരീക്കോട് പടർന്ന് പന്തലിച്ച് നിൽക്കുന്ന ആർട്സ് ആൻഡ് സയൻസ് കോളേജ്, ഐ.ടി.ഐ, ബി.എഡ് കോളേജ്, ഐ.ടി.സി, പബ്ലിക് സ്കൂൾ, യത്തീംഖാന തുടങ്ങിയ ചെറുതും വലുതുമായ എല്ലാ സംരംഭങ്ങളിലും മൗലവിയുടെ വിയർപ്പിന്റെ ഗന്ധമുണ്ട്.

അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും മുസ്‌ലിം സമൂഹത്തെ മോചിപ്പിക്കുവാൻ ക്വുർആനിക ആശയങ്ങൾ ശരിയാംവിധം ജനങ്ങളെ പഠിപ്പിക്കുക എന്നതു മാത്രമേ വഴിയുള്ളൂ എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ക്വുർആൻ അർത്ഥം മനസ്സിലാക്കി പഠിക്കുക എന്നത് സാധാരണക്കാരന് പറഞ്ഞിട്ടുള്ളതല്ല; പണ്ഡിതന്മാർക്ക് മാത്രമുള്ളതാണ് എന്ന് യഥാസ്ഥിതികരാൽ തെറ്റിദ്ധരിപ്പിക്കപ്പെട്ട ഒരു സമൂഹത്തിനു മുന്നിൽ ക്വുർആൻ പഠനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും ആധുനികവും ശാസ്ത്രീയവുമായ ഒരു ക്വുർആൻ പഠന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തു. ജംഇയ്യത്തുൽ മുജാഹിദീന്റെ ആഭിമുഖ്യത്തിൽ 1945 ജനുവരി രണ്ടിന് അരീക്കോട് മേത്തലങ്ങാടി പള്ളിയിൽ എൻ.വി.അബ്ദുസ്സലാം മൗലവിയുടെ നേതൃത്വത്തിൽ ക്വുർആൻ പഠന സംരംഭം യാഥാർത്ഥ്യമായി. സംരംഭത്തിനെതിരെയുള്ള യാഥാസ്ഥിതിക വിമർശനങ്ങളെയും എതിർപ്പുകളെയും അദ്ദേഹം വകവെച്ചില്ല. വിപ്ലവകരമായൊരു മാറ്റമായിരുന്നു ഫലം.

***'ജംഇയ്യത്തുൽ മുജാഹിദീൻ' അരീക്കോടിന്റെ ചരിത്രത്തിൽ ഒരു പുതിയ തുടക്കമായിരുന്നു. വികലമായ ആചാരങ്ങൾക്കെതിരെ കൂട്ടായ മുന്നേറ്റം ഒഴിച്ചുകൂടാനാവാത്ത ഒരു സാഹചര്യത്തിലായിരുന്നു ജംഇയ്യത്തുൽ മുജാഹിദീന്റെ രൂപീകരണം.***

***സുല്ലമുസ്സലാം അറബിക് കോളേജ്, അരീക്കോട്***



*എൻ. വി. അബ്ദുസ്സലാം മൗലവിയും കെ. പി. മുഹമ്മദ് മൗലവിയും*

തുടർന്ന്, ഇതരദേശങ്ങളിലേക്കും ക്വുർആൻ പഠന ക്ലാസുകൾ വ്യാപിച്ചു. 1949 ൽ കോഴിക്കോട് കുറ്റിച്ചിറ മിശ്കാത്തുൽ ഹുദ മദ്രസയിൽ വെച്ച് മൗലവിയുടെ ക്വുർആൻ ക്ലാസ് ആരംഭിച്ചു.
ഇതിനായി താൽക്കാലികമായി അദ്ദേഹം കുടുംബ സമേതം അവിടെ താമസമാക്കി. കോഴിക്കോട്ടെ ഈ ക്വുർആൻ പഠന സംരംഭത്തിൽ നിന്നും രൂപംകൊണ്ട കൂട്ടായ്മയുടെ ശ്രമഫലമായാണ് അദ്ദേഹത്തെ സെക്രട്ടറിയായും കെ.എം.മൗലവി സാഹിബിനെ പ്രസിഡന്റായും നിശ്ചയിച്ച് 1950ൽ കേരളാ നദ്‌വത്തുൽ മുജാഹിദീൻ എന്ന നവോത്ഥാന സംഘടന രൂപീകൃതമായത്. ക്വുർആൻ മുഴുവൻ രണ്ടു പ്രാവശ്യം ഈ ക്ലാസുകളിലൂടെ 18 വർഷം കൊണ്ട് അദ്ദേഹം പൊതുജനങ്ങൾക്ക് വിശദീകരിച്ചു നൽകുകയുണ്ടായി. 1948ൽ ഹൈദരാബാദ് ആക്ഷൻ കാലത്ത് പോലീസ് അറസ്റ്റ് ചെയ്ത് ജയിലിലടച്ചപ്പോൾ കോഴിക്കോട് സബ് ജയിലിൽവച്ചും മൗലവി തന്റെ ക്വുർആൻ ക്ലാസ് തുടർന്നു. സഹതടവുകാരനായിരുന്ന പാണക്കാട് പൂക്കോയ തങ്ങൾ ജയിലിലെ അദ്ദേഹത്തിന്റെ ക്ലാസുകളുടെ ശ്രോതാവായിരുന്നു. ക്വുർആൻ ക്ലാസുകൾക്ക് പുറമേ അദ്ദേഹത്തിന്റെ ഹദീഥ് ദർസുകളും ചരിത്രക്ലാസുകളും ശ്രോതാക്കൾക്ക് വളരെ വിജ്ഞാനപ്രദമായിരുന്നു.

മതപ്രബോധനവും വിദ്യാഭ്യാസ സേവനവും രാഷ്ട്രീയ പ്രവർത്തനവും സമന്വയിപ്പിച്ച വ്യക്തിയായിരുന്നു അബ്ദുസ്സലാം മൗലവി. രാഷ്ട്രീയത്തെ പണ്ഡിതന്മാർക്ക് യോജിക്കാത്ത ഒരു രംഗമായി കണ്ട് പലരും അതിനോട് അയിത്തം കൽപ്പിക്കുമ്പോൾ മൗലവി അതിനെ സമൂഹത്തോടുള്ള ബാധ്യതയും സൽകർമ്മവുമായി കാണുകയായിരുന്നു. മതേതര രാഷ്ട്രമായ ഇന്ത്യയിൽ ഇസ്‌ലാമിന്റെയും മുസ്‌ലിം ന്യൂനപക്ഷത്തിന്റെയും താത്പര്യങ്ങൾ പ്രത്യേകമായി സംരക്ഷിക്കുന്നതിന് മുസ്‌ലിംകൾക്ക് സ്വന്തമായി ഒരു സംഘടന അനിവാര്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് അദ്ദേഹം കണ്ട സംഘടന മുസ്‌ലിം ലീഗാണ്. സ്വാതന്ത്ര്യത്തിന് ശേഷം ദേശരാഷ്ട്രത്തിന്റെ പുതിയ പരമാധികാരികൾ സാമുദായിക രാഷ്ട്രീയത്തെ ദേശദ്രോഹമായി നിർവചിക്കാനൊരുമ്പെട്ട സമയത്ത് ഭരണകൂട ധാർഷ്ട്യത്തെ ഭരണഘടനയുപയോഗിച്ച് വെല്ലുവിളിച്ച് മൗലവി പൊതുമണ്ഡലത്തിൽ ലീഗ് സൈദ്ധാന്തികനും നേതാവുമായി നിറഞ്ഞുനിന്നു. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ഇസ്‌ലാമിക രാഷ്ട്രവാദത്തിന്റെയും അതുത്പാദിപ്പിച്ച അരാഷ്ട്രീയതയുടെയും അക്കാലഘട്ടത്തിലെ ഏറ്റവും പ്രഖ്യാതനായ ശത്രുവായി എൻ.വി. മാറിയത് അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രബുദ്ധത അത്രയും സജീവമായിരുന്നത് കൊണ്ടു കൂടിയാണ്. മുസ്ലിം ലീഗിന്റെ സംസ്ഥാന, ജില്ലാ സെക്രട്ടറി പദവികൾ ഒക്കെ അലങ്കരിച്ചിരുന്നു എങ്കിലും ഉന്നതപദവികൾ സ്നേഹപൂർവ്വം അദ്ദേഹം നിരസിച്ചു.

1932ൽ എട്ടാം ക്ലാസ് പൂർത്തിയാക്കി മൗലവി നാട്ടിൽ എത്തിയ കാലം. ഒരു ദിവസം രാത്രി അരീക്കോട് താഴത്തങ്ങാടിയിൽ ബേപ്പൂർ അഹ്മദ് കുട്ടി മുസ്‌ലിയാരുടെ മതപ്രഭാഷണം നടക്കുന്നു. ഇസ്‌ലാഹീ പ്രസ്ഥാനത്തെയും അതിന്റെ ആദർശത്തെയും പരിഹസിച്ചും തെറ്റിദ്ധരിപ്പിച്ചുമാണ് മുസ്‌ലിയാരുടെ പ്രഭാഷണം. സദസ്സിലുണ്ടായിരുന്ന കെ.വി.അഹ്മദ് കുട്ടി സാഹിബും അബ്ദുസ്സലാം മൗലവിയും പ്രസംഗശേഷം ചോദ്യം ചോദിക്കാൻ തീരുമാനിച്ചു പ്രസംഗം കഴിഞ്ഞ ഉടനെ ഞങ്ങൾക്ക് ചില ചോദ്യങ്ങൾ ചോദിക്കാൻ ഉണ്ട് എന്ന് പറഞ്ഞു. ചോദ്യങ്ങൾക്ക് മറുപടി പറയാൻ മുസ്‌ലിയാർക്കായില്ല. ക്ഷമ കെട്ട അബ്ദുസ്സലാം മൗലവി വേദിയിൽ കയറി മുസ്‌ലിയാരുടെ വാദങ്ങൾക്ക് അക്കമിട്ട് മറുപടി നൽകി പ്രസംഗിച്ചു. അതായിരുന്നു എൻ.വി.അബ്ദുസ്സലാം മൗലവിയുടെ പ്രഭാഷണരംഗത്തേക്കുള്ള അരങ്ങേറ്റം.

ഉജ്ജ്വലമായ പ്രഭാഷണ ശൈലിയുടെ ഉടമയായിരുന്നു അദ്ദേഹം. ആദർശ പ്രബോധന രംഗത്തെ

***വ്യക്തിപരമായ പരാമർശങ്ങളിലൂടെ എതിരാളികളെ വ്രണപ്പെടുത്തുക എന്നത് അദ്ദേഹത്തിന്റെ ശൈലിയായിരുന്നില്ല. അതിനാൽ തന്നെ എതിരാളികൾക്ക് പോലും വ്യക്തിപരമായി ഏറെ സമ്മതനായിരുന്നു എൻ.വി.അബ്ദുസ്സലാം മൗലവി.***

അദ്ദേഹത്തിൻറെ പ്രഭാഷണ ശൈലി വളരെ സൗമ്യവും സാധാരണക്കാർക്ക് ഗ്രാഹ്യവുമായിരുന്നു. ഇംഗ്ലീഷ് ഭാഷയിൽ പാണ്ഡിത്യമുള്ളതിനാൽ നല്ലൊരു പരിഭാഷ കനായി കൂടി തിളങ്ങാൻ അദ്ദേഹത്തിന് സാധിച്ചു. സമ്മേളനങ്ങളിൽ പ്രമുഖ നേതാക്കളുടെ പ്രഭാഷണ ങ്ങൾ അദ്ദേഹം പരിഭാഷപ്പെടുത്താറുണ്ടായിരുന്നു. പലപ്പോഴും അതിമനോഹരമായ മറ്റൊരു പ്രഭാഷണമായി ആ പരിഭാഷകൾ മാറാറുണ്ട്. അന്ധമായ അനുകരണത്തോടും ദുരാചാരങ്ങളോടും കടുത്ത വിദ്വേഷം വെച്ചു പുലർത്തിയിരുന്ന അദ്ദേഹം ജീവിത ത്തിലുടനീളം തന്റെ ആദർശം കാത്തുസൂക്ഷിച്ചു. ഇസ്‌ലാമിക പ്രമാണങ്ങൾ മുൻനിർത്തി ശക്തവും പ്രകോപനരഹിതവുമായ ശൈലിയിൽ അദ്ദേഹം ദുരാചാരങ്ങളെ എതിർത്തു. വ്യക്തിപരമായ പരാമർശ ങ്ങളിലൂടെ എതിരാളികളെ വ്രണപ്പെടുത്തുക എന്നത് അദ്ദേഹത്തിന്റെ ശൈലിയായിരുന്നില്ല. അതിനാൽ തന്നെ എതിരാളികൾക്ക് പോലും വ്യക്തിപരമായി ഏറെ സമ്മതനായിരുന്നു എൻ.വി.അബ്ദുസ്സലാം മൗലവി.

പത്രപ്രവർത്തന രംഗത്തും മതപണ്ഡിതനായ ഈ എഴുത്തുകാരൻ വ്യക്തിമുദ്ര പതിപ്പിച്ചു. അദ്ദേഹം ചീഫ് എഡിറ്ററും പ്രസാധകനുമായി അരീക്കാട് നിന്നും 'മിശ്കാത്തുൽ ഹുദാ' എന്ന പേരിൽ ഒരു മലയാള മാസിക ആരംഭിച്ചു. 1958 ഒക്ടോബർ അഞ്ചിനാണ് മാസികയുടെ ആദ്യ ലക്കം പുറത്തിറങ്ങിയത്. സാമൂഹികവും സാമ്പത്തിക വും ശാസ്ത്രീയവുമായ വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്ന മാസികയുടെ പ്രധാന ലക്ഷ്യം ഖുർആ നും സുന്നത്തും അറബി സാഹിത്യങ്ങളും മലയാളികൾ ക്കിടയിൽ പ്രചരിപ്പിക്കുക എന്നതായിരുന്നു. സി.എച്ച്. മുഹമ്മദ് കോയ, പി.എ.സെയ്തു മുഹമ്മദ്, കെ.കെ. മുഹമ്മദ് അബ്ദുൽ കരീം, യു.എ.ബീരാൻ, ടി.ഉബൈദ് തുടങ്ങിയ സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖർ മാസികയിൽ ലേഖനങ്ങളെഴുതി. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ഒരു കൊല്ലത്തിന് ശേഷം മൗലവിക്ക് മാസികയുടെ പ്രസിദ്ധീകരണം നിർത്തിവെക്കേണ്ടിവന്നു. കേരള നദ്‌വത്തുൽ മുജാഹിദീന്റെ മുഖപത്രമായ അൽമനാർ മാസികയുടെ പത്രാധിപരായും മൗലവി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഗ്രന്ഥകാരൻ എന്ന നിലയിൽ മൗലവിയുടെ ഏറ്റവും വലിയ സംഭാവന അറബിവ്യാകരണം സമഗ്രമായി വിവരിക്കുന്ന 74 അദ്ധ്യായങ്ങളും 500ൽ അധികം പേജുകളുമുള്ള 'ബയാനുൽ ഇഅ്റാബ്' എന്ന ഗ്രന്ഥമാണ്. വ്യാകരണ നിയമങ്ങൾ അറബിയിലും മലയാളത്തിലും എഴുതി ഉദാഹരണങ്ങൾ സഹിതം ലളിതമായ ഭാഷയിൽ വിവരിക്കുകയും അഭ്യാസങ്ങൾ നൽകുകയും ചെയ്യുന്ന ഒരു പ്രതിപാദന രീതിയാണ് പുസ്തകം സ്വീകരിച്ചിട്ടുള്ളത്. 'മുസ്‌ലിംകളും സാമൂഹ്യബാധ്യതയും' എന്ന ഗ്രന്ഥത്തിൽ ഒരു മുസ്‌ലിം വിശ്വാസിക്ക് അല്ലാഹുവിനോടും സമൂഹത്തോടുമുള്ള ബാധ്യതകൾ കൃത്യമായി ചുരുക്കി വിവരിക്കുന്നുണ്ട്. 'മുസ്‌ലിം ലീഗ്: ഇന്നലെ; ഇന്ന്; നാളെ' എന്ന പുസ്തക ത്തിൽ ലീഗിന്റെ ആവശ്യകതയും ഇന്നലെയുടെ ചരിത്രവും ഇന്നിന്റെ അവസ്ഥയും ചുരുക്കി വിവരി ക്കുന്നു. 'ബറാഅത്ത് രാവ്' എന്ന പേരിൽ മറ്റൊരു ലഘു കൃതിയും അദ്ദേഹത്തിനുണ്ട്.

മലബാർ മുസ്‌ലിംകളുടെ മത സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ പുരോഗതിക്ക് അടിത്തറ പാകുന്നതിൽ മുഖ്യപങ്കുവഹിച്ചവരിലൊരാളും, കേരളത്തിൽ ആനുപാതികമായി ഏറ്റവും കൂടുതൽ മുസ്‌ലിം വിദ്യാസമ്പന്നരെ സംഭാവന ചെയ്ത ഒരു പ്രദേശമായി അരീക്കോടിനെ സാംസ്കാരികമായി ഉയർത്തുന്നതിന് കാരണക്കാരിൽ പ്രധാനിയുമായ എൻ.വി.അബ്ദുസ്സലാം മൗലവി 1997 ജൂൺ 8ന് ഈ ലോകത്തോട് വിട പറഞ്ഞു. പ്രതിബന്ധങ്ങളുടെ പോർവിളികേട്ട് പരിഭ്ര മിച്ച് തലതാഴ്ത്താതെ, തമസ്സ് നീക്കി അദ്ദേഹ മൊരുക്കിയ നവോത്ഥാനത്തിന്റ പൂനിലാവ് ഇന്നും കേരളത്തിന് വെളിച്ചമേകുന്നു.

# എൻ. വി. അബ്ദുസ്സലാം മൗലവിയുടെ രാഷ്ട്രീയ സജീവത: പശ്ചാത്തലവും ദർശനവും

*/ മുസ്തഫ തൻവീർ*

എൻ.വി.അബ്ദുസ്സലാം മൗലവിയുടെ കർമ്മകാണ്ഡം സജീവമായ രാഷ്ട്രീയ പ്രവർത്തനങ്ങൾ കൊണ്ട് നിബിഢമാണെന്ന് അദ്ദേഹത്തെ വായിച്ചിട്ടുള്ളവർക്ക് മുഴുവനും അറിയാം. ആധുനിക കേരളീയ പൊതു മണ്ഡലത്തിന്റെയും മുസ്‌ലിം സാമുദായിക മുന്നേറ്റത്തിന്റെയും ചരിത്രത്തിൽ അരീക്കോടിനുള്ള പ്രസക്തിയുടെ പ്രധാനപ്പെട്ട ഒരു അടര് എൻ.വി.യുടെ രാഷ്ട്രീയ സംഭാവനകൾ തന്നെ ആയിരിക്കും. അതിന്റെ ഇഴകളെ ചരിത്രപരമായി നിർണയിക്കാനുള്ള ഒരു ശ്രമമാണ് ഈ പ്രബന്ധം.

### ഇസ്‌ലാഹീ പ്രസ്ഥാനവും കേരളത്തിലെ ആധുനിക മുസ്‌ലിം രാഷ്ട്രീയത്തിന്റെ ആവിർഭാവവും

പതിനഞ്ചാം നൂറ്റാണ്ടുവരെ സാമൂതിരിയുടെ നാവിക സേനാംഗങ്ങളും മലബാർ തീരത്തെ കച്ചവടക്കാരുമെന്ന നിലയിൽ കേരളത്തിലെ ഒരു മുന്നോക്ക സമുദായമായിരുന്നു മുസ്‌ലിംകൾ. 1498ൽ വാസ്കോഡഗാമയുടെ നേതൃത്വത്തിൽ ആരംഭിച്ച പോർച്ചുഗീസ് അധിനിവേശം ഈ സാമൂഹ്യാന്തരീക്ഷത്തെ തകിടം മറിച്ചു. സാമൂതിരിയെ വഞ്ചിക്കുകയും മുസ്‌ലിംകളെ അതിക്രൂരമായി മർദിച്ചൊതുക്കുകയും ചെയ്ത ഗാമയും ശിങ്കിടികളും കേരളത്തിന്റെ കച്ചവടക്കുത്തകയും രാഷ്ട്രീയ നിയന്ത്രണവും കയ്യടക്കി. അതോടുകൂടി മുസ്‌ലിംകൾ പിന്നാക്കക്കാരായ കർഷകക്കുടിയാൻമാരായി ഉൾനാടുകളിലേക്ക് പാർശ്വവൽകരിക്കപ്പെടുകയും ജന്മിമാരുടെയും ഭരണകൂടത്തിന്റെയും നിരന്തര ചൂഷണങ്ങൾക്ക് വിധേയമാകുന്ന അവസ്ഥയുണ്ടാവുകയും ചെയ്തു. പോർച്ചുഗീസുകാർക്കും ഡച്ചുകാർക്കും ശേഷം വന്ന ബ്രിട്ടീഷ് സാമ്രാജ്യത്വം കേരളത്തെ തീർത്തും പുതിയ ഒരു രാഷ്ട്രീയ-സാമൂഹ്യക്രമത്തിലേക്ക് പ്രവേശിപ്പിച്ചു.

തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നും വ്യത്യസ്തമായി, മലബാർ നേരിട്ട് ബ്രിട്ടീഷുകാരാൽ ഭരിക്കപ്പെട്ടിരുന്ന മദ്രാസ് സംസ്ഥാനത്തിൽപെട്ട ഒരു ജില്ലയായിരുന്നു. മലബാറുകാർ പൊതുവിലും അവിടുത്തെ മാപ്പിളക്കുടിയാന്മാർ പ്രത്യേകിച്ചും ബ്രിട്ടീഷ് ഭരണകൂടത്തിൽ നിന്ന് കടുത്ത അനീതികൾ അനുഭവിച്ചിരുന്നു. ജന്മിമാരുടെ ചൂഷണങ്ങൾക്ക് ഭരണകൂടം ഒളിഞ്ഞും തെളിഞ്ഞും അരുനിൽക്കുകയും ചെയ്തു.

പരമ്പരാഗതമായി ഉപയോഗിച്ചുവന്ന അറബിമലയാള ലിപിയിൽ സ്വയം തളച്ചിടപ്പെടാതെ 'മാനക' മലയാള ലിപിയായി വളർന്ന 'നായർ' മലയാളത്തിൽ നൈപുണ്യം നേടുകയും ഇംഗ്ലീഷ് ഭാഷയും ആധുനിക പടിഞ്ഞാറൻ വിജ്ഞാനീയങ്ങളും അഭ്യസിക്കുകയും ജനാധിപത്യരാഷ്ട്രീയ പ്രവർത്തനം വഴിയുള്ള അവകാശപ്പോരാട്ടങ്ങൾ നടത്തുകയുമാണ് മാറിയ സാഹചര്യത്തിൽ പുറത്തേക്കുള്ള വഴി എന്ന വസ്തുത സമുദായ നേതൃത്വത്തിൽ ഉണ്ടായിരുന്ന പണ്ഡിതന്മാരിൽ ഏറെ പേർക്കും അജ്ഞാതമായിരുന്നു. ഇത്തരമൊരു പ്രതിസന്ധിയിൽ സമുദായത്തെ അനിവാര്യമായ ഭൗതിക വിദ്യാഭ്യാസത്തിലേക്കും രാഷ്ട്രീയ സാക്ഷരതയിലേക്കും നയിക്കാൻ ശ്രമിച്ചത് ഇസ്‌ലാഹീ പണ്ഡിതന്മാരും ചിന്തകരും ആണ്.







*കെ. എം. മൗലവി, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, ഇ. മൊയ്തു മൗലവി*

ബ്രിട്ടീഷ് സർക്കാർ സ്ഥാപിച്ച സ്കൂളുകളിൽ പോയി ലൗകിക പുരോഗതി പ്രാപിക്കുവാൻ മതപ്രമാണങ്ങളുപയോഗിച്ചുകൊണ്ടുതന്നെ മുസ്‌ലിം സമുദായത്തോടാവശ്യപ്പെടുകയും അവ്വിഷയകമായി നിലനിന്നിരുന്ന പരമ്പരാഗത പണ്ഡിത എതിർപ്പുകളെ മതപരമായ സാധൂകരണമില്ലാത്തവയെന്ന് വിലയിരുത്തുകയും ചെയ്ത മക്തി തങ്ങളുടെ (1847-1912) വിദ്യാഭ്യാസ നവോത്ഥാനാശയങ്ങൾ സർ സയ്യിദ് അഹ്മദ് ഖാന്റെ ദർശനങ്ങളുമായി പലനിലയ്ക്കും താദാത്മ്യം പ്രാപിക്കുന്നുണ്ട്. തന്നേക്കാൾ മുപ്പത് വയസ്സിനുമൂത്ത സർ സയ്യിദ് (1817-1898) ഉത്തരേന്ത്യയിൽ പ്രചരിപ്പിച്ച നിലപാടുകൾ തന്നെയാണ് ഏറെക്കുറെ മക്തി തങ്ങൾ അതേ കാലഘട്ടത്തിൽ കേരളീയ സാഹചര്യത്തിൽ അവതരിപ്പിക്കുന്നത്. ഉർദു പത്രലോകവുമായി അടുത്ത ബന്ധമുണ്ടായിരുന്ന മക്തി തങ്ങളെ സർ സയ്യിദിന്റെ വിദ്യാഭ്യാസ ചിന്തകൾ ഗാഢമായി സ്വാധീനിച്ചിരുന്നുവെന്ന് കരുതാനാണ് ചരിത്രപരമായി ന്യായമുള്ളത്. സർ സയ്യിദും മക്തി തങ്ങളും ഇത്തരം കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരുന്നത് 'മതേതര ആധുനികത' (Secular Modernity) ബ്രിട്ടീഷ് അധിനിവേശം വഴി ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഒരു രാഷ്ട്രീയ, സാംസ്കാരിക അനുഭവമെന്ന നിലയിൽ മൂർത്തമായിത്തുടങ്ങിയ സമയത്താണ്. പാശ്ചാത്യൻ വിദ്യാഭ്യാസം നേടിയെടുത്തതുകൊണ്ടല്ലാതെ തുടർന്നുള്ള കാലത്ത് മുസ്‌ലിംകൾക്ക് അഭിമാനകരമായ അസ്തിത്വമുണ്ടാവുകയില്ലെന്ന് അവർ മനസ്സിലാക്കി; അതിന് എതിരു നിൽക്കുന്നത് ഇസ്‌ലാമല്ല മറിച്ച് ഇസ്‌ലാമിന്റെ ആത്മാവുൾക്കൊള്ളാത്ത പണ്ഡിതൻമാരാണെന്ന് അഭിപ്രായപ്പെട്ടു.

പ്രബുദ്ധതാനന്തര പാശ്ചാത്യൻ വിജ്ഞാനശാഖകളെന്നപോലെ രാഷ്ട്രീയ വ്യവസ്ഥിതിയും ബ്രിട്ടീഷുകാർ ഇന്ത്യയിൽ സ്ഥാപിച്ചു. രാജഭരണക്രമങ്ങളിൽ നിന്ന് ജനാധിപത്യത്തിലേക്കുള്ള പരാവർത്തനം നടക്കുന്നുവെന്ന് മനസ്സിലാക്കിയ സർ സയ്യിദ് കൊളോണിയലിസത്തോട് സായുധമായി പോരാടുന്നത് അസംഗതമാണെന്ന വീക്ഷണം പുലർത്തുകയും നിവേദനങ്ങളും നിയമപോരാട്ടങ്ങളും ജനപ്രതിനിധിസഭകളിലെ പ്രാതിനിധ്യവും വഴി സമുദായാവകാശങ്ങൾ നേടിയെടുക്കുകയാണ് മുസ്‌ലിംകൾ ചെയ്യേണ്ടതെന്ന് വാദിക്കുകയും ചെയ്തു. ആധുനിക വിദ്യാഭ്യാസം നേടുന്നത് വഴി സർക്കാറുദ്യോഗങ്ങളിൽ മുസ്‌ലിംകൾ എത്തിപ്പെടുന്നത് അത്തരം ശ്രമങ്ങളെ സ്നിഗ്ധമാക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. 1857ലെ ഒന്നാം സ്വാതന്ത്ര്യസമരം ഒരു വൻദുരന്തമായി കലാശിച്ചതിനെ തുടർന്നാണ് സർ സയ്യിദ് സംഘർഷരഹിതമായ സമുദായ മുന്നേറ്റപദ്ധതി അവതരിപ്പിക്കുന്നത്. ഇതാണ് അലിഗഢ് പ്രസ്ഥാനമായി വികസിച്ചതും സർ സയ്യിദിന്റെ മരണാനന്തരം സർവേന്ത്യാ മുസ്‌ലിം ലീഗിന് ആശയാടിത്തറയായതും.

വിദ്യാഭ്യാസ രംഗത്തെന്നപോലെ രാഷ്ട്രീയ രംഗത്തും സർ സയ്യിദിന്റെ വീക്ഷണങ്ങളെ മക്തി തങ്ങൾ ഏറ്റെടുക്കുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. ചെറുമാപ്പിളസംഘങ്ങൾ ഹിന്ദുക്കളായിരുന്ന ചൂഷക ഭൂവുടമകളിൽ ചിലരെ ആക്രമിച്ചു കൊലപ്പെടുത്തുകയും ബ്രിട്ടീഷ് പൊലീസുകാരുമായോ പട്ടാളക്കാരുമായോ സായുധമായ ഏറ്റുമുട്ടലുകളിൽ ഏർപ്പെടുകയും ചെയ്യുന്ന സവിശേഷമായ ഒരു രാഷ്ട്രീയാനുഭവം അക്കാലത്തുണ്ടായിരുന്നു. മേൽജാതി ഹിന്ദുക്കളുടെയും ക്രൈസ്തവഭരണാധികാരികളുടെയും ക്രൂരമായ പീഡനങ്ങളിൽ നിന്ന് വിമോചനമാഗ്രഹിച്ചുനടന്ന ഇത്തരം സമരങ്ങൾക്കുള്ള സൈദ്ധാന്തിക ന്യായമായി ഇസ്‌ലാമിലെ ജിഹാദിനെ വ്യാഖ്യാനിക്കാനുള്ള ശ്രമവും ശക്തമായിരുന്നു. 1836നും 1919നും ഇടയിൽ നടന്ന, 'മാപ്പിള കലാപങ്ങൾ' എന്ന് കൊളോണിയൽ രേഖകൾ വിളിക്കുന്ന ഇത്തരം വിപ്ലവാത്മക സംഘർഷങ്ങളിൽ കൊല്ലപ്പെട്ടത് ബഹുഭൂരിപക്ഷവും മാപ്പിളമാർ തന്നെയായിരുന്നു. ബദ്റും ഉഹ്ദും പോലെയുള്ള, പ്രവാചകനേതൃത്വത്തിൽ മദീനാ ഇസ്‌ലാമിക രാഷ്ട്രം

***1836നും 1919നും ഇടയിൽ നടന്ന, 'മാപ്പിള കലാപങ്ങൾ' എന്ന് കൊളോണിയൽ രേഖകൾ വിളിക്കുന്ന ഇത്തരം വിപ്ലവാത്മക സംഘർഷങ്ങളിൽ കൊല്ലപ്പെട്ടത് ബഹുഭൂരിപക്ഷവും മാപ്പിളമാർ തന്നെയായിരുന്നു.***

സുല്ലമുസ്സലാം അറബിക് കോളേജ്, അരീക്കോട്

ശത്രുരാജ്യങ്ങളുടെ കയ്യേറ്റങ്ങളെ അമർച്ച ചെയ്യാൻ വേണ്ടി നടത്തിയ യുദ്ധങ്ങളിലെ രക്തസാക്ഷികളുമായി മരണപ്പെട്ട മാപ്പിള പോരാളികളെ സമീകരിക്കുകയും അവരുടെ 'ജിഹാദി'നെയും 'ശഹാദ'ത്തിനെയും വർണിക്കുകയും ചെയ്യുന്ന പടപ്പാട്ടുകളും മൗലിദുകളും മറ്റും ധാരാളമായി രചിക്കപ്പെ ടുകയും അവ പോരാട്ടങ്ങൾ ആവർത്തി ക്കുവാനുള്ള ഇന്ധനമായിത്തീരുകയും ചെയ്തി രുന്നു. ഇതായിരുന്നു മക്വ്ദി തങ്ങളുടെ കാലഘട്ടത്തിലെ മാപ്പിള രാഷ്ട്രീയവും പ്രതിരോധവും. തങ്ങൾ ഇതിനെ എതിർക്കുക യാണ് ചെയ്തത്. തനിക്കുചുറ്റും നടന്നു കൊണ്ടിരിക്കുന്ന സംഘർഷങ്ങൾ ജിഹാദാണെ ന്നോ അവ മാപ്പിളമാർക്കെന്തെങ്കിലും ഉപ കാരം ചെയ്യുമെന്നോ മക്തി തങ്ങൾ വിശ്വ സിച്ചില്ല. നിയമം കയ്യിലെടുക്കുന്നതിനെ മതപ്ര മാണങ്ങളുപയോഗിച്ച് എതിർത്ത അദ്ദേഹം നിയമവാഴ്ചയുടെ സാധ്യതകൾ വഴിയാണ് ബ്രിട്ടീഷുകാരിൽ നിന്ന് പൗരാവകാശങ്ങൾ നേ ടിയെടുക്കേണ്ടതെന്ന് വാദിച്ചു. സായുധസംഘർ ഷങ്ങൾക്ക് ഇന്ധനമായ സ്വൂഫീ സങ്കൽപങ്ങളെ വിമർശിക്കുകയും ആധുനിക വിദ്യാഭ്യാസം നേടി കൊളോണിയലിസം കൂടെക്കൊണ്ടുവന്ന മിഷനറി സംഘങ്ങളോട് വൈജ്ഞാനികമായി പോരാടലാണ് സ്ഥലവും കാലവും ആവശ്യ പ്പെടുന്ന യഥാർത്ഥ ജിഹാദ് എന്ന് വിശദീകരി ക്കുകയും ചെയ്തുകൊണ്ടുള്ള ഇടപെടലുകൾ അദ്ദേഹത്തിന്റെ പരിഷ്കരണ പദ്ധതിയുടെ മുഖ്യമായ താൽപര്യങ്ങളിൽ ഒന്നായിരുന്നു. ഉദ്യോഗപ്രവേശനങ്ങൾ വഴി ഭരണസ്വാധീനം നേടിയെടുക്കലാണ് മാപ്പിള രാഷ്ട്രീയ വിമോ ചനത്തിന്റെ സ്ട്രാറ്റജി ആകേണ്ടത് എന്ന് മക്വ്ദി തങ്ങൾ വാദിച്ചു. 'ആധുനിക വിദ്യാഭ്യാസം, ആധുനിക രാഷ്ട്രീയം' എന്ന മുസ്ലിം ലീഗ് സങ്കൽപനത്തിന്റെ കേരളീയമായ പ്രഭവം തീർച്ചയായും മക്വ്ദി തങ്ങൾ ആയിരുന്നു.

മാപ്പിള രാഷ്ട്രീയത്തെ 'കത്തി'യിൽനിന്ന് ബുദ്ധിപരവും ഫലപ്രദവുമായ ജനാധിപത്യ സംഘാടനങ്ങളിലേക്ക് വളർത്തുകയായിരുന്നു മക്വ്ദി തങ്ങൾ മുതൽക്കുള്ള ഇസ്വ്ലാഹീ പരിഷ്കർത്താക്കളുടെ ദർശനം. വിശുദ്ധ ക്വുർആനും തിരുനബിയുടെ ചര്യയും ഉയർത്തിപ്പിടിച്ചുകൊണ്ട് ജനാധിപത്യത്തി നുവേണ്ടി നിലകൊള്ളാനാകുമെന്ന് പ്രായോഗികമായി തെളിയിച്ചുകൊണ്ടാണ് വക്കം മൗലവിയുടെ (1873-1932) കർമകാണ്ഡം വികസിച്ചത് അദ്ദേഹത്തിന്റെ സ്വദേശാഭിമാനി പത്രത്തിന്റെ ഉള്ളടക്കം രാഷ്ട്രീയചരിത്ര കാരൻമാരുടെ വിശദമായ അപഗ്രഥനം അർഹി ക്കുന്നതാണ്. ജനാധിപത്യക്രമത്തിന്റെ വിശദാംശ ങ്ങൾ ഇൻഡ്യക്കാർ മനസ്സിലാക്കിത്തുടങ്ങുന്ന സമയമാണ്. ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ചിരുന്ന പ്രദേശങ്ങളിൽ സ്വാതന്ത്ര്യസമരവുമായി ബന്ധ പ്പെട്ട രാഷ്ട്രീയ സംഘാടനങ്ങൾ കാരണം ഈ നവീനാവബോധം ത്വരിതഗതിയിൽ വികസിച്ചു. എന്നാൽ നാട്ടുരാജ്യങ്ങൾ ഫ്യൂഡൽ ഏകാധിപത്യ ഘടനകളിലുള്ള ആത്മരതിയിൽ നിന്ന് വേർപെടുക കുറേക്കൂടി ദുഷ്ക്കരമായിരുന്നു.

ജനാധിപത്യ പ്രതിബദ്ധത തിരുവിതാംകൂറിലേക്കുവരാൻ ബ്രിട്ടീഷ് മലബാറിനെ അപേക്ഷിച്ച് കൂടിയ അധ്വാനമാ വശ്യമുണ്ടായിരുന്നു. പ്രസ്തുത അധ്വാനത്തിന്റെ മുൻ നിരയിൽ നിന്ന ഒരു സ്ഥാപനം വക്കം മൗലവിയുടെ സ്വദേശാഭിമാനിയായിരുന്നുവെന്ന് നിസ്സംശയം പറയാം. രാജകൊട്ടാരത്തിന്റെയും ദിവാൻ പി.രാജഗോപാലാചാ രിയുടെയും നിലപാടുകളെയും ഇടപാടുകളെയും നിശിതവിചാരണക്കെടുക്കുന്ന മറയില്ലാത്ത ഭരണകൂട വിമർശനങ്ങൾ, ശൈശവത്തിലായിരുന്ന ശ്രീമൂലം പ്രജാസഭയിൽ നടക്കുന്ന ചർച്ചകളെ പുരസ്കരിച്ചു കൊണ്ടുള്ള നാട്ടുപുരോഗതിയെ വിഷയമാക്കുന്ന രാഷ്ട്രീയ ലേഖനങ്ങൾ, ഒരു വ്യവസ്ഥിതി എന്ന നിലയിൽ ജനാധിപ ത്യത്തിന്റെ ഗുണങ്ങൾ വർണിക്കുകയും തിരുവിതാംകൂർ അതിലേക്ക് വികസിക്കേണ്ടതിന്റെ ആവശ്യകത വിശദീ കരിക്കുകയും ചെയ്യുന്ന സൈദ്ധാന്തിക വിശകലനങ്ങൾ ഇവയെക്കൊണ്ട് മുഖരിതമായിരുന്നു സ്വദേശാഭിമാനി യുടെ ഓരോ ലക്കവും. തിരുവിതാംകൂറിന്റെ ജനാധിപ ത്യവൽക്കരണത്തിൽ വക്കം മൗലവിയുടെ പത്രം എന്തുമാത്രം നിർണായകമായിരുന്നു എന്ന് അവ നമ്മെ ബോധ്യപ്പെടുത്തും.

### ദേശീയ പ്രസ്ഥാനവും ഇസ്ലാഹീ പണ്ഡിത ന്മാരും

ഇൻഡ്യയിലെ ദേശീയ പ്രസ്ഥാനം കേരളത്തിലേക്ക് കാലെടുത്തുവെച്ചപ്പോൾ ഇൻഡ്യക്കാരുടെ പൊതു മനുഷ്യാവകാശങ്ങൾക്കും മലബാറിലെ മാപ്പിള ക്കുടിയാൻമാരുടെ അടിസ്ഥാന ജീവിതസൗകര്യ ങ്ങൾക്കും വേണ്ടി നിയതവും ജനാധിപത്യപരവുമായ


സ്വദേശാഭിമാനി.
THE SVADESABHIMANI.

സ്വദേശാഭിമാനി പത്രം (1906 ജൂലൈ 26)





*കെ. എം. സീതി സാഹിബ്, സർ സയ്യിദ് അഹ്മദ് ഖാൻ, വക്കം അബ്ദുൽ ഖാദർ മൗലവി*

രീതിയിൽ സർക്കാറിനു മേൽ സമ്മർദം ചെലുത്താൻ കോൺഗ്രസ് പ്രവർത്തനവും സ്വാതന്ത്ര്യസമരവും ഉപകരിക്കുമെന്ന് മലബാറിലെ ഇസ്‌ലാഹീ പണ്ഡിതൻമാർ മനസ്സിലാക്കി. 1915-16 കാലഘട്ടത്തിൽ മദിരാശി കേന്ദ്രീകരിച്ചുള്ള ആനീ ബെസന്റിന്റെ ഹോംറൂൾ പ്രസ്ഥാനത്തിന്റെ ശാഖകൾ വഴിയാണ് മലബാറിൽ ദേശീയ രാഷ്ട്രീയം സജീവമായത് ഹോംറൂൾ പ്രസ്ഥാനത്തിന്റ ആരംഭം തൊട്ടുതന്നെ അതിന്റെ സംഘാടനത്തിനു വേണ്ടി മലബാറിൽ ഓടിനടക്കാൻ എം.പി.നാരായണമേനോന്റെ കൂടെ സലഫീ പരിഷ്കർത്താവും വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്ന കട്ടിലശ്ശേരി മുഹമ്മദ് മൗലവി (പെരിന്തൽമണ്ണ, 1879-1943) ഉണ്ടായിരുന്നു. മാപ്പിളചരിത്ര പഠിതാക്കൾക്ക് സുപരിചിതമായ മലബാർ കുടിയാൻ സംഘം (Malabar Tenancy Association) 1920ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് രൂപീകരിക്കപ്പെട്ടത്. ഈ കൂട്ടായ്മ ഫ്യൂഡൽ സവർണ ജന്മിമാടമ്പിത്തത്തിനെതിരിൽ കുടിയാൻ അവകാശങ്ങൾക്കുവേണ്ടി അതിശക്തമായി സമരം ചെയ്തു. ആയുധരഹിതമായ ഒരു അവകാശസമരരീതി മാപ്പിളമാർക്ക് പ്രായോഗികമായി പരിചയപ്പെടുത്താൻ കുടിയാൻ സംഘത്തിലൂടെ കട്ടിലശ്ശേരിക്ക് കഴിഞ്ഞു. കോൺഗ്രസിനെ ഒരുപറ്റം സമ്പന്ന സവർണ ദേശീയ നേതാക്കളുടെ ഒഴിവുവേളാ ക്ലബ്ബ് എന്ന അവസ്ഥയിൽ നിന്ന് മലബാറിലെ ദരിദ്ര ബഹുജനങ്ങളുടെ അനുഭാവമുള്ള പ്രസ്ഥാനമാക്കി മാറ്റിയത് കട്ടിലശ്ശേരിയുടെ ഇടപെടലുകൾ ആയിരുന്നു. പ്രഗൽഭനായ പ്രസംഗകൻ ആയിരുന്ന കട്ടിലശ്ശേരിയുടെ വാഗ്‌വിലാസം മൂലധനമാക്കിക്കൊണ്ട് ഏറനാട് വള്ളുവനാട് താലൂക്കുകളിൽ പടർന്ന ഹോം റൂൾ, കുടിയാൻ സംഘങ്ങൾ ആണ് ഖിലാഫത് പ്രസ്ഥാനത്തിനുള്ള മണ്ണ് മലബാറിൽ ഒരുക്കിയത് 1920 ഏപ്രിൽ 28, 29 തിയ്യതികളിൽ മഞ്ചേരിയിൽ നടന്ന ചരിത്രപ്രസിദ്ധമായ കോൺഗ്രസ് ജില്ലാ സമ്മേളനത്തിലെ കട്ടിലശ്ശേരിയുടെ പ്രഭാഷണവും വൻ മാപ്പിള പങ്കാളിത്തവും ഏറെ ശ്രദ്ധേയമായിരുന്നു.

1921ൽ മലബാർ ജില്ലാ ഖിലാഫത് കമ്മിറ്റി രൂപീകരിക്കപ്പെട്ടത് കട്ടിലശ്ശേരിയെ പ്രസിഡന്റ് ആക്കിക്കൊണ്ടാണ്. മാപ്പിള ബഹുജനങ്ങളെ വലിയ തോതിൽ കോൺഗ്രസിലേക്കാകർഷിച്ചത് ഖിലാഫത് - നിസ്സഹകരണ പ്രസ്ഥാനങ്ങളാണ്. കട്ടിലശ്ശേരി ബീജാവാപം നടത്തിയ മലബാറിലെ മാപ്പിള കോൺഗ്രസ് ആക്റ്റിവിസത്തിന്റെ നേതൃനിരയിലേക്ക് ഖിലാഫത് പശ്ചാത്തലത്തിൽ കടന്നുവന്ന ഏറ്റവും പ്രഗൽഭരായ രണ്ടുപേർ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ ജീവനാഡികൾ ആയിരുന്നു – കെ.എം.മൗലവിയും (കക്കാട് - തിരൂരങ്ങാടി, 1886-1964) ഇ.മൊയ്തു മൗലവിയും (മാറഞ്ചേരി-പൊന്നാനി, 1891-1995). കൊടുങ്ങല്ലൂരിലെ ഇസ്‌ലാഹീ യുവതലമുറയിൽപെട്ട മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് (1898-1945) കേരളത്തിന്റെ പൊതുരംഗത്ത് പ്രശസ്തനാകുന്നത് കോൺഗ്രസ് ഒരു ജനകീയ പ്രസ്ഥാനമായി രൂപപ്പെട്ട ഈ സന്ദർഭത്തിലാണ്. സലഫീ ചിന്തകനും ഖിലാഫത് നായകനും ആയിരുന്ന അബുൽ കലാം ആസാദിന്റെ ദർശനങ്ങളിൽ ആകൃഷ്ടനായ മുഹമ്മദ് അബ്ദുറഹ്മാൻ ദേശീയ നേതാക്കൾ സ്ഥാപിച്ച ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യയിൽ പഠിച്ചു കൊണ്ടിരിക്കെ 1920 ഡിസംബറിൽ നാഗ്പൂരിൽ വെച്ചുനടന്ന എ.ഐ.സി.സി. സെഷനിൽ പങ്കെടുത്തിരുന്നു. ഭാഷാടിസ്ഥാനത്തിൽ പ്രാദേശിക കമ്മിറ്റികൾ രൂപീകരിക്കാൻ നാഗ്പൂർ സമ്മേളനം തീരുമാനിച്ചപ്പോൾ കെ.പി.സി.സി എന്ന ആശയം മുന്നോട്ടു വെച്ച് നേതൃത്വത്തിന് സമ്മേളനസ്ഥലത്ത് വെച്ചുതന്നെ നിവേദനം സമർപ്പിച്ചത് അബ്ദുറഹ്മാനും കെ.മാധവൻ നായരും ആയിരുന്നു. അബ്ദുറഹ്മാൻ ആവശ്യം വിശദീകരിച്ചുകൊണ്ട് അവിടെ പ്രസംഗിക്കുകയും ചെയ്തു. അങ്ങനെയാണ് കെ.പി.സി.സി. എന്ന ആശയം മൂർത്തമായിത്തീരുന്നത് 1921ലെ ഒറ്റപ്പാലം സമ്മേളനം വഴി കെ.പി.സി.സി. പ്രവർത്തനക്ഷമമാകുന്ന സ്ഥിതിയുണ്ടായപ്പോൾ അബ്ദുറഹ്മാൻ പഠനം അവസാനിപ്പിച്ച് പൊതുപ്രവർത്തനങ്ങളിൽ നിരതനാകാൻ വേണ്ടി മുഹമ്മദലി ജൗഹറിന്റെ നിർദ്ദേശപ്രകാരം കേരളത്തിലേക്ക് വണ്ടി കയറി.

പി.രാമുണ്ണി മേനോനെ സമ്മേളന നഗരിയിൽ വെച്ച് ബ്രിട്ടീഷ് പൊലീസ് അതിക്രൂരമായി മർദ്ദിച്ചവശനാക്കിയതിനെതിരെ സമ്മേളന പ്രതിനിധികളെ സംഘടിപ്പിച്ച് മുഹമ്മദ് അബ്ദുർറഹ്മാൻ മുന്നിൽനിന്ന് നയിച്ച പ്രതിഷേധ പ്രകടനമാണ് ഒറ്റപ്പാലം സമ്മേളനത്തിലെ ഏറ്റവും നിറമുള്ള ഏടുകളിലൊന്ന്. കട്ടിലശ്ശേരി പ്രസിഡന്റായി നിലവിൽ വന്ന ഖിലാഫത് സമിതിയുടെ ജനറൽ സെക്രട്ടറി ആയി നിയോഗിക്കപ്പെട്ടത് അബ്ദുറഹ്മാനാണ്.

മലബാറിലെ ദേശീയപ്രസ്ഥാനത്തിന്റെ മുസ്‌ലിം നേതൃനിരയെ ബ്രിട്ടീഷ് ഭരണകൂടം 1921ലെ

സായുധസമരത്തിൽ പങ്കാരോപിച്ച് അന്യായമായി വേട്ടയാടി. അബ്ദുറഹ്മാൻ സാഹിബും മൊയ്തു മൗലവിയും അറസ്റ്റ് ചെയ്യപ്പെട്ടു. കെ.എം.മൗലവി സാഹിബ് മർദക ഭരണകൂടത്തിന്റെ പൊലീസ് വാറന്റിന് പിടികൊടുക്കാതെ 1922ൽ കൊച്ചി നാട്ടുരാജ്യത്തിന് കീഴിലായിരുന്ന കൊടുങ്ങല്ലൂരിലെത്തി. കട്ടിലശ്ശേരി മുഹമ്മദ് മൗലവിയും തന്നെ അറസ്റ്റ് ചെയ്യാനുള്ള ഭരണകൂടത്തിന്റെ കുതന്ത്രങ്ങളെ പരാജയപ്പെടുത്തി ഫ്രഞ്ച് കോളനി ആയിരുന്ന പോണ്ടിച്ചേരിയിലെ കാരൈക്കലിലേക്ക് താമസം മാറി. കെ.എം.മൗലവിയും കട്ടിലശ്ശേരിയും ജയിലിൽ ആകാതിരുന്നത് കേരള മുസ്‌ലിം ഐക്യസംഘത്തിന്റെയും കേരള ജംഇയ്യതുൽ ഉലമാഇന്റെയും മതവൈജ്ഞാനികാടിത്തറയെ പിന്നണിയിൽ നിന്ന് ഭദ്രമാക്കാൻ രണ്ടു പേരെയും സഹായിച്ചു. ജയിൽ മോചിതനായ അബ്ദുറഹ്മാൻ മൊയ്തു മൗലവിയെ സബ് എഡിറ്റർ ആക്കി ആരംഭിച്ച 'അൽ അമീൻ' ഒരേ സമയം കോൺഗ്രസ് പത്രവും 'വഹ്ഹാബി' പത്രവും ആയി നിലകൊണ്ട് കൊളോണിയൽ മലബാറിന്റെ പൊതുമണ്ഡലത്തിൽ വലിയ അലയൊലികൾ ഉണ്ടാക്കി. അബ്ദുറഹ്മാനുചുറ്റും കോഴിക്കോട് കേന്ദ്രമാക്കി വളർന്ന മുസ്‌ലിം യുവനിരക്ക് അദ്ദേഹത്തിൽ നിന്ന് കോൺഗ്രസ് ആശയങ്ങളോടൊപ്പം ഇസ്‌ലാഹീ ആശയങ്ങൾ കൂടി പകർന്നുകിട്ടി. 1920കളുടെ അവസാനം വരെ ഐക്യസംഘം പ്രവർത്തകരെല്ലാം, കെ.എം.സീതി സാഹിബ് ഉൾപെടെയുള്ളവർ, പ്രായേണ കോൺഗ്രസ് ആശയക്കാരും പ്രചാരകരും ആയിരുന്നു.

## അബ്ദുസ്സലാം മൗലവി: കട്ടിലശ്ശേരിയുടെയും അബ്ദുറഹ്മാൻ സാഹിബിന്റെയും സ്വാധീനം

കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ പ്രാരംഭ ചരിത്രം മാപ്പിള രാഷ്ട്രീയത്തിന്റെ ആധുനീകരണവുമായും ദേശീയ പ്രസ്ഥാനവുമായും എത്രത്തോളം കെട്ടുപിണഞ്ഞാണ് കിടക്കുന്നത് എന്ന് ഈ പശ്ചാതല വിവരങ്ങളിൽ നിന്ന് സുതരാം വ്യക്തമാണ്. തൊള്ളായിരത്തി മുപ്പതുകളുടെ നന്നേ തുടക്കത്തിൽ അരീക്കോട് എന്ന ഏറനാടൻ ഉൾഗ്രാമത്തിൽ നിന്ന് കൊടുങ്ങല്ലൂർ പ്രസരിപ്പിച്ചുകൊണ്ടിരുന്ന നവോത്ഥാന വെളിച്ചത്തിലേക്ക് ഉറ്റുനോക്കി അലയടിച്ചുയരുന്ന നവോന്മേഷത്തിൽ അലിഞ്ഞുചേരാനും തന്റെ ഗ്രാമത്തെ അടിമുടി പുതുക്കിപ്പണിയാനും നിശ്ചയിച്ചുറച്ച എൻ.വി.അബ്ദുസ്സലാം മൗലവി (1913-1997) എന്ന ചെറുപ്പക്കാരന് രാഷ്ട്രീയം രക്തത്തിൽ അലിഞ്ഞുചേരുക സ്വാഭാവികമായിരുന്നു എന്നുകൂടി അത് വ്യക്തമാക്കുന്നുണ്ട്. മുഹമ്മദ് അബ്ദുറഹ്മാന്റെ 'അൽ അമീൻ' ആയിരുന്നു എൻ.വി.യെ ആദ്യകാലത്ത് ത്രസിപ്പിച്ച പ്രധാന ഇസ്‌ലാഹീ പ്രസിദ്ധീകരണങ്ങളിൽ ഒന്ന് എന്ന കാര്യം കൂടി ഓർത്താൽ ഇത് വളരെ എളുപ്പത്തിൽ മനസ്സിലാകും. ഇ.മൊയ്തു മൗലവി 1934ൽ അരീക്കോട്ട് നടത്തിയ ഇസ്‌ലാഹീ പ്രഭാഷണത്തെക്കുറിച്ച് ഡോ.എം.ഉസ്മാൻ സാഹിബ് മൊയ്തു മൗലവിയുടെ 'സലഫീ പ്രസ്ഥാനം ആദ്യകാല ചരിത്രം' എന്ന കൃതിക്ക് എഴുതിയ അവതാരികയിൽ അനുസ്മരിക്കുന്നുണ്ട്. അരീക്കോട്ട് ഇസ്‌ലാഹീ ആശയങ്ങൾ നട്ടുവളർത്തുന്നതിൽ 'കോൺഗ്രസ് വഹ്ഹാബികൾ' വഹിച്ച പങ്ക് അവിടെയും അനാവൃതമാകുന്നുണ്ട് അരീക്കോട്ടെ പഴയ തലമുറയിൽപെട്ട,



*അൽ അമീൻ പത്രം (1927 സെപ്തം. 08)*

ഇപ്പോൾ ജീവിച്ചിരിപ്പില്ലാത്ത, പല പ്രമുഖരായ ഇസ്‌ലാഹീ പ്രവർത്തകരും മുഹമ്മദ് അബ്ദുറഹ്മാനെ ഒരു വീരനായകന്റെ റോളിൽ മനസ്സിൽ കൊണ്ടു നടന്നിരുന്നതായി അവരുമായുള്ള സംസാരങ്ങളിൽ നിന്ന് ആർക്കും തിരിച്ചറിയാമായിരുന്നു. അബ്ദുറഹ്മാൻ സാഹിബ് അരീക്കോട്ട് നടത്തിയിട്ടുള്ള പ്രഭാഷണങ്ങൾ അവരുടെ ഏറ്റവും നിറമുള്ള ഓർമ ആയിരുന്നു.

അബ്ദുസ്സലാം മൗലവി ഐക്യസംഘത്തിലും ജംഇയ്യതുൽ ഉലമാഇലും അനുരക്തനാകുന്ന കാലത്ത് ഇസ്‌ലാഹീ പ്രവർത്തകർ ആവേശപൂർവം കാത്തുകൊണ്ടിരുന്നത് ബ്രിട്ടീഷ് സർക്കാറിന്റെ അറസ്റ്റ് വാറന്റുകൾ പിൻവലിക്കപ്പെട്ട് കെ.എം.മൗലവിയും കട്ടിലശ്ശേരിയും മലബാറിലേക്ക് തിരിച്ചെത്തുന്നതായിരുന്നു. മുഹമ്മദ് അബ്ദുറഹ്മാനും കെ.ഉപ്പി സാഹിബും ബി.പോക്കർ സാഹിബും അത് സാധ്യമാക്കാനുള്ള പരിശ്രമങ്ങളിൽ വിജയിച്ചു. വെല്ലൂർ ബാഖിയാതിൽ നിന്ന് ഉന്നത മതവിദ്യാഭ്യാസം നേടുകയും അനിതരമായ വാഗ്മിതകൊണ്ട് മതപ്രഭാഷണവേദികളെ ഇളക്കിമറിക്കുകയും ചെയ്തിരുന്ന കട്ടിലശ്ശേരിയുടെ തിരിച്ചുവരവ് ജംഇയ്യതുൽ ഉലമാഇന് വലിയ ശക്തിയാണ് പകർന്നത് 1933ൽ ഖുതുബി മുഹമ്മദ് മുസ്‌ലിയാരുടെ സംഘവുമായി ഇസ്‌ലാഹീ പണ്ഡിതമാർക്ക് ഏർപെടേണ്ടിവന്ന

നാദാപുരം വാദപ്രതിവാദത്തിൽ - ഇതാണ് കേരളത്തിലെ ആദ്യത്തെ പരസ്യ സമസ്ത-ഇസ്‌ലാഹീ സംവാദം— കട്ടിലശ്ശേരി ഇസ്‌ലാഹീ പക്ഷത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു. കട്ടിലശ്ശേരിയുടെ ആഗമനത്തിൽ എൻ.വി.അബ്ദുസ്സലാം മൗലവി അക്ഷരാർത്ഥത്തിൽ ആവേശഭരിതനായിരുന്നു. 1934ൽ അരീക്കോട്ട് മിശ്കാതുൽ ഹുദാ മദ്റസയുടെ ഉദ്ഘാടനത്തിന് എൻ.വി കൊണ്ടുവന്ന് പ്രസംഗിപ്പിച്ചത് കട്ടിലശ്ശേരിയെ ആണെന്ന കാര്യം ഇവിടെ പ്രസ്താവ്യമാണ്. 1935ൽ കെ.ജെ.യു. വാർഷിക സമ്മേളനം കട്ടിലശ്ശേരിയുടെ മുഖ്യ സംഘാടകത്വത്തിൽ അദ്ദേഹത്തിന്റെ സ്വന്തം നാടായ പുണർപ്പയിൽ വെച്ചാണ് നടന്നത് ഈ സമ്മേളനത്തിൽ എൻ.വി പങ്കെടുക്കുന്നുണ്ട്. അബ്ദുസ്സലാം മൗലവി കെ.ജെ.യു. അംഗമാകുന്നതുതന്നെ പുണർപ്പ കോൺഫറൻസിനോട് അനുബന്ധിച്ചാണ്. കട്ടിലശ്ശേരിയാണ് എൻ.വിക്ക് സജീവരാഷ്ട്രീയ ഉത്തരവാദിത്തങ്ങൾ നൽകിയത് 1934ൽ കേന്ദ്ര അസംബ്ലിയിലേക്ക് മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് അബ്ദുസ്സത്താർ സേട്ട് സാഹിബിനെതിരിൽ മത്സരിച്ചപ്പോൾ കട്ടിലശ്ശേരി അരീക്കോട്ടും പരിസരങ്ങളിലും അബ്ദുറഹ്മാന്റെ തെരഞ്ഞെടുപ്പ് പ്രചരണ മേൽനോട്ടം എൻ.വി.യെ ഏൽപിച്ചു. അബ്ദുറഹ്മാൻ സാഹിബുമായി ഇപ്രകാരമുണ്ടായ വ്യക്തിസമ്പർക്കം എൻ.വി.യിൽ അദ്ദേഹത്തിന്റെ സ്വാധീനം വർധിപ്പിച്ചു. 1937ൽ മദിരാശി നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിലും അബ്ദുസ്സലാം മൗലവി അബ്ദുറഹ്മാൻ സാഹിബിനുവേണ്ടിയുള്ള തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ നിരതനായിരുന്നു.

## കെ.എം.മൗലവിയുടെയും സീതി സാഹിബിന്റെയും വഴിയിൽ

കട്ടിലശ്ശേരിയുമായി വ്യക്തിബന്ധം ഉണ്ടാകുന്ന കാലത്തുതന്നെ എൻ. വി. അബ്ദുസ്സലാം മൗലവി കെ.എം.മൗലവിയുമായും എം.സി.സി.അബ്ദുറഹ്മാൻ മൗലവിയുമായും അടുത്ത പരിചയം സ്ഥാപിക്കുന്നുണ്ട്. ക്രമേണ കെ. എം. മൗലവിയും എം.സി.സി. യും എൻ.വി.ക്ക് വൈകാരികമായ ആത്മബന്ധമുള്ള ഗുരുസ്ഥാനീയരായി മാറുകയും ചെയ്തു. ഖിലാഫത് - കോൺഗ്രസ് പ്രവർത്തനങ്ങളിലൂടെ പൊതുരംഗത്ത് വന്ന കെ.എം.മൗലവി 1928ലെ നെഹ്റു കമ്മീഷൻ റിപ്പോർട്ടോടുകൂടി സർവേന്ത്യാ മുസ്‌ലിം ലീഗാണ് മുസ്‌ലിംകൾക്ക് കരണീയമായ രാഷ്ട്രീയ വഴി എന്ന നിലപാടിലേക്ക് മാറിയിരുന്നു. തന്റെ വത്സല ശിഷ്യനും സന്തത സഹചാരിയുമായിരുന്ന കെ.എം.സീതി സാഹിബിനെ അദ്ദേഹം അടിയുറച്ച മുസ്‌ലിം ലീഗുകാരനാക്കി മാറ്റി. 1937 കാലമാകുമ്പോഴേക്ക് സീതി സാഹിബും എൻ.വിയുടെ അടുത്ത സുഹൃത്തായിത്തീരുന്നുണ്ട് കെ.എം.മൗലവിയുടെയും സീതി സാഹിബിന്റെയും പ്രഭാവം കാരണം ഇസ്‌ലാഹീ നേതാക്കളിൽ ശക്തമായ മുസ്‌ലിം ലീഗ് തരംഗം രൂപപ്പെടാൻ ആരംഭിച്ച കാലമായിരുന്നു അത്. ഭാരതീയരുടെ പൊതുവായ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന കോൺഗ്രസ് പോലുള്ള ഒരു സംഘടനയേക്കാൾ, മുസ്‌ലിംകളുടെ പ്രത്യേകമായ പ്രശ്നങ്ങളെ പരിഗണിക്കാൻ ശേഷിയുള്ളതും എന്നാൽ ജനാധിപത്യ ബഹുസ്വരതയോടു സഹകരിക്കുന്നതുമായ ഒരു രാഷ്ട്രീയ സംഘടന ആവശ്യമാണെന്ന നിലപാട് അവരിൽ പതുക്കെ വളർന്നുവന്നു.

മലബാറിലെ ഒന്നാമത്തെ മുസ്‌ലിം ലീഗ് ശാഖ തലശ്ശേരിയിൽ അബ്ദുസ്സത്താർ സാഹിബിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടപ്പോൾ സഹപ്രവർത്തകരായി അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നത് കേരള ജംഇയ്യതുൽ ഉലമാഇന്റെ ആദർശ പ്രബോധന സംരംഭങ്ങളിലെ നിറസാന്നിധ്യവും എൻ.വി യുടെ അടുത്ത സുഹൃത്തും ആയിരുന്ന പുളിക്കൽ പി.വി.മുഹമ്മദ് മൗലവിയും ഐക്യസംഘം സ്ഥാപക നേതാവ് കെ.എം.സീതി സാഹിബും എ.കെ.കുഞ്ഞിമായിൻ ഹാജിയെപ്പോലുള്ള തലശ്ശേരിയിലെ ഇസ്‌ലാഹീ പ്രവർത്തകരുമായിരുന്നു. മലബാറിലെ രണ്ടാമത്തെ ലീഗ് ശാഖ നിലവിൽ വന്നത് തിരൂരങ്ങാടിയിലാണ്. കെ.എം മൗലവി, ഇ.കെ.മൗലവി, കെ.ഉമർ മൗലവി എന്നീ സലഫീ പണ്ഡിതൻമാർ ചേർന്നതായിരുന്നു കമ്മിറ്റി. മൂന്നാമത്തെ മുസ്‌ലിം ലീഗ് ശാഖക്ക് കോഴിക്കോട് ജന്മം നൽകാൻ മുൻകയ്യെടുത്തതും കെ.എം. മൗലവിയും സഹപ്രവർത്തകരുമായിരുന്നു. 1937ൽ അറക്കൽ അബ്ദുറഹ്മാൻ ആലിരാജ പ്രസിഡണ്ടായി രൂപീകരിക്കപ്പെട്ട പ്രഥമ മലബാർ ജില്ലാ ലീഗ് കമ്മിറ്റിയിൽ സെക്രട്ടറി ഇസ്ഹാഖ്സേട്ട് സാഹിബും ജോയിന്റ് സെക്രട്ടറി സീതി സാഹിബുമായിരുന്നു. സീതി സാഹിബും സുഹൃത്തുക്കളും നേരത്തെ തന്നെ തലശ്ശേരിയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ചന്ദ്രികയാണ് മുസ്‌ലിം ലീഗ് രൂപീകരണത്തിനുശേഷം പാർട്ടി ജിഹ്വ ആയി മാറിയത് ചന്ദ്രികയുടെ തൂലികാ നട്ടെല്ലുകളിലൊന്ന് പി.വി മുഹമ്മദ് മൗലവി ആയിരുന്നു. തലശ്ശേരിയിൽ താമസമാക്കി ചന്ദ്രികക്കുവേണ്ടിയുള്ള എഴുത്തിൽ അദ്ദേഹം നിരതനായി. ചന്ദ്രികയുടെ പത്രാധിപസമിതി അംഗവും മാനേജറുമെല്ലാമായി പി.വി.മൗലവി പ്രവർത്തിക്കുന്നുണ്ട്. ഇസ്‌ലാഹീ പ്രബോധകൻ ആയിരുന്ന കെ.കെ.എം.ജമാലുദ്ദീൻ മൗലവി ആയിരുന്നു സർവേന്ത്യാ മുസ്‌ലിം ലീഗിന്റെ ജനപ്രിയ പ്രഭാഷകരിൽ ഒരാൾ.

ഇസ്‌ലാഹീ പണ്ഡിതന്മാരിലെ ബഹുഭൂരിപക്ഷം വരുന്ന ലീഗ് അനുഭാവികളും കോൺഗ്രസിൽ തന്നെ ഉറച്ചുനിൽക്കാൻ തീരുമാനിച്ച ന്യൂനപക്ഷവും തമ്മിൽ നിരന്തരമായ രാഷ്ട്രീയ സംവാദങ്ങളുണ്ടായ കാലഘട്ടം ആയിരുന്നു നാൽപതുകൾ. കട്ടിലശ്ശേരിയും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും ഇ. മൊയ്തു മൗലവിയും കെ.സി. കോമുക്കുട്ടി മൗലവിയും മങ്കട ഉണ്ണീൻ മൗലവിയും ആയിരുന്നു മുസ്‌ലിം ലീഗിനെ എതിർക്കുകയും കോൺഗ്രസ് തന്നെയാണ് വഴിയെന്ന് വാദിക്കുകയും ചെയ്ത പ്രധാന ഇസ്‌ലാഹീ നേതാക്കൾ. ഇസ്‌ലാമികമായി ഒരേ വീക്ഷണകോണുകൾ പങ്കിടുമ്പോൾ തന്നെ സമുദായത്തിന്റെ ഭൗതിക പുരോഗതിക്കുവേണ്ടിയുളള മാർഗങ്ങൾ നിർദേശിച്ചേടത്ത് സംഭവിച്ച ധൈഷണികമായ ഉൾക്കനവും ഉൾക്കരുത്തും ഉള്ള മൂല്യവത്തായ തർക്കമായിരുന്നു ലീഗുകാരും കോൺഗ്രസുകാരും ആയി ചേരിതിരിഞ്ഞ ഇസ്‌ലാഹീ നേതാക്കൾക്കിടയിൽ ഉണ്ടായിവന്നത്. ഈ സംവാദത്തിൽ കട്ടിലശ്ശേരി പക്ഷത്തിൽ നിന്ന് രാഷ്ട്രീയമായി അകന്ന് കെ. എം. മൗലവിയുടെയും സീതി സാഹിബിന്റെയും വഴിയെ ആശ്ലേഷിക്കുകയായി

രുന്നു എൻ.വി. മുഹമ്മദ് അലി ജിന്നയുടെ നേ തൃത്വത്തിൽ കൊടുമ്പിരികൊണ്ട സർവേന്ത്യാ മുസ്‌ലിം ലീഗിന്റെ അടിയുറച്ച പ്രവർത്തകനായി അദ്ദേഹം മാറി. കെ.എം.മൗലവിയും സീതി സാഹിബും ആണ് പിന്നീ ടങ്ങോട്ട് തന്റെ രാഷ്ട്രീയ മാർഗദർശികളായി നിലകൊ ണ്ടത് എന്ന് അബ്ദുസ്സലാം മൗലവി എഴുതിയിട്ടുണ്ട്. മേത്തലങ്ങാടി പള്ളിയുടെ പരിസരങ്ങൾ മുജാഹിദ് പ്രസ്ഥാനത്തിന്റെ എന്ന പോലെ മുസ്‌ലിം ലീഗിന്റെ കൂടി ശക്തികേന്ദ്രമായി മാറിയതിന്റെ ചരിത്രപശ്ചാ ത്തലം ഇതാണ് എന്നാൽ അരീക്കോട്ട് മൗലവിയുടെ ശിഷ്യഗണങ്ങളിൽ തന്നെ പെട്ട കുറച്ചുപേരെങ്കിലും കട്ടിലശ്ശേരി- അബ്ദുറഹ്മാൻ മാതൃകയിൽ കോൺഗ്രസ് സലഫികളായിത്തന്നെ തുടർന്നുള്ള കാലത്തും നില നിന്നിട്ടുണ്ട്.

1943ൽ മലബാറിനെ മുഴുവൻ ഭീതിയിലാഴ്ത്തിക്കൊണ്ട് കോളറ പടർന്നുപിടിച്ചു. ദിനേനയെന്നവണ്ണം ഓരോ വീട്ടിലും ഒന്നിലധികം മരണങ്ങൾ സംഭവിച്ചു. ഒന്നിലധികം മയ്യിത്തുകൾ ഒരേ കുഴിയിൽ മറമാടേണ്ട അവസ്ഥയുണ്ടായി. അനാഥമക്കൾ സമുദായത്തിനു മുന്നിൽ ചോദ്യചിഹ്നമായി. മുസ്‌ലിം ലീഗുകാരായ ഇസ്‌ലാഹീ നേതാക്കളാണ് ഈ സന്ദർഭത്തിൽ സമുദാ യത്തിന്റെ കണ്ണീരൊപ്പാൻ മുന്നോട്ടുവന്നത്. കെ.എം. മൗലവിയും എം.കെ.ഹാജി സാഹിബുമായിരുന്നു അവരുടെ മുൻനിരയിൽ.
തിരൂരങ്ങാടിയിൽ യതീംഖാന സ്ഥാപിച്ച് അവർ സമുദായത്തിന് തണലായി. തിരൂരങ്ങാടി യതീം ഖാന ആരംഭിച്ചപ്പോൾ ഓഫീസ് പ്രവർത്തനങ്ങൾ ശാസ്ത്രീയമാക്കുന്നതിനായി കെ.എം.മൗലവി ചെയ്തത് എൻ.വി.യെ അവിടെ നിയമിക്കുകയാണ് യതീം ഖാനയും നൂറുൽ ഇസ്‌ലാം മദ്റസയും സലഫീ മുസ്‌ലിം ലീഗുകാരുടെ സിരാ കേന്ദ്രമായി നിന്ന കാലത്തെ കെ.എം. മൗലവിയു മൊത്തുള്ള മാസങ്ങൾ നീണ്ട തിരൂരങ്ങാടി വാസം അബ്ദുസ്സലാം മൗലവിയിലെ മുസ്‌ലിം ലീഗ് ആദർശവും വികാരവും ദൃഢതരമാകുന്നതിന് നിമിത്തമായിട്ടു ണ്ടാകണം.

## സർവേന്ത്യാ മുസ്‌ലിം ലീഗ്, ഇന്ത്യ, പാക്കിസ്ഥാൻ: അബ്ദുസ്സലാം മൗലവിയും ദേശീയതയുടെ അതിർത്തിവരകളും

മുസ്‌ലിം ലീഗ് പ്രധാനമായും മലബാർ കേന്ദ്രീകൃതമായ ഒരു രാഷ്ട്രീയ ശക്തി ആയി നിലനിൽക്കുന്ന ഇന്നത്തെ അവസ്ഥ വെച്ചുകൊണ്ട് അബ്ദുസ്സലാം മൗലവിയുടെ ലീഗ് ആക്റ്റിവിസം ഉൾകൊണ്ടിരുന്ന ചലനാത്മകതയെ പൂർണമായി മനസ്സിലാക്കാനാവില്ല. ഉപഭൂഖണ്ഡത്തിലെ മുസ്‌ലിം സമൂഹത്തിന്റെ ഭാവി കൊളോണിയൽ ഭരണത്തിന്റെ അന്ത്യദശകങ്ങളിൽ സ്വാതന്ത്ര്യാനന്തരം പിറക്കാനിരിക്കുന്ന ദേശരാഷ്ട്ര സംവിധാനങ്ങളുടെ സ്വഭാവവുമായി ബന്ധപ്പെടുത്തി നിശിതമായ ചർച്ചകൾക്ക് വിധേയമായപ്പോൾ മതേതര രാഷ്ട്രീയ ആധുനികതയുടെ പ്രകൃതം ശരിയായി മനസ്സിലാക്കു കയും 'ദേശീയത'യുടെ ഹിംസയിൽ നിന്ന് 'സാമുദായി കത'യെ സംരക്ഷിക്കാനുള്ള സ്വത്വബോധം കാണിക്കു



*ഉപ്പി സാഹിബ്*



*ബി.പോക്കർ സാഹിബ്*

കയും ചെയ്ത, അവിഭക്ത ഇന്ത്യയിൽ മുഴുവൻ വേരുകളാഴ്ത്തിപ്പടർന്ന ഒരു സൗത് ഏഷ്യൻ ധൈഷണിക പ്രസ്ഥാനത്തിന്റെ വിശാലതയിലേക്കാ ണ് എൻ.വി.യെപ്പോലുള്ളവർ സർവേന്ത്യാ മുസ്‌ലിം ലീഗിന്റെ കൊടിക്കുകീഴിൽ കണ്ണിചേർന്നത് 'മൗലവി' എന്ന വിളിപ്പേരിന് പൂർണമായിവിനിമയം ചെയ്യാനാവു ന്നതല്ല എൻ.വി.യുടെ അന്നത്തെ ചിന്താ- വായനാ ലോകം.

കോഴിക്കോട് ഹിമായത് സ്കൂളിലും മലപ്പുറം ഹൈസ്കൂളിലും തലശ്ശേരി ബ്രണ്ണൻ കോളജിലും പഠിക്കുകയും മികച്ച ഇംഗ്ലീഷ് പ്രാവീണ്യം നേടിയെ ടുക്കുകയും ബ്രിട്ടീഷ് ബ്യൂറോക്രസിയിൽ ജോലി ചെയ്യുകയും ചെയ്തിട്ടുള്ള, ആധുനിക രാഷ്ട്രീയ ദർശനങ്ങളെയും കൊളോണിയൽ ഇന്ത്യയിൽ തനിക്കുചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്ന അതി നിർണായകമായ മാറ്റങ്ങളെയും ആഴത്തിൽ പിന്തുടർ ന്നുകൊണ്ടിരുന്ന തലയെടുപ്പുള്ള ഒരു ബുദ്ധിജീവി ആയിരുന്നു സ്വാതന്ത്ര്യത്തിനു തൊട്ടുമുമ്പുള്ള വർഷങ്ങളിൽ എൻ.വി. അബ്ദുസ്സലാം ബിൻ മുഹമ്മദ്.

കെ.എം.സീതി സാഹിബ് ജനറൽ സെക്രട്ടറി ആയ പ്രഥമ മലബാർ ജില്ലാ ഐ.യു.എം.എൽ. കമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറിയായി അബ്ദുസ്സലാം മൗലവി കർമരംഗത്ത് സജീവമാകുന്ന 1948 അദ്ദേഹത്തിന്റെ രാഷ്ട്രീയ ധീരതയുടെ കൃത്യമായ സമരസാക്ഷ്യമാ കുന്നുണ്ട്. 1948 മാർച്ച് പത്തിന് മദിരാശിയിലെ രാജാജി ഹാളിൽ ക്വാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന ചരിത്രപ്രസിദ്ധമായ ഐ.യു.എം.എൽ. രൂപീകരണ യോഗത്തിൽ മുസ്‌ലിം ലീഗ് ഇൻഡ്യയിൽ ഒരു രാഷ്ട്രീയപ്പാർട്ടി ആയി തുടരേ ണ്ടതില്ലെന്ന അഭിപ്രായക്കാരെ നിശബ്ദമാക്കിയ പ്രഭാഷണങ്ങളിൽ ഒന്ന് അബ്ദുസ്സലാം മൗലവിയുടേത് ആയിരുന്നു.
ദേശരാഷ്ട്രത്തിന്റെ പുതിയ പരമാധികാരികൾ സാമുദായിക രാഷ്ട്രീയത്തെ ദേശദ്രോഹമായി നിർവചി ക്കാനൊരുമ്പെട്ട സമയത്ത് ഭരണകൂട ധാർഷ്ട്യത്തെ വെല്ലുവിളിച്ച് മൗലവി പൊതുമണ്ഡലത്തിൽ ലീഗ് സൈദ്ധാന്തികനും നേതാവുമായി നിറഞ്ഞുനിന്നു. പാകിസ്ഥാൻ വിരോധമാകണം ഇൻഡ്യൻ ദേശീയത യുടെ അടിത്തറയെന്ന് കരുതിയവർക്കെതിരെ അദ്ദേഹം പൊതുയോഗങ്ങളിലെ പ്രഭാഷണങ്ങളിൽ പോലും തുറന്നടിച്ചു. ചിന്തകനും പ്രഭാഷകനും പരിഭാഷകനും സംഘാടകനുമായി ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ പുലരിയിൽ മലബാറിൽ ലീഗ് രാഷ്ട്രീയത്തെ വളർത്തിയ എൻ.വി.സീതി സാഹിബി





*എം. കെ. ഹാജി, ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ്, പാണക്കാട് പൂക്കോയ തങ്ങൾ*

ന്റെ ബൗദ്ധിക വലംകയ്യായി പ്രഭ ചൊരിഞ്ഞു. 1948ൽ തന്നെ ഹൈദരാബാദ് ആക്ഷന്റെ ഭാഗമായി പൊലീസ് പാണക്കാട് പൂക്കോയ തങ്ങളോടൊപ്പം എൻ.വി.യെ അറസ്റ്റ് ചെയ്ത് ജയിലിലടക്കുന്നതിൽ നിന്ന് മൗലവിക്ക് അതിസങ്കീർണമായ അന്നത്തെ രാഷ്ട്രീയ മണ്ഡലത്തിൽ ഉണ്ടായിരുന്ന ദൃശ്യതയും സ്വാധീനവും വളരെ വ്യക്തമാണ്. മലബാറിലെ മുസ്‌ലിം ലീഗിന്റെ അതിജീവന കഥയിൽ നായകസ്ഥാനത്ത് നിർബന്ധമായും വരേണ്ട ഒരാൾ ആണ് അരീക്കോട്ടുകാരനായ എൻ.വി.അബ്ദുസ്സലാം മൗലവി എന്നാണ് ഇതൊക്കെ സൂചിപ്പിക്കുന്നത്. രാജ്യവിരുദ്ധമല്ലാത്തതിനെ രാജ്യവിരുദ്ധമായി പ്രഖ്യാപിച്ച് കണ്ണുരുട്ടാൻ ശ്രമിച്ച പൊലീസും സ്റ്റെയ്റ്റുമായുള്ള എൻകൗണ്ടറിൽ ജനാധിപത്യത്തിന്റെ സാധ്യതകളുപയോഗിച്ച് മുസ്‌ലിം ലീഗിന്റെ ഇടം പോരാടി വാങ്ങിയ മഹാമനീഷികളുടെ മുൻനിരയിൽ ആണ് അദ്ദേഹത്തിന്റെ സ്ഥാനം. 1950ൽ കോഴിക്കോട്ട് അബ്ദുസ്സലാം മൗലവി സ്ഥാപക ജനറൽ സെക്രട്ടറി ആയി കേരള നദ്‌വതുൽ മുജാഹിദീൻ രൂപീകരിക്കപ്പെട്ട് അധികമാകുന്നതിനുമുമ്പേ അതേ വർഷം ഒക്റ്റോബർ മാസത്തിൽ ആണ് ലീഗ് ചരിത്രത്തിലെ ദശാസന്ധികളിൽ ഒന്നായ മലപ്പുറം ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്. സലഫീ ആദർശ പ്രബോധനത്തിന്റെ കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിലും തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ മുഴുകിയ മൗലവി ആയിരുന്നു മിക്ക പ്രചാരണ പൊതുയോഗങ്ങളിലും ക്വാഇദെ മില്ലത്തിന്റെ പ്രസംഗങ്ങൾ പരിഭാഷപ്പെടുത്തിയത്.

സ്വതന്ത്ര ഇന്ത്യയുടെ ജനാധിപത്യ മതനിരപേക്ഷ ചട്ടക്കൂടിൽ സാമുദായിക രാഷ്ട്രീയം വഴി മുസ്‌ലിംകൾക്ക് അഭിമാനകരമായ അസ്തിത്വം സാധ്യമാണ് എന്നും ഇൻഡ്യൻ ദേശരാഷ്ട്രത്തിന്റെ പുരോഗതിയിൽ ഇവിടുത്തെ മുസ്‌ലിംകൾ പരമാവധി സംഭാവനകൾ അർപ്പിക്കണം എന്നും എൻ.വി. അടിയുറച്ച് വിശ്വസിച്ചു. എന്നാൽ പാക്കിസ്ഥാനെ അപരമായി കാണുന്ന 'ഇന്ത്യൻ വികാരം' അദ്ദേഹത്തിന് അന്യമായിരുന്നു. പാക്കിസ്ഥാനും ബംഗ്ലാദേശും ഉൾപ്പെട്ടിരുന്ന പ്രവിശാലമായ ഒരു ഭൂപ്രദേശത്തെ മുസ്‌ലിം സമുദായം ആയിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയ ആലോചനകളുടെ ഏകകം. സർവേന്ത്യാ മുസ്‌ലിം ലീഗിന്റെ കളരിയിൽ ഊട്ടപ്പെടുകയും പാക്കിസ്ഥാൻ പ്രക്ഷോഭത്തിന്റെ ഭാഗമായി നിൽക്കുകയും ചെയ്ത ഒരാളുടെ geo political imagination അപ്രകാരമാവുക സ്വഭാവികം മാത്രമാണ്. എന്നാൽ അതിലുപരി ഇസ്‌ലാമിക പ്രമാണങ്ങൾ അവതരിപ്പിക്കുന്ന ഉമ്മത്ത് എന്ന സങ്കൽപനത്തിന്റെ പ്രതിഫലനം കൂടിയായിരുന്നു അത്. ബോംബെയിൽ നിന്ന് കപ്പൽ കയറി എത്താമായിരുന്ന, 'ഇന്ത്യ'ക്കാർക്ക് നല്ല സമ്പർക്കമുണ്ടായിരുന്ന 'പാക്കിസ്ഥാനിലെ' കറാച്ചി മൗലവിക്ക് വൈകാരികമായ അടുപ്പമുള്ള നഗരമായിരുന്നു. 1947 അവസാനം സർവേന്ത്യാ മുസ്‌ലിം ലീഗിന്റെ അവസാന കൗൺസിൽ ജിന്നയുടെ അധ്യക്ഷതയിൽ കറാച്ചിയിൽവെച്ച് നടക്കുന്ന സമയത്തൊക്കെ മൗലവി അരീക്കോട് ജംഇയതുൽ മുജാഹിദീന്റെ ചില ആവശ്യങ്ങളുമായി ആ നഗരത്തിൽ ഉണ്ടായിരുന്നു. സ്വാതന്ത്ര്യാനന്തരം മലബാറിൽ നിന്ന് പോയി പാക്കിസ്ഥാൻ പൗരത്വം സ്വീകരിച്ച സത്താർ സേട്ട് സാഹിബുമായും പി.വി. മുഹമ്മദ് മൗലവിയുമായും ഇന്ത്യൻ പൗരനായി തുടർന്ന എൻ.വി.ക്ക് കത്തിടപാടുകൾ ഉണ്ടായിരുന്നു. കച്ചവട - തൊഴിൽ ആവശ്യങ്ങൾക്ക് കറാച്ചിയിൽ പോവുകയും വിഭജനത്തോടെ 'പാക്കിസ്ഥാനികൾ' ആവുകയും ചെയ്ത മലബാർ മാപ്പിളമാർക്കും എൻ.വി.യുമായി ആശയവിനിമയം ഉണ്ടായിരുന്നു.

## മുസ്‌ലിം ലീഗ്: എൻ. വിയുടെ ഇസ്‌ലാമിക വ്യാഖ്യാനം

ഇസ്‌ലാമിക പ്രമാണങ്ങളെ മനസ്സിലാക്കാനും കണിശമായി പിന്തുടരാനും മുസ്‌ലിം സമുദായാംഗങ്ങളെ അവയ്ക്കനുസൃതമായി ജീവിക്കുന്നവരാക്കി വളർത്താനും അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിച്ച് കഠിനാധ്വാനം ചെയ്ത ഭക്ത സാത്വികനായിരുന്നു അബ്ദുസ്സലാം മൗലവി. അത്തരം ഒരാൾ ആത്മാർപ്പണമുള്ള രാഷ്ട്രീയക്കാരനാകുന്നത് ചിലർക്കെങ്കിലും മനസ്സിലാക്കാൻ പ്രയാസമുണ്ടാകും. എൻ.വി.യെപ്പോലുള്ളവർക്ക് മുസ്‌ലിം ലീഗ് അവരുടെ മതപരമായ പ്രബുദ്ധതയുടെ തന്നെ നീൾച്ച ആയിരുന്നുവെന്ന സത്യം വേണ്ടവിധം മനസ്സിലാക്കാത്തതുകൊണ്ടാണിത്. 1979ൽ അബ്ദുസ്സലാം മൗലവി എഴുതിയ "മുസ്‌ലിം ലീഗ്: ഇന്നലെ, ഇന്ന്, നാളെ" എന്ന ലഘുപുസ്തകം അദ്ദേഹത്തിന്റെ രാഷ്ട്രീയ ദർശനത്തിന്റെ ഇസ്‌ലാമിക മാനങ്ങൾ മനസ്സിലാക്കാൻ ഉപകരിക്കും.

പരിശുദ്ധ ക്വുർആനിലെ സൂറതുശ്ശൂറയിലെ (അധ്യായം 42) 36 മുതൽ 39 വരെയുള്ള നാല് ആയത്തുകൾ ഉദ്ധരിച്ചുകൊണ്ട് ആരംഭിക്കുന്ന ഈ രചന മുസ്‌ലിം ലീഗിനെ ഇസ്‌ലാം ഇന്ത്യയുടേത് പോലുള്ള സാഹചര്യങ്ങളിൽ ജീവിക്കുന്ന മുസ്‌ലിംകൾക്ക് നൽകുന്ന രാഷ്ട്രീയ അനുശാസനകൾ പ്രകാരമുള്ള ഒരു ദീനീ

ആവിഷ്കാരം ആയാണ് കാണുന്നത്. മുസ്‌ലിം ലീഗ് മൂർത്തവൽകരിക്കുന്ന മുസ്‌ലിം രാഷ്ട്രീയം പുസ്തകത്തിൽ അവതരിപ്പിക്കപ്പെടുന്നത് ശരിയായ 'ഇസ്‌ലാമിക രാഷ്ട്രീയം' ആയിട്ടാണ് മുസ്‌ലിംകൾക്ക് സമുദായം എന്ന നിലയ്ക്കുള്ള സംഘബോധവും പൊതുപ്രശ്നങ്ങൾ കൂടിയാലോചിച്ച് തീരുമാനിക്കാൻ ഉള്ള ശൂറാ സംവിധാനവും സമുദായത്തെ സംരക്ഷിക്കാനും നയിക്കാനുമുള്ള ഇമാറതും നിർബന്ധമാണെന്ന് ക്വുർആൻ പഠിപ്പിച്ചതുകൊണ്ടാണ് ഖിലാഫത് ഇസ്‌ലാമിക ചരിത്രത്തിലുടനീളം നിലനിന്നത് എന്നും ഉഥ്മാനിയ്യാ ഖിലാഫതിന്റെ തകർച്ചയോടെ ആ ദൗത്യങ്ങൾ നിർവഹിക്കാൻ ഉപഭൂഖണ്ഡത്തിലെ മുസ്‌ലിംകൾ കണ്ടെത്തിയ മാർഗമാണ് മുസ്‌ലിം ലീഗ് എന്നുമാണ് എൻ.വി. കൃതിയിൽ സമർത്ഥിക്കുന്നത്. മുസ്‌ലിം ലീഗ് എന്നാൽ മുസ്‌ലിം ഉമ്മത്ത് തന്നെ ആണെന്നും ലീഗ് നേതൃത്വം ആണ് സമുദായത്തിന്റെ യഥാർത്ഥ നേതൃത്വം എന്നുമുള്ള ക്വുർആനിക ബോധ്യമായിരുന്നു മൗലവിയുടെ രാഷ്ട്രീയ സജീവതയുടെ പ്രേരണ. ഖിലാഫതിന്റെ തകർച്ച ഉണ്ടാക്കിയ ഒരു അന്തർദേശീയ മുസ്‌ലിം പ്രതിസന്ധിക്ക് ഇന്ത്യയിൽ ഉരുത്തിരിഞ്ഞുവന്ന ഇസ്‌ലാമിക പരിഹാരം എന്ന നിലയിൽ മുസ്‌ലിം ലീഗിൽ അണിചേരൽ മുസ്‌ലിംകളുടെ മതപരമായ സാമൂഹിക ബാധ്യത ആണെന്നാണ് പുസ്തകം ചൂണ്ടിക്കാണിക്കുന്നത് രാഷ്ട്രീയത്തെ ഒരു ആഗോള ഇസ്‌ലാമിക പ്രതലത്തിൽ വെച്ചുകൊണ്ടാണ്, അല്ലാതെ മതേതര- ദേശീയ വ്യവഹാരങ്ങളിൽ കുരുങ്ങിനിന്നുകൊണ്ടല്ല മൗലവി സമീപിക്കുന്നത് ഖിലാഫതിന്റെ തിരോധാനം ഉണ്ടാക്കുന്ന ശൂന്യതയെ എങ്ങനെ മറികടക്കണമെന്നതു സംബന്ധിച്ച് 1920കളുടെ രണ്ടാം പകുതിയിൽ സയ്യിദ് റശീദ് രിദായുടെ അൽമനാർ മാസിക നടത്തിയതുപോലുള്ള ആലോചനകളാണ് മൗലവി പുസ്തകത്തിൽ നിർവഹിക്കുന്നത്

മുസ്‌ലിംകളെ ഐക്യത്തോടെ നിലനിർത്തേണ്ട ഇസ്‌ലാമിക ബാധ്യതയുള്ള മുസ്‌ലിം ലീഗ് നേതൃത്വം പാണക്കാട് പൂക്കോയ തങ്ങളുടെ മരണശേഷം അഖിലേന്ത്യാ ലീഗും യൂണിയൻ ലീഗുമായി ചേരി തിരിഞ്ഞതിനെ നിശിതമായി വിമർശിക്കുകകൂടി ചെയ്യുന്നുണ്ട് പാർട്ടി പിളർന്നുനിന്ന കാലത്ത് എഴുതപ്പെട്ട "***മുസ്‌ലിം ലീഗ്: ഇന്നലെ, ഇന്ന്, നാളെ***". മുസ്‌ലിം ലീഗ് പാർട്ടി വിജയിക്കണമെങ്കിൽ അല്ലാഹുവിന്റെ സഹായം അനിവാര്യമാണെന്നും നേതൃത്വം ബാധ്യതകൾ വിസ്മരിച്ചാൽ ആ സഹായം ലഭിക്കാതെ പോകുമെന്നും ഓർമ്മിപ്പിക്കുന്നുണ്ട് പുസ്തകം. ലീഗ് ചില സമുദായാവകാശങ്ങൾ നേടുന്നതിലും ഇസ്‌ലാം വെറുക്കുന്ന ചില സാമൂഹിക തിന്മകളുടെ വ്യാപനത്തെ ഭരണസ്വാധീനം ഉപയോഗിച്ച് തടയുന്നതിലും ഇടക്കാലത്ത് പരാജയപ്പെട്ടത് ഇപ്രകാരം അല്ലാഹുവിന്റെ സഹായം തടയപ്പെട്ടതിനാൽ ആണെന്ന് ഗ്രന്ഥം ഉദാഹരണസഹിതം നിരീക്ഷിക്കുന്നു.
ഈമാനും ഇഖ്‌ലാസും ആകണം ലീഗ് നേതാക്കളുടെ ചാലകശക്തിയെന്ന എൻ.വി.യുടെ കാഴ്ചപ്പാട് പുസ്തകത്തിൽ ഉടനീളം ഉണ്ട്. എൻ.വി.ക്ക് മുസ്‌ലിം ലീഗ് അല്ലാഹുവിനോടും സമുദായത്തോടുമുള്ള ബാധ്യതാനിർവഹണത്തിന്റെ, അഥവാ ദീനിന്റെ, ഭാഗമായിരുന്നു; അതിൽ കവിഞ്ഞതോ കുറഞ്ഞതോ ആയ യാതൊന്നും ആയിരുന്നില്ല.

ജമാഅത്തെ ഇസ്‌ലാമിയുടെ നവീന ഇസ്‌ലാം വ്യാഖ്യാനങ്ങളുടെയും അതുത്പാദിപ്പിച്ച അനിസ്‌ലാമികമായ അരാഷ്ട്രീയതയുടെയും ഏറ്റവും പ്രഖ്യാതനായ ശത്രുവായി എൻ.വി മാറിയത് അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതക്ക് കൃത്യമായ ഇസ്‌ലാമിക ആദർശവേരുകൾ ഉണ്ടായിരുന്നതുകൊണ്ടാണ് മുസ്‌ലിം ലീഗ് രാഷ്ട്രീയത്തെ പിന്തുണക്കലും വളർത്തലും ഒരു ദീനീ സേവനമായി അദ്ദേഹം കണ്ടു.
തന്റെ സഹോദരനായ എൻ.വി.ഇബ്റാഹീം മാസ്റ്ററെ പിൽക്കാല ലീഗ് രാഷ്ട്രീയത്തിൻറെ ധിഷണയായി വളർത്താൻ മൗലവിക്ക് കഴിഞ്ഞു. അരീക്കോട്ടുകാരൻ തന്നെയായ കെ.സി.അബൂബകർ മൗലവി ലീഗ് പ്രഭാഷണ വേദികളിൽ കത്തിപ്പടർന്നതും ദീനീ പ്രചോദനത്തിലായിരുന്നുവല്ലോ. പിന്നീട് എത്ര പേർ അതുപോലെ അരീക്കോട്ടുനിന്നുണ്ടായി എന്ന് ചുരുക്കിയും കേരളത്തിൽ നിന്നുണ്ടായി എന്ന് വികസിപ്പിച്ചും ചോദിക്കുവാനുള്ള ആത്മവിമർശനപരമായ വിവേകം തന്നെയായിരിക്കും നവോത്ഥാനത്തിന്റെ ഭാവിയെ നിർണയിക്കുന്ന ഒരു മനോഭാവം.


المنار
١٣١٥
بسم الله الرحمن الرحيم
( فبشر عبادي الذين يستمعون القول فيتبعون أحسنه
أولئك الذين هداهم الله وأولئك هم أولو الألباب )

റഷീദ് റിദയുടെ 'അൽ മനാർ' (1899 മാർച്ച് 11)

# മിശ്കാത്തുൽ ഹുദാ

/ അലീഫ് ഷാൻ സി.എം.
എം.എ. അഫ്ദലുൽ ഉലമ, ഒന്നാം വർഷം

---

مِشْكَاةُ الْهُدٰى

★ MISHKATHUL HUDA ★

(ANNUAL)

| | | |
|---|---|---|
| പുസ്തകം 1. | 1379 റ. അവ്വൽ 21-ാംതീ<br>1959 സപ്തംബ്ര് 25-ാംതീ | ലക്കം 11-12. |



സുല്ലമുസ്സലാം അറബിക് കോളേജ്, അരീക്കോട്



*സി.എച്ച്.മുഹമ്മദ് കോയ*



*എസ്.എം.സർവർ സാഹിബ്*



*ടി.ഉബൈദ്*

**'മിശ്കാത്തുൽ ഹുദാ'** സത്യമാർഗ്ഗത്തിന്റെ വിളക്കുമാടം എന്നാണ് ഈ അറബി പദത്തിന്റെ അർത്ഥം. 1934 ലാണ് അരീക്കോട്ടുകാർ ആദ്യമായി ഈ പേര് കേൾക്കാൻ തുടങ്ങുന്നത്. 1921 ലെ മലബാർ ലഹളയോടെ മുടങ്ങിപ്പോയ താഴത്തങ്ങാടി വലിയ ജുമുഅത്ത് പള്ളിക്ക് സമീപത്തെ കെട്ടിടത്തിൽ നടന്നുവന്നിരുന്ന മദ്രസാ പഠനം അതേ കെട്ടിടത്തിൽ ഒരു വ്യാഴവട്ടക്കാലത്തിന് ശേഷം എൻ.വി. അബ്ദുസ്സലാം മൗലവി സെക്രട്ടറിയായിക്കൊണ്ട് 'മിശ്കാത്തുൽ ഹുദാ മദ്രസ' എന്ന പേരിൽ പുനരാരംഭിച്ചപ്പോഴായിരുന്നു അത്. പുത്തൻവാദമായ 'ഒഹാബിയ്യത്ത്'' പ്രചരിപ്പിക്കുവാനാണ് മദ്രസ ഉപകരിക്കുക എന്ന് പറഞ്ഞുകൊണ്ടുള്ള യാഥാസ്ഥിതികരുടെ ശക്തമായ എതിർപ്പിനെ തുടർന്ന് മുന്ന് വർഷങ്ങൾക്ക് ശേഷം മദ്രസയുടെ നടത്തിപ്പ് മുടങ്ങുകയാണുണ്ടായത്.

'മിശ്കാത്തുൽ ഹുദാ' എന്ന പേരിൽ എൻ.വി. അബ്ദുസ്സലാം മൗലവി ഒരു മാസിക പുറത്തിറക്കാൻ ആരംഭിച്ചപ്പോഴാണ് അരീക്കോട്ടുകാർ വീണ്ടും ഈ പേര് കേൾക്കുന്നത്. 1958 ഒക്ടോബർ 25 നാണ് മാസികയുടെ ആദ്യ ലക്കം അരീക്കോട് നിന്നും പുറത്തിറങ്ങിയത്. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ മാസികയിൽ ലേഖനങ്ങളെഴുതി. സമുദായത്തിന്റെ വിശ്വാസപരവും കർമ്മപരവുമായ സംസ്കരണം എൻ.വി.അബ്ദുസ്സലാം മൗലവിയുടെ സുപ്രധാന അജണ്ടയായിരുന്നു. മാസികയുടെ ലക്ഷ്യവും അത് തന്നെയായിരുന്നു. അന്ധവിശ്വാസം, അനാചാരം എന്നിവ മുസ്‌ലിം സമൂഹത്തിൽ നിന്നും ഉന്മൂലനം ചെയ്യണമെങ്കിൽ ജനങ്ങൾ ക്വുർആനിക ആശയങ്ങളും അവയുടെ വിശദീകരണമായ ഹദീഥുകളും ഗ്രഹിക്കുകയല്ലാതെ മാർഗ്ഗമില്ലെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

'ക്വുർആൻ സാധാരണക്കാരന് മനസ്സിലാക്കുവാനുള്ളതല്ല, പണ്ഡിതന്മാർക്ക് മനസ്സിലാക്കുവാനുള്ളതാണ്'' എന്ന യഥാസ്ഥിതിക ജൽപ്പനങ്ങളെ അദ്ദേഹം വിലവെച്ചില്ല. ക്വുർആൻ പഠനത്തിന്റെ പ്രാധാന്യം മുസ്‌ലിം സമൂഹത്തെ ബോധ്യപ്പെടുത്തുകയും അതിനായി 1945ൽ ജംഇയ്യത്തുൽ മുജാഹിദീന്റെ ആഭിമുഖ്യത്തിൽ അരീക്കോട് ആധുനികമായ രീതിയിൽ ഒരു ക്വുർആൻ പഠന സംരംഭം തുടങ്ങുകയും ചെയ്തു. ക്വുർആൻ പഠനത്തിൽ പ്രായോഗികവും ശാസ്ത്രീയവുമായ രീതി ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്ത അദ്ദേഹം അരീക്കോട് വലിയ വിപ്ലവമാണ് സൃഷ്ടിച്ചത്. 1949 ൽ കോഴിക്കോട് കുറ്റിച്ചിറ 'മിശ്കാത്തുൽ ഹുദാ മദ്രസ'യിലും മൗലവി തന്റെ ക്വുർആൻ പഠന സംരംഭം തുടർന്നു. ഇതിനൊരു തുടർച്ചയെന്നോണം ക്വുർആൻ പണ്ഡിതനായ അബ്ദുസ്സലാം മൗലവി 'മിശ്കാത്തുൽ ഹുദാ' മാസികയിൽ ഗഹനമായ ഒരു ക്വുർആൻ പംക്തി കൈകാര്യം ചെയ്തു. കേരളത്തിലെ പ്രമുഖ ഹദീഥ് പണ്ഡിതനും അറബി ഭാഷാ വിശാരദനും സുല്ലമുസ്സലാം അറബിക് കോളേജ് പ്രിൻസിപ്പളുമായിരുന്ന ശൈഖ് മുഹമ്മദ് മൗലവി ഒരു ഹദീഥ് പംക്തിയും മാസികയിൽ തുടർച്ചയായി കൈകാര്യം ചെയ്തു. പ്രശസ്ത ഹദീഥ് ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തിക്കൊണ്ട് തുടങ്ങിയ ലേഖനങ്ങൾ പിന്നീട് പ്രമുഖ ഹദീഥ് ഗ്രന്ഥമായ 'സ്വഹീഹുൽ ബുഖാരി' യുടെ പരിഭാഷയിലേക്കും വിശദീകരണത്തിലേക്കും കടന്നുചെന്നു.

മുസ്‌ലിം സ്ത്രീകളുടെ വിദ്യഭ്യാസപരവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യം വെച്ച് മാസിക ഗൗരവപരമായ ചിന്തകൾ സമൂഹത്തിലുയർത്തി. നിയമസഭാ സാമാജികനായിരുന്ന സി.എച്ച്.മുഹമ്മദ് കോയ ആദ്യ ലക്കത്തിൽ തന്നെ സ്ത്രീ വിദ്യഭ്യാസ ചർച്ചകൾക്ക് തുടക്കമിട്ടു. യാഥാസ്ഥിതികത്വത്തിന്റെ മുറവിളി കേട്ട് ലൗകിക വിദ്യഭ്യാസം ഹറാമാണെന്ന് ധരിച്ച്  ഭൗതികവും മതപരവുമായി ഒന്നും പഠിക്കാതെ വിവരക്കേടിൽ ആണ്ടുകിടക്കുന്ന സ്ത്രീജനങ്ങളെ വിദ്യാലയങ്ങളിലെത്തിക്കുവാൻ വഴി തേടുന്ന ലേഖകൻ മുസ്‌ലിം സഹോദരിമാരെ വിദ്യ അഭ്യസിപ്പിക്കുവാൻ ശക്തമായ ശ്രമങ്ങളുണ്ടാവണമെന്നും ആവശ്യപ്പെട്ടു.

"ഖുർആൻ കഷ്ടിച്ച് വായിക്കുവാൻ പഠിക്കുന്നു. ഈമാൻ കാര്യങ്ങളും ഇസ്‌ലാം കാര്യങ്ങളും പഠിച്ചെന്നും വരാം. പാട്ടെഴുത്ത് എന്ന് പറയുന്ന 'അറബി മലയാളം' അവർക്ക് വായിക്കാനറിയും. കുളിയുടെ ശർത്തും ഫർളും, നമസ്കരിക്കുന്ന വിധവും അഭ്യസിക്കലാണ് മതത്തെ സംബന്ധിച്ച അവരുടെ ബിരുദാനന്തര പഠനം.



കെ.കെ.മുഹമ്മദ് അബ്ദുൽ കരീം



യു.എ.ബീരാൻ

***മുസ്‌ലിം സ്ത്രീകളുടെ വിദ്യഭ്യാസപരവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യം വെച്ച് മാസിക ഗൗരവപരമായ ചിന്തകൾ സമൂഹത്തിലുയർത്തി. നിയമസഭാ സാമാജികനായിരുന്ന സി.എച്ച്.മുഹമ്മദ് കോയ ആദ്യ ലക്കത്തിൽ തന്നെ സ്ത്രീ വിദ്യഭ്യാസ ചർച്ചകൾക്ക് തുടക്കമിട്ടു.***

പാട്ടെഴുത്തിലെഴുതിയതെന്തും സത്യമാണെന്നാണവരുടെ വിശ്വാസം. പക്ഷിപ്പാട്ടും കുപ്പിപ്പാട്ടുമാണ് ചരിത്രത്തിൽ അവർക്ക് ലഭിക്കുന്ന ഉന്നത വിദ്യഭ്യാസം! ലോക മഹായുദ്ധം ആറ്റക്കോയ തങ്ങളും അലി ബാറാമിയും കൂടി പറഞ്ഞ് പഞ്ചായത്താക്കാൻ പോകുന്നുവെന്ന് വിശ്വസിക്കുവാൻ മാത്രമേ അവരുടെ പൊതു വിജ്ഞാനീയം വികസിച്ചിട്ടുള്ളൂ. കഠിനമായ വയറു വേദന കൊണ്ട് ശക്തിയായി കരയുന്ന കുട്ടിക്ക് മരം കോച്ചുന്ന തണുപ്പുള്ള പാതിരാവിൽ പൂവൻപഴം തൊലിയുരിച്ചു കൊടുക്കുന്ന ആരോഗ്യശാസ്ത്രമാണവർ പഠിച്ചത്."

അക്കാലത്തെ മുസ്‌ലിം പെണ്ണുങ്ങളുടെ അജ്ഞത വിശദമാക്കുന്ന സി.എച്ച്.മുഹമ്മദ് കോയ പിൽകാലത്ത് കേരളാ വിദ്യഭ്യാസ മന്ത്രിയാവുകയും മുസ്‌ലിം സത്രീകളുടെ വിദ്യഭ്യാസ ഉന്നമനത്തിന് ശക്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തു.

സി.എച്ച്.മുഹമ്മദ് കോയ ഈ മാസികയിലൂടെ നിരന്തരം ഒച്ചയുണ്ടാക്കി. മുസ്‌ലിം പെണ്ണുങ്ങളുടെ വിദ്യഭ്യാസ പുരോഗതിക്ക് വേണ്ടി മാത്രമല്ല സമുദായത്തിന്റെ മൊത്തത്തിലുള്ള ഭൗതിക വികസനത്തിനും സാമൂഹിക ഉദ്ധാരണത്തിനും വേണ്ടി പരിശ്രമിച്ച അദ്ദേഹം മാസികയിലൂടെ അത് നടപ്പിലാക്കാനുള്ള വഴികൾ പങ്കുവെച്ചു. 'മിശ്ക്കാത്തി'ലൂടെ തുടർച്ചയായി അദ്ദേഹം വായനക്കാരുമായി സംവദിച്ചു. 'കേരള മുസ്‌ലിംകളും തൊഴിലും', 'തൊഴിലിനെപ്പറ്റി ഇനിയുമെഴുതട്ടെ' എന്നീ അദ്ദേഹത്തിന്റെ ലേഖനങ്ങൾ മുസ്‌ലിം യുവതയുടെ തൊഴിലിടങ്ങളെ പരിശോധിക്കുകയും വിലയിരുത്തുകയും മെച്ചപ്പെട്ടതും സമഗ്രവുമായ നിലയിൽ മുസ്‌ലിം കൈരളിയുടെ വിഭവശേഷി വിനിയോഗിക്കാനുതകുന്ന മാർഗങ്ങൾ വിശദീകരിക്കുകയും ചെയ്തു.

മാസികയിലെ ശക്തമായ പെൺശബ്ദമായിരുന്നു പി.കെ.സുബൈദ മദനിയ്യ. പുളിക്കൽ മദീനത്തുൽ ഉലൂം അറബിക് കോളേജിൽ നിന്നും പഠനം പൂർത്തീകരിച്ച ആദ്യ പെൺകുട്ടിയായ അവർ സ്വാതന്ത്രസമര സേനാനിയും പ്രസിദ്ധ ക്വുർആൻ വ്യാഖ്യാതാവുമായ പി.കെ.മൂസ മൗലവിയുടെ മകളാണ്. കേരളത്തിലെ മുസ്‌ലിം വിദ്യഭ്യാസ പരിഷ്കർത്താവ് ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ ശിഷ്യനായിരുന്ന പിതാവ് തന്റെ ഗുരുനാഥനിൽ നിന്ന് ലഭിച്ച സമുദ്ധാരണാശയങ്ങൾ തന്റെ മകൾക്കും പകർന്ന് നൽകി. മുസ്‌ലിം സ്ത്രീകളുടെ വിദ്യഭ്യാസ, സാമൂഹിക പുരോഗതിക്ക് വേണ്ടി നിരവധി ലേഖനങ്ങിലൂടെയും പ്രഭാഷണങ്ങളിലൂടെയും ശബ്ദമുയർത്തിയ അവരെ രചനാരംഗത്തേക്ക് കൊണ്ടുവന്നത് എൻ.വി.അബ്ദുസ്സലാം മൗലവിയാണെന്ന് ഈയിടെ നൽകിയ ഒരഭിമുഖത്തിൽ അവർ ഓർത്തെടുക്കുന്നുണ്ട്. 1959 മെയ് ലക്കത്തിലെ 'സ്ത്രീകൾ ഇസ്‌ലാമിൽ' എന്ന ലേഖനത്തിലൂടെ അവർ മാസികയിൽ സാന്നിദ്ധ്യമറിയിച്ചു. ഇസ്‌ലാമിലെ സ്ത്രീകളുടെ അവകാശങ്ങളും സ്വാതന്ത്ര്യവും ചർച്ച ചെയ്യുന്ന ലേഖനം പൊതു സമൂഹത്തിലെ മുസ്‌ലിം സ്ത്രീകളുടെ അവസ്ഥകളും വിലയിരുത്തുന്നുണ്ട്. തൊട്ടടുത്ത ലക്കത്തിലെ 'മുസ്‌ലിം സ്ത്രീകൾക്കൊരു സംഘടന വേണം' എന്ന ലേഖനത്തിലൂടെ കേരളത്തിലെ മുസ്‌ലിം സ്ത്രീകൾ സംഘശക്തിയാവുന്നതിന്റെ ആവശ്യകത അവർ സമൂഹത്തെ ഉണർത്തി.

ക്വുർആനും സുന്നത്തും അറബി സാഹിത്യങ്ങളും മറ്റ് ഇസ്‌ലാമിക സാഹിത്യങ്ങളും മുസ്‌ലിംകൾക്കിടയിൽ പ്രചരിപ്പിക്കുകയാണ് മാസികയുടെ പ്രധാന ലക്ഷ്യമെന്ന് വ്യക്തമാക്കുന്ന പത്രാധിപർ അറബി, ഉർദു ഭാഷകളുടെ പഠനത്തിനു വേണ്ടി പ്രത്യേക ഇടം മാറ്റിവച്ചു. കേരളാ അറബി ഭാഷാ പ്രചാരസഭയുടെ സെക്രട്ടറിയായിരുന്ന കെ.പി.മുഹമ്മദ് മൗലവിയാണ് അറബി ഭാഷാപഠന പംക്തി കൈകാര്യം

ചെയ്തിരുന്നത്. അദ്ദേഹം സുല്ലമുസ്സലാം അറബിക് കോളേജിൽ അധ്യാപകനായി സേവനമനുഷ്ഠിക്കുക യാണ് അന്ന്. മിശ്കാത്തുൽ ഹുദായിലെ ഉർദു പാഠങ്ങ ളുടെ രചന നിർവ്വഹിച്ചത് പ്രശസ്ത ഉർദു കവിയും മലപ്പുറം ഹൈസ്കൂളിലെ അധ്യാപകനുമായിരുന്ന എസ്.എം.സർവർ സാഹിബായിരുന്നു. അദ്ദേഹത്തിന്റെ വിദഗ്ദ്ധമായ പാഠ്യ പദ്ധതി ക്കനുസരിച്ച് മിശ്കാത്തിലെ ഉർദു ഭാഷാപഠനം ഭംഗിയായി മുന്നോട്ടു നീങ്ങി. രണ്ട് ചരിത്ര പംക്തികളാ ണ് പ്രധാനമായും മാസികയിലുണ്ടായിരുന്നത്. 'ക്വുർആൻ കഥകൾ' എന്ന ശീർഷകത്തിൽ ആദം നബി മുതലുള്ള പ്രവാചകന്മാരുടെ ചരിത്ര കഥകൾ ക്വുർആനിക വെളിച്ചത്തിൽ പി.കെ.അലി അബ്ദു റസാഖ് മദനി പറഞ്ഞുതുടങ്ങി. പ്രവാചകൻ മുഹമ്മദ് നബി (സ്വ)യുടെ പ്രബോധന ജീവിതം വിവരിക്കുന്ന ചരിത്ര പംക്തി പി.പി.അബ്ദുൽ ഗഫൂർ മൗലവിയും കൈകാര്യം ചെയ്തു. ഹൃദ്യമായ അവതരണം കൊണ്ട് ഏറെ ശ്രദ്ധിക്കപ്പെട്ടതായിരുന്നു ഈ രണ്ട് പംക്തി കളും. സോവിയറ്റ് പട്ടണവും പുരാതന നഗരവുമായ മർവ്വിനെ കുറിച്ചുള്ള ലേഖനത്തിൽ സൽജൂഖികൾ ചാലൂക്യരാണെന്ന് പി.എം.മുഹമ്മദ് ഫലക്കി സ്ഥാപി ക്കാൻ ശ്രമിച്ചപ്പോൾ അതിനെ എതിർത്ത് കൊണ്ട് സൽജൂഖികളെയും ചാലൂക്യരെയും സംബന്ധിച്ച വിശ ദമായൊരു ലേഖനമെഴുതിക്കൊണ്ട് പണ്ഡിതനായ കെ.എൻ.ഇബ്രാഹീം മൗലവി ഒരു ആശയ സംവാദത്തിന് തിരി കൊളുത്തി.

ശാസ്ത്രീയവും സാമ്പത്തികവുമായ വിഷയങ്ങളിലുള്ള ലേഖനങ്ങളും മാസിക കൈകാര്യം ചെയ്യുമെന്ന ആദ്യ ലക്കത്തിലെ വാഗ്ദാനം എൻ.വി.അബ്ദുസ്സലാം മൗലവി നിറവേറ്റി. മന:ശാസ്ത്രജ്ഞനായ ഇ.മുഹമ്മദ് സാഹിബ് 'നമ്മുടെ കുട്ടികളെ വളർത്തേണ്ടതെങ്ങനെ?' എന്ന രണ്ടാം ലക്കത്തിലെ തന്റെ ലേഖനത്തിലൂടെ മന:ശാസ്ത്ര വിഷയങ്ങൾക്ക് തുടക്കമിട്ടു. മന:ശാസ്ത്ര തത്ത്വങ്ങളുടെ കെട്ടിക്കുടുക്കുകളില്ലാതെ വളരെ ലളിതമായി അദ്ദേഹം മന:ശാസ്ത്ര ലേഖനങ്ങൾ വിവിധ ലക്കങ്ങളിലെഴുതി. അബൂദാഊദ് 'ആകാശ ലോകങ്ങൾ' എന്ന ശീർഷകത്തിനു താഴെ ഗോള ശാസ്ത്ര സംബന്ധിയായ നിരവധി വിവരങ്ങൾ വായനക്കാർക്ക് നൽകി. കണക്കുകളും ജ്യാമിതീയ വരകളുമെല്ലാമുള്ള അദ്ദേഹത്തിന്റെ ഗോളശാസ്ത്ര ലേഖനങ്ങൾ തത്പരരല്ലാത്തവർക്ക് വിരസത സൃഷ്ടിക്കുമെങ്കിലും ജിജ്ഞാസുക്കൾക്ക് കൗതുകം നൽകുന്നതായിരുന്നു. ഇന്നത്തെ പോലെ സാധാരണ ക്കാർക്കിടയിൽ ബാങ്കുകളുടെ പ്രവർത്തനം അത്ര വ്യാപിച്ചിട്ടില്ലാത്ത കാലത്ത് ആധുനിക ബാങ്കുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ബാങ്കിംഗ് രീതികളെ



ഡോ. മുഹ്യുദ്ദീൻ ആലുവായി



കെ. പി. മുഹമ്മദ് മൗലവി

ക്കുറിച്ചും ടി.അബ്ദുല്ല സാഹിബ് നിരവധി സാമ്പത്തിക ലേഖനങ്ങൾ മാസികയിലെഴുതി. ലോകപ്രശസ്ത യൂണിവേഴ്സിറ്റിയായ ഈജിപ്തിലെ ജാമിഉൽ അസ്ഹറിൽ നിന്നും ഉപരി പഠനം പൂർത്തീകരി ക്കുകയും അവിടെത്തന്നെ ജോലി ചെയ്യുകയും ചെയ്തിരുന്ന ഡോ.മുഹ്യിദ്ദീൻ ആലുവായ് 'മുസ്ലിംലോകം' എന്ന പംക്തിയിലൂടെ അൾജീരിയ, മൊറോക്കൊ, ലിബിയ, ടുണീഷ്യ തുടങ്ങിയ ഇസ്ലാമിക രാജ്യങ്ങളുടെ ചരിത്രവും വർത്തമാനവും സംക്ഷിപ്തമായ രൂപത്തിൽ വായനക്കാർക്ക് മുന്നിലെത്തിച്ചു.

1957 ൽ കേരളത്തിൽ ഇ.എം.സ്.നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആദ്യത്തെ മന്ത്രിസഭ അധികാര ത്തിലെത്തിയ കാലത്ത് കമ്യൂണിസ്റ്റ് ആശയങ്ങളും ഇസ്ലാമും തമ്മിലുള്ള ആശയപ്പൊരുത്തങ്ങൾ ഉരച്ചുനോക്കുന്ന ഏതാനും ലേഖനങ്ങൾ ഇ.കെ.മൗലവി സാഹിബ് മാസികയിലെഴുതി. മുമ്പ് ഇ.കെ.മൗലവി സാഹിബ് 'അറബി മലയാള'ത്തിൽ തിരൂരങ്ങാടിയിൽ നിന്നും പുറത്തിറക്കിയിരുന്ന 'അൽഇത്തിഹാദ്' മാസികയിൽ ഖണ്ഡശ: പ്രസിദ്ധീകരി ച്ചിരുന്ന ഇസ്ലാമിക കർമശാസ്ത്രം പ്രതിപാദിക്കുന്ന 'അൽഫിഖ്ഹ്' പരമ്പര സി.എ.മുഹമ്മദ് മൗലവി മിശ്കാത്തിലൂടെ തുടർന്നു. കഴിഞ്ഞ ഒരു മാസ ക്കാലത്തെ ലോകത്തെ സുപ്രധാന ചലനങ്ങൾ ഒപ്പിയെടുത്ത് 'വൃത്താന്ത സംഗ്രഹം' എന്ന പംക്തിയി ലൂടെ യു.എ.ബീരാൻ സാഹിബ് അനുവാചകർക്ക് മുന്നിലെത്തിച്ചു. മുഹമ്മദ് അമാനി മൗലവിയുടെ 'സത്യവിശ്വാസികളുടെ ഗുണ വിശേഷങ്ങൾ', ഇബ്നു മീരാൻ മൗലവിയുടെ ഹജ്ജ് കർമ്മങ്ങൾ വിവരിക്കുന്ന 'മനാസികുൽ ഹജ്ജ്' എന്നിവയാണ് മാസികയിൽ

***സോവിയറ്റ് പട്ടണവും പുരാതന നഗരവുമായ മർവ്വിനെ കുറിച്ചുള്ള ലേഖനത്തിൽ സൽജൂഖികൾ ചാലൂക്യരാണെന്ന് പി.എം. മുഹമ്മദ് ഫലക്കി സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ അതിനെ എതിർത്ത് കൊണ്ട് സൽജൂഖികളെയും ചാലൂക്യരെയും സംബന്ധിച്ച വിശദമായൊരു ലേഖനമെഴുതിക്കൊണ്ട് പണ്ഡിതനായ കെ.എൻ.ഇബ്രാഹീം മൗലവി ഒരു ആശയ സംവാദത്തിന് തിരി കൊളുത്തി.***

പ്രസിദ്ധീകരിച്ച മറ്റു തുടർലേഖനങ്ങൾ. പ്രമുഖ ചരിത്രകാരനായ പി.എ.സെയ്തു മുഹമ്മദ്, കെ.ഉമർ മൗലവി, പി.പി.അബൂബക്കർ ഫലക്കി, എൻ.വി. ഇബ്രാഹീം മാസ്റ്റർ തുടങ്ങിയവർ മാസികയിൽ ലേഖനമെഴുതിയവരിൽ പ്രമുഖരാണ്. അന്നത്തെ യുവ എഴുത്തുകാരായിരുന്ന അബ്ദുൽ മജീദ് വാരണാക്കര, കെ.പി.കുഞ്ഞിമൂസ തുടങ്ങിയവർക്കും മാസിക അതിന്റെ താളുകൾ തുറന്ന് കൊടുത്തു.

മാസികയുടെ 11, 12 ലക്കങ്ങൾ ഒരുമിച്ച് ഒരു വിശേഷാൽ പ്രതിയായി പ്രസിദ്ധീകരിച്ചു. മാസികയുടെ ഈ അവസാന ലക്കത്തിലാണ് കേരളത്തിലെ മുസ്‌ലിം നവോത്ഥാനത്തിന്റെ അമരക്കാരനായ വക്കം അബ്ദുൽ ഖാദർ മൗലവിയെക്കുറിച്ച് സവിസ്തരം വിശദീകരിക്കുന്ന പതിനാല് പേജ് വരുന്ന കെ.എം.സീതി സാഹിബിന്റെ പ്രൗഢവും പഠനാർഹവുമായ ലേഖനം വന്നത്. തന്റെ അനുഭവ പശ്ചാത്തലത്തിലൂടെ വക്കം മൗലവിയുടെ ജീവിതചിത്രം നൽകിയ സീതി സാഹിബ് യഥാർത്ഥത്തിൽ കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ ആദ്യകാല ചരിത്രം തന്നെയായിരുന്നു വായനക്കാർക്ക് നൽകിയത്. പ്രഥമ ലക്കത്തിലെ 'ഇനിയും ഒരു പുതിയ മാസികയോ?' എന്ന വിമർശന നിരൂപണ ലേഖനത്തിലൂടെ പത്രാധിപ സമിതി അനുവർത്തിക്കേണ്ട നയങ്ങളെക്കുറിച്ച് ഉദ്ബോധിപ്പിച്ച; പത്രപ്രവർത്തനത്തിൽ തഴക്കവും പഴക്കവും സിദ്ധിച്ച ഇ.കെ.മൗലവി സാഹിബ് വാർഷികപ്പതിപ്പിലെ തന്റെ ലേഖനത്തിലൂടെ  മാസിക ഒരു വയസ്സ് തികച്ചതിലെ സന്തോഷവും അഭിനന്ദനങ്ങളും അറിയിക്കുന്നു. എല്ലാവിധ ഉപദേശ നിർദ്ദേശങ്ങളും നൽകി ആദ്യ ലക്കം മുതൽ മാസികയോടൊപ്പം സഞ്ചരിച്ച പ്രശസ്ത മലയാള കവി ടി.ഉബൈദ് സാഹിബും സി.എ.അബ്ദുല്ല മൗലവി തിരൂരങ്ങാടിയും തങ്ങളുടെ ലേഖനങ്ങളിലൂടെ ഒരു വർഷം പൂർത്തീകരിക്കുന്ന മിശ്കാത്തുൽ ഹുദായുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. ചരിത്രകാരനായ കെ.കെ.മുഹമ്മദ് അബ്ദുൽ കരീം, മദീനത്തുൽ ഉലൂം അറബിക് കോളേജ് പ്രിൻസിപ്പളായ എം.സി.സി.അബ്ദുറഹ്മാൻ മൗലവി, എം.അബ്ദുല്ലക്കുട്ടി മൗലവി കുറ്റ്യാടി, യു.ജമാൽ മുഹമ്മദ് തുടങ്ങിയവർ തങ്ങളുടെ ലേഖനങ്ങൾ കൊണ്ട് വാർഷികപ്പതിപ്പിനെ ധന്യമാക്കി.

കടുത്ത സാമ്പത്തിക പ്രയാസങ്ങൾ നിമിത്തം 1959 സെപ്തംബർ 25 ന് ഇറങ്ങിയ വാർഷിക വിശേഷാൽ പ്രതിയോടു കൂടി പ്രസാധകനായ എൻ.വി അബ്ദുസ്സലാം മൗലവിക്ക് മിശ്കാത്തുൽ ഹുദാ മാസികയുടെ പ്രസിദ്ധീകരണം നിർത്തിവെക്കേണ്ടി വന്നു. അഞ്ച് രൂപയായിരുന്നു മാസികയുടെ വാർഷിക വരിസംഖ്യ. വാർഷിക പതിപ്പിലൊഴിച്ച് മറ്റൊരു ലക്കത്തിലും നമുക്ക് പരസ്യങ്ങൾ കാണുവാൻ കഴിയില്ല. പരസ്യങ്ങൾ സ്വീകരിക്കാതെ വരിസംഖ്യ കൊണ്ട് മാത്രം മാസിക തുടർന്ന് കൊണ്ട് പോവാനായില്ല. സാമ്പത്തിക ഞെരുക്കം കാരണം വരിക്കാർക്ക് മാസികയുടെ പഴയ ലക്കങ്ങൾ നൽകി കടംവീട്ടേണ്ടി വന്നു എന്ന് കോയമ്പത്തൂരിലെ മാസികയുടെ ചുമതലക്കാരനായിരുന്ന വി.അബ്ദുല്ലക്കുട്ടി സാഹിബ് തന്റെ 'അരീക്കോടിന്റെ ഖിസ്സ' എന്ന പുസ്തകത്തിലൂടെ പറയുന്നുണ്ട്. ഒരു വർഷം മാത്രമേ ' മിശ്കാത്തുൽ ഹുദാ' നിലനിന്നുവുള്ളൂ എങ്കിലും അത് വിഭാവനം ചെയ്തിരുന്ന വൈജ്ഞാനിക സമഗ്രത മാസികയുടെ ലക്കങ്ങൾ പരിശോധിക്കുന്ന ആർക്കും വ്യക്തമാവും എന്ന കാര്യത്തിൽ സംശയമേതുമില്ല.

*"ഖുർആൻ കഴിച്ച് വായിക്കുവാൻ പഠിക്കുന്നു. ഈമാൻ കാര്യങ്ങളും ഇസ്‌ലാം കാര്യങ്ങളും പഠിച്ചെന്നും വരാം. പാട്ടെഴുത്ത് എന്ന് പറയുന്ന 'അറബിമലയാളം' അവർക്ക് വായിക്കാനറിയും. കുളിയുടെ ശർത്തും ഫർളും, നമസ്കരിക്കുന്ന വിധവും അഭ്യസിക്കലാണ് മതത്തെ സംബന്ധിച്ച അവരുടെ ബിരുദാനന്തര പഠനം. പാട്ടെഴുത്തിലെഴുതിയതെന്തും സത്യമാണെന്നാണവരുടെ വിശ്വാസം. പക്ഷിപ്പാട്ടും കുപ്പിപ്പാട്ടുമാണ് ചരിത്രത്തിൽ അവർക്ക് ലഭിക്കുന്ന ഉന്നത വിദ്യാഭ്യാസം!*
*ലോക മഹായുദ്ധം ആറ്റക്കോയ തങ്ങളും അലി ബാറാമിയും (കോഴിക്കോട്ടെ രണ്ടു പൗരപ്രമാണികൾ) കൂടി പറഞ്ഞ് പഞ്ചായത്താക്കാൻ പോകുന്നുവെന്ന് വിശ്വസിക്കുവാൻ മാത്രമേ അവരുടെ പൊതു വിജ്ഞാനീയം വികസിച്ചിട്ടുള്ളൂ. കഠിനമായ വയറുവേദന കൊണ്ട് ശക്തിയായി കരയുന്ന കുട്ടിക്ക് മരം കോച്ചുന്ന തണുപ്പുള്ള പാതിരാവിൽ പൂവൻപഴം തൊലിയുരിച്ചു കൊടുക്കുന്ന ആരോഗ്യശാസ്ത്രമാണവർ പഠിച്ചത്."*

**സി.എച്ച്.മുഹമ്മദ് കോയ**
**(മിഷ്കാത്തുൽ ഹുദാ മാസിക : 1958 ഒക്ടോബർ 25)**

# بيان الإعراب

**آمنة بنت علي**

**السنة الأولى، لماجستير أفضل العلماء العربية**

في هذه الأسطر، أودّ أن آتى ببيان موجز عن كتاب نحوي عربي، موضح باللغة المليبارية. ألا هو كتاب "بيان الإعراب" إنه كتاب نحوي في اللغة العربية موضّح باللغة المليالمية، ألفه المولوي إن.وي.عبد السلام بن محمد الأريكودي. كان نشر الطبعة الأولى للكتاب سنة ١٩٧٠م والثانية سنة ١٩٧٤م قامت بطبع ونشر الطبعة الأولى طباعة "الهند"، بتيرور، ".وبعد ذلك قامت بها "يواتا، كاليكوت

من آثار المولوي إن.وي.عبد السلام الطيّبة أنه ألّف كتبا عديدة ومقالات كثيرة، وكان صحفيا بارعا. وكان ناشرا لمجلة مشكاة الهدى من أريكود منذ سنة ١٩٥٨م. وكان محرّرا لمجلة المنار، وكتب فيهما مقالات عدة في موضوعات مختلفة. ومن كتبه القيمة " بيان الإعراب" هذا الذي نشير إليه و "ليلة البراءة"، و"المسلمون ومسؤوليتهم الاجتماعية"، و "رابطة المسلمين، أمس، واليوم، وغدا"۔

كتاب المولوي "بيان الإعراب" أول كتاب في النحو العربي وضّح في اللغة المليالمية، ألّفه في أواخر الستينيات من القرن العشرين. لم يكن في كيرالا قبله أي كتاب في النحو العربي، صنف بلغة كيرالا. وفتح المولوي بتاليف هذا الكتاب بابا جديدا للملياليين لتعلم اللغةالعربية، وبعد ذلك كتب كثير من الباحثين والعلماء كتبا عديدة في النحو العربي في اللغة المليالمية. و كتاب بيان الإعراب كتاب قيم في مضمونه

وممتاز في عرضه لقواعد النحو، وهو لا يزال أحسن كتاب في هذا الباب. وله مميزات عدة، وهو ثروة نفيسة للمكتبة العلمية، بالإضافة إلى كونه معينا صادقا لطلاب علم قواعد اللغة العربية في لسان الأم والوطن.

## خدمات المولوي اللغوية والأدبية والعلمية والدينية

وقد أثر المولوي إن.وي.عبد السلام بن محمد تأثيرا عميقا في حياة مسلمي  كيرالا وخاصة في الأريكوديين، علما وعملا. وقد قدم إلى الناس وخاصة الى المسلمين، أفكارا جديدة كي يخرجهم من الظلمات إلى النور. وفي عنفوان شبابه، كان المسلمون منغمسين في الخرافات والبدع، وكانوا يعملون أعمالا محدثة وهم يحسبون أنهم يحسنون صنعا حتى ان بعضها كانت أقرب الى الكفر بآيات الله والشرك به.

استمسك المولوي بالدين الحنيف حق التمسك وفهم ان القرآن هو الحل الوحيد لمشاكل المسلمين وبدأ يعلّم الناس القران الكريم بالترجمة لمعانيه والتفسير لآياته وألفاظه في اللغة المحلية، هو الذي بدا ترجمة معاني القرآن الكريم في اللغة المحلية في كيرالا لأول مرة، وقد أتم بيان معاني الآيات القران الكريم كاملا مرتين للأريكوديين في الأربعينيات قبل ثمانين عاما او اكثر. ما اسعد الأريكوديين! علموا نور القران الكريم واستقوا من منبعه




(بيان الإعراب (الطبعة الأولى) ل أن وي عبد السلام

الفيّاض، ووفّقوا في الأربعينيات لدراسة تعاليم القرآن كاملا مرتين.

## بيان الإعراب

بيان الإعراب كتاب في النحو العربي باللغة المليالمية، و كان نشر الطبعة الأولى في سنة ١٩٧٠م والثاني في ١٩ أغسطس في سنة ١٩٧٤م والثالث في سنة ١٩٩٢م، نشرته في هذه الأونة طباعة يوواتا وفي الكتاب أكثر من ست مائة صفحة.

إن"بيان الإعراب" الذي ألفه الاستاذ هو عمل قيم قام به في خدمة اللغة العربية كما هو جدير بالحفاوة والتقدير. إذا أنّ المؤلف قد

بذل جهده مدة طويلة من حياته في البحث في أمهات كتب النحو العربي وجمع منها معلومات هامة ونقلها الى اللغة المحلية بكل دقة وأمانة، كما عنى المؤلف بعرض الموضوعات وشرحها في أسلوب سهل واضح. ويشتمل كل باب من أبواب هذا الكتاب على النص العربي للموضوع وعلى البيانات الوافية والتمرينات المفيدة. وهذا كتاب ذو فوائد عظيمة يستفيد الطالب والعالم لما جمع من معلومات كثيرة في قواعد اللغة العربية.

وقد كتب الشيخ كى.بي.محمد بن أحمد أمين ندوة المجاهدين بكيرالا، في مقدمته لهذا الكتاب ويقول: "لما تصفحت الكتاب الثاني في بيان الإعراب الذي ألفه الأخ الكريم العالم الفاضل المولوي ين وي عبد السلام بن محمد بن محي الدين الأريكوتي وجدت تحفة ثمينة وهدية نفيسة لمن يشتغل بدراسة النحو والصرف بلا استاذ من الذين يعرفون اللسان المليباري وقد أتى المؤلف في هذا الكتاب بمعظم أبواب النحو والصرف وأحكامها وألحق بكل باب التمارين بحيث يسهل على المطالع أن يتمرّن على إنشاء الجمل موافقا لقواعد النحو والصرف". ويقول أيضا " وأرى هذا الكتاب مفيدا للمستفيدين و غير مستغنى عنه للمستفيدين فأنصح جميع من يحب دراسة لغة الضاد من المليبارين أن يقتني نسخة من هذا الكتاب العظيم الفائدة."

## أهمية بيان الإعراب في عصر تأليفه

ألّف المولوي ين.وي.عبد السلام بن محمد كتاب "بيان الإعراب" في أواخر الستينيات في القرن الماضي أي القرن العشرين ونشر طبعته الأولى في سنة ١٩٧٠م، وهذا الكتاب باكورة الكتب المليالمية في النحو العربي، إذ لم يكن لأهل كيرالا في ذلك الحين، أية وسيلة تمكنهم تعلم اللغة العربية بمساعدة لغتهم الأمّ.

وكان التدريس حينذاك في زوايا الجوامع والمساجد، وذلك أيضا، إلى حد كبير، كان محصورا على الكتب الفقهية ومبادئ الكتب النحوية. واشتهرت هذه المعاهد بنبوغ اساتذتها. وفي هذا العهد ألف المولوي كتاب "بيان الإعراب، لأهالي كيرالا لتعلم اللغة العربية بلغتهم المحلية. وقد زيّن الشيخ السيد محمد علي شهاب تنغال الأزهري بمقدمة لهذا الكتاب قيمة، والشيخ السيد شهاب تنغال عالم قدير باللغة العربية إذ هو من خريجي جامعة الأزهر المشهور. وكذا قدّم الأستاذ المولوي كى.بي.محمد بن أحمد مقدمة لهذا الكتاب، و كان عميدا في كلية سلم السلام العربية، بأريكود لمدة ثماني عشرة سنة، كما كان أمينا عاما لندوة المجاهدين بكيرالا مدة تقرب من ربع قرن.

## سبب تأليف بيان الإعراب

يذكر المولوي في مقدمة هذا الكتاب سبب تأليفه، ومن قوله هذا نصه." ومن أهمه لتفهيم القرآن الكريم كتبت كتابا صغيرا للنحو العربي بإسم بيان الإعراب، و عندما نشر في السنة ١٩٧٠م، تقبل الناس هذا الكتاب بقبول حسن، ولذا ألفت هذه الطبعة الثانية بشرح واضح".

رأي المولوي ان قراءة القرآن الكريم لا تصح الا إذا كان القارئ عالما في النحو العربي، فتقدم بتأليف هذا الكتاب القيم. وفي مقدمة هذا الكتاب يقول المولوي عن سبب تأليف هذا الكتاب، ومن قوله"كتبت هذا الكتاب لتفهيم القرآن الكريم والسنة النبوية وسائر الكتب العربيه مباشرا لأهل اللسان المليالمي أو لأهل كيرالا".

قد اعتمد المولوي في تأليفه على كتب كثيرة في النحو والصرف وغيرها. ومن الكتب الهامة التي اعتمد عليها المولوي:

١) قواعد اللغة العربية لحفني ناصف وغيره

٢) أوضح المسالك إلى ألفية ابن مالك لإبن هشام وشرحه التصريح

٣) مغني اللبيب لابن هشام

٤) قطر الندى لابن هشام مع شرحه مجيب الندا

٥) زنجان للغزى ومع شرحه للتفتازاني

٦) ألفية ابن مالك مع شرحه لإبن عقيل وغيرها.

## نظرة موجزة إلى صفحات بيان الإعراب

قسم المولوي هذا الكتاب إلى ثلاثة أجزاء، الجزء الاول: الدروس الإبتدائية، والثاني: دروس في الصرف، والثالث: دروس في النحو.

الجزء الاول: الدروس الإبتدائية قسم المولوي هذا الباب إلى أربعة فصول، وهي أقسام الكلمات، والفعل وأقسامه، وتقسيم الإسم، والنكرة والمعرفة، يبيّن في هذا الباب عن مبادئ هذا الفن كاملا.

الجزء الثاني : التصريف وفي هذا الباب بين المولوي عن قواعد الصرف وأقسامه. وأكد المولوي ان الصرف هو موضوع هامّ في قواعد النحو العربي، ولذا بين عنها قبل الدخول إلى قواعد النحو العربي. وفي هذا الباب عشرون فصلا. وهي: الميزان والأوزان، واللازم والمتعدي، تصريف الأفعال الماضي، تصريف المضارع والأمر، الحذف والإبدال في أمثلة مخصوصة، نونا التوكيد، الجامد والمتصرف، همزتا الوصل والقطع، إسما الفاعل والمفعول، المضاعف، المعتل، المهموز، الجامد والمشتق، المصدر، اسما الفعل والصوت، والمشتقات.

الجزء الثالث: النحو وهو الباب الذي فيه بين

المولوي عن النحو العربي كاملا، وفيها خمسون فصلا، بين المولوي في هذا الباب قواعد النحو العربي كاملا مع الأمثلة. بدأ بالجملة المفيدة - الكلام - والمبني والمعرب، علامات اعراب الفعل ومواضع رفعه, مواضع نصب الفعل، مواضع جزم الفعل، أدوات الشرط غير الجازمة، اعراب الناقص، المبنى من الأسماء، اعراب الأسماء وعلاماته الأصلية علامات الإعراب غيرالأصلية، مواضع رفع الإسم، المبتدأ والخبر، الفاعل، النائب عن الفاعل، الإشتغال، التنازع في العمل، النواسخ وكان وأخواتها، إن وأخواتها، لا للتبرئة ولا سيما، أحكام أخرى في إن واخواتها، مواضع نصب الإسم والمفعول به.

(بيان الإعراب ل أن وي عبد السلام




ظن وأخواتها، أفعال المقاربة، الأفعال التي تنصب ثلاثة مفاعيل، المفعول المطلق، المفعول فيه، المفعول لأجله، المفعول معه، الحال،المستثنى ، التمييز، العدد، كنايات العدد، المنادى، إن ولا ولات وما المشبهات بليس، الجر وحروف الجر، الإضافة، الإستغاثة، الندبة, التوابع-النعت، التوكيد، عطف البيان، عطف النسق، البدل، التعجب ونعم وبئس، الترخيم وأسماء لازمة النداء، الإختصاص، التحذير والإغراء، التصغير، النسب، الوقفة الإخبار بالذي وفروعه والألف .والام، الحروف

## أسلوب بيان الإعراب

سلك المولوي في تأليف هذا الكتاب أسلوبا جديدا متميزا عن سائر الكتب العربية في النحو العربي، أورد المولوي أولا القاعدة في اللغة العربية ثم عبرها باللغة المليالمية. ثم بين عنها باللغة المليالمية أيضا، أخيرا يقول الأمثلة لها. ولغته العربية والمليالمية كلتاهما سهلتان جدا لإدراك القارئ به بالسرعة، يقدر القارئ بهذا الأسلوب الجديد البديع أن يدرك الأحكام والقواعد سريعا بلا مشقة، خلافا لسائر .الكتب النحوية المدونة في اللغة العربية فقط

ألف المولوي هذا الكتاب في عصرتزخر فيه الدروس المساجدية، يدرس فيها الطالب في زوايا المساجد شفويا بلا كتابة ولا تمارين دراسية، ظهر المولوي في هذا الكتاب باسلوب

جديد حيث يقدر الدارس على ممارسة التمرينات من الكتب نفسه. فاستطاع المولوي أن يوصل الجيل القديم بالجيل الحديث.

## نموذج من نصّ بيان الإعراب

الباب الثالث والستون: عطف البيان

أولا القاعدة: عطف البيان تابع موصح للمتبوع المعرفة، ومخصص للمتبوع النكرة، كالنعت إلا أن النعت يجب أن يكون مشتقا، أو ما في تأويله كما تقدم وليس عطف البيان كذلك، بل هو كالبدل المطابق، فمنه اللقب بعد الإسم، نحو علي زين العابدين، الاسم بعد الكنية، نحو أبو حفص عمر، والظاهر بعد الإشارة نحو هذا الأستاذ.

xparrow
BELT HOUSE & GENTS WEAR
Near Federal Bank ATM
Areekode
9497 800 834 xparrow_7

ഒരു
വടക്കൻ
വിഭവഗാഥ

**Home Delivery Available**

+91 9447926118
+91 7902506118

malabar
masala
Family Restaurant

Opposite Decathlon,
Kozhikode Bypass

*Your Perfect World for Your Perfect Choice...*

**Romance**

—FOR LADIES—

**AREEKODE**

**Human Development Welfare Society, New Delhi (Regd)**

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ദരിദ്ര പ്രദേശങ്ങളിൽ
വിദ്യാഭ്യാസ സാമൂഹിക പ്രവർത്തനങ്ങൾ
നടത്തുന്ന മഹത്തായ സ്ഥാപനം

President: Azeezu Rahman
Gen. Secretary: Dr Hussain Madavoor

**DATAPOINT**
**COMPUTER TECHNOLOGY**
MOONLIGHT BUILDING, MUKKAM ROAD, AREACODE
Ph: 0483 2850949, 9388339228

- HIGH SPEED INTERNET CAFE
- GAME CORNER
- RELIANCE BILL PAYMENT
- TRAIN TICKET RESERVATION
- P.S.C/UNIVERSITY HALL TICKET
- APPLICATIONS

ABDUSSALAM
9744336337

ABDUL LATHEEF
9048364649

**DESIRE**
THE FANCY STORE
FANCY GIFTS BAGS TOYS
Vazhakkad Road Junction
AREEKODE

UPTO
50%
OFF

+91 9846 910 726

blasters
junior

**SURPLUS KIDS SHOP**
VAZHAKKAD ROAD, AREEKODE

# إلام؟

/ لجنة المجلة



مددت يديّ نحو السماء
مناديا ربّها لغرض الرخاء
بالأمس كان من بالقدس سعداء
وفي اليوم أكلة لأهل العداء
فهل نعود في يوم ما سعداء؟
محلّقين في فسيح الفضاء
أتت البرود القارسة بالبلاء
وحتّمت علينا بقاسى الفناء
حتّام نبقي في الضلالة العمياء؟
ألا يأتي إلينا يوم الرجاء؟
سلاح أعدائنا يمضي بإيذاء
ذرفت عينا أبويّ لنا والأقرباء
يا ليتني ألتقي بأختي شيماء
يجمعنا للّهو رمل الصحراء
هنا الأيدي ممدودة نحو السماء
بانتظار للتفريج والرجاء

# تاريخ
# كلية سلم السلام العربية
# بأريكود

/ الدكتورعبد الله نجيب

**قبل** قرن واحد كان أهل أريكود على شفا حفرة من نار الضلالة والبدع والخرافات وكانوا مستمسكين بعقائد باطلة وعادات سيئة وتقاليد محدثة ورثوها من آبائهم وان كانوا لا يعقلون شيئا ولا يهتدون . وكذلك عاشوا في واد، والإسلام في آخَرَ مبايِن له تماما، مع ان كتاب الله المنزل على عبده الرسول الكريم ليخرج الناس من الظلمات الى النور موجود في أيديهم بكامله لكنه لم يبق عندهم الا شيئا للتبرك – من غير التفات الى ما فيه من الاوامر والنواهي والنصائح والارشادات والانذار والتبشير .في يبوتهم ومقابرهم، وكذلك إلا دواء للحبلى من النساء لوضع حملهم بدل ان يكون شفاء لما في صدورهم، واستمروا على هذا الحال حتى كادوا لا يستيقظون من نومهم العميق، لو لا أنْ منّ الله عليهم بدعوة بعض اخوانهم المصلحين المخلصين للرجوع إلى دين الله الحنيف والتمسك بكتابه العزيز وسنة نبيه الكريم صلى الله عليه وسلّم.

اجتمع في سنة اربع وثلاثين وتسع مائة وألف (1934م) عدد من أعيان أريكود وعلمائها أمثال القاضي أبى بكر مسليار والمولوي أبي بكر موركن وشقيق الحاج ممد موركن وأوني ممّد مونتامبرا وغيرهم وتشاوروا فيما بينهم في إنشاء مدرسة دينية ليربّوا اولادهم في بيئة إسلامية وإبلاغ الدين الحنيف إلى قلوبهم فظهرت معارضات من بعض الحضار وارتفعت أصواتهم قائلين إذا انشئت المدرسة سبّبت

**حكومة الإنجليز وإعتداءات البرتغاليّين والإضطرابات التى حدثت فى بداية العقد الثالث فى القرن العشرين مع ما كان لمسلمي مليبار من الفقر المادّي كلّ ذلك كان سببا لإبقاء الأمّية وزيادة كمّية الجهالة فيهم. ولكن، لكلّ داء دواء. قام فيهم المصلحون فى شتى الأنحاء حاملين أعلام العلم والمعرفة لينيروا لهم السبل إلى الأمام. وفي جملة هذا، عصبة من مصلحي أريكود، تحت قيادة المولوي إن.وي.عبد السلام غفر الله له ورحمه، قامت بتأسيس مدرسة بأريكود، وسماها المولوي سلم السلام، وترقت فيما بعد إلى مستوى كلية عالية مشهورة خرّجت كثيرين تفتخر بهم لأعمالهم العظيمة في مجال العلم والدعوة، تلك هي كلية سلم السلام العربية أريكود.**

انتشار " الوهابية " في أريكوت، حسب زعمهم واضطرّ أهلها الى اقامة جمعتين في مسجدين مختلفين، أما العلماء- وفي مقدمهم المرحوم أبوبكر مسليار قاضي أريكود- فردوا هذا القول واتفقوا أخيرا على إنشاء مدرسة دينية سموها " مشكاة الهدى " وعين الاستاذ المرحوم الشيخ كنجاموتي المولوي ناظم مدرّسي المدرسة لكن هذه المدرسة لم توفق ان يجاوز سن الطفولة ولم تدُم إلاّ ثلاث سنوات.

منذ ذلك الحين صار أهل أريكود موحّدين ولم يبق فيهم الخرافات والبدع تلك التى تؤدى الى الشرك ، أما الذي نرى فيهم اليوم من البدعات والتقاليد فلم تنشأ الا عن عناد وتكبر متجاهلين حقيقة الإسلام ولم يكن ذلك إلّا مخالفة للمجاهدين . ثم لم تدم هذه الحركة الإصلاحية في أريكود إلاّ ما كان من تلاوة للقرآن الكريم بلا فهم لمعناه في بعض المساجد والمدارس كما كان يجري في هذه المدرسة.

عاد القوم الى سباتهم مرة اخرى حتى ارتفع نداء المصلحين في جو أريكود، نعم ارتفعت أصوات دعوتهم الى التمسك بكتاب الله العزيز وبسنة نبيه محمد صلى الله عليه وسلم وكان هذا النداء بداية حركة اصلاحية بالمعني الحقيقي، وما أسعد أهل اريكود ! وما أعظم سرورهم حينما أدركوا أن القرآن لم ينزل للتلاوة و التبرك فقط وإنما أنزل إلى عبده



ورسوله  تعالى ليخرج الناس به من الظلمات الى النور. صدق الله حيث يقول في كتابه : " ونزّل من القرآن ما هو شفاء ورحمة للمؤمنين " ، " ياأيها الناس قد جاءتكم موعظة من ربكم وشفاء لما في الصدور وهدى ورحمة للمؤمنين " ، " الحمد لله الذي أنزل على عبده الكتاب ولم يجعل له عوجا، قيّما لينذر بأسا شديدا من لدنه ويبشر المؤمنين الذين يعملون الصالحات أن لهم أجرا حسنا ". من هنا أخذت تنبت في أرض أريكود أولى بذرة اصلاحية ثم جعلت تنمو وتتشعب " كشجرة طيبة أصلها ثابت وفرعها في السماء تؤتى أكلها كل حين بإذن ربها ".

اجتمع اثنا عشر نفرا من أهل أريكود في بيت المرحوم الشيخ يم.كي.ممّد، في العشرين من سبتمبر سنة أربع وأربعين وتسع مائة وألف (1944م) الموافق للأولى من شوال سنة ثلاث وستين وثلاث مائة وألف (1364هـ) هجرية تحت رئاسة المرحوم الحاج محمد نالاكات ليتشاوروا فيما بينهم في تشكيل جميعة تقوم بالدعوة إلى الله وتبصر للناس طريقهم إلى الخير والنجاة وتدعوهم إلى التمسك بكتاب الله العزيز وسنة رسوله الأمين وسيرة السلف الصالحين. فشكلوا جمعية باسم جمعية المجاهدين واختاروا من بينهم لجنة تنفيذية ، واختاروا الشيخ ين.وي.عبد السلام بن محمد رئيسا لهذه الجمعية، والمرحوم عمر بن أحمد



كولاّتودى أمينا لها، ومحمد بن محمد ين.وي مساعدا له وكان المرحوم عمر بن أحمد أمينا لهذه الجمعية طول حياته تغمدهم الله برحمته، وأسكنهم فسيح جناته.

واتّفقوا على أن يكون أوّل أعمالهم تأسيس مدرسة دينية ، يدرس فيه صغار أريكود وعزموا على أن يطلبوا للقيام بإدارتها مساعدات إخوانهم الأريكوتيين الذين يعملون خارج بلدهم. و كالعمل الثاني القاء المواعظ والخطبات الإسلامية في المجالس العامة.

## بداية كلية سلم السلام العربية:

تنفيذا لقوله تعالى " فلولا نفر من كل فرقة منهم طائفة ليتفقهوا في الدين ولينذروا قومهم إذا رجعوا إليهم لعلهم يحذرون"، أسست هذه الكلية كمدرسة ابتدائية في أول الامر عام 1944م ، كما سبق ذكره ،  هي من أقدم الكليات الشرعية في كيرالا وتهدف بالدراسات العليا، اعترفت بها أولا جامعة مدراس ثم

جامعة كيرالا وأخيرا جامعة كاليكوت .

بدأت جمعية المجاهدين مدرسة دينية عام 1944م، وفي هذه المدرسة بدأت نشاطات الكلية في العام نفسه . والكلية ألحقت بجامعة مدراس سنة 1955م ، حيث أن مليبار في تلك الأيام كانت جزءا من ولاية مدراس ، ثم بعد تشكيل جامعة كاليكوت في أواخر الستينات في القرن الماضي، ألحقت الكلية بجامعة كاليكوت. وقبله كانت ملحقة بجامعة كيرالا لمدة تقرب أربعة عشرعاما.

بدأت الدراسة في هذه الكلية بعدد قليل من الطلاب ولم تكن هذه الكلية في فترة ما بين 1944م الى 1955م ملحقة بأية جامعة ، بل كانت تدبرها جمعية المجاهدين مباشرة ، وكان القرآن الكريم والحديث الشريف من أهم موادّ تدرس في هذه الكلية مع الفقه وأصوله والنحو والفلسفة والتاريخ وما اليها من المواد الهامة. وفي السنة الخامسة والخمسين وتسع مائة وألف الحقت هذه الكلية بجامعة مدراس، وكانت الجامعة تدير امتحانات عامة، وبعد ذلك كثر عدد طلابها وكان عميدها اذ ذاك المرحوم فضيلة المولوي الشيخ محمّد المحدث المشهور وبعد سنوات ألحقت بجامعة كيرالا، ثم بجامعة كاليكوت فتولى عمادتها فضيلة الشيخ محمد بن أحمد كى.بي. أمين ندوة المجاهدين.

وللكلية مرحلتان، أولاهما: مرحلة الباكالوريوس : يلتحق بها الطالب بعد إتمام دراسة المدرسة الثانوية، ومدة الدراسة فيها خمس سنوات. ويتخرج منها حاملا شهادةَ أفضل العلماء وهي تؤهله للإلتحاق بمرحلة الماجستير ولممارسة التدريس في المدارس الثانوية الحكومية وغيرها وثانيتهما مرحلة الماجستير : مدة الدراسة فيها سنتان والدراسة فيها تخصصيّة يحصل المتخرج منها شهادة الماجستير في اللغة العربية وهي تؤهله للتدريس في الكليات الأدبية والفنية الحكومية.

يدرس الطالب خلال هذه السنوات السبعة تفسير القرآن الكريم مع علومه وشرح الحديث النبوي مع علومه سندا ومتنا. والعقيدة الإسلامية والفقه الإسلامي وأصوله مقارنة واستنباطا. والتاريخ الإسلامي من سيرة الرسول إلى العصر الحاضر، واللغة العربية نحوا وصرفا، والأدب العربي وتاريخه نظما ونثرا، واللغة الإنجليزية ودراسة الكمبيوتر تشغيلا وتطبيقا.

لهذه الكلية مكتبة مزودة بالمراجع الهامة وفيها كثير من الكتب الدراسية وغيرها فإن أساتذة هذه الكلية وطلابها . مجتهدون في الإنتفاع بهذه المكتبة. وقد زار الكلية كثير من العلماء والادباء والحكام من خارج الهند وداخلها مثل فضيلة الشيخ عبد الرحمن السديس إمام

مسجد الحرام بمكة المكرمة، وسفير مصر في الهند،وغيرهم ومدحوا الكلية ونشاطاتها في الدعوة الإسلامية.

وفي سنواتها الماضية قادها الافاضل من العلماء كالعمداء مثل المولوي الشيخ محمد أحد المحدثين المشهورين بكيرالا. والشيخ المولوي محمد بن أحمد أحد العلماء البارزين والذي قاد ندوة المجاهدين بكيرالا ما يقرب من خمس وعشرين سنة. ودرس فيها كبار العلماء كالمولوي كى.كى.محمد السلمي الذي بذل جهدا عظيما في نشر تعاليم القرآن والسنة بين مسلمي كيرالا، وكالمولوي اي.بي.عبد القادر الذي بذل جهدا عظيما في المناظرات مع الأحزاب المنحرفة خصوصا مع الذين يدّعون أنهم أهل السنة والسيد محمد المدني الذي أيقظ مسلمي كيرالا وأرشدهم الى الصراط المستقيم بوعظ بليغ مؤثر ولا سيما عن الآخرة.

